

# മുസ്‌ലിം സമുദായവും സംസ്കാരവും

ഡോ.സി കെ കരീം

# മുസ്ലിം

# സമുദായവും

# സംസ്കാരവും

ഡോ. സി. കെ. കരീം

ചരിത്രം പബ്ലിക്കേഷൻസ്

തിരുവനന്തപുരം- 695010

1983 ജൂലായ് 1

## വിഷയസൂചി.

പ്രസ്താവന

ഡോ. സി. കെ. കരീം


| അദ്ധ്യായം | | പുറം |
|---|---|---|
| 1. | സ്നേഹസഹിഷ്ണതയുടെ പ്രവാചകൻ. | 9-18 |
| 2. | അറബികളും കേരളവും. | 19-25 |
| 3. | ഇൻഡ്യയും ഇസ്ലാമും ചരിത്രസാംസ്കാരിക പശ്ചാത്തലം. | 26-34 |
| 4. | ഇസ്ലാമിലെ പിൻതുടർച്ചാവകാശം. | 35-46 |
| 5 | ഇസ്ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം. | 47-52 |
| 6. | സ്ത്രീ പുരുഷബന്ധം ഇസ്ലാമികസമീപനം. | 53-60 |
| 7. | വിവാഹം എന്ത്? എന്തിന്? | 61-66 |
| 8. | ബഹുഭാര്യാത്വം. | 67-73 |
| 9 | വിവാഹമോചനം. | 74-78 |
| 10 | അനുരഞ്ജനശ്രമവും വിവാഹമോചനവും. | 79-84 |
| 11. | തലാഖ്. | 85-91 |
| 12 | ഖുൽഅ്. | 92-96 |
| 13. | തെററിദ്ധരിക്കപ്പെട്ട ഒരേട്. | 97-103 |
| 14. | ഇസ്ലാംമതം സോവിയററുനാട്ടിൽ. | 104-115 |
| 15. | മുസ്ലിംകൾ അന്നും ഇന്നും. | 116 126 |
| 16 | വിപ്ളവത്തിൻെറ കൈത്തിരി. | 127-132 |
| 17. | സാമൂഹ്യനവോത്ഥാനം. | 133-137 |
| 18. | ഉത്കർഷമാണ് ലക്ഷ്യം. | 138 141 |
| 19. | അറിവുള്ള വരുടെ നേതൃത്വം. | 142-149 |
| 20. | മലയാള ഭാഷയ്ക്കു് മാപ്പിള സാഹിത്യത്തിൻെറ മുതൽക്കൂട്ട് | 150-159 |
| 21. | അറബിമലയാളം ഒരു സമ്പൂർണ്ണ ഭാഷ. | 160-170 |

പുസ്തകത്തിന്റെ പേര് - മുസ്ലീംസമുദായവും സംസ്കാരവും

ഗ്രന്ഥകാരൻ - ഡോ. സി. കെ. കരീം

ആദ്യം പ്രസിദ്ധീകരിച്ചത് - 1983 ജൂലായ് - 1.

പ്രസിദ്ധീകരിച്ചത് - ചരിത്രം പബ്ളിക്കേഷൻസ്
തിരുവനന്തപുരം 695010

വില രൂപ 15.

അച്ചടിച്ചത് - ലുക്മാൻ പ്രിന്റേഴ്സ്
തിരുവനന്തപുരം 695008.

പകർപ്പവകാശം - ഗ്രന്ഥകാരന്

# പ്രസ്താവന

ഇസ്ലാമിനേയും മുസ്ലിമീങ്ങളേയും സംബന്ധിക്കുന്ന സജീവപ്രശ്നങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. സഹോദരസമുദായങ്ങൾ മുസ്ലിംകളെക്കുറിച്ച് ധരിച്ചു വശായിട്ടുള്ള പല അബദ്ധധാരണകളേയും ദൂരീകരിക്കുവാൻ പ്രയോജനപ്പെടണമെന്ന പരമമായ ഉദ്ദേശ്യം ഈ പ്രസിദ്ധീകരണത്തിന്റെ പിന്നിലുണ്ട്. ഇസ്ലാമിന്റെ അനുയായികളെന്ന് അഭിമാനിക്കുന്ന മുസ്ലീംകളുടെ ഇടയിൽ നിലവിലുള്ള അനാചാരങ്ങളുടെ നേരെ വിരൽചൂണ്ടുവാനും സാമൂഹ്യ നവോത്ഥാനവും വിദ്യാഭ്യാസോല്ക്കർഷവുംനേടി ഇതരസമുദായങ്ങളോടൊപ്പം എങ്ങിനെ പുരോഗമിക്കാമെന്നുമുള്ള സാമുദായിക ചിന്തയും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളാണ് ഈ പുസ്തകത്തിൽ. മുസ്ലീം സമുദായത്തിൽ ആചരിച്ചുപോരുന്ന ബഹുഭാര്യാസമ്പ്രദായവും വിവാഹമോചനവും എല്ലാവരുടെയും വിമർശനത്തിനു പാത്രീഭൂതമാകാറുണ്ട്. യഥാർത്ഥത്തിൽ ഇവരണ്ടും പൊതുനിയമങ്ങളല്ലെന്നും ഒഴിച്ചുകൂടാൻ നിർവ്വാഹമില്ലാത്ത സാഹചര്യങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അപവാദങ്ങൾ മാത്രമാണെന്നും മുസ്ലീംകൾ തന്നെ ശരിക്കും അറിഞ്ഞിരിക്കുകയില്ല. മുസ്ലീംകളുടെ തൽസംബന്ധമായ ആചാരാനുഷ്ഠാനങ്ങൾ കണ്ട്മാത്രം പരിചയമുള്ള ഇതരസമുദായാംഗങ്ങൾ മുസ്ലീംകളുടെ വിവാഹത്തേയും വിവാഹമോചനത്തേയുംകുറിച്ച് വിശ്വസിച്ചുപോരുന്നവ എത്രമാത്രം സത്യവിരുദ്ധമാണെന്ന് വ്യക്തമാക്കുവാനുള്ള ചെറിയശ്രമവും ഇവിടെ നടത്തിയിട്ടുണ്ട്.

ഇൻഡ്യയും അറേബിയൻരാജ്യങ്ങളും തമ്മിൽ നിലനിന്നുപോന്നിരുന്ന വാണിജ്യ-സാംസ്ക്കാരികബന്ധത്തിന്റെ ചരിത്രപശ്ചാത്തലം വിവരിക്കുന്നതോടൊപ്പം അറബികളുമായുണ്ടായ സമ്പർക്കത്തിൽനിന്നും ഇൻഡ്യക്ക് പൊതുവേയും കേരളത്തിന് പ്രത്യേകമായും ലഭിച്ച നേട്ടങ്ങളെ പരാ

മർശിക്കുവാനും ശ്രമിച്ചിട്ടുണ്ട്. കേരളത്തിൽ അറബികളുടെ സ്വാധീനവും അവർമൂലംപ്രചരിച്ച ഇസ്ലാംമതത്തിന്റെ ആവിർഭാവവും മുസ്ലീംകൾ നൽകിയ പ്രധാനസംഭാവനകളും പ്രതിപാദ്യവിഷയങ്ങളാണ്. അറബി മലയാളഭാഷയും സാഹിത്യവും എത്രമാത്രം മലയാളഭാഷയേയും മലയാളികളേയും സ്വാധീനിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുവാനും ഇതിലൂടെ പരിശ്രമിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ സോദ്ദേശ്യപൂർവ്വം നിബന്ധിച്ചിട്ടുള്ളവയാണ് ഈ പുസ്തകത്തിലെ ഉപന്യാസങ്ങൾ. സമൂഹത്തിന് പൊതുവേയും മുസ്ലീംസമുദായത്തിന് പ്രത്യേകമായും ഇതു് പ്രയോജനപ്പെടണമെന്ന ആത്മാർത്ഥമായ പ്രാർത്ഥനയോടുകൂടി സഹൃദയസമക്ഷം ഞാൻ ഇതവതരിപ്പിക്കുകയാണ്. പുസ്തകം അച്ചടിച്ച ലുക്മാൻപ്രിൻേറഴ്സിലെ പ്രവർത്തകരോട് നന്ദി രേഖപ്പെടുത്തുവാൻ ഈ അവസരം ഉപയോഗപ്പെടുത്തികൊള്ളട്ടെ.

തിരുവനന്തപുരം-695010 ഡോ. സി. കെ. കരീം

1 — 7 — 1983

## സ്ത്രീസഹിഷ്ണുതയുടെ
## പ്രമാണങ്ങൾ

പ്രസിദ്ധമായ 'ഉഹ്ദ്' യുദ്ധം. വിശ്വാസികളുടെ ശക്തി നിരാശാജനകമാം വണ്ണം ആക്രമണവിധേയമായി. ഇസ്ലാമിക സൈനികച്ചേരിയിൽ ധീരരായ ഒട്ടേറെ സഖാക്കൾ മരിച്ചുവീണു. ഘോരഘോരമായ സംഘട്ടനം. യുദ്ധത്തെക്കുറിച്ചുള്ള ധാരാളം കഥകൾ നാട്ടിനീളെ പരന്നു. ഈ ധർമ്മയുദ്ധത്തിൽ പങ്കെടുക്കാൻ പോയിരുന്ന ഉറ്റവരായ ബന്ധുക്കളെയും പ്രതീക്ഷിച്ചു അവരുടെ സ്ത്രീജനങ്ങൾ ആകാംക്ഷാഭരിതരായി കാത്തിരിക്കുകയായിരുന്നു എങ്ങും യുദ്ധത്തിന്റെ സംസാരംതന്നെ; മുസ്ലീംസൈന്യം പരാജിതരായെന്നുവരെ വൃത്താന്തം ഉടനീളം പരന്നു. സഹാബികളിൽ വീരജേതാക്കളായ നിരവധി ആളുകൾ രക്തസാക്ഷിത്വം വരിച്ചകഥ ജനങ്ങൾ കേട്ടു. പ്രവാചകൻതന്നെ അപായകരമായ മുറിവുകൾ പറ്റിയെന്നും ഏറ്റം സംഭവിക്കാവുന്ന സന്നിഗ്ദ്ധ ഘട്ടത്തിലെത്തിയിരിക്കുന്നുവെന്നുമുള്ള സംഭ്രമജനകമായ വാർത്തകളാണ് യുദ്ധരംഗത്തുനിന്നും കിട്ടിക്കൊണ്ടിരുന്നത്. ജനങ്ങൾ പരിഭ്രാന്തരായി; മുസ്ലീം വനിതകൾ കണ്ണുനീർകൊണ്ടു കരളലയിക്കുന്നരംഗങ്ങൾ സൃഷ്ടിച്ചു. ദിഗ്മുഖങ്ങൾ ശോകനിർഭരമായി. എങ്ങും ശോകമൂകമായ അന്തരീക്ഷം.

അതാ! യുദ്ധരംഗത്തുനിന്നാണെന്നു തോന്നുന്നു, രണ്ടു സഹാബികൾ കുതിരപ്പുറത്തു ധൃതിയിൽ സമീപിക്കുന്നു. അക്ഷമയായ ഒരു അൻസാരി വനിത അവരെ തടഞ്ഞുനിർത്തി ഉല്ക്കണ്ഠയോടുകൂടി ചോദിച്ചു : "യുദ്ധത്തിന്റെ വിശേഷങ്ങൾ ഒന്നു പറയൂ, ഞങ്ങളുടെ പ്രവാചകൻ സുരക്ഷിതനായിരിക്കുന്നില്ലേ?'

ആഗതർ, ഈ വനിതയുടെ ക്ഷമ ഒന്നു പരീക്ഷിക്കാനെന്നോണം ഇപ്രകാരം പ്രത്യുത്തരം നൽകി "ഭവതിയുടെ പിതാവ് അന്തരിച്ചുപോയി". നടുക്കത്തോടുകൂടി ആ സ്ത്രീ വീണ്ടും ചോദിച്ചു "മറ്റാർക്കെങ്കിലും അപകടം പിണഞ്ഞോ?" ആഗ

ൽ: "ഭവതിയുടെ രണ്ടു സഹോദരങ്ങളും മരിച്ചുപോയി." കൂടുതൽ ഉൾക്കിടിലത്തോടുകൂടി വിശ്വാസിയായ ആ സ്ത്രീ കടന്നു ചോദിച്ചു. "എനിക്ക് എന്റെ സഹോദരങ്ങളുടെയോ, പിതാവിന്റെയോ മരണത്തിൽ ദുഃഖമില്ലാഞ്ഞിട്ടല്ല. പറയൂ പ്രവാചകന്റെ സ്ഥിതിയെന്താണ്?" അവരുടെ ഈ മാന്റെ ബലത്തെ പരീക്ഷിക്കാനെന്നോണം അവരുടെ ആഗ്രഹമെന്താണെന്ന് മനസ്സിലായിട്ടുകൂടി ആ സേനാനികൾ ഇങ്ങിനെ പറഞ്ഞു. "ഭവതിയുടെ പ്രിയപ്പെട്ട ഭർത്താവും രക്തസാക്ഷിയായിരിക്കുന്നു."

അനിയന്ത്രിതമായ വിങ്ങിപ്പൊട്ടലോടുകൂടി, ഞെട്ടിപ്പിക്കുന്ന ആ വാർത്ത കേട്ടിട്ടുകൂടി, ആ വനിത കോപാക്രാന്തയായി ആക്രോശിച്ചു, "എന്റെ ആരെല്ലാം ജീവിച്ചിരിക്കുന്നു, മരിച്ചുപോയി എന്നൊന്നും എനിക്ക് ഇപ്പോൾ അറിയേണ്ട കാര്യമില്ല; സ്നേഹസ്വരൂപനായ ഞങ്ങളുടെ പ്രവാചകനു അപകടം വല്ലതും പിണഞ്ഞോ?"

സഹാബികൾ, പ്രവാചകൻ സുഖമായിരിക്കുന്നുവെന്ന ശുഭവാർത്ത അറിയിച്ചു. അവർക്ക് സന്തോഷമായി. ദുഃഖത്തിന്റെ ദുർഭരമായ ഭാരം പേറിക്കൊണ്ടാണെങ്കിലും കണ്ണുനീർ തുടച്ച് സുസ്മേരവദനയായി അവർ പ്രഖ്യാപിച്ചു. "എങ്കിൽ, എങ്കിൽ, എന്റെ പിതാവും സഹോദരങ്ങളും, ഭർത്താവും ജീവത്യാഗംചെയ്തത് വൃഥാവിലായില്ല. പ്രവാചകൻ സുരക്ഷിതനായിരിക്കുമ്പോൾ ഇതുപോലെ അനവധി സഹോദരങ്ങളുടെ ആത്മാഹുതിക്ക് ഇടവന്നാൽകൂടിയും സത്യം ജയിക്കും; ഇസ്ലാം വിജയിക്കും".

ബദർയുദ്ധത്തിൽ തന്റെ പ്രധാന എതിരാളിയായ അബുജഹൽ മരണമടഞ്ഞു. വിശ്വാസികളുടെനേരെ ഏററവും ക്രൂരമായ വെല്ലുവിളി നടത്തിയിരുന്ന ധിക്കാരിയായ ആ അവിശ്വാസിയുടെ അന്ത്യം അദ്ദേഹത്തിന്റെ അനുയായികളിൽ ഒട്ടൊന്നുമല്ല സംഭ്രാന്തിയുളവാക്കിയത്. കരയേണ്ടവർ കരഞ്ഞു; പ്രതികാരം നടത്തുവാൻ കഴിവുള്ളവർ കൂടുതൽ ശക്തി സംഭരിക്കുവാൻ ഒരുമ്പെട്ടു. തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ അന്ത്യം അങ്ങിനെ സുദീർഘവും അവിരാമവുമായ പോരാട്ടത്തിന്റെ ആരംഭം കുറിക്കലായിരുന്നു. പ്രിയങ്കരനായ

തന്റെ ഭർത്താവിന്റെ നിർജ്ജീവമായ ജഡത്തെ കെട്ടിപ്പുണർന്നുകൊണ്ടു് ഒരു സ്ത്രീ ഉറക്കെ വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു. അവർ ദിഗ്മുഖങ്ങൾ പൊട്ടുമാറു് അട്ടഹസിച്ചു. "ഈ ചോരക്കു് പ്രതികാരമായി ചോരതന്നെ വേണം; ഈ ജീവനു് പകരമായി ജീവൻതന്നെ വേണം; എന്റെ ഭർത്താവിനെ വധിച്ച ആ ധിക്കാരി ആരായിക്കൊള്ളട്ടെ, അയാളുടെ മാറിടം പിച്ചിച്ചീന്തി രക്തധമനികളിൽ പ്രവാഹം നിൽക്കുന്നതുവരെ ഞാൻ ആ ചോര വലിച്ചൂററിക്കുടിക്കും, ആ കുടൽമാലകൾ എന്റെ കഴുത്തിൽ ഞാൻ ചാർത്തും – ഇതു് സത്യം". കോപാന്ധയായ ആ വനിത ഗർജ്ജിച്ചു.

രംഗം മാറി; വീണ്ടും ഉഹ്ദ് യുദ്ധത്തിലേക്കു് നീങ്ങുകയാണു്; അബൂജഹലിനെ ധീരതയോടെ നേരിട്ടു് വിശ്വാസികളുടെ കൊടിയ ശത്രുവായ ആ നേതാവിനെ കാലപുരിക്കയച്ച ഹംസ (റ) ഉഹ്ദ്‌യുദ്ധത്തിലെ തിരിച്ചടിക്കു വിധേയനായി, പടക്കളത്തിൽ മരിച്ചുവീണു. നിരവധി ധീരയോദ്ധാക്കളുടെ രക്തസാക്ഷിത്വത്തിനു് സാക്ഷ്യം വഹിച്ച ആ പടക്കളം പ്രവാചകന്റെ ഉററബന്ധുവായ ഹംസ (റ:അ)യുടെയും, അന്ത്യരംഗം കുറിച്ച സ്ഥലമാണു്. ശോകമൂകമായ ആ രംഗത്തിലേക്കു് രക്തരക്ഷസ്സിന്റെ പൈശാചികത്വത്തോടുകൂടി ഒരു സ്ത്രീ ഇരമ്പിക്കയറി വന്നു; അതു് പ്രതിജ്ഞാബദ്ധയായ 'ഹിന്ദ്'' എന്ന അബൂജഹലിന്റെ^ സഹധർമ്മിണിയായിരുന്നു. ഒട്ടും താമസിയാതെയും ആരെയും കാത്തുനിൽക്കാതെയും, രാക്ഷസീയ വേഷധാരിയായ ആ സ്ത്രീ, ഹംസ (റ.അ.)യുടെ മാറിടം പിച്ചിച്ചീന്തി, കുടൽമാല പുറത്തെടുത്തു്, ഒരു പൂമാലയെന്നോണം അതു കഴുത്തിലണിഞ്ഞു. ധീരതയുടെ പര്യായമായ ആ പടയാളിയുടെ കരൾ അവർ കടിച്ചുകീറി. വാർന്നു കൊണ്ടിരുന്ന ചോര, പൊട്ടിച്ചിരിയോടുകൂടി ഒരു ഉന്മാദിനിയെപ്പോലെ അവർ മോന്തി മോന്തി കുടിച്ചു. ഭയാനകമായ ആ പൈശാചികരംഗം കണ്ടുനിന്നവരെ ഭയവിഹ്വലരാക്കി കിടിലംകൊള്ളിച്ചു. നീചമായ ഈ പ്രവൃത്തിക്കു വേദനയോടുകൂടി പ്രവാചകൻ തന്നെ ദൃക്കു് സാക്ഷിയായി.

കാലം പിന്നെയും കഴിഞ്ഞു: ഇസ്ലാമിക പ്രചാരണത്തിന്റെ പ്രമാണപ്പെട്ട ഒരധ്യായം 'മക്കംഫതഹ്'ൽ വിരചിതമാ

^ സഹോദരിയും അബൂസുഫിയാന്റെ

യി. ഇസ്ലാമിക സാഹോദര്യത്തിന്റെ വീരജേതാക്കൾ അവിശ്വാസികളുടെമേൽ വിജയപതാക നാട്ടി. സത്യവിശ്വാസികൾ കോരിത്തരിച്ചു.; രാഷ്ട്രം പ്രകമ്പനംകൊണ്ടു. അറേബ്യ പ്രവാചകന്റെ നേതൃത്വം അംഗീകരിച്ചു. എതിരാളികൾ മുഴുക്കെ പരാജയമടയുകയും, അവിതർക്കിതമാം വണ്ണം തന്റെ മേധാശക്തി അംഗീകരിക്കപ്പെടുകയും ചെയ്ത അവസരത്തിലും, പ്രവാചകനായ ഭരണാധിപതി, പ്രതികാരമോ, അഹങ്കാരമോ ഭാവിച്ചില്ല; മനുഷ്യവർഗ്ഗത്തിന്റെതന്നെ കൂട്ടായ നന്മക്കായി അദ്ദേഹം പ്രാർത്ഥിച്ചു.

തടവുകാരായി പിടിക്കപ്പെട്ട ശത്രുക്കൾ പ്രവാചകന്റെ മുമ്പിൽ ആനയിക്കപ്പെട്ടു. അവരൊക്കെയും ഭയചകിതരായി വധശിക്ഷയും പ്രതീക്ഷിച്ച് വിറങ്ങലിച്ച് നിൽക്കുകയായിരുന്നു. അവർ ഓരോരുത്തരും ചെയ്തിട്ടുള്ള നിന്ദ്യമായ നരഹത്യകളുടെ ക്രൂരമായ കഥകൾ അയവിറക്കുകയായിരുന്നു. ചെയ്ത പാപത്തിന് ശിക്ഷ ലഭിക്കുക സ്വാഭാവികമാണല്ലോ. തടവുകാർ ഓരോരുത്തരായി മുമ്പോട്ടുനീങ്ങി. അവർ ഓരോരുത്തരും എന്തെന്ത് കൊടുംക്രൂരതകളാണ് ചെയ്തിട്ടുള്ളതെന്ന് ആ ന്യായാധിപനറിയാം. കൂട്ടത്തിൽ തന്റെ അടുത്ത ബന്ധുവായ ഹംസ (റ)യുടെ കുടൽമാല കഴുത്തിലണിയുകയും, കരൾ കടിച്ചു കീറുകയും ചെയ്ത 'ഹിന്ദ്'' യെയും ആനയിക്കപ്പെടുന്നു. തിരുമേനി അരുൾചെയ്തു: 'നിങ്ങൾ പ്രതീക്ഷിക്കുന്ന ശിക്ഷയെന്തായിരിക്കുമെന്ന് എനിക്കറിയാം, ഞാൻ നിങ്ങളെ സ്വതന്ത്രരായി പ്രഖ്യാപിച്ചിരിക്കുന്നു. നിങ്ങൾക്ക് യഥേഷ്ടം പോകാം''

ശത്രുവിനോടുപോലും സ്നേഹത്തിന്റെ സാന്ത്വനോക്തി ഓതിയ പ്രവാചകന്റെ പ്രസ്താവന എതിരാളികളിൽപോലും മനഃപരിവർത്തനമുണ്ടാക്കി. മഹാനായ ആ മനുഷ്യന്റെ മുമ്പിൽ അല്പന്മാരായ മനുഷ്യകീടങ്ങൾ പഞ്ചപുച്ഛമടക്കി പശ്ചാത്താപം പ്രകടിപ്പിച്ചു. നിരുപാധികരായി അവർ മാപ്പപേക്ഷിച്ചു. പ്രവാചകന്റെ മഹത്വത്തിന്റെ പ്രകാശധോരണിയിൽ അവർ കഴിഞ്ഞതെല്ലാം മറന്ന്, ഇസ്ലാമിലേക്ക് ആഗതരായി; അക്കൂട്ടത്തിൽ വിശ്വാസിയായി മാറിയ ഹിന്ദ് പ്രത്യേകം സ്മരിക്കപ്പെടേണ്ടതുണ്ട്. സഹിഷ്ണുതയുടെ പ്രതീകമായ ഇസ്ലാമിന്റെ പ്രവാചകൻ, നൂതനമായ ഒരദ്ധ്യായം അങ്ങിനെ ലോ

[illegible]ത്തിൽ അവതരിപ്പിച്ചു. ശത്രുവെപ്പോലും സ്നേ
ഹവും സഹിഷ്ണുതയുംകൊണ്ടു്, സമചിത്തരും സ്നേഹി
തന്മാരാക്കിയ മഹാനായ ആ പുരുഷകേസരിയാണു് ഇസ്ലാ
മിന്റെ പ്രവാചകൻ.

ഇസ്ലാമികസന്ദേശം കൊടുങ്കാററിന്റെ വേഗതയോടും, തീ
ജ്വാലയുടെ പ്രസരിപ്പോടുംകൂടി ലോകമെങ്ങും പരന്നു. ഒരു
പുതിയ സാമൂഹ്യസമ്പ്രദായം പിറവിയെടുത്തു, നവീനമായ
സാമ്പത്തിക സംവിധാനവും, മനുഷ്യമാഹാത്മ്യത്തെ മാനിക്കു
ന്ന സാർവ്വലൌകിക സാഹോദര്യവും, ഉദയംകൊണ്ടു ഒരു ജനത
യിൽ ഇതുവരെ കണ്ടിട്ടില്ലാത്ത ഉന്മേഷത്തോടുകൂടി മനുഷ്യസം
സ്കാരത്തിന്റെ പുരോഗതിയുടെ ചരിത്രത്തിൽ വർണ്ണശബളമാ
യ ഒരു നൂതന അദ്ധ്യായം തുന്നിച്ചേർക്കുകയായിരുന്നു. എങ്ങും
സന്തോഷം, എവരുടെയും സംതൃപ്തി, ചെറിയ പെരുന്നാളാണു്.
പ്രവാചകൻ പെരുന്നാൾ നമസ്കാരത്തിനു് നേതൃത്വം കൊടു
ക്കുവാൻ പോകുകയാണു്. കാച്ചുദൂരം കടന്നപ്പോൾ അദ്ദേഹത്തി
[illegible] കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു കൊച്ചു പയ്യനിൽ പ
[illegible]തിഞ്ഞുനി ചോദിച്ചു. "എന്റെ കുട്ടീ, നല്ല ഈ ദിവ
[illegible]ങ്ങളെല്ലാം ആനന്ദതുന്ദിലരായി ആമോദം പൂകുമ്പോൾ
[illegible] കരയുന്നു? നിന്റെ മാതാപിതാക്കന്മാരാരാണു്?"
[illegible] വിശേഷങ്ങൾ ഓരോന്നായി ചോദിച്ചു. കരഞ്ഞുകൊ
ണ്ടു് ആ കുട്ടി താൻ അനാഥയാണെന്നുംതന്നെ രക്ഷിക്കാ
നാരുമില്ലെന്നും നബിയോടറിയിച്ചു. പ്രവാചകൻ പറഞ്ഞു:
"ഞാനാണു് നിന്റെ പിതാവു്, നിനക്കൊരു മാതാവു് അങ്ങ
[illegible] വീട്ടിലുണ്ടു്-വരൂ" അനാഥയായ ആ കുട്ടിയെ ചുമലി
ലേററി ഇസ്ലാമിന്റെയും, ഇസ്ലാമിക രാഷ്ട്രത്തിന്റെ
[illegible] ആ പുണ്യാത്മാവു് തന്റെ വീട്ടിലേക്കുചെന്നു
[illegible]: "ഇതാ നിനക്കൊരു മകൻ" എന്നു തന്റെ സഹധർമ്മ
[illegible] അവർ ആ കുട്ടിയെ സന്തോഷത്തോടെ ഏ
[illegible], അശരണരിലും. ആലംബഹീനരിലും അനുകമ്പ
[illegible] സമസൃഷ്ടിസ്നേഹത്തിന്റെ പര്യായമാ
[illegible] ആ പ്രവാചകൻ. ഭൂതദയയുടെ പ്രതീകമായി ലോകം
[illegible] കാലം സ്മരിക്കപ്പെടുന്ന പരിപൂർണ്ണനായ
[illegible] ഇസ്ലാമിന്റെ പ്രവാചകൻ.

ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവൻെറ ജീവിതത്തിൻെറ സകല വ്യാപാരമേഖലകളിലും, ഏതു സമയവും പ്രവാചകൻെറ മാതൃകകൾ പ്രാവർത്തികമാകേണ്ട ചുമതലയുണ്ട്. ആധുനാധുനങ്ങളായ ശാസ്ത്രീയനേട്ടങ്ങൾകണ്ട് ഭൗതികത്വത്തിലേക്ക് മാത്രം മനസ്സും, മനീഷയും അർപ്പിച്ചു, കഴിഞ്ഞു കൂടുന്നവരാണ് ഇന്ന് അധികവും. യാന്ത്രിക വ്യാവസായികയുഗത്തിൽ മനുഷ്യൻെറ ചെയ്തികൾ ഏറെക്കുറെ ലൗകികം മാത്രമായിത്തീരുക അൽഭുതകരമല്ല. മനുഷ്യബുദ്ധിക്ക് ആവാഹിക്കുവാൻ സാധിക്കുന്നത്ര വിസ്മയജന്യങ്ങളായ അൽഭുതപ്രതിഭാസങ്ങളാണ് ദൈനംദിനം, ശാസ്ത്രയുഗം ഉൽഘാനം ചെയ്തുകൊണ്ടിരിക്കുന്നതു്. ജീവിതംതന്നെ തീവ്രമായ മൽസര്യരംഗങ്ങളായി മാറുന്നു. ജീവിതത്തിൻെറ സ്ഥായീഭാവങ്ങൾക്കുതന്നെ ഇളക്കം തട്ടിക്കൊണ്ടിരിക്കുന്നു. മാനുഷികമൂല്യങ്ങളെയും, മനുഷ്യമഹിമാവിനെയും മാനിക്കുവാൻ മനുഷ്യർ എന്ന് പറയുന്നവർക്ക് തന്നെ സമയമില്ല; മനുഷ്യരുടേതെന്ന് പറയുന്ന ഹൃദയങ്ങൾക്ക് ശാശ്വതമായ മാനുഷികബന്ധങ്ങൾക്ക് പോലുംസ്ഥാനമില്ല. ഏററവും സങ്കീർണ്ണവും ഏററവും ദുർഘടവുമായ സംഘർഷത്തിൻെറ കാലഘട്ടത്തിലാണ് മാനവരാശി ഇന്ന് പ്രായേണ എത്തിച്ചേർന്നിരിക്കുന്നതു്.

മനുഷ്യർ അങ്ങിനെ മറേറതെങ്കിലും പേരിനാൽ അറിയപ്പെടേണ്ടുന്ന സ്ഥിതിവിശേഷത്തിലാണ് നാം ഇന്ന്, അല്ലെങ്കിൽ മനുഷ്യൻ എന്ന പദത്തിൻെറ അർത്ഥവ്യാപ്തി നാം ഇന്ന് അറിയുന്നതിൽനിന്ന് വ്യത്യസ്ഥമായി വ്യവഹരിക്കേണ്ടതായി വരും. പക്ഷേ ഇതു് രണ്ടും മനുഷ്യരെന്നഭിമാനിക്കുന്ന നാം ചെയ്യുകയില്ല. കാരണം നാം ഇന്ന് ചെയ്യുന്ന പാപങ്ങൾ, പാപങ്ങൾ തന്നെയാണെന്ന് അറിഞ്ഞുകൊണ്ടാണ് അവ നടത്തുന്നതു്. നമ്മെ ബാധിച്ചിരിക്കുന്ന ഏററവും വലിയ തകരാറു് നാം മനുഷ്യരാണെന്ന് അവകാശപ്പെടുന്നുവെങ്കിലും, മനുഷ്യത്വത്തിനു എതിരായി പ്രവർത്തിക്കുന്നുവെന്നതാണ്. നാം സ്നേഹം നടിക്കുകയും, വിദ്വേഷം പുലർത്തുകയും ചെയ്യുന്നു. നാം പരോപകാരത്തെക്കുറിച്ച് പ്രസംഗിക്കുകയും പരമാർത്ഥത്തിൽ പരദ്രോഹം നടത്തുകയും ചെ

അങ്ങിനെ നാം മനഃസ്സാക്ഷിക്കുത്ത് കൂടാതെ തന്നെ നമ്മെ തന്നെ വഞ്ചിക്കുകയാണ്; ജീവിതമൂല്യങ്ങളെ മറക്കുകയാണ്; ഉദ്ദേശ്യങ്ങളെ ദുരുപയോഗപ്പെടുത്തുകയാണ്. ജീവിതത്തിന് തന്നെ ലക്ഷ്യമൊ, ഉന്നമൊ ഇല്ലാതെ, നടക്കുന്നത് നടക്കട്ടെ, എത്തുന്നേടത്ത് എത്തട്ടെ, എന്നത് മാത്രമായിത്തീർന്നിരിക്കുകയാണ് ജീവിതായോധനത്തിലെ മുദ്രാവാക്യങ്ങൾ. സങ്കീർണ്ണമായ ഈ സ്ഥിതിവിശേഷം ചിന്തിക്കുന്നവരെ കൊണ്ടെത്തിക്കുന്നത് മനുഷ്യത്വത്തിനും, സാഹോദര്യത്തിനും, സ്നേഹത്തിനും, സമത്വത്തിനും, അത് പോലുള്ള ശാശ്വതങ്ങളായ ജീവിതപ്രമാണങ്ങൾക്കും വേണ്ടി അവതരിക്കുകയും, മഹത്തരമായ ആദർശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത മഹാത്മാക്കളുടെ മാതൃകയിലേക്കാണ്. അവർ ഉപദേശിച്ച ശാസനകളിലും, മതങ്ങളിലും മാത്രമാണ് നാം ശരണം കണ്ടെത്തുന്നത്. ഈ പശ്ചാത്തലത്തിൽ പ്രവാചകൻ കാണിച്ച് തന്ന ജീവിതരീതിയും, ഉപദേശങ്ങളും കൂടുതൽ കൂടുതൽ പ്രസക്തവും പ്രാമാണ്യവും നേടുകയാണ്. കാരണം മനുഷ്യനെ മനുഷ്യനാക്കുവാൻ ശ്രമിച്ച ഏററവും വലിയ സാംസ്കാരിക ശക്തിയായിരുന്നു ഇസ്ലാമും അതിൻെറ പ്രവാചകനും. ലോകം കണ്ടതിൽവെച്ച് ഏററവും പരിപൂർണ്ണനായ ആ മനുഷ്യൻ, മനുഷ്യരെന്നവകാശപ്പെടുന്ന നമ്മിൽ നിന്നൊക്കെ അഗമ്യപ്രഭാവത്തിൽ പരിലസിക്കുന്നുവെങ്കിൽ, അതിൻെറ കാരണം നാം മനുഷ്യരല്ലാതായിത്തീർന്നിരിക്കുന്നുവെന്നത് മാത്രമാണ്. പ്രവാചകൻെറ ഓരോ പ്രവൃത്തിയെക്കുറിച്ച് സ്മരിക്കുമ്പോഴും, അവയെ ജീവിതത്തിലേക്ക് പകർത്താൻ ഒരുങ്ങുമ്പോഴും നാം കൂടുതൽ കൂടുതൽ മനുഷ്യരായിത്തീരുന്നുവെന്നേ അർത്ഥമുള്ളൂ. തൻെറ അടിമയെപ്പോലും, പരിചാരകനെപ്പോലും മുഖം കറുപ്പിച്ച്, ഒരു ചീത്തവാക്കുകൂടി ഉച്ചരിക്കാതിരുന്ന തിരുമേനി മഹാത്മക്കളുടെ തലപ്പത്ത് മുൻപന്തിയിൽതന്നെ പ്രശോഭിക്കും.

വിഘടിതരായി തമ്മിലടിച്ചു കൊണ്ടിരുന്ന ഒരു സമൂഹത്തെ സ്നേഹസാഹോദര്യത്തിൻെറ കരുത്തേറിയ ശൃംഖല കൊണ്ട് ബന്ധിച്ചിരുന്ന ആ മഹാൻ, മനുഷ്യരുടെ ആത്യന്തിക വികാരത്തിന് ആമുഖമെഴുതുകയായിരുന്നു. സമൂഹത്തിലെ നിമ്നോന്നതകളെ ഉച്ചാടനം ചെയ്ത്, സമത്വസുന്ദരമായ ഒരു

സാമൂഹ്യക്രമം പ്രാവർത്തികമാക്കുകകൂടി ചെയ്തപ്പോൾ നല്ല ഒരു മനുഷ്യസമൂഹം പ്രവാചകൻ ശേഷം പിറവികൊണ്ടു. അതിന്റെ പുത്തൻപ്രകാശത്തിൽ ലോകമൊക്കെ കോരിത്തരിച്ചു. ഭൗതികവും ആത്മീയവുമായ എല്ലാ കാര്യങ്ങളുടേയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സമൂലമായ ഒരു ജീവിതവ്യവസ്ഥ ഉൽപാദിതമാകുകകൂടി ചെയ്തപ്പോൾ നവീനമായ ഒരു സംസ്കാരത്തിന്റെ പുത്തനാവേശം വിശ്വോത്തരമായി.

നവ്യമായ ഈ വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ നടത്തിയ വിപ്ളവത്തിന്റെ മഹോന്നതനായ നേതാവ് പ്രവാചകനായിരുന്നു. പക്ഷേ നേതൃമ്മന്യനായി നിർദ്ദേശങ്ങൾ കൊടുത്ത്, അനുയായികളെകൊണ്ട് കാര്യം നടത്തിയിരുന്ന നേതാവായിരുന്നില്ല ആ മഹാൻ. പടക്കളത്തിൽ പടയാളികളോടൊപ്പവും, കാർഷികവ്യാവസായിക രംഗങ്ങളിൽ അവയിലെ ഉപജീവനക്കാരോടൊപ്പവും, പ്രതിരോധന സന്നാഹങ്ങൾ സജ്ജമാക്കുമ്പോൾ, കിടങ്ങ് കുഴിക്കുന്ന സേനാനികളോടൊത്ത് അത് ചെയ്തും, ഉറക്കമൊഴിച്ചിരുന്ന് ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കാൻ തിൽക്കാൽ സന്നദ്ധരായിരുന്ന യോദ്ധാക്കളോടൊപ്പം അത് ചെയ്തും, പ്രാർത്ഥന വേളകളിൽ തന്റെ അനുയായികളോടൊപ്പം തോളുരുമ്മി, ആരാധനാലയങ്ങളിൽ സന്നിഹിതനായും, ഏതേതു പ്രവൃത്തികൾ ചെയ്യാൻ നിർദേശിച്ചിരുന്നുവോ അവ സ്വന്തം പ്രവൃത്തികൊണ്ട് മാതൃകയായി കാട്ടുകയും ചെയ്ത ധീരനായ വിപ്ളവകാരിയായിരുന്ന മഹാനായ പ്രവാചകൻ. ഈ മഹത്വമാണ് മററു പ്രവാചകരെക്കാൾ റസൂൽ കരീമിനെ ഔന്നത്യത്തിന്റെ പാരമ്യത്തിൽ എത്തിക്കുന്നത്. ഈസാനബി (യേശുക്രിസ്തു) ഒരു മാതൃകാസമൂഹത്തെ വിഭാവനം ചെയ്തു. തന്റെ ആത്മാഹുതികൊണ്ട് സ്നേഹത്തിന്റെ സാക്ഷാത്കാരം നടത്തി. എന്നാൽ പ്രവാചകനാകട്ടെ സ്നേഹസാഹോദര്യം എങ്ങിനെ പ്രായോഗികമാക്കാമെന്ന് പ്രവൃത്തിച്ച് കാണിച്ചുകൊടുത്തു

"ഈ ലോകത്തിനുതന്നെ ഒരു അനുഗ്രഹമായിട്ടാണ്" പ്രവാചകന്റെ ദൌത്യത്തെക്കുറിച്ച് 'ഖുർആൻ' പ്രഖ്യാപിക്കുന്നത്. അവരുടെ സങ്കുചിതമായ വർഗ്ഗീയ പരിഗണനകളില്ല. സ്ഥലകാലികലമായ പ്രാദേശിക ചിന്തയ്ക്കോ, കടുസ്സായ മററ്

പ്രവണതകൾക്കൊ ഇടമില്ല. വിശാലമായ ഈ ലോകത്തി ന്റെയും, വിശിഷ്ടമായ മനുഷ്യരാശിയുടെ തന്നെയും ഒന്നാ യുള്ള രൂപമാണ് പ്രവാചകൻ കണ്ടുകൊണ്ടിരുന്നത്, അതിനു വേണ്ടിയാണ് പ്രവർത്തിച്ചിരുന്നത്. മരണസമയത്തുപോലും "യാ നഫ്സി, യാ നഫ്സി"യെന്നല്ല "യാ ഉമ്മത്തി, യാ ഉമ്മത്തി"യെന്നാണ് പ്രവാചകൻ ഉച്ചരിച്ചിരുന്നത്. 'ഈ ഭൂതലമാകമാനം ഒരു പള്ളിയാകുന്നു' എന്ന സാർവ്വ ലൌലികമായ ഇസ്ലാമിക വീക്ഷണത്തെ മനോഹരമായി ചിത്രീകരിച്ച പ്രവാചകൻ ഒരു സമുദായത്തിന്റെയോ, ഒരു ദേശത്തിന്റെയോ, ഒരു വർഗ്ഗത്തിന്റെയോ, അല്ല ഈ ലോക ത്തിന്റെ തന്നെ അമൂല്യസമ്പത്താണ്.

സ്വന്തം കാര്യംമാത്രം ചിന്തിക്കുകയും, അതു നേടാനായി എന്തു ചെയ്യാൻ മടിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യകീടങ്ങ ളുടെ ഈ സമൂഹം പ്രവാചകൻ ഉദീരണം ചെയ്ത, ഉദാത്തമായ ആ സന്ദേശം ഉൾക്കൊള്ളുവാനൊരുമ്പെടുമോ? ത്യാജ്യകോടി യിൽ തള്ളിവിട്ടുകൊണ്ടിരിക്കുന്ന, മനുഷ്യത്വത്തിന്റെ മഹത് മൂല്യങ്ങളെ, ബഹുമാനിക്കാനും, ആചരിക്കാനും നാം തയ്യാറാ കുമോ? കാട്ടാളത്വത്തിന്റെ പ്രാകൃതാചാരങ്ങളിൽനിന്നും കുത റിമാറി, സ്നേഹസാഹോദര്യത്തിൽ വിശ്വസിക്കുന്ന മനുഷ്യ രായിത്തീരുവാൻ നാം ഒരുങ്ങുമോ? സൃഷ്ടാവിനോടുള്ള കട പ്പാടുകളും സമസൃഷ്ടികളോടുള്ള ബാദ്ധ്യതകളും, പ്രവാചക നോടുള്ള കൂറും പുലർത്തുവാൻ വാക്കുകൾകൊണ്ടു മാത്രമല്ലാതെ പ്രവൃത്തികൾകൊണ്ടു നാം തയ്യാറാവുമോ? അതാണ് ഇന്നു മനു ഷ്യരാശിയുടെ മുമ്പിലുള്ള ചോദ്യം. പ്രവാചകനെ അനുസ്മരി ക്കുമ്പോൾ അതുതന്നെയാണ് നമ്മുടെ മുമ്പിലും ഉയർന്നുവരുന്ന വലിയ ചോദ്യം.

## അറബികളും കേരളവും

അതിപ്രാചീനമായ സാംസ്കാരികവ്യാപാര ബന്ധത്തിന്റെ സുദീർഘമായ കഥയാണ് കേരളത്തിന് അറബികളുമായിട്ടുള്ളത്. സാഹസികരായ റോമാക്കാരും സോമാലികളും സമുദ്രസഞ്ചാരത്തിന്നിടയിൽ കേരളക്കരയേയും അതിലെ ജനങ്ങളെയും വളരെമുമ്പേ പരിചയപ്പെട്ടിരുന്നു. സീസർ ക്ലോഡിയസ്സിന്റെ കാലത്ത് കാററിലകപ്പെട്ട ഒരു കപ്പൽ സമൂഹമാണ് ആദ്യമായി കേരള തീരത്ത് യാദൃഛികമായി എത്തിയത് എന്നാണ് ചരിത്ര പക്ഷം. എന്നാൽ അതിന് എത്രയോ മുൻപ് തന്നെ കാലവർഷക്കാററിന്റെ ഗതി മനസ്സിലാക്കിയിരുന്ന അറബികൾ ഇവിടെ വന്നും പോയുംകൊണ്ടിരുന്നു.

കേരളത്തിന്റെ വാണിജ്യവിഭവങ്ങളുടെ പ്രദർശനശാലയായി മാറിയിരുന്ന അലക്സാൻഡ്രിയ സാംസ്കാരിക വിനിമയത്തിന്റെയും അന്തർദ്ദേശീയ വ്യാപാരമേളയുടേയും സാരഥ്യം വഹിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. മോസസ്സ് എന്നുപറയുന്ന മൂസാനബിയുടെ കാലത്ത്പോലും കേരളത്തിലെ സുഗന്ധദ്രവ്യങ്ങളും വനോല്പന്നങ്ങളും മദ്ധ്യപൗരസ്ത്യദേശങ്ങളിലെ ഇഷ്ടഭോജ്യങ്ങളായിരുന്നു എന്ന് പഴയ നിയമങ്ങളിൽ പരാമർശമുണ്ട്. സോളമൻ ചക്രവർത്തി (സുലൈമാൻ നബി) കേരളത്തിലെ തേക്കിൻ തടികളും, ആനക്കൊമ്പുകളും കൊണ്ടാണ് തന്റെ രമ്യഹർമ്മ്യങ്ങളുടെ മനോഹാരിത വർദ്ധിപ്പിച്ചതെന്നും വർദ്ധമാനമായ ഈ വാണിജ്യസമ്പർക്കം തുടർന്നുപോന്നിരുന്നു എന്നുമുള്ളതിന് ധാരാളം രേഖകളുണ്ട്. കുറച്ചു വർഷങ്ങൾക്കു മുൻപ് ഊർ നഗരത്തിൽ നടത്തിയ ഉത്ഖനനം

കേരളത്തിൻെറതായ തേക്കിൻ തടികളും ആനക്കൊമ്പുകൊണ്ടു ണ്ടാക്കിയ കരകൗശല വസ്തുക്കളും പുറത്തുകൊണ്ടുവരുകയുണ്ടായി. ഫിനീഷ്യർ, ഗ്രീക്കുകാർ, സാബേയന്മാർ തുടങ്ങിയവർ സോളമൻ ചക്രവർത്തിയ്ക്കുശേഷവും ഈ വ്യാപാരബന്ധം ത്വരിതപ്പെടുത്തി. കുരുമുളകായിരുന്നു അവർക്കു് ഏററവും പ്രിയങ്കരമായ വസ്തു

വിദേശ കമ്പോളങ്ങളിൽ കുരുമുളകിനു് വേണ്ടി നടത്തിയിരുന്ന സാഹസീകതകൾ അക്കാലത്തെ ചരിത്രകാരൻമാരെയും ഭരണാധികാരികളേയും ഇതിനെതിരായി പ്രചാരണംനടത്തുവാൻ കൂടി പ്രേരിപ്പിച്ചിരുന്നതായി രേഖകളുണ്ടു്. യുദ്ധക്കരാറുകളിലും, മരണപത്രങ്ങളിൽക്കൂടിയും കുരുമുളകിൻെറ പ്രാധാന്യം സ്ഥലം പിടിച്ചിരുന്നു. ഹിപ്പോക്രാററിസ് തൻെറ ചികിൽസാ സമ്പ്രദായത്തെ പുരസ്ക്കരിച്ച് പറയുന്ന കൂട്ടത്തിൽ കുരുമുളകിനു് വലിയ പദവിയാണു് നല്കിയിരുന്നതു്. യവനറോമാക്കാരുടെ അതിരുകടന്ന കുരുമുളകിനോടുള്ള കമ്പം പ്ളീനിയുടെ നിശിതമായ പരിഹാസത്തിനു് പാത്രമായിട്ടുണ്ടു്. കോളവുമായിട്ടുള്ള കച്ചവടം മൂലം റോമാസാമ്രാജ്യം ചോരവാർന്നുകൊണ്ടിരിക്കയാണെന്നും സ്വർണ്ണത്തിനു് പകരമായി കേരളോല്പന്നം വാങ്ങുന്നതു് മൂലം ഈ ലോഹത്തിനു് ക്രമാതീതമായ ക്ഷാമം നേരിട്ടിരിക്കുന്നു എന്നും പ്ളീനി എഴുതി. സമകാലികലോകത്തെ പരിഹസിച്ചുകൊണ്ടദ്ദേഹം പറഞ്ഞതു് ഇപ്രകാരമാണു്: 'അമിതമായ ഭക്ഷണംകഴിക്കണമെന്നാഗ്രഹിക്കുന്ന സുഖലോലുപന്മാർക്കു് അല്പം വീര്യവും എരിവും നൽകുവാൻ കുരുമുളകു് ഒരു പക്ഷേ പററുമെന്നല്ലാതെ സ്വാദുള്ള ഫലവർഗ്ഗങ്ങളിലോ മററു നല്ല ഭക്ഷണപദാർത്ഥങ്ങളിലോ ചേർക്കുവാൻ കുരുമുളകു് പററുകയില്ല.'

ക്രിസ്താബ്ദത്തിൻെറ ആരംഭത്തിൽ വിദേശിയരായ പലരും കേരളക്കരയിൽ സ്ഥിരവാസമുണ്ടായിരുന്നതായി കാണാം. ആഗസ്റ്റസ് സീസറുടെ കാലമായ ബി. സി. 28-ൽ മലബാർ തീരങ്ങളിൽ യവന റോമാക്കാരുടെ ആവശ്യാർത്ഥം അമ്പലങ്ങളും അവരുടെ ആരാധനാലയങ്ങളും ഉണ്ടായിരുന്നതായി റോബർട്ടു് സീവെൽ 'തെന്നിന്ത്യയിലെ

ചരിത്ര രേഖകൾ' എന്ന തൻെറ വിഖ്യാതമായ ഗ്രന്ഥത്തിലൊന്നിൽ പ്രസ്താവിച്ചു കാണുന്നു. ഈ വ്യാപാര സമ്പർക്കത്തിന് കൂടുതൽ ഉത്തേജനം നൽകിയ സംഭവമാകുന്നു ഹിപ്പാലസ്സ് എന്ന ഗ്രീക്കുനാവികൻ നടത്തിയ സമുദ്ര പരീക്ഷണത്തിൻെറ വിജയം. കാലവർഷക്കാററിൻെറ രഹസ്യം അറബികളിൽനിന്നും മനസ്സിലാക്കിയ ഹിപ്പാലസ്സ് എ. ഡി. 47ൽ അറേബ്യയായിലെ ഫർട്ടാക്ക മുനമ്പിൽനിന്നും ആറാഴ്ചകൊണ്ട് കേരളത്തിൻെറ തീരത്തെത്താൻ കഴിയുമെന്ന് കണ്ടുപിടിച്ചു. കേരളവും മദ്ധ്യപൗരസ്ത്യ രാജ്യങ്ങളുമായുള്ള വാണിജ്യ സാംസ്കാരികബന്ധത്തിൽ നൂതനമായൊരദ്ധ്യായ വിരചിച്ച സംഗതിയായിരുന്നുഇത്. കേരളത്തിൻെറവാണിജ്യവിഭവങ്ങളും, തേടിഅറബിക്കടലിൻെറ തിരമാലകളേയുംതാണ്ടി ഇവിടെ എത്തിയിരുന്ന കപ്പൽസമൂഹങ്ങളെ പുരസ്കരിച്ച് A. D. ഒന്നാം നൂററാണ്ടിൽഎഴുതിയതെന്ന് വിശ്വസിക്കപ്പെടുന്ന പെരിപ്ലസ്സിലെ പരാമർശം ശ്രദ്ധേയമാണ്: 'മുസരസ്സിൻെറ(കൊടുങ്ങല്ലൂർ) തീരത്തു അറബിക്കടലിൻെറ വിരിമാറിൽ നിരന്നുകിടക്കുന്ന കപ്പലുകൾ കാണുക കൗതുകകരമാണ്. അവയുടെ ഓളം തട്ടി പതഞ്ഞുപൊങ്ങുന്ന വെള്ളനുരകൾ ആകർഷകവും.' ഈ ഗ്രന്ഥത്തിൻെറ കർത്താവു തന്നെ കേരളക്കരയിൽ പലസ്ഥലങ്ങളിലും അറബികളുടെ സ്ഥിരവാസ കേന്ദ്രങ്ങളുള്ളതായും പ്രസ്താവിച്ചു കാണുന്നു. അങ്ങിനെ വൈദേശിക രാജ്യങ്ങളുമായി കേരളം നിരന്തരം നടത്തിയിരുന്ന ഈ വ്യാപാര വിനിമയത്തിൻേറയും സമ്പർക്കത്തിൻേറയും ഫലമായി നൂതനവും സജീവവുമായ സാംസ്കാരിക സംഘാതങ്ങളും നവോത്ഥാനങ്ങളും ഉണ്ടായിട്ടുണ്ട്.

ക്രിസ്ത്യാനികളും മുസ്ലിംകളും അവരുടെമത പ്രചാരണാർത്ഥം ഇന്ത്യയിലാദ്യമായി എത്തിയ സ്ഥലം കേരളമായിരുന്നു എന്നത് ചരിത്രവസ്തുതയാണല്ലോ. അവർ കൊടുങ്ങല്ലൂരിലും കൊല്ലത്തും കോഴിക്കോട്ടും അവരവരുടെ ആരാധനാകേന്ദ്രങ്ങൾ പണിയിക്കുകയും തങ്ങളുടെ വിശ്വാസ പ്രമാണങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുകയും ചെയ്തു. കേരളീയരുടെ സാംസ്കാരികവും രാഷ്ട്രീയവുമായ പരിണാമങ്ങളിൽ വൈദേശിക സ്വാ

ധീനത്തിന് അമിതമായ പങ്കുണ്ട്. അറബികളുടെ സ്വാധീന എത്രമാത്രം ഉണ്ടായിരുന്നു എന്നതിന് പ്രകടമായ തെളിവാണ് ചേരമാൻ പെരുമാളുടെ പ്രബലമായ മതമാററകഥയ്ക്ക് പറ യുവാനുള്ളത്. സിലോണിലേക്ക് പോയിരുന്ന ഒരു അറ ബിക്കച്ചവടസംഘം യാത്രാമദ്ധ്യേ കൊടുങ്ങല്ലൂരിൽ ഇറങ്ങി യെന്നും ചേരചക്രവർത്തിയായ പെരുമാളെ കണ്ട് അറേബി യായിൽ പ്രചാരത്തിൽ വന്ന ഇസ്ലാംമതത്തെക്കുറിച്ച് സം സാരിച്ചുവെന്നും അവരുടെ മടക്കയാത്രയിൽ തന്നെ കൂട്ടികൊണ്ടു പോകണമെന്ന് പെരുമാൾ അഭ്യർത്ഥിച്ചതനുസരിച്ച് അവർ അ ദ്ദേഹത്തെയും കൂട്ടിപോയെന്നുമാണ് കേരളോല്പത്തിയിലും കേരള മഹാത്മ്യത്തിലും പ്രസ്താവിച്ചു കാണുന്നത്. പോകുന്ന തിനു മുൻപുതന്നെ രാജ്യം വിഭജിച്ച് സാമന്തന്മാർക്ക് നല്കി യെന്നും ഇത്, എ. ഡി. 825 ൽ ആയിരിക്കുമെന്നും ലോഗനും അതുപോലുള്ള ചരിത്രകാരന്മാരും വാദിക്കുന്നു. മലയാള വർ ഷാരംഭത്തെക്കുറിക്കുന്നത് ഈ സംഭവത്തെ ആസ്പദമാക്കി യാണെന്നും ലോഗൻ സമർത്ഥിക്കുന്നു.

എന്നാൽ ഈ കഥ വിശ്വസിക്കാത്തവർ അതിന് ഉപോൽ ബലകമായി ഉദ്ധരിക്കുന്നത് 851-ൽ ഇവിടെ വന്ന് കേരളത്തെ പ്പററി എഴുതിയ സുലൈമാൻ എന്ന അറബി സഞ്ചാരി, കേരള ത്തിൽ അറബിസംസാരിക്കുന്നവരെയോ ചീനരേയോ കണ്ടില്ലെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയെ ആധാരമാക്കി യാണ്. തൻമൂലം ഇസ്ലാംമതം 851-നു ശേഷം മാത്രമേ കേരളത്തിൽ പ്രാബല്യത്തിൽ വന്നിരിക്കുകയുള്ളു എന്നും അവർ വാദിക്കുന്നു. സുലൈമാന്റെ പുസ്തകം കണ്ടിട്ടു ള്ളവരായിരുന്നില്ലാ ഭാഷാദ്ധ്യാപകരായിക്കഴിഞ്ഞിരുന്ന ഈ ചരിത്രമെഴുത്തുകാർ. സുലൈമാന്റെ ഗ്രന്ഥം പഠിച്ച് അത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത റെനോഡൻസൺ പറയുന്നത് സലൈമാന്റെ ഈ പ്രസ്താവം ബാലിശമാണെ ന്നും അദ്ദേഹത്തിന്റെ നിരീക്ഷണപാടവത്തിന്റെ അഭാവമാ ണ് അത് കാണിക്കുന്നത് എന്നുമാണ്. കാരണം ഗുജറാത്തി ലേയും മററു സ്ഥലങ്ങളിലേയും മുസ്ലിംങ്ങളെപ്പററിയും അദ്ദേ ഹം നിശ്ശബ്ദത പാലിക്കുന്നു കേരളത്തിലെ ക്രിസ്തീയ വി ഭാഗത്തിൽ പെട്ടവരെയോ യഹൂദമതക്കാരേയോ അദ്ദേഹം ക

...മായി പരാമർശമില്ല സുലൈമാൻേറതെന്നു് പറയുന്ന'സിൽ ...ൽതവാരിക്ക്'' എന്ന ഗ്രന്ഥം ഇവിടെ പല കാല ...ി വന്നും പോയും കൊണ്ടിരുന്ന അറബിസഞ്ചാരികളുടെ ...ങ്ങൾ ഒന്നിച്ച് ക്രോഡീകരിച്ചുണ്ടാക്കിയതാണെന്നാ ...തത്സംബന്ധമായ ഗവേഷണം ചെയ്ത എസ്. എൻ. നൈ ...'തെന്നിന്ത്യയുമായുള്ള അറബിസമ്പർക്കം' എന്ന വിലപ്പെട്ട ...ത്തിൽ പറയുന്നതു്. അപ്പോഠം നമ്മുടെ ഉപരിപ്ളവബു ...ികരംക്ക് ചരിത്രപ്രശ്നങ്ങളെ ആഴത്തിലും പരപ്പിലും ...ാനുള്ള കഴിവുകേടിൻെറ മറെറാരു സൂചനമാത്രമാണിതെ ...ാദ്ധ്യമാകം, സുലൈമാൻെറ ആനുഷംഗികമായ ഒരു പ്ര ...ത്തിൽ തുങ്ങി ചരിത്ര നിഗമനം നടത്തുന്നതു് കാണ ... കേരള സാംസ്കാരിക ബന്ധവും ചരിത്രവും സമ്പന്ന ... ഒട്ടേറെ ഭൂമിശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും കേരള ...ൻെറ പ്രാചീനകാലഘട്ടത്തെപ്പററിഎഴുതിയിട്ടുണ്ട്. സുലൈ ..., ...ബുൽഫീദ, അബ്ദുൽറസ്സാക്ക്, ഇദ്രീസി, അൽബൈ ..., അൽകാസിനി, ഇബ്നുബത്തൂത്ത തുടങ്ങിയ നിരവധി ...ടെ വലിയ പട്ടികയാണതു്. 8-ാം നൂററാണ്ടുമുതൽ 16-ാം ... വരെയുള്ള കേരള ചരിത്രസംവിധാനം നടത്തുവാൻ ...അറബി സഞ്ചാര സാഹിത്യവും ചരിത്രഗ്രന്ഥങ്ങളുമാ ...വങ്ങളാം വിളമ്പിത്തരുന്നതു്.

... ...മായി പഠിക്കുവാൻ മിനക്കെടാറില്ലാത്തതാണു് ... ചരിത്രത്തിലെ സുദീർഘമായ ഈ നൂററാണ്ടിലെ ...വീണു് മൂടിക്കിടക്കുവാൻ കാരണം.

... സമൂഹത്തിൽ മായാത്ത മുദ്രപതിപ്പിക്കുവാൻ അറബി ... സമ്പർക്കത്തിനു കഴിഞ്ഞു. ജാതീയമായി തരം തി ...ന്നിരുന്ന കേരള സമൂഹത്തിൽ സമത്വത്തിൻെറയും ...ത്തിൻെറയും ഐസ്ലാമിക സന്ദേശംകൊണ്ടു് അവശ ...തിക്കുവാൻ അവർക്കു് സാധിച്ചു. മുസ്ലിങ്ങളുടെ ...ിക്കുവാനുള്ള പ്രധാനകാരണം ഇവിടെ നിലനി ...വ്യത്യാസമത്വങ്ങളാം വിതച്ച വിനയായിരുന്നു.

...ന്നജാതിക്കാരുടെ മാത്രം ഭാഷയായി ഭ്രഷ്ട ...ിരുന്ന സന്ദർഭത്തിലാണു് അറബു് മലയാളവും

സാഹിത്യവും ഇവിടെ പ്രചരിപ്പിച്ചു. [illegible] ജനങ്ങളെ തങ്ങളുടെ മതത്തിലേക്കും സംസ്കാരത്തിലേക്കും ആകർഷിക്കുവാൻ അതു് ഉപകരിച്ചു.

കാർഷിക വാണിജ്യ മണ്ഡലങ്ങളിൽ അറബികളും അവരുടെ മുസ്‌ലിം അനുയായികളുമാണു് മറേറതൊരു കേരള സമൂഹത്തേക്കാളും മഹത്തായനേട്ടങ്ങൾ കൈവരിച്ചതു്. പറങ്കികളുടെആഗമനം വരെ അറബിക്കടലിന്റെ ആധിപത്യം അവർക്കായിരുന്നു. കേരളത്തിന്റെ തീരങ്ങളിൽ അലയടിച്ചിരുന്ന കടലിനു് അറബിക്കടൽ എന്നപേരുതന്നെ ലഭിച്ചതു് അറബികളുടെകുത്തകാധിപത്യം കൊണ്ടുതന്നെയാണു്. നമ്മുടെ കച്ചവട വിഭവങ്ങൾ പുറം രാജ്യങ്ങളിൽ കൊണ്ടുപോയി വിലക്കുകയും, നമ്മുടെ കടൽത്തീരങ്ങളെ ശത്രുക്കളിൽ നിന്നു് രക്ഷിക്കുകയും ചെയ്തിരുന്നതു് അറബിവിനാകരായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

ഇത്തരുണത്തിൽ അവിസ്മരണീയ മായ മറെറാരു സംഗതി കൂടി പറഞ്ഞു കൊള്ളട്ടെ. 1497-ൽ ലിബ്സിൽ നിന്നും സമുദ്രാന്തരീയ സാഹസികയാത്രയ്ക്കു് പുറപ്പെട്ട വാസ്കോഡിഗാമ ആഫ്രിക്കൻ മുനമ്പു് വിജയകരമായി മുറിച്ചു കടന്നെങ്കിലും ഇന്ധ്യയിലേക്കുള്ള മാർഗ്ഗം നിശ്ചയമില്ലാതെ എല്ലാം നഷ്ടപ്പെട്ട സ്ഥിതിയിൽ എത്തിവലയുകയായിരുന്ന സന്ദർഭത്തിലാണു് ഷിഹാബുദ്ദീൻ അഹമ്മദു് ഇബ്നുമജീദു് എന്ന അറബിനാവികൻ അദ്ദേഹത്തിന്റെ രക്ഷയ്ക്കെത്തിയതു്. ലോകചരിത്രത്തിൽ വിപ്ലവകരമായ മാററങ്ങൾക്കു നാന്ദികുറിച്ച വാസ്കോഡിഗാമയുടെ ഈ നൂതന കണ്ടുപിടുത്തം അങ്ങനെ വിജയകരമായതു് നിശ്ചയമായും ഈ അറബിനാവികൻ വഴികാട്ടിയതിന്റെ ഫലമായിട്ടായിരുന്നു. അറബിക്കടലിന്റെ ആധിപത്യം തങ്ങൾക്കു് ഇതു്മൂലം നഷ്ടപ്പെട്ടുമെന്നു്ഷിഹാബുദ്ദീൻ ഒരിക്കലും വിചാരിച്ചിരിക്കാനിടയില്ല.

ഒന്നര നൂററാണ്ടു കാലം അവിരാമം നടത്തിയ നാവികയുദ്ധങ്ങളിൽ പ്രഖ്യാതരായ കുഞ്ഞാലിമരക്കാർമാർ കേരള ചരിത്രത്തിലെ അതിനായകന്മാരാണു്. അവർ പറങ്കികളുടെ നാവിക

റ്റ്രയുമായി ഏററുമുട്ടി അറബിക്കടലിനെ രക്തപങ്കിലമാക്കിയിരുന്നില്ലെങ്കിൽ 1663-ൽ ഡച്ചുകാർക്ക് അവരെ തോല്പിക്കുവാനൊക്കുമായിരുന്നില്ല. ആംഗ്ളേയശക്തികൾ ഇൻഡ്യയെ കീഴടക്കുന്നതിന് പകരം നിശ്ചയമായും പോർച്ചുഗലിൻെറ ഒരു കോളനിയാകുമായിരുന്നേനെ നമ്മുടെരാജ്യം. കേരളത്തിൻെറ പ്രബലശക്തിയായി തീർന്നിരുന്ന മുസ്ലീംങ്ങൾ വിദേശികളുമായുള്ള നിരന്തരസംഘട്ടനങ്ങളുടെ ഫലമായിട്ടാണ് ആളും അത്ഥവും നശിച്ച് പിൻതള്ളപ്പെട്ടതു് എന്ന ചരിത്രവസ്തുത ഒരു പക്ഷേ അധികം ആളുകളും അറിഞ്ഞിരിക്കാൻ ഇടയില്ല, കേരളത്തിൻെറ കാർഷികപ്രവർത്തനങ്ങളിലും അവർ വളരെ സംഭാവനകൾ നൽകിയിട്ടുണ്ടു്. കലകൾ, വാസ്തുശില്പങ്ങൾ തുടങ്ങിയ പലതും അറബികളുടെയും അവരുടെ അനയായികളുടേയും മറക്കാനാവാത്ത സംഭാവനകൾ ആണ്. അങ്ങനെ ഈ വാണിജ്യവ്യാപാരസമ്പർക്കം കേരള രാഷ്ട്രീയത്തേയുംസമൂഹത്തേയും സ്വാധീനിച്ചതിന് പുറമേ സാമ്പത്തികമായി ഉത്തരോത്തരം അഭിവൃദ്ധിക്കിടം നല്കുകകൂടി ചെയ്ത അവിസ്മരണീയമായ ബന്ധം കൂടിയാണ്.

iii

## ഇൻഡ്യയും ഇസ്ലാമും ചരിത്രസാംസ്കാരികപശ്ചാത്തലം

**അ**റേബിയ, പാലസ്തീൻ, ഈജിപ്ത്, യവനറോമാ രാജ്യങ്ങൾ എന്നീ പ്രാക്തന സാംസ്കാരിക കേന്ദ്രങ്ങളുമായി അതിപുരാതനകാലം മുതൽക്കുതന്നെ വാണിജ്യപരവും സാംസ്കാരികവുമായ സമ്പർക്കം ഇൻഡ്യ അവിരാമം പുലർത്തി പോന്നു. സുമേരിയൻ സംസ്കാരത്തിൻെറ കണ്ടെടുക്കപ്പെട്ട ചരിത്രാവശിഷ്ടങ്ങളിൽ സൈന്ധവ നാഗരികമേഖലയുമായി അനവരതം നടന്നിരുന്ന സമ്പർക്കത്തിൻെറ തികഞ്ഞ തെളിവുകൾ അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. പുരാവസ്തുഗവേഷകന്മാർ ഊർ, നിപ്പൂർ തുടങ്ങിയ സുമേരിയൻ നഗരാവശിഷ്ടങ്ങളിൽ നടത്തിയ ഉത്ഖനനത്തിൻെറ ഫലമായി നദീതടസംസ്കാരങ്ങളുടെ കാലം മുതൽക്കുതന്നെ ഇൻഡ്യയും പുറംരാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധം തടസ്സമററതായിരുന്നുവെന്നു സ്ഥാപിക്കുവാൻ സാധിക്കുന്നു. മൂസാനബിയുടെ കാലംമുതൽ ഇൻഡ്യയുമായുള്ള ബന്ധം അനുസ്യൂതം നിലനിന്നിരുന്നതായി ഹണ്ടർ തുടങ്ങിയ ചരിത്രപണ്ഡിതന്മാരവകാശപ്പെടുന്നുണ്ട്. സോളമൻ ചക്രവർത്തി കേരളത്തിലെ ബേപ്പൂർ (ഓഫിർ) തുറമുഖത്തുനിന്നും കയററിഅയച്ചിരുന്ന തേക്കിൻതടികളും ആനക്കൊമ്പും തൻെറ കൊട്ടാരത്തെ മോടിപിടിപ്പിക്കുവാനുപയോഗപ്പെടുത്തിയതായും രേഖകളുണ്ട്. റോബട്ട് സീവൽ അവകാശപ്പെടുന്നതു് ഷാൽഡിയൻ രേഖകളിൽ ഇൻഡ്യയിൽനിന്നും സമുദ്രംവഴിയും കരമാർഗ്ഗമായും കടൽമാർഗ്ഗമായും നടന്നിരുന്ന കച്ചവടത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടെന്നാണ്. 'പാൻററിഗേറിയൻ' കണക്കുകളെ ഉദ്ധരിച്ചുകൊണ്ടു് തഴസ്റ്റൻപറയുന്നതാകട്ടെ പ്രാചീനകൊടുങ്ങല്ലൂരിൽ റോമക്കാരുടെ ഒരു അധിവാസകേന്ദ്രമുണ്ടായിരുന്നവെന്നും ആഗസ്റ്റ് സീസറുടെ കാലത്തു് ബി. സി. 28, മലബാർ തീരങ്ങളിലെവിടേയോ റോമക്കരുടെആവശ്യാർത്ഥം അമ്പലം

പണി കഴിപ്പിച്ചിരുന്നുവെന്നുമാണ്. ഒരു കാര്യം അസന്നിഗ്ധമായി ചൂണ്ടിക്കാണിക്കുവാനൊക്കുന്നത് അഗസ്ററസ് സീസറുടെ കാലം തുടങ്ങി നീറോ ചക്രവർത്തിയുടെ കാലം വരെയുള്ള- അതായത് ബി.ഡി 28 മുതൽ ഏ.ഡി 491 വരെയുള്ള- റോമാനാണയങ്ങൾ ഇൻഡ്യയുടെ പല ഭാഗങ്ങളിൽനിന്നുമായി നമുക്ക് ലഭിച്ചിട്ടുണ്ട് എന്ന വസ്തുതയാണ്. ഇൻഡ്യയും പ്രാചീന നാഗരികതകളുമായി നിദാന്തസമ്പർക്കമുണ്ടായിരുന്നതിൻെറ സ്പഷ്ടമായ ഉദാഹരണങ്ങളാണിവ. ഒന്നാം നൂററാണ്ടിൽ സ്ട്രാബോവും പ്ലിനിയും, രണ്ടാംനൂററാണ്ടിൽ പെരിപ്ളസ്സിൻെറ കർത്താവും ടോളമിയും, ഇൻഡ്യയും യവന റോമാനാഗരികതകളുമായുണ്ടായിരുന്ന സാംസ്കാരിക വാണിജ്യബന്ധങ്ങളെ പുരസ്കരിച്ച് ദീർഘമായെഴുതുന്നുണ്ട്.

റോമാപേർഷ്യൻ യുദ്ധങ്ങളിൽ ഇൻഡ്യൻ യോദ്ധാക്കളും ആനകളും പേർഷ്യക്കാരുടെ ഭാഗത്തുനിന്നു യുദ്ധം ചെയ്തിരുന്നതായി റെയിനോഡും റോബർട്ട് സീവലും രേഖാപഠനങ്ങൾക്കുശേഷം സുവ്യക്തമാക്കുന്നുണ്ട്. ഇൻഡ്യയുടെ ബൌദ്ധകാലഘട്ടം വിശേഷാത്തരമായ സാംസ്കാരിക അധിനിവേശത്തിന് സൗകര്യം നൽകി. വൈദേശിക സമ്പർക്കം ഏററവും പുഷ്കലമായ കാലം ബുദ്ധമതപ്രചാരണകാലത്തിൻെറതായിരുന്നു. എന്നാൽ ബുദ്ധമതത്തെ തകർത്തുകൊണ്ട് നമ്മുടെ മതസാംസ്കാരിക മണ്ഡലത്തിൽ ആധിപത്യം നേടിയ ബ്രാഹ്മണമതം വിദേശബന്ധത്തിൽ കടുത്ത അലംഭാവം കാണിച്ചതിൻെറ ഫലമായി ഉത്തരേന്ത്യ തീർത്തും വിദേശികളുമായുള്ള ബന്ധം അടർത്തിക്കളഞ്ഞു. അപ്പോഴും നാഗരികലോകവുമായുള്ള സമ്പർക്കം പൊട്ടാതെ സൂക്ഷിച്ചിരുന്നത് കേരളവും മററുള്ള തെക്കൻദിക്കുകളുമായിരുന്നു. പേർഷ്യക്കാരുടെ ശക്തി നശിച്ചതോടെ സമുദ്രങ്ങളുടെ ആധിപത്യം അറബികളുടെ കൈവശംവന്നുചേർന്നു. ഇൻഡ്യയും പാശ്ചാത്യരാജ്യങ്ങളും തമ്മിലുള്ള കച്ചവടവിനിമയം മുഴക്കെ അറബികളുടെ പത്തേമാരികളിൽ കൂടിയാണ് നടത്തിയിരുന്നത്. അന്നത്തെ പ്രധാനതുറമുഖപട്ടണങ്ങളായിരുന്ന കൊടുങ്ങല്ലൂരും, കൊല്ലവും, പന്തലായിനിയും എല്ലാം അറബികളുടെ ആവാസകേന്ദ്രമായി മാറിയിരുന്നു ഇവിടെനിന്നും നമ്മുടെസുഗന്ധദ്രവ്യങ്ങളും കുരുമുളകും

യൂറോപ്യൻ രാജ്യങ്ങളിൽ കൊണ്ടുപോയി വിപണനം നടത്തിയിരുന്നതു് അറബികളായിരുന്നു. കേരളത്തിന്റെ പശ്ചിമതീരത്തു് അലതല്ലുന്ന വിശാലമായ സമുദ്രം അറബിക്കടൽ എന്ന നാമധേയത്തിലാണല്ലോ ഇന്നുമറിയുന്നതും.

ഇതത്രയും പ്രതിപാദിക്കുവാൻ കാരണം ഇൻഡ്യയും ഇസ്ലാമും എന്ന വിഷയത്തിന്റെ ചരിത്രപശ്ചാത്തലം ഒരുക്കുവാനായിരുന്നു. നബിതിരുമേനി ഇസ്ലാമിലേക്കു് ക്ഷണിച്ചുകൊണ്ടു വിവിധ രാജ്യങ്ങളിലെ ഭരണാധിപന്മാർക്കു് ദൂതന്മാർമുഖേന കത്തുകളയച്ചകൂട്ടത്തിൽ ഇൻഡ്യയിലെ പ്രമുഖരാജാക്കന്മാർക്കും കേരളത്തിലെ ചേരമാൻ പെരുമാളിനും എഴുതിയിരുന്നു. ആ ദൌത്യസംഘത്തിന്റെ പ്രേരണയാൽ ആകൃഷ്ടനായി കേരളത്തിലെ ചക്രവർത്തി മെക്കയിലേക്കുപോയി മതപരിവർത്തനം നടത്തിയ കഥ നമുക്കൊക്കെ അറിയാവുന്നതാണു്. അതുപോലെതന്നെ എ. ഡി. 664ൽ അതായതു് ഹിജ്രാ 21 റജബു് മാസം 11-ാം തീയതി മാലിക്കു് ഇബിനു്ദീനാറിന്റെ നേതൃത്വത്തിൽ 40 പേരടങ്ങിയ ഒരു സംഘം മുസ്ലിംകൾ കേരളത്തിലെ കൊടുങ്ങല്ലൂർ കടപ്പുറത്തു് വന്നിറങ്ങിയതും ഇൻഡ്യയിലെ ആദ്യത്തെ മുസ്ലിം ദേവാലയം എന്നു് വിശേഷിപ്പിക്കാവുന്ന ചേരമാൻ മോസ്ക്കു തുടങ്ങി പല ഭാഗങ്ങളിലായി ആരാധനാലങ്ങൾ പണികഴിപ്പിച്ചതും ഇസ്ലാമിലേക്കു് കേരളീയരായ അനവധി ആളുകളെ മതപരിവർത്തനം ചെയ്യിച്ചതുംഒക്കെ ഇന്നു് പരക്കെ അറിയാവുന്ന കാര്യങ്ങളാണല്ലോ. എന്നാൽ കലീഫാ ഉമറിന്റെ കാലത്തു് ബോംബേക്കടുത്തു് താന എന്ന സ്ഥലത്തു് ആദ്യമായി ഒരു മുസ്ലിം വ്യാപാരസംഘം ഇറങ്ങിയതു് മുതലാണു് അറബിലോകം ഇൻഡ്യയുടെ വടക്കൻ ദേശങ്ങളുമായി വിച്ഛേദിക്കപ്പെട്ട ബന്ധം പുനർസ്ഥാപിക്കുന്നതു്. അതിനുശേഷം ഒററയൊററയായി ചില വ്യാപാര സംരംഭങ്ങൾ നടന്നിരുന്നുവെന്നല്ലാതെമതപ്രചാരണമോആക്രമണമോ മുസ്ലിംപക്ഷത്തുനിന്നുണ്ടായിരുന്നില്ല എന്നാൽ എ ഡി. 711ൽ സിന്ധിലെ ദാഹീർ രാജാവു് അറബികളുടെ സിലോൺ, മലബാർ എന്നിവിടങ്ങളിലെ കച്ചവടത്തെ തടസ്സപ്പെടുത്തുകയും സിലോണിൽനിന്നും ഇറാക്കിലെ ഗവർണ്ണറായിരുന്ന ഹജ്ജാജിനു് അയച്ച വിലപിടിച്ച സാധന

ങ്ങൾ ഉൾക്കൊള്ളുന്ന കപ്പലുകൾ കൊള്ളയടിക്കുകയും ചെയ്തു. നഷ്ടപരിഹാരം നൽകാൻ മടിച്ച ദാഹീർ രാജാവിന്നെതിരായിട്ടാണ് അറബിസൈന്യം സിന്ധിലേക്ക് കടക്കുന്നത്. അങ്ങിനെ ഇൻഡ്യയുടെ വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങൾ മുസ്ലിം ആധിപത്യത്തിൻ കീഴിൽ വന്നു. സമകാലിക ചരിത്രകാരനായ ബിലാദൂരി എഴുതുന്നത് സിന്ധാക്രമണത്തിനു ശേഷം കീഴടക്കപ്പെട്ട ജനങ്ങളുമായി ഏററവും സൌഹൃദപൂർണ്ണമായ രീതിയാണവലംബിച്ചതെന്നാണ്. അങ്ങിനെ മാതൃകാപരമായ രീതിയിൽ ഭരണീയരെ വിശ്വസിച്ച് അവരുടെ സഹകരണത്തോടും അവരുടെ വിശ്വാസാചാരങ്ങളോട് ആദരവ് പ്രകടിപ്പിച്ചുമാണ് ഇൻഡ്യയിലെ ആദ്യത്തെ മുസ്ലിം അധിനിവേശം അതിൻെറ ഭരണംനടത്തിയത്. മതസഹിഷ്ണത തുടങ്ങിയ ഉദാത്താദർശങ്ങൾ പ്രാവർത്തികമാക്കി കൊണ്ടാണ് ഈ ഭരണം ഉത്ഘാടിതമാകുന്നത്. അതിനുശേഷം മുഹമ്മത് ഗസ്നായുടെ അമ്പലധ്വംസനങ്ങളും ആക്രമണങ്ങളും ഇസ്ലാമിനെയും മുസ്ലിംകളെയും സംബന്ധിച്ച് അമുസ്ലിംകൾക്കിടയ്ക്ക ഭീതിജനിപ്പിക്കുവാനേ സഹായകമായുള്ള പൊന്നിന്നും പെരിമയ്ക്കുംവേണ്ടി നടത്തിയ ആ പടയോട്ടങ്ങൾ ഇസ്ലാമിക പ്രചാരണത്തിൻെറ ഭാഗമായി ഇംഗ്ലീഷ് ചരിത്രക്കാരന്മാർ വ്യാഖ്യാനിച്ച് ഫലവത്തായി പ്രചരിപ്പിക്കുകൂടി ചെയ്തപ്പോൾ കൂടുതൽ വഷളാകുകയും ചെയ്തു. അക്കാലത്തേ ചരിത്രകാരന്മാരും പണ്ഡിതന്മാരുമായ അൽബൈരൂണി, അൽഉദ്ബി, ബൈഹാക്കി തുടങ്ങിയവരത്രയും ഗസ്നാ ഓരോ പ്രാവശ്യവും നമ്മുടെ അമ്പലങ്ങളിൽ നിന്നും കൊള്ളയടിച്ച ധനത്തിൻെറ കണക്ക് ഉദ്ധരിക്കുന്നുണ്ട്. മതപ്രചാരണമെന്നത് ഗസ്നായുടെ ലക്ഷ്യമായിരുന്നില്ല ഒരാളെപ്പോലും മതപരിവർത്തനം അദ്ദേഹം ചെയ്യിച്ചുമില്ല. മുഹമ്മദ ഗസ്നാക്കുശേഷം മുഹമ്മദ് ഗോറി നടത്തിയ ആക്രമണമാണ് ഇൻഡ്യയിൽ ഒരു മുസ്ലിം രാഷ്ട്രത്തെ വാർത്തെടുത്തത്. 12-ാം നൂററാണ്ടിൽ സ്ഥാപിതമായ ഡൽഹിസുൽത്താനെററ് 1525 ൽ ബേബർ ചക്രവർത്തിയുടെ ആയോധനാ വൈദഗ്ധ്യത്തിൻെറ മുമ്പിൽ പരാജിതമാകുകയും പുതിയ ഒരു രാജവംശത്തിനു വഴിതെളിക്കുകയും ചെയ്തു. മുഗൾഭരണം അഭംഗുരം തുടരുകയും 1857ലെ

ലഹളയ്ക്കുശേഷം മുഗാംപ്രതാപത്തിൻെറ അവശേഷിച്ച അവകാശിയായിരുന്ന ബഹദൂർഷായുടെ നാടുകടത്തലോടുകൂടി അന്ത്യംവരികയും ചെയ്തു.

അഞ്ചു നൂററാണ്ടുകാലം ഇന്ത്യയുടെ ഭാഗധേയം നിർണ്ണയിച്ച ഒരു വിഭാഗത്തിനു് നമ്മുടെ സാംസ്കാരിക മതരംഗങ്ങളിൽ ചെലുത്തുവാൻ കഴിഞ്ഞിരിക്കാവുന്ന സ്വാധീനം വളരെ ബൃഹത്തായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ജാതിസമ്പ്രദായം അതിരൂക്ഷമായിരുന്ന ഇൻഡ്യയിൽ ഇസ്ലാമിൻെറ സമത്വസാഹോദര്യസിദ്ധാന്തങ്ങൾ വേഗം വേരൂന്നി. തെക്കേഇൻഡ്യയിൽ നടന്ന അതേ മതപരിവർത്തന പ്രക്രിയതന്നെയാണു് ഉത്തരേന്ത്യയിലും നടന്നതു്. മുഹമ്മദ് ഗസ്നാ പരത്തിയ ഭീതിയും പകയും ഉത്തരേന്ത്യൻ മനസ്സിൽനിന്നും നീങ്ങുവാൻ കുറെക്കാലമെടുത്തെങ്കിലും ഇസ്ലാമിലേക്കുള്ള മതപരിവർത്തനം നടക്കുന്നതു് സമാധാനപരമായിട്ടാണു്. 13-ാം നൂററാണ്ടിൽ ബാഗ്ദാദും, സമർക്കണ്ടും, ബുക്കാറയുമെല്ലാം മംഗോൾ ആക്രമണത്തിന്നിരയായി. ഇസ്ലാമിക സംസ്കാരകേന്ദ്രങ്ങൾ നാശോന്മുഖമായപ്പോൾ അവിടെനിന്നും പണ്ഡിതന്മാരും സൂഫിവര്യന്മാരുമെല്ലാം പ്രാണരക്ഷാർത്ഥം അഭയസ്ഥാനം കണ്ടെത്തിയതു് ഇൻഡ്യയിലായിരുന്നു. അങ്ങനെ അജ്മീറും, മുൾട്ടാനും, ബദൌണും, ഡൽഹിയും മുസ്ലിം പണ്ഡിതന്മാരുടെ ആവാസകേന്ദ്രമായിമാറി. ലൌകികാർഭാടങ്ങൾക്കതീതരായി പരിശുദ്ധ ജീവിതം നയിച്ചിരുന്ന ഈ സൂഫികളും പണ്ഡിതന്മാരുമാണു് ഇസ്ലാമിൻെറ ജീവവായു ഇൻഡ്യക്കു് നൽകിയതു്. കോൺസ്ററാണ്ടിനോപ്പിൾ ടർക്കിക്കു് കീഴടങ്ങിയപ്പോൾ അവിടെ നിന്നും പലായനം ചെയ്ത യവനറോമാ പണ്ഡിതന്മാരായിരുന്നുവല്ലോ യൂറോപ്യൻ നവോത്ഥാനത്തിൻെറ നാന്ദികുറിച്ചതു്. അതേ പ്രക്രിയതന്നെയാണു് ചെങ്കീസ്ഖാൻെറയും ഹലക്കുഖാൻെറയുംനേതൃത്വത്തിൽനടന്ന മംഗോൾ നശീകരണം ഇൻഡ്യൻ സാംസ്ക്കാരികമണ്ഡലത്തിലും പ്രതികരിച്ചതു്. ജീവരക്ഷാർത്ഥം ഓടിപ്പോന്ന ഈ സൂഫികളും പണ്ഡിതന്മാരുമാണു് ഇൻഡ്യയിൽ ഇസ്ലാമിക പ്രചാരണവും സാംസ്കാരിക സന്നിവേശവും നടത്തിയതു്. ബാഗ്ദാദും, സമർക്കന്തും, ബുക്കാറയും ഇസ്ലാമികസംസ്കാരത്തിൽ

ററ്റുവിധം സഭംവാനകളാണോ ചെയ്തിരുന്നത് അതേ സ്ഥിതിതന്നെയാണ് മംഗോൾ ആക്രമണത്തിനു ശേഷം ഡൽഹിയിലുണ്ടായിരുന്നത്. ഇസ്ലാമിലെ പ്രതിഭാധനരായ ബുദ്ധിരാക്ഷസന്മാരെല്ലാംതന്നെ സ്വസ്ഥമായും സ്വൈരമായും വൈജ്ഞാനികപ്രവർത്തനം നടത്തുന്നതിന് തിരഞ്ഞെടുത്തസ്ഥലം ഇൻഡ്യയായിരുന്നു. അൽഗസാലിയുടെയും റാസിയുടെയും അത്ഭുത പ്രതിഭയെ കിടപിടിയ്ക്കുന്ന ജ്ഞാനധനർ ഇൻഡ്യയിൽ അലാവുദ്ദീൻെറ കാലത്തുണ്ടായിരുന്നുവെന്ന് സിയാവുദ്ദീൻ ബരാണി രേഖപ്പെടുത്തുന്നു. അമീർകുസ്രോ പറയുന്നതാകട്ടെ ഡൽഹിയിലെ ഓരോ മണൽതരിയും സാഹിത്യാഭിരുചി നുകർന്നുകൊണ്ടിരുന്നുവെന്നാണ്. ബുക്കാറയിലേയും സമർക്കന്തിലേയും മതപണ്ഡിതന്മാർക്കു സംശയംഉള്ള കാര്യങ്ങളുടെ അന്തിമ തീരുമാനത്തിനും ഫത്ത്വക്കുംവേണ്ടി ഡൽഹിയിലെ ആചാര്യന്മാരെയായിരുന്നു ആശ്രയിച്ചിരുന്നതു് എന്നാണ് മിൻഹാജു സിരാജ എന്ന പണ്ഡിതൻ തൻെറ തബുക്കാത്തു നാസിരി എന്ന ഗ്രന്ഥത്തിൽ പറയുന്നതു്. തങ്ങളുടെ ഗ്രന്ഥങ്ങൾക്കും നിഗമനങ്ങൾക്കും അംഗീകാരം നേടുവാൻ മുസ്ലീം കേന്ദ്രങ്ങളിലെ പണ്ഡിതന്മാർ ഡൽഹിയിലേക്കാണു് നോക്കിയിരുന്നതെന്നും ഈ ചരിത്രകാരൻ അഭിപ്രായപ്പെടുന്നു. സയ്യിതു് നൂറുദ്ദീൻ മുബാറക്ക് ഗസനവി, ഷെയിക്കു് കുത്തബ്ദീൻ ബക്ക്തിയാർ, കാസി കുത്ത്ബദീൻ കസാനി, ക്വാജാഇമാദുദ്ദീൻ ബിൽഗ്രാമി, സെയ്ത്തു് മുഹമ്മതു് ഗുഗ്രാബിൽഗ്രാമി, ഷെയിക്കു് നജീബുദ്ദീൻ നെക്കുഷാബി, ഷെയിക്കു് ബഹാവുദ്ദീൻ സഖരിയാ, ഷെയിക്ക് കുത്തബ്ദീൻ ബക്ത്തിയാർകാക്കി, മൌലാനാജമാലുദ്ദീൻ മുഹമ്മതു്, ഷെയിക്കു് മൊയിനുദ്ദീൻഅജ്മീരി, ഖാസിഹമീദുദ്ദീൻ നാഗ്ഗൂരി, തുടങ്ങിയ പ്രതിഭാധനർ ഇൽട്ടാമിഷിൻെറ കാലത്തു് മാത്രം ഡൽഹിയിലുണ്ടായിരുന്നവരാണ്. തുഗ്ലക്ക വംശത്തിൻെറ ഭരണത്തോടുകൂടി ഇസ്ലാമിക സന്ദേശം ഇൻഡ്യയിലുടനീളം വ്യാപകമായി പരന്നു, മുസ്ലീംപണ്ഡിതന്മാരും ഹൈന്ദവപുരോഹിതന്മാരും മതസംബന്ധമായ സംവാദങ്ങളും ചർച്ചകളും നടത്തുകസാധാരണപതിവായിതീർന്നു. ജലാലുദ്ദീൻ കീർമാണി എന്ന പണ്ഡിതനെ ബരാണിവിശേഷിപ്പിക്കുന്നതു് അക്കാലത്തെ ഗസാലിഎന്നാണ്, മൌലാനാഷിഹാബുദ്ദീൻ ദൌലത്താ

ബാരി, ശെയിക്ക് അലി മഹൈറയിമി, സെയ്ത്ത്അലി ഹംദാനി, മൌലാനാ ഇബ്നിൻ്താജ്മുൽത്താനി, മൌലാനാ സാദി. ഇബ്നിൻ്ആല, മൌലാനാസിയാവുദ്ദീൻ നഖ്ഷാബി തുടങ്ങിയ ജ്ഞാനധനർ മുഹമ്മത്ത് തുഗ്ളക്കിൻെറ കാലത്ത് ജീവിച്ചിരുന്നവരിൽ പ്രധാനികളാണ്. തുഗ്ളക്ക് മുഹമ്മത്ത് ഇൻഡ്യൻ സംസ്കാരവും ഇസ്ലാമികസംസ്കാരവും ഒന്നിപ്പിക്കവാൻ ആത്മാർത്ഥമായ ശ്രമം നടത്തിയ മഹാനായിരുന്നു. അദ്ദേഹം മികച്ച സാമുദായിക ഐക്യത്തിൻെറയും സാംസ്കാരികസംഘാതത്തിൻെറയും വിത്തുകൾ മുളച്ച് പന്തലിച്ചത് ആക്ബറുടെ കാലത്താണെന്ന് മാത്രം. ഇൻഡ്യയിൽ ഒരു ദേശിയ മതവും ദേശീയ സംസ്കാരവും ഉണ്ടാക്കവാൻ ശ്രമിച്ച അക്ബർ കാലത്തിൻെറ നാഡിപിടിപ്പ് മനസ്സിലാക്കി പ്രവർത്തിക്കുകയായിരുന്നു.

വൈജ്ഞാനിക മതരംഗങ്ങളിൽ ഇസ്ലാമികാധിനിവേശം മഹത്തായ സംഭാവനകളാണ് നടത്തിയത്. 771ൽ മൻസൂറിൻെറ ഭരണകാലത്ത്തന്നെ ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ ഇൻഡ്യൻ ശാസ്ത്രസമ്പത്ത് അറബിയിലേക്കുതർജ്ജിമചെയ്തിരുന്നു. ബ്രഹ്മസിദ്ധാന്തം തുടങ്ങിയ ഗ്രന്ഥങ്ങൾ അറബിയിൽ തർജ്ജിമചെയ്യപ്പെട്ടപ്പോൾ സംസ്കൃതംപടിച്ച് ഖുർആൻ സംസ്കൃതത്തിലേക്ക് പരിഭാഷ ചെയ്തതും ഇക്കാലത്തായിരുന്നു. മുഹമ്മത്ത്ഗസ്സായുടെകാലത്ത് ഇൻഡ്യയിലെത്തി 18 വർഷം ഇവിടെ താമസിച്ച് നമ്മുടെ ഭാഷകളും ശാസ്ത്രങ്ങളും ഹൃദസ്ഥമാക്കി ഇൻഡ്യയുടെ വൈജ്ഞാനിക സമ്പത്ത്ലോകത്തിന് കാഴ്ചവെച്ച അൽ ബൈരുണി തുടങ്ങി ഇവിടെ വന്നും പോയും കൊണ്ടിരുന്ന നൂറുക്കണക്കിൽ സഞ്ചാരികളും ശാസ്ത്രകാരന്മാരും ചരിത്രകാരന്മാരും ഇൻഡ്യയുടെ അഭൌമമായ ദാർശനിക വിജ്ഞാനത്തേയും ശാസ്ത്രങ്ങളേയും ലോകത്തിന് കാഴ്ചവെച്ചു. ഇസ്ലാമിക സംസ്കാരത്തിൻെറ മറെറാരു സംഭാവനയാണ് ഇൻഡ്യയിലെ പ്രാദേശീകഭാഷകൾക്കുണ്ടായ ഉല്പത്തിയും വികാസവും. ഉറുദു പ്രബലത്തായ ഭാഷയായപ്പോൾ, അറബി തമിഴ്തുടങ്ങിയ ഭാഷകൾക്ക് രൂപം കൊടുത്തു. 712ലെ സിദ്ധാക്രമണംനടന്നപ്പോഴും അതിന്ശേഷം ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ മുസ്ലിം അധിനിവേശമുണ്ടാ

മപ്പോഴം അതാതുപ്രദേശത്തെ സംസാരശൈലിക്ക് അറബി ലിപിനല്കി ജനസമ്പർക്കത്തിന് ആക്കം കൂട്ടുകയാണ ചെയ്തതു്. സിന്ധി പഞ്ചാബി, തമിഴ്, കർണ്ണാടകം, മലയാളം തുടങ്ങിയ പ്രാദേശികഭാഷകൾക്ക് അറബിലിപിനല്കി യൂറോപ്പിൽലത്തീൻലിപിക്ക് ഉണ്ടായ അതേസ്ഥാനം അറബി ഇൻഡ്യൻ ഭാഷകളിൽ പിടിച്ചു പററി. മഹാഭാരതവും രാമായണവും, ഉപനിഷത്തുക്കളെമൊക്കെ അറബിയിലും പേർഷ്യനിലും പരിവത്തനം ചെയ്യപ്പെട്ടുകമാത്രമല്ലാ അവയുടെ നിരവധി ഭാഷ്യങ്ങൾ പുറത്തിറക്കുകയും ചെയ്തു. അങ്ങിനെ മുസ്ലീം പണ്ഡിതന്മാർ ഇൻഡ്യയിൽ ഒരു സാംസ്കാരിക സംഘാതത്തിനുള്ള ശ്രമങ്ങൾ അനവരതം തുടങ്ങിയതിൻെറ ഫലമായിട്ടാണ് മുഗൾകാലഘട്ടമായപ്പോഴേക്കും ഭക്തിപ്രസ്ഥാനം ഇൻഡ്യയിലുടനീളം ബുദ്ധിജീവികളെ മുഴുക്കെ ആകർഷിച്ചതു്. ചൈതന്യനും, നാനാക്കും, കബീറും, തുളസീദാസും, മീരാഭായിയുമെല്ലാം അത്തരം നൂറുകണക്കിനുണ്ടായിരുന്നനവോത്ഥാന നേതാക്കളിൽ പ്രമുഖർ മാത്രമാണ്. ഹിന്ദുമുസ്ലിം ഐക്യം മതപരമായും വൈകാരീകമായും നിർവ്വഹിക്കുവാൻ യത്നച്ച മഹാശയന്മാരായിരുന്നു ഇവർ. ജാതിക്കെതിരായും വിഗ്രഹാരാധനക്കെതിരായും, തൊട്ടുകൂടായ്മായ്ക്കെതിരായും ഇവർ സന്ധിയില്ലാത്ത സമരം നടത്തി. ഏകദൈവവിശ്വാസത്തിൽ ഊന്നിക്കൊണ്ട് അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയുമെതിർത്തു ഇസ്ലാമിക വിശ്വാസത്തിൻെറ ആണിക്കല്ലായ ഇത്തരം ആശയങ്ങൾ മററുള്ളവർ അംഗീകരിക്കുവാനും പ്രചരിപ്പിക്കുവാനും തുടങ്ങിയതോടെ മുസ്ലിംമതാചാര്യന്മാർഅവരുമായി കൂടുതൽ സമ്പർക്കത്തിലെത്തി.അങ്ങനെ സാംസ്കാരികമായി ഒരു ഏകതാനതയുണ്ടായി. അതിന് ദേശീയാംഗീകാരം നല്കുകയായിരുന്നു അക്ബർ തൻെറ ദീനിഇലാഹിയിൽ കൂടി.

സമൂഹത്തിലുണ്ടായ മാററംഇതിനേക്കാൾ രൂഢമൂലമായിരുന്നു. ജാതിസമ്പ്രദായത്തിൻ കീഴിൽ നരകിച്ചിരുന്ന കോടാനകോടി അധസ്തിതർക്ക് വലിയ ഒരു അനുഗ്രഹമായിരുന്നു ഇസ്ലാം. മനുഷ്യാവകാശങ്ങൾ നേടുന്നതിനുവേണ്ടിയും സാമൂഹ്യാംഗീകാരത്തിന്നായും അടിച്ചമർത്തപ്പെട്ടിരുന്ന ലക്ഷോപലക്ഷം പേർ മതപരിവർത്തനം ചെയ്തു. അവരുടെ ഭക്ഷണത്തി

ലും വേഷവിധാനത്തിലും, ഭാഷയിലും നടപ്പിലും ഇരുപ്പിലും എല്ലാം ഈ മാററം ദൃശ്യമായി. സാമൂഹ്യാചാരങ്ങൾ, മര്യാദകൾ എല്ലാം പുതുമകൊണ്ടു. എന്നാൽ ഈപ്രവാഹത്തിനു് ഒരു മറുവശമുണ്ടായിരുന്നു. മേൽജാതിക്കാർ കൂടുതൽ കർശനമായി ജാതിവ്യവസ്ഥകൾ പർദധരിക്കുക, ശൈശവവിവാഹംനടത്തുക, സതി അനുഷ്ഠിക്കുക തുടങ്ങി കഠിനങ്ങളായ വ്യവസ്ഥകൾ മേൽജാതിക്കാരുടെ ഇടയിൽ രൂഢമൂലമായി. അതുപോലെതന്നെ കൂട്ടത്തോടെയുള്ള മതപരിവർത്തനത്തിന്റെ ഫലമായി മുസ്ലീംകളിൽ തന്നെ ചിലജാതിയും നിമ്നോന്നതകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കടന്നുവന്നു. പള്ളികളിൽ ഉത്സവങ്ങൾക്കു് സമംനേർച്ചകൾ സ്ഥലംപിടിച്ചു. മഹാത്മാരായ പലരുടെയും കബറിടങ്ങൾ തീർത്ഥാടനകേന്ദ്രങ്ങളുമായി.

ഇൻഡ്യൻ സംസ്കാരത്തിനു് ഒരിക്കലും ഇസ്ലാമിക സംസ്കാരത്തെയോ മുസ്ലീകളെയോ അതേപടി സ്വാംശീകരിക്കുവാൻ സാധിച്ചില്ലന്നതാണു് ഇൻഡ്യയുടെ ഇസ്ലാമികബന്ധത്തിന്റെ പ്രത്യേകത. യവനന്മാരും, റോമക്കാരും ഹൂണന്മാരും പാർത്തിയന്മാരും തുടങ്ങി നിരവധി വംശജർ ഇൻഡ്യയിൽ കടന്നു സ്ഥിരവാസമാക്കിയിട്ടുണ്ടു്. അവരുടെ സംസ്ക്കാരത്തെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കി മാററുവാൻ നമുക്കു് സാധിച്ചു എങ്കിലും മുസ്ലിംകളേയും ഇസ്ലാമിക സംസ്കാരത്തേയും നമുക്കതേവിധം കൈകാര്യം ചെയ്യുവാൻ സാധിച്ചില്ലാ എന്ന വ്യത്യാസം വളരെ വലുതാണു്. കൊണ്ടും കൊടുത്തും അന്യോന്യബഹുമാനത്തോടെ ഇവ രണ്ടും വ്യത്യസ്തമേഘലകളിൽ ഇന്നും വിരാജിക്കുന്നു. അടിസ്ഥാനപ്രമാണങ്ങൾക്കു് കോട്ടംതട്ടാതെ ഈ രണ്ടു സംസ്കാരങ്ങളുടെ ഒത്തിരിപ്പാണു് ദേശീയവും മതപരവുമായ സഹവർത്തിത്വത്തിനു് ഇന്നാവശ്യം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

## ഇസ്ലാമിലെ
## പിൻതുടർച്ചാവകാശം

**13** നൂററാണ്ടുകളുടെ പരീക്ഷണങ്ങളെ ശക്തിപൂർവ്വം നേരിട്ട് തലമുറതലമുറയായി വിജയംനേടിയഇസ്ലാമിക നിയമങ്ങരം, പാശ്ചാത്യപൌരസ്ത്യപണ്ഡിതന്മാരായ വിവിധ മതസ്ഥരുടെ ശ്രദ്ധാർഹമായ പഠനത്തിന്നു് വിധേയമായിട്ടുള്ളതാണ്. അനുകൂലപ്രതികൂലങ്ങളായ അഭിപ്രായ പ്രകടനങ്ങരം തത്സംബന്ധമായുണ്ടായിട്ടുണ്ട്. എച്ച്. ഏ. ആർ. ഗിബ്ബ് പ്രസ്താവിക്കുന്നു., " ഇസ്ലാമിക നിയമസംഹിത തർക്കശാസ്ത്രത്തിന്റെ സുവിദിതമായ മാനദണ്ഡംകൊണ്ടു് അളന്നാൽക്കൂടി, മനുഷ്യന്റെ യുക്തിയേയും ചിന്തയേയും, സുന്ദരമായി ആവിഷ്കരിക്കുന്ന ഒരുപന്യാസമാണ്. അതിൽ സാമൂഹ്യമായ പ്രധാന അംശങ്ങളും ഉരംക്കൊള്ളുന്നുവെന്നു് മാത്രമല്ല, നിയമമായെഴുതിയിട്ടുള്ള ഈ തത്വസംഹിത ഇസ്ലാമികസാഹിത്യപ്രതിഭയുടെ സാക്ഷാൽക്കാരവുമാണ്." പാശ്ചാത്യരാജ്യങ്ങളിൽ ഇസ്ലാമിക നിയമപണ്ഡിതനായി ആദരിക്കപ്പെട്ടുപോരുന്ന ജെ. എൻ. ഡി. അൻഡേഴ്സൻ, കാണുന്ന പരമമായ പ്രാധാന്യംമതവുംനിയമവും സമഞ്ജസമായി ഇസ്ലാമിൽ സംഘടിതമാക്കപ്പെട്ടിരിക്കുന്നുവെന്നതാണ് സമ്പൂർണ്ണമായ ഒരു ജീവിതവ്യവസ്ഥ, മഹത്തായ ഒരു മതം, ആദരണീയമായസദാചാരചര്യ, അനുകരണീയമായ ഒരു നിയമസംഹിത, ഇവയെ ഒരു ഐക്യരൂപത്തോടെ സമ്മേളിക്കുകയും ആവിഷ്കരിക്കുകയും ചെയ്തിട്ടുള്ളതു് ഇസ്ലാമികപ്രസ്ഥാനത്തിലാണ്.

ഇസ്ലാമികനിയമങ്ങരം ലോകത്തിലെ നിയമസംവിധാനങ്ങളിൽ പ്രധാനമായ ഒന്നായിട്ടാണ് പാരീസ്യൂണിവേഴ്സിറ്റിയിലെ നിയമവകുപ്പിന്റെ തലവനായ റനേ ഡേവിഡ്

വ്യവഹരിച്ചിരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽ നില വിലുള്ള നിയമങ്ങളുടെ അടിത്തറ റോമനിലോ ആണെങ്കിലും വിശദാംശങ്ങളിലേക്ക് കടക്കുമ്പോൾ ഷരീഅത്ത് എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു കാണുവാൻ സാധിക്കും. പഠി ക്കുവാൻ ശ്രമിച്ചിട്ടുള്ള പണ്ഡിതന്മാരൊക്കെ ഈ പരമാർത്ഥം ഏറ്റുപറഞ്ഞിട്ടുള്ളവരുമാണ്. ഇററലിയിലെ പ്രമുഖനായ ഒരു നിയമപണ്ഡിതൻ, ഡിസാൻടില്ലാന പാശ്ചാത്യപണ്ഡിതന്മാ രുടെ ഇസ്ലാമിക നിയമങ്ങളോടുള്ള കടപ്പാടിനെക്കുറിച്ച് പറ യുന്ന കൂട്ടത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു: "വ്യാവസായിക നിയമങ്ങളും പരിധിനിർണ്ണയിക്കുന്ന കൂട്ടപങ്കാളിത്വവും യൂറോ പ്യൻ നിയമവ്യവസ്ഥയിൽ ഉൽഭവിച്ചതു് ഇസ്ലാമിക സംഭാ വനയായിട്ടാണ്. ഇതുമാററിനിറുത്തിയാൽതന്നെ മുസ്ലിം സദാചാരനിയമം എത്രമാത്ര, ആധുനിക നിയമനിർമ്മാതാക്ക ളെ സ്വാധീനിക്കുകയും പുത്തൻ നിയമങ്ങൾക്ക് രൂപവും ഭാവ വും നൽകുമ്പോൾ അവയെ കരുപ്പിടിപ്പിക്കുകയും ചെയ്യുന്നുണ്ടെ ന്ന നിഷ്പ്രയാസം കാണാം. ഇവിടെയാണതിൻെറ മഹാത്മ്യം സ്ഥിതിചെയ്യുന്നതു്." പാശ്ചാത്യരാജ്യങ്ങളിൽ ഇന്നു ഇ സ്ലാമിക നിയമങ്ങൾ പഠിക്കുവാനുള്ള വ്യഗ്രത വർദ്ധിച്ചു വരികയാണ്. അതിൻെറ കാരണങ്ങൾ വിവരിക്കുന്ന കൂട്ട ത്തിൽ അമേരിക്കൻ സുപ്രീംകോടതിയിലെ അസോഷിയററി ങ്ങ് ജസ്ററീസ് റോബർട്ട്ജാക്സൻ തുറന്നു പറയുകയാ ണ്: "മാർക്സിനെ പ്രവാചകനാക്കി ലോകാധിപത്യത്തി ന്നു ശ്രമിക്കുന്നവരോട് സന്ധിയില്ലാസമരത്തോടു" കൂടിയും തളരാത്തതും ശക്തിമത്തുമായ പ്രയത്നത്തോടുകൂടിയും നിരന്ത രം പൊരുതുന്ന ആശയലോകം ഇസ്ലാമിൻേറതാണ്. അതാ ണ് മദ്ധ്യപൗരസ്ത്യ രാജ്യങ്ങളിൽ കമ്യൂണിസത്തെ എതി ർക്കുന്ന രാജ്യങ്ങളുമായി കൂട്ടുകൂടുവാൻ അമേരിക്കക്ക് എളുപ്പം സാധിക്കുന്നത് മാർക്സിയൻ തത്വസംഹിതയെ പ്രായോഗിക മായെതിർത്തു് പരാജയപ്പെടുത്താമെന്ന പ്രചോദനം ആവേശ ത്തോടുകൂടി ഇസ്ലാമിക നിയമം നിരന്തരംപകർന്നുതരുന്നുണ്ട്. മദ്ധ്യപൗരസ്ത്യ രാജ്യങ്ങളുമായിട്ടുള്ള സാംസ്കാരിക വും വ്യവസായികവുമായ സമ്പർക്കങ്ങളും ഇസ്ലാമിക നിയമ പഠനത്തെ പാശ്ചാത്യരാജ്യങ്ങളിൽ ത്വരിതപ്പെടുത്തിയിട്ടുണ്ട്."

അറേബ്യയിലെ ധനകാര്യമന്ത്രിയായിരുന്ന ഷെയിക്ക് അബ്ദുല്ലാ അദ്ദേഹത്തെ സന്ദർശിച്ച ബ്രിട്ടീഷിലെ അമേരിക്കൻ അംബാസഡറെ സ്വീകരിച്ചുകൊണ്ട് ഇങ്ങിനെപ്രസ്താവിച്ചതായി കാണുന്നു: "അമേരിക്കൻ ഐക്യനാടുകൾക്ക് സൗദിഅറേബിയയുമായുള്ള എല്ലാ ഏർപ്പാടുകളെയും വിശ്വാസപൂർവ്വം വീക്ഷിക്കാവുന്നതാണ്. എന്തെന്നാൽ ഞങ്ങളുടെ മതവും, ഞങ്ങളുടെ നിയമങ്ങളും കമ്മ്യൂണിസത്തോട് ശക്തിയായും യുക്തമായും എതിരാണെന്നു മാത്രമല്ല, ഞങ്ങളുടെ ഒരോ വാക്കും കരാറിന്നു തുല്യമായി ഞങ്ങൾ വിശ്വസിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു." സഊദിരാജാവ് മററൊരു അമേരിക്കൻ വ്യവസായ പ്രമുഖനോട് പറഞ്ഞതായി അദ്ദേഹം പ്രസ്താവിക്കുന്നതുകൂടി കേൾക്കുക "നിങ്ങൾക്ക ഞങ്ങളെ വിശ്വസിക്കാം. കാരണം, ഞങ്ങളുടെ മതവും നിയമങ്ങളും എല്ലാ ബാദ്ധ്യതകളെയും കാരാറുകളെയും വിട്ടുവീഴ്ചയില്ലാതെ നിറവേററുവാൻ നിരന്തരം നിഷ്കർഷിക്കുന്നുണ്ട്"

ഇസ്ലാമിക നിയമങ്ങൾ നിശ്ചലമായി കടലാസ്സിൽ മാത്രം അവശേഷിക്കുകയല്ല, ലോകത്തിലെ 60 കോടി മുസ്ലിംകളുടെ ദൈനംദിന ജീവിതത്തിലെ എല്ലാ തുറകളിലും പ്രായോഗികപ്രവർത്തനം നടത്തുകയാണ്. ഇസ്ലാമികനിയമത്തെ ഇസ്ലാമിക വിജ്ഞാനകോശത്തിൽ വിവരിച്ചിരിക്കുന്നതു "ചുമതലകളുടെ തത്വശാസ്ത്ര"മെന്നാണ്.

ഇസ്ലാമിക നിയമത്തെകുറിച്ചു പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾകൊണ്ടു ഈ ഉപന്യാസം ആരംഭിക്കാമെന്നുവെച്ചതു്, അവ, ഈ നിയമസംഹിതയുടെ വിവിധ വശങ്ങളെ പരാമർശിക്കുകൂടി ചെയ്യുന്നുവെന്നതുകൊണ്ടാണ്. ഒരു സമൂഹത്തിൻെറ വളർച്ചയും ഉയർച്ചയും സൂചിപ്പിക്കുന്ന പരസ്യപ്പലകയാണ് അതിലെ നിയമങ്ങൾ. മുസ്ലീംസമുദായം എത്രമാത്രം പുരോഗതിയുടെ ഉന്നതിയിൽ എത്തിയിരുന്നുവെന്നതിൻെറ വ്യക്തമായ തെളിവാണ് ഇസ്ലാമികനിയമം. മററുവിഭാഗംപോലെ തന്നെ ലോകത്തെമ്പാടുമുള്ള മുസ്ലിംകൾ അനുസരിക്കുന്ന ദായക്രമം ഇസ്ലാമിക നിയമത്തിൻെറ വ്യാപ്തിയെ സൂചിപ്പിക്കുന്നതാണ്. ഈജിപ്തിലും സിറിയയിലും അമുസ്ലിംകൾ

കൂടി ഇസ്ലാമിക നിയമമാണ് പിൻതുടർച്ചാവകാശത്തിൽ അനുസരിച്ചുപോരുന്നത്.

നബി (സ) പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു: '' ഇസ്ലാമികദായക്രമമനുസരിച്ചു ഓരോ അവകാശികൾക്കുമുള്ളവിഹിതം തെററാതെ തിട്ടപ്പെടുത്തുവാൻ കഴിയുന്നവൻ, മനുഷ്യവിജ്ഞാനീയത്തിൻെറ പകുതിയെങ്കിലുംവശത്താക്കിയവനാണ്''. പുറമെ ബുദ്ധിമുട്ടു തോന്നാത്തവയെങ്കിലും വളരെ ക്ലേശകരവും സങ്കീർണ്ണവുമാണ് പിന്തുടർച്ചാവകാശനിയമമെന്നും പ്രവാചകശിരോമണിയുടെതന്നെ പ്രസ്താവനയിൽനിന്നു വ്യക്തമാണല്ലൊ. പാശ്ചാത്യരാജ്യങ്ങളിൽ ഇസ്ലാമികനിയമവിദഗ്ദ്ധനായി അംഗീകരിക്കപ്പെട്ടിട്ടുള്ള അൻഡേഴ്സൻ പറയുകയാണ്: '' ഇത്രയും വ്യക്തമായി ചിട്ടപ്പെടുത്തിയിട്ടുള്ള മറെറാരു ദായക്രമവും ഞാൻ കാണുന്നില്ല '' ഇസ്ലാമിന്നുമുമ്പുള്ള അറേബ്യയുടെ സ്ഥിതിവിശേഷം കൂടി കണക്കിലെടുക്കുമ്പോൾ ഇതിൻെറ മഹത്വം സുവിദിതമത്രെ. വർഗ്ഗനിയമങ്ങൾക്കപ്പുറം വേറൊരു വ്യവസ്ഥയും നീതിയും അവർക്കുണ്ടായിരുന്നില്ല. 'ചോരക്കു ചോര' എന്ന അലിഖിതമായ നിയമരീതി പരിപാലിക്കപ്പെട്ടിരുന്നു. ഒരുത്തനെ മറെറാരുത്തൻ കൊല്ലുകയാണെങ്കിൽ മക്കത്തായ സമ്പ്രദായമനുസരിച്ചു കൂടുതൽ അടുത്ത അവകാശി കൊന്നവനെ കൊന്നു സംതൃപ്തനാകുകയോ, അഥവാ ' ചോരപ്പണം ' പ്രതിഫലംവാങ്ങി കാര്യം അവസാനിപ്പിക്കുകയോ ചെയ്കയായിരുന്നു പതിവ്. ഈയടിസ്ഥാനത്താൽ മക്കത്തായ സമ്പ്രദായമനുസരിച്ചു ഏററവും അടുത്ത അവകാശിതന്നെ സ്വത്തിന്നും അവകാശിയായിത്തീർന്നിരുന്നു. കുട്ടികൾക്കോ സ്ത്രീകൾക്കോ അവകാശം ലഭിച്ചിരുന്നില്ല. എന്നാൽ മരിക്കുന്നതിന്നുമുമ്പ് ഒരാൾ തൻെറ സ്വത്തു് എഴുതിവെക്കുകയോ, ദാനമായി നൽകുകയോ ചെയ്യുന്ന സമ്പ്രദായം ആദരിക്കപ്പെട്ടിരുന്നു നിയമസാധുതയോ, കോടതികളോ ഇല്ലാതിരുന്നെങ്കിലും മരിക്കുന്നവൻെറ അവസാന ആഗ്രഹം സഫലീകരിക്കേണ്ടതു് ദൈവികധർമ്മമായി കണക്കാക്കിയുമിരുന്നു. ഇത്തരം പരിതസ്ഥിതിയിലാണ് ഇസ്ലാമിൻെറ പിൻതുടർച്ചാവകാശനിയമം പ്രാബല്യത്തിൽവന്നതു്. 13 നൂററാണ്ടുകൾ കഴിഞ്ഞിട്ടും, മനുഷ്യരാശിപുരോഗതിയുടെ

...കം പലതും കയറിയിട്ടും, അന്നു് വിഭാവനം ചെയ്ത ...ലാമികനിയമം മാററമില്ലാതേയും, മാററത്തിൻെറ ആവ ...തേയും മററു നിയമങ്ങൾക്കു് മാർഗ്ഗദർശകമായും ശോഭി ... 1956ലാണു് ഇന്ത്യൻ പാർലിമെൻണ്ടു് ഹിന്ദു സക്സ ...ടു് നടപ്പാക്കി, ഹിന്ദു പിൻതുടർച്ചാവകാശ നിയമ ...ക്രോഡീകരിച്ച ഏകീകരിച്ചെടുത്തതു്. എന്തൊക്കെയാ ...സ്ലാമികദായക്രമത്തിൻെറ പൊതുവെയുള്ള പ്രത്യേക ...സ്വഭാവങ്ങളും എന്നു് ചുരുങ്ങിയ തോതിൽ ഒരവലോക ...ഇതുകയെ ഞാനിവിടെ ചെയ്യുന്നുള്ളു.

1. മരണമടയുന്ന ഒരു മുസ്ലിമിൻെറ സ്വത്തു അയാാം ...സിച്ചുപോരുന്ന നിയമത്തിൻെറ അടിസ്ഥാനത്തിൽ മാത്ര ...ഭാഗിക്കവാൻ പററുകയുള്ളു. അല്ലാതെ അവകാശികളുടെ വി ...പ്രമാണത്തിൻെറ പശ്ചാത്തലത്തിലല്ല വിഭജിക്കേണ്ട ... ഒരാൾ ഇസ്ലാമിലേക്കു മതപരിവർത്തനം നടത്തിയതിനു് ... മരണമടഞ്ഞാൽ അയാളുടെ അവകാശികൾ അമുസ്ലീ ... തന്നെയാണെങ്കിലും ഇസ്ലാമികമായ ദായക്രമമനുസ ...ച്ചു ഭാഗിക്കവാൻ പാടുള്ളു.

(2) മരണമടയുന്ന ഒരു മുസ്ലിമിൻെറ സ്വത്തു് ഭാഗിക്ക ...തിനു് മുമ്പു് ചില കാര്യങ്ങൾ നോക്കേണ്ടതുണ്ടു്. മരണാവ ...ത്തിന്നുള്ള ചിലവുകൾ മാററിവെക്കണം. മരണത്തിന്നു ഒരു ...ം മുമ്പു് മുതൽ വന്നിരിക്കാവുന്ന മരുന്നിൻെറയും, സംരക്ഷ ...ത്തിൻെറയും താമസത്തിൻെറയും, ഭക്ഷണത്തിൻെറയും കടം ... നിൽക്കുന്നുവെങ്കിൽ അതു ഉൾപ്പെടുന്നുണ്ടു്. ആധാര ...ക്കും കരാറുകൾക്കും വരാവുന്ന ചിലവും, മരണത്തിന്നു മൂന്നു ...ം മുമ്പു് മുതൽ അദ്ദേഹത്താൽ നിയമിതരായിട്ടുള്ള വേലക്കാ ..., മററു തരത്തിൽ സേവനം ആവശ്യമായിത്തീർന്നിട്ടുള്ളവ ...വരുടെ കൂലിബാക്കി ഉണ്ടെങ്കിൽ അതും, മരണമടഞ്ഞ ...ടെ എല്ലാ ഋണബാദ്ധ്യതകളും, തീർത്തതിനു ശേഷമേ ഭാഗം ...വാൻ പാടുള്ളു. ചുരുക്കത്തിൽ കടവും ധനവും ഒപ്പം തന്നെ ...കാശികൾ വഹിക്കേണ്ടതായുണ്ടു്.

(3) ഇസ്ലാമിക നിയമത്തിൻെറ മറെറാരു പ്രത്യേകത ...ന്തം സമ്പാദിച്ച സ്വത്തെന്നോ പൈതൃകസ്വത്തെന്നോ, സ്വ

ത്തിനെ തരംതിരിക്കുന്നില്ലെന്നുള്ളതാണ്. ഒററരീതിയേയുള്ളു. അവകാശമായി ലഭിക്കുന്ന സ്വത്ത്.

(4) സ്ഥാവരജംഗമ സ്വത്തുക്കളുടെ കാര്യത്തിലുംഇസ്ലാമികനിയമം വ്യത്യാസമൊന്നും കാണിക്കുന്നില്ല. സ്വത്ത് ഇളകുന്നതോ ഇളകാത്തതോ ആകട്ടെ എല്ലാ അവകാശികൾക്കും അവരുടെ ഓഹരിക്കുന്നസ്വത്തം ലഭിക്കുവാനർഹതയുണ്ട്. ഷിയാ വിഭാഗക്കാരിൽ അല്പം ചില വ്യത്യാസങ്ങൾ കാണാം. കുട്ടികളില്ലാത്ത ഒരു ഷിയാ വിധവക്ക് ഭൂസമ്പ്രാഗിച്ചെടുക്കുവാൻ അവകാശമില്ല. എന്നാൽ പറമ്പിലുള്ള വൃക്ഷങ്ങളുടെയും കെട്ടിടങ്ങളുണ്ടെങ്കിൽ അവയുടേയും വില നിശ്ചയിച്ച അവയുടെ ഓഹരി വാങ്ങാവുന്നതാണ്. ഇളകുന്ന വസ്തുക്കളിന്മേൽ അവൾക്കു ന്യായമായ അവകാശം ലഭിക്കുന്നു. ഭർത്താവിന്നു കിട്ടേണ്ടതായ കടം പിരിച്ചെടുക്കുന്നതിലും വിധവക്കു അവളുടെ അവകാശമായ നാലിലൊന്നു കിട്ടുന്നതാണ്.

5. ഒരിക്കലും മൂത്ത പുത്രൻ മററുള്ളവരെക്കാൾ അവകാശത്തിന്റെ കാര്യത്തിൽ കൂടുതൽ പ്രാമാണ്യം അനുഭവിക്കുന്നില്ല. അയാൾക്കും മററുള്ളവർക്കു കിട്ടുന്നപോലെ സമമായ വിഹിതമാണ് ലഭിക്കുക. എന്നാൽ ഷിയാവിഭാഗത്തിലും ഷാഫി, മാലിക് മദ്ഹബുകളിലും, മൂത്ത പുത്രൻ പിതാവിന്റെ നിത്യോപയോഗസാധനങ്ങളായ വസ്ത്രങ്ങൾ ഖുർആൻ മോതിരം, വാളു മുതലായവ സ്വന്തമാക്കുവാൻ അംഗീകാരമുണ്ട്.

6. ഇസ്ലാമിക നിയമത്തെ മററുള്ള ദായക്രമത്തിൽ നിന്നും വ്യത്യസ്തപ്പെടുത്തുന്ന മറെറാരു പ്രത്യേകത ഇതാണ്. ഒരു കുട്ടി ജനിക്കുന്നുവെന്നതുകൊണ്ടു മാത്രം- കുട്ടി ആണാകട്ടെ, പെണ്ണാകട്ടെ— ഇസ്ലാമികനിയമപ്രകാരം അവകാശിയാകുന്നില്ല. ഹിന്ദുനിയമം ഭിന്നമാണ്. യൂറോപ്യൻ രാജ്യങ്ങളിലേയും നിയമം വ്യത്യസ്തമാണ്. ഇസ്ലാമിക നിയമത്തിൽ സ്വത്തിന്റെ ഉടമയാണു് അധിപൻ. അവന്റെ മരണശേഷമേ അവകാശികളുണ്ടാകുന്നുള്ളു. ഒരാൾ ജീവിച്ചിരിക്കുമ്പോൾ അയാളുടെ സ്വത്തിന്മേൽ യാതൊരു തരത്തിലുള്ള ക്രയവിക്രയ സ്വാതന്ത്ര്യമോ അതിന്നുള്ള നിയമസാധുതയോ, മരണശേഷം അവകാശികളാവുന്നവർക്കു ലഭിക്കുന്നില്ല. അതുകൊണ്ടു

തന്നെ അത്തരം കൈമാററങ്ങരം നിയമപ്രാബല്യം ഇല്ലാത്തവ യായി മാറുന്നു. യുക്തമായും ന്യായമായും ലഭിക്കേണ്ടതായ അ വകാശത്തെ അടിയറവെച്ചുകൊണ്ട ഒരവകാശി പ്രഖ്യാപനം നടത്തിയാൽപോലും അയാളുടെ അവകാശം അതുമൂലം ഇല്ലാ താകയില്ല. ഒരു മുസ്ലിമിന്നു ഒരു പുത്രനും ഒരു പുത്രിയുമുണ്ടെ ന്നിരിക്കട്ടെ. പുത്രിക്കു 1000 ക യും കൊടുത്തു അവളുടെ പക്കൽ നിന്നു സ്വത്തിന്മേൽ യാതൊരവകാശവാദവും നടത്തുകയില്ലെന്നു പ്രമാണവും വാങ്ങിയെന്നുമിരിക്കട്ടെ. എന്നാലും പിതാവിൻെറ മരണാനന്തരം അവരംക്കർഹമായ മൂന്നിലൊന്നു ഓഹരി ലഭിക്കു വാൻ അവകാശമുണ്ട് ഷംസുദ്ദീനും അബ്ദുൽവഹാബുമായു ണ്ടായ കേസ്സിൻെറ വിധിയിൽ മദ്രാസ് ഹൈക്കോടതി വിധി പ്രസ്താവിച്ചതു മകരം 1000ക. മടക്കിക്കൊടുത്തു അതുരംപ്പെടെയു ള്ള സ്വത്തിൻെറ മൂന്നിലൊന്നു വാങ്ങണമെന്നാണ്. തൻെറ അവകാശം ലഭിക്കുന്നതിന്നു മുമ്പു ദാനമായിട്ടോ സമ്മാനമായി ട്ടോ ഒരു മുസ്ലിം, അവകാശം നൽകിയാൽ കൂടി അതു നി ലനിൽക്കുമോ എന്നു സംശയമാണു്. വ്യത്യസ്തങ്ങളായ വിധി കളാണു ഇന്ത്യയിലെ ഹൈക്കോടതികരംതന്നെ പ്രസ്താവിച്ചിട്ടു ള്ളതു്. പൊതുവേയുള്ള തത്വം ഇസ്ലാമിക നിയമം ഒരിക്ക ലും സ്വത്തിൻെറ ഉടമ ജീവിച്ചിരിക്കുമ്പോരം അവകാശികരംക്കു ആ സ്വത്തിന്മേൽ യാതൊരുവിധ അധികാരവും നൽകാത്തതു കൊണ്ടു അധികാരമില്ലാത്ത സ്വത്തിനെസംബന്ധിച്ചുള്ള കൈ മാററങ്ങളത്രയും നീതിക്കു നിരക്കാത്തതും നിയമപ്രാബല്യം ല ഭിക്കാത്തതും ആണെന്നാണ്. പിതാവിൻെറ മരണശേഷം ലഭി ക്കേണ്ട അവകാശം അദ്ദേഹം ജീവിച്ചിരിക്കുമ്പോരം തന്നെനി രോധിക്കുവാൻ ഒരവകാശിക്കും അധികാരമില്ല. എങ്കിലും മററ വകാശികളുമായൊരുമിച്ച് ഒരു കുടുംബ കാര്യമെന്ന നിലയിൽ പിതാവിംൻെറയോ, സ്വത്തിൻെറ ഉടമയുടേയോ മരണശേഷം വേണമെങ്കിൽ തൻെറ അവകാശം വേണ്ടെന്നു് വെക്കാവുന്നതേ യുള്ളൂ. ഇതിന്നു ഉദാഹരണമായി എടുത്തുകാട്ടാവുന്ന പ്രധാന കേസ്സ് ചുവടെ ചേർക്കുന്നു. ലുത്ഫത്ത് ഹുസ്സൈനിൻെറ കേ സ്സ് എന്നാണിതു് നിയമബുക്കുകളിൽ വിളിക്കപ്പെടുന്നതു്. താഴിടെ രണ്ടു കരാറുകളാണ് കേസ്സിൻെറ വിവാദവിഷയം. പിതാവ് രണ്ടാമത്തെ ഭാര്യക്കു തൻെറ സ്വത്തിൻെറ ഒരു ഭാഗം മഹ്റായി നൽകുകയും, അവളെ മുത്തവല്ലിയായി നിശ്ച

യിക്കുകയും, അതിൻെറ ഫലങ്ങൾ അവളുടെ മക്കൾക്കനുഭവിക്കുവാനനുവദിക്കുകയും ചെയ്ത് സ്വത്ത് കൈവശം വിട്ടുകൊടുത്തു. രണ്ടാമത്തെ കരാറുപ്രകാരം ഭാര്യ അവളുടെ മഹറും മററുള്ള സ്വത്തിന്മേലുള്ള അവകാശവും വേണ്ടെന്ന് സമ്മതിച്ച് ഒരു തീരുമാനം ചെയ്യുന്നു. എന്നാൽ ഭർത്താവിൻെറ മരണത്തിന്നു ശേഷം ഭാര്യ മററുള്ള സ്വത്തിന്മേൽ അവളുടെ അവകാശം സ്ഥാപിച്ചുകിട്ടുവാൻ നടത്തിയ പ്രമാദമായ ഈ കേസ്സിൽ ഭാര്യയുടെ വാദത്തെ കോടതി നിഷേധിക്കുകയാണ് ചെയ്തതു്. കുടുംബപരമായ ഒരു തീരുമാനമായാണ് കോടതി ഇതു് വ്യവഹരിച്ചതു്.

7. സ്വത്തിൻെറ ഉടമ മരണമടയുന്നതോടുകൂടിതന്നെ അതു് ഭാഗിക്കേണ്ടതാണ്. അവകാശികൾ സ്വാഭാവികമായും അപ്പോൾ മുതൽ ആ സ്വത്തിന്മേൽ സ്ഥാപിത താൽപര്യമുള്ളവരായിത്തീരുന്നു. ഇപ്പോൾ ഒരവകാശിക്കു വേണമെങ്കിൽ ഭാഗിച്ചിട്ടില്ലെങ്കിലും തനിക്കു് ലഭിക്കാവുന്ന അവകാശം കൈമാററം ചെയ്യുവാൻ അധികാരമുണ്ട്. അതു്വാങ്ങുന്ന ഒരാൾ വേറൊരുത്തനു് കൊടുത്താലും നിയമപിൻബലം കിട്ടുമെന്നിരിക്കെ, കൈമാററങ്ങളും കരാറുകളും ഉണ്ടാകുന്നതിന്നു മുമ്പ്തന്നെ ഓഹരികൾ ചെയ്യുകയാണുത്തമം. അല്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണങ്ങളാകുമല്ലോ. പിതാവ് മരിക്കുകയും, ഭാഗം നടക്കാതിരിക്കുകയും ചെയ്യുന്ന കാലത്തിന്നിടക്കു ഒരു അവകാശി മരിച്ചാൽ തന്നെ അയാളുടെ പിൻതുടച്ചക്കാർക്കു ആ അവസരം ലഭിക്കുന്നതാണ്. അതായതു് തൻെറ മുൻഗാമി മരിക്കുന്നതോടുകൂടി അർഹരായ എല്ലാ അവകാശികൾക്കും അയാളുടെ സ്വത്തിൽ അവരുടെ വീതത്തിന്നനുസൃതം അവകാശം ലഭിക്കുന്നു. ഈ അവകാശത്തെ ഹിതത്തിനൊത്ത് ഉപയോഗപ്പെടുത്താവുന്നതുമാണ്.

8. ഒരു പേരക്കുട്ടിക്കു് തൻെറ പിതാവിന്നു ലഭിക്കേണ്ട അവകാശം വലിയച്ഛനോടാവശ്യപ്പെടുവാൻ അധികാരമില്ല, പ്രാതിനിദ്ധ്യ സ്വഭാവം ഇസ്ലാമിക ദായക്രമം അംഗീകരിക്കുന്നില്ല. പിതാവിൻെറ ജീവിതകാലത്തു ഒരു മകൻ മരിച്ചാൽ ആ മരണമടയുന്ന മകൻെറ അവകാശികൾക്കു് ഉപ്പാപ്പായുടെ സ്വ

...ൽ നിയമാനുസൃതം അവകാശമില്ല. ഒരു മുസ്ലിം മരി... ഒരു മകനും, മരിച്ചുപോയ മററു മക്കളിലുണ്ടായ 10 ...കുട്ടികളുമുണ്ടെന്നിരിക്കട്ടെ, ജീവിച്ചിരിക്കുന്ന. മകൻ മുഴ... ...ത്തിന്റെയും അവകാശിയായിത്തീരുന്നു. പേരക്കുട്ടികൾ... തങ്ങളുടെ മരണമടഞ്ഞ പിതാക്കന്മാരെ പ്രതിനിധീകരി...ാൻ സാദ്ധ്യമല്ലെന്നർത്ഥം. ഹിന്ദു ക്രൈസ്തവനിയമങ്ങൾ ...ിൽ നിന്നും വിഭിന്നമാണ്. അതുപോലെ മരിച്ചുപോയ ...ക്ക് മൂന്നും നാലും വീതം കുട്ടികളുണ്ടെന്നു വെക്കുക. ഉപ്പാ...ടെ സ്വത്തു ഭാഗിക്കുമ്പോൾ ഏഴായിട്ടാണ് ഓഹരി ചെയ്യു...ു. അല്ലാതെ മരിച്ച രണ്ടു മക്കൾക്കു പകരം അവർക്കു കൊടു...ന്ന ഓഹരികൾ അവരുടെ മക്കൾക്കു നൽകുന്ന പ്രാതിനിദ്ധ്യ ...ഭാവം ഇസ്ലാമിക നിയമത്തിലില്ല. അതായിരുന്നുവെ...ിൽ ഉപ്പാപ്പയുടെ സ്വത്തു രണ്ടായി ഭാഗിച്ചു ഒരോഹരി മൂന്നാ...കയും മറേറ ഭാഗം നാലാക്കുകയും ചെയ്യുമായിരുന്നു. ഇവിടെ ...നുസരിക്കുന്ന നിയമം ഏഴു പേരക്കുട്ടികളും സമാവകാശികളെ ...നിലക്കാണ്. നേരെമറിച്ച് എത്രപേരക്കുട്ടികളുണ്ടായാലും ...ു മകൻ ജീവിച്ചിരിക്കുന്നുവെങ്കിൽ അയാൾ മുഴുവൻ സ്വത്തി...ന്റെയും അവകാശിയായിത്തീരും. എന്നാൽ സ്വത്തു ഭാഗിക്കു...ന്നതിന്നുമുമ്പ് അവകാശി മരിച്ചാൽ അയാളുടെ അവകാശം ...ത്രമേ പിൻതുടർച്ചക്കാർക്കു ലഭിക്കുകയുള്ളു. ഉദാഹരണമായി രണ്ടു ...ളെയുള്ള ഒരു മുസ്ലിം മരിക്കുന്നുവെന്നു കണക്കാക്കുക. മൂത്ത ...കന്നു മൂന്നു കുട്ടികളും ഇളയമകന്നു രണ്ടു കുട്ടികളും ഉണ്ടെന്നു സങ്ക...ിക്കുക. ഭാഗം നടക്കുന്നതിന്നു മുമ്പു മൂത്തമകൻ മരിച്ചാൽ ...ഭാഗിക്കുന്ന സമയത്തു സ്വത്തു രണ്ടു സമഭാഗമായി വിഭജിക്കുക...ാണു ചെയ്യുക. അല്ലാതെ മരിച്ച മകന്റെ മൂന്നു കുട്ടികളെ ...ണക്കിലെടുക്കുകയില്ലെന്നു സാരം.

ഒരു മുസ്ലിമിന്നു സ്വത്തിന്മേലുള്ള അവകാശം രണ്ടുവിധ...ത്തിൽ നിഷേധിക്കപ്പെടാവുന്നതാണ്. ഭാഗികമായും പൂർണ്ണമാ...യും. അവകാശം വാങ്ങുവാൻവേണ്ടി മരണപ്പെടുത്തുകയോ അ...ിന്നു ശ്രമിക്കുകയോ ചെയ്യുന്നവർക്കു അവകാശം പൂർണ്ണമായും ...നിഷേധിക്കാവുന്നതാണ്. അടിമത്തം മതമാററം, കുറില്ലാ... തുടങ്ങിയ കാരണങ്ങളും അവകാശിയുടെ പിൻതുടർച്ചാ

വകാശത്തെ ധ്വംസിക്കുന്നവയാണ്. ഒരു ഹിന്ദു മതപരിവർത്തനം ചെയ്യുകയും ഷിയാവിഭാഗത്തിന്റെ ദായക്രമം സ്വീകരിക്കുകയും ചെയ്തു മരണമടഞ്ഞു. അയാളുടെ ഹിന്ദു സഹോദരങ്ങളുടെ അവകാശവാദത്തിന്റെ കേസ്സ് കേട്ട പ്രിവികൗൺസിൽ വിധി പ്രസ്താവിച്ചതു മതപരിവർത്തനം ചെയ്ത അയാളുടെ സ്വത്തിന്മേൽ അവകാശമില്ലെന്നാണ് എന്നാൽ അടിമ സമ്പ്രദായം നിയമംമൂലം നിരോധിച്ചിരിക്കകൊണ്ടും മതം മാററം മതം മാറുന്ന ആളുടെ അവകാശങ്ങളെ ഇല്ലായ്മ ചെയ്യാത്തതുമൂലവും, കൂടുതൽ വിസ്തരിക്കേണ്ടതായില്ലല്ലൊ. ഒരു ഹിന്ദു മുസ്ലിമായാൽ അയാൾക്കു ന്യായമായും അയാളുടെ കുടുംബത്തിൽനിന്നും കിട്ടേണ്ടതു കിട്ടുവാൻ നിയമമുണ്ട്. ക്കുറിന്റെ കാര്യത്തിൽ ഇസ്ലാമികനിയമം മുറുകേ പിടിക്കുന്നില്ലെന്നു മാത്രമല്ല അംഗീകരിക്കുന്നുമില്ല. ചുരുക്കത്തിൽ അറിഞ്ഞോ അബദ്ധത്തിലുണ്ടായിപ്പോകുന്നതോ ആയ കൊലപാതകം തീർച്ചയായും ഒരാളുടെ അവകാശത്തെ നിഷേധിക്കുന്നതാണ്. മനസികമായോ, ശാരീരികമായോഉള്ള കുഴപ്പങ്ങൾ ഒരുത്തന്റെ പിന്തുടർച്ചാവകാശത്തെ ബാധിക്കുകയില്ല. പിതാവു ജീവിച്ചിരിക്കുമ്പോൾ ഒരു മകൾ ചാരിത്രഭംഗം നടത്തിയാലും, ഭർത്താവുള്ളപ്പോൾ ഒരു ഭാര്യ വ്യഭിചരിച്ചിട്ടുണ്ടെങ്കിലും അവളുടെ സ്വത്തിന്റെ അവകാശം ദുർബ്ബലപ്പെടുന്നില്ല. ഭർത്താവിനു അപ്പേരിൽ അവളെ ഉപേക്ഷിക്കാവുന്നതാണല്ലോ. ഉപേക്ഷിക്കപ്പെട്ട സ്ത്രീ ഉപേക്ഷാപ്രഖ്യാപനം പ്രാബല്യത്തിൽ വരുന്നതോടുകൂടി തീർച്ചയായും അന്യസ്ത്രീയാകുന്നു. പിന്നെ അവകാശത്തിന്റെ പ്രശ്നമേയില്ല.

ഇസ്ലാമികനിയമം വളരെ വിശദമായി ദായക്രമത്തെ വ്യവഹരിച്ചിരിക്കുന്നു വിശദാംശങ്ങളിൽ ചില വ്യത്യാസങ്ങൾ ആചാരപരമായി കടന്നുകൂടിയിട്ടുണ്ട്. സുന്നിവിഭാഗത്തിൽത്തന്നെ ചില വ്യത്യാസങ്ങൾ അന്യോന്യം കണ്ടേക്കാമെങ്കിലും അടിസ്ഥാനതത്വങ്ങളിൽ യോജിപ്പുണ്ട്. എന്നാൽ ഷിയാവിഭാഗത്തിൽ അനുസരിച്ചുപോരുന്ന പിൻതുടർച്ചാവകാശനിയമം കുറേയധികം വ്യത്യസ്തമാണ്. ഏതാണ് നല്ലതെന്ന കാര്യം താർക്കികമായ ഒരു വിവാദത്തിലേ എത്തിക്കുകയുള്ളു തന്മൂലം തൽക്കാലം അതിന്നു് മിനക്കെടേണ്ടതില്ല.

എന്നാൽ അടിസ്ഥാനപ്രമാണം ഷരീഅത്തുതന്നെതാണ്. ഓഹ രികളുടെ കാര്യത്തിനും അവകാശങ്ങളുടെ നിർണ്ണയകാര്യത്തിലും ... വ്യത്യാസം കാര്യമായിട്ടുള്ള. ഹിന്ദു നിയമത്തിൽ ... ത്തിനെ മൂന്നായി തരംതിരിക്കുന്നു. സ്വ ... സമ്പാദിച്ചതു്. പൈതൃകമായി ലഭിച്ചതു്, കൂട്ടുകുടുംബ ... ഈ വ്യത്യാസം ഇസ്ലാമിക നിയമം കണക്കിലെടുക്കുന്നി ... തന്മൂലം ഇസ്ലാമികനിയമം കൂടുതൽ ഗ്രാഹ്യവും എളുപ്പ ... മാണ്. ഇംഗ്ളീഷ്നിയമം സ്ഥാവരജംഗമസ്വത്തുക്കളെ ... തരമായി തിരിക്കുമ്പോൾ ഇസ്ലാമികനിയമം അങ്ങിനെ ... ന്നില്ല. ഇസ്ലാമികനിയമത്തിന്റെ അടിത്തറ ഖുർ ... സുന്നത്തുമാണ്. എന്നാൽ പ്രവാചകന്റെ അംഗീ ... ലഭിച്ചിട്ടുള്ളതും ഇസ്ലാമിന്നു മുമ്പുണ്ടായിരുന്ന ... ചില ആചാരക്രമങ്ങൾകൂടി സ്വീകരിക്കപ്പെട്ടി ... ഇസ്ലാമിന്നുമുമ്പു് സ്ത്രീകൾക്കും കുട്ടികൾക്കുംനിഷേ ... പ്പെട്ടിരുന്ന സ്വത്തവകാശം നടപ്പിലാക്കിയ ... ലാം ആവേശകരമായ ഒരു വിപ്ളവത്തിന്റെ ഉൽഘാ ... ണു് നടത്തിയതു് അറേബ്യൻ സാമൂഹ്യഘടനയിൽ ... വരുത്തിയ മാററം വിസ്മയാവഹമാണ്. എന്നിട്ടും സ്ത്രീ ... ടെ ഓഹരി പുരുഷന്റെ പകുതിയായിപ്പോയി എന്നും അതു ... കളുടെ സ്ഥാനത്തെ തരം താഴ്ത്തുകയാണു ചെയ്യുന്നതെന്നും ... പാശ്ചാത്യനിരൂപകന്മാരും മുതലക്കണ്ണീർ ഒഴുക്കാറുണ്ട്. ... കൾക്കു് ഒന്നുംതന്നെ ലഭിക്കാതിരുന്ന കാലത്തു് അവക്ക് ... ത്തിന്റെ അവകാശികളാകാമെന്നു് വിധിച്ചതു് അക്കാല ... ട്ടത്തിലെ മഹത്തരമായ വിപ്ളവമായിരുന്നു. പട്ടിണിയും ... രാധീനതയും ഭയന്നു് പെൺകുട്ടികളെ ആചാരപരമായിത്ത ... ആഘോഷപൂർവ്വം കുഴിച്ചുമൂടിയിരുന്ന ഒരു മനുഷ്യസമൂ ... ത്തിൽ പുരുഷനു് തുല്യം സ്ത്രീയുടെ സ്ഥാനം അസൂയാർഹമാ ... ത്തീർത്തതു് ഇസ്ലാമും അതിന്റെ പ്രവാചകനുമാണെന്ന ... ര്യം ഇവർ വിസ്മരിക്കുകയാണ്. കുററങ്ങളും തെററുകളും മാത്രം കാണാനുഴറുന്ന കണ്ണുകൾക്കു് ആത്മസംതൃപ്തിക്കുവേണ്ടി ... ലും എന്തെങ്കിലും പറയാതെ തരമില്ലല്ലോ.

മക്നെക്ടൻ ദായക്രമത്തെകുറിച്ചു പ്രസ്താവിക്കുന്നതി ... കാരമാണ്. "ഇസ്ലാമികനിയമമനുസരിച്ചു് ഒരാൾ മരിച്ച

ഉടൻ ഭാഗം നടക്കുന്നു, ഇതാകട്ടെ എല്ലാ അടുത്തവരുടേയും താൽ പര്യങ്ങൾക്ക് ഹാനി വരുത്താതെയുമാണ്. വ്യക്തമായ നിർദിഷ്ടഓഹരികൾ തർക്കമില്ലാതെ സ്വീകരിക്കുവാൻ സാധിക്കുന്നു. ഇതിൽ കവിഞ്ഞ് സമഗ്രമായും സമത്വത്തോടു കൂടിയും ഒരു സമ്പ്രദായവും സംവിധാനം ചെയ്യുവാൻ സാധ്യ മാകുകയില്ല '' സർറോലൻണ്ട് വിൽസൻ പറയുന്നതു് ''ഇസ്ലാമിലെ ദായക്രമം മരിച്ച ആളുടെ സംരക്ഷണത്തിൽ കഴിഞ്ഞിരുന്നവർക്കും, അയാളുടെ മരണത്താൽ വ്യക്തിപര മായ ക്ലേശനഷ്ടങ്ങളുള്ളവർക്കും മാന്യവും നീതിയുക്തവു മായ തരത്തിൽ ആശ്വാസം നൽകുന്ന സമ്പ്രദായമാണെന്നാ ണ്. ഇതു് ഏകദേശം ബെൽത്താമിൻെറ ''ആദർശസംഹിത'' പോലെയോ, ഫ്രഞ്ച് സിവിൽ കോഡിന്നു് സമമോ ആണ്.''

അങ്ങനെ ലോകത്തിലെ നിയമപണ്ഡിതന്മാരുടെയൊ ക്കെതന്നെ സമ്പൂർണ്ണമായ പ്രീതിയും പ്രതിപത്തിയും ഇസ് ലാമികാദായക്രമത്തിന്നു കിട്ടിയിട്ടുണ്ടു്. അതു മിക്ക നിയമ ങ്ങൾക്കും പ്രചോദനം നൽകുക മാത്രമല്ല അടിത്തറ പാകുകകൂടി ചെയ്തിട്ടുണ്ടെന്നു കാണുവാൻ കഴിയും. എന്നിട്ടും ഇതിൽ കുഴപ്പം കാണുന്നവർ യഥാർത്ഥത്തിൽ സത്യസന്ധമായി ഇസ്ലാമികദായക്രമത്തെ സമീപിച്ചിട്ടില്ലാത്തവരാണെന്നേ, അർത്ഥമാക്കേണ്ടതുള്ളു.

V

# ഇസ്ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം.

ഇസ്ലാമിന്റെ ആവിർഭാവത്തിന്നുശേഷം സ്ത്രീകളുടെ സ്ഥിതി എത്രമാത്രം ഉയർന്നിട്ടുണ്ടെന്ന് മനസ്സിലാക്കണമെങ്കിൽ, ഇസ്ലാമിന്നു മുമ്പുള്ള കാലഘട്ടത്തിലേക്ക് ഒന്നെത്തിനോക്കേണ്ടതായുണ്ട്. അവിശ്വാസികളുടെ നാടായ അറേബിയായിൽ സ്ത്രീകളെ സമുദായത്തിലെ ഒരു ഘടകമായിപ്പോലും അംഗീകരിച്ചിരുന്നില്ല. അവളുടെ സ്വത്തിന്നും, അവളുടെ ശരീരത്തിന്നും യാതൊരു രക്ഷാബോധമോ, വിലയോ കല്പിച്ചിരുന്നില്ല. അവളെ വിൽക്കുകയും വാങ്ങുകയും ചെയ്യാവുന്ന ഒരു സാധാരണ ഉപകരണമെന്നതിൽ കവിഞ്ഞു് അറേബിയൻ ജനത യാതൊരു മഹത്വവും നൽകിയിരുന്നില്ലെന്നു് ചരിത്രം രേഖപ്പെടുത്തുന്നു. മനുഷ്യന്റെ മദോന്മത്തമായ മൃഗീയതക്ക് സംതൃപ്തി നൽകുക മാത്രമായിരുന്നു അവരെക്കൊണ്ടുദ്ദേശിക്കപ്പെട്ടിരുന്നത്. മാംസരക്തങ്ങളുടെ ക്രൂരവും പൈശാചികവുമായ ഭോഗേച്ഛ സ്ത്രീത്വത്തെ കൊഞ്ഞനം കാട്ടിനിന്നു; അനുകമ്പയുടെ ദീനവും ദയനീയവുമായ കഥകളാണ് അക്കാലങ്ങളിൽ അവർക്കു പറയാനുണ്ടായിരുന്നത്.

ബഹുഭാര്യത്വം ഒരു സാധാരണ പതിവായിരുന്നു അന്ന് അറേബിയായിൽ ജൂതരാജാക്കന്മാരുടെ അനവധി ഭാര്യമാരെപ്പറ്റി ബൈബിളിൽ പല പ്രസ്താവനകളുമുണ്ട് ഇതിനെക്കാളൊക്കെ പൈശാചികമായ ഒരു സ്ഥിതിവിശേഷം അന്ന് അറേബിയായിലുണ്ടായിരുന്നത് പെൺകുട്ടികൾ ജനിച്ചാൽ അവരെ ജീവനോടെ കുഴിച്ചിടുക എന്ന ക്രൂരമായ പ്രവൃത്തിയായിരുന്നു- പെൺകുട്ടികൾ ജനിക്കാതിരിക്കുവാനുള്ള വഴിപാടുകളും നേർച്ചകളും അനവധി ബൊമ്മദൈവങ്ങളുടെ ഭണ്ഡാരങ്ങൾ വീർപ്പിച്ചിരുന്നു. തനിക്ക് ജനിച്ച കുട്ടി പെണ്ണായിപ്പോ

യതിൽ വിലപിച്ചുകൊണ്ടുള്ള എത്രയെത്ര കൃതികൾ അന്നുണ്ടായിരുന്നു.

എന്നാൽ ചുരുക്കകാലംകൊണ്ട് തന്നെ ഈ വക കാട്ടാളത്ത സമ്പ്രദായത്തിൽനിന്നും മനുഷ്യരെ വിമോചിപ്പിക്കുവാൻ ഇസ്ലാമിന്നു കഴിഞ്ഞു. ജീവിതത്തിന്റെ മറ്റെല്ലാ തുറകളിലുമെന്നപോലെ വിജ്ഞാനത്തിന്റെ പ്രകാശവും, വിവേകത്തിന്റെ ഉദ്വേഗവും, ഇസ്ലാം തദ്വിഷയമായും മനുഷ്യസമൂഹത്തിന്ന് സമ്മാനിച്ചു. സ്ത്രീക്ക് മററുള്ള മനുഷ്യരെപ്പോലെത്തന്നെ സ്വതന്ത്രമായ ഒരു നിലനില്പുണ്ടെന്ന് ഇസ്ലാമാണ് ആദ്യമായി അവകാശപ്രഖ്യാപനം നടത്തിയത്. അവൾക്ക് രാജ്യത്തിലുള്ള പൌരാവകാശങ്ങളും സമുദായത്തിലുള്ള കടപ്പാടുകളും, ഇന്നിന്നവയാണെന്ന് ഇസ്ലാം ബോധപൂർവ്വം വേർതിരിച്ച് സുഖസമ്പൂർണ്ണമായ ഒരു കുടുംബത്തിന്റെ ആസൂത്രണവും. സംതൃപ്തമായ ഒരു സമുദായത്തിന്റെ അടിത്തറയും, സമ്പൽസമൃദ്ധമായ ഒരുരാജ്യത്തിന്റെ ഭദ്രതയും പ്രഖ്യാപിച്ചു. വിവാഹത്തിന്നുശേഷവും തന്റെ കുടുംബനാമത്തിലറിയപ്പെടാനും, നിയമത്തിന്റെ മുമ്പിൻ മററാരുടേയും ആശ്രയം കൂടാതെ വ്യക്തിപ്രഭാവത്തോടുകൂടി തലഉയർത്തിനിൽക്കുവാനും സ്ത്രീകൾക്ക് കഴിയുമെന്ന് വന്നത് ഇസ്ലാമിന്ന് ശേഷമാണ്. സ്വന്തമായി എത്രവേണമെങ്കിലും ഭസ്വത്തോ, ധനമോ സമ്പാദിക്കുവാനും അത് സ്വന്തംപേരിൽ നിലനിർത്തുവാനും കഴിയുമെന്ന് വന്നു അതുപോലെതന്നെ മററാരുടേയും ഔദാര്യമോ, മാദ്ധ്യസ്ഥതയോ കൂടാതെ വിൽക്കുവാനോ വാങ്ങുവാനോ ഉള്ള സ്വാതന്ത്ര്യവും ഇസ്ലാം സ്ത്രീകൾക്കനുവദിച്ചു

സ്ത്രീധനം കൊടുക്കുന്ന ഇന്നത്തെ സമ്പ്രദായം ഇസ്ലാമികാചാരത്തിന് നിരക്കാത്തതാണ്. എന്നാൽ സ്ത്രീയുടെ ഭാവി സുരക്ഷിതമാക്കുവാൻ വരൻ വധുവിന് മഹർ (പെൺപണം) കൊടുക്കുവാൻ നിയമാനുസരണം ശാസിക്കുകയാണ് ചെയ്തതു്.

ഇതിനൊക്കെ പുറമേ പ്രായപൂർത്തിയാകാത്ത കുട്ടികളുടെ രക്ഷാകർത്തൃത്വം ഏറ്റെടുക്കുവാൻ ഇസ്ലാം അധികാരം നൽകി. സ്വന്തമായി കച്ചകടത്തിലേർപ്പെടുന്നതിന്നും ജോലി

പ്രവേശിക്കുന്നതിന്നും, വേണ്ടിവന്നാൽ തൻെറ അവകാശ സംര ക്ഷണത്തിന്നായി നിയമത്തെ ആശ്രയിക്കുന്നതിന്നും സ്ത്രീക്ക് അധികാരം ലഭിച്ചു. ഇത്തരം മാററങ്ങാം സ്ത്രീകളുടെ സാമ്പത്തികവും സാമൂഹ്യവുമായ നിലവാരത്തെ ഉൽക്കർഷ ത്തിൽ നിന്നും ഉൽക്കർഷത്തിലേക്കുയർത്തി. ഇവക്കൊക്കെ നിയമ വിധേയമായ അംഗീകാരവും കൂടി കിട്ടിയപ്പോാം മററാരെയും പോലെ സമത്വത്തിൻെറ മഹോന്നതപദവി അവാംക്കുംലഭിച്ചു.

ഐറോപ്യൻ രാജ്യങ്ങളിൽ സ്ത്രീകാംക്ക് ഇത്രയെങ്കിലും അവകാശങ്ങാം ലഭിച്ചത് നൂററാണ്ടുകാംക്ക് ശേഷമാണെന്ന പരമാർത്ഥമോക്കുമ്പോാം എത്രമാത്രം വിപ്ളവകരമായ ഒരു കാൽവെപ്പാണ് ഇസ്ലാം നടത്തിയതെന്നു ബോദ്ധ്യമാകും. പെൺകുട്ടികാം ജനിക്കുന്നതു് ഒരു ശാപമായി കണക്കാക്കിയി രുന്ന ആ കാലഘട്ടത്തിൽ മനുഷ്യത്വത്തിൻെറ മഹിമാവിനെ മാനിക്കുവാൻ പ്രേരിപ്പിക്കുകയാണു് ഇസ്ലാംചെയ്തത്.

സാമൂഹ്യമായി സ്ത്രീക്കുള്ള സ്ഥാനം എത്രമാത്രമാണെന്നു് ഇസ്ലാം അപഗ്രഥിക്കുന്നുണ്ട്. സമുദായത്തിൽ ഉന്നതമായ പദ വി നൽകി സ്ത്രീയെ ബഹുമാനിച്ചത് ഇസ്ലാമാണെന്നു് നാം ഓർക്കണം. സ്ത്രീ പുരുഷബന്ധത്തെ ഇസ്ലാം ചിത്രീകരിക്കു ന്നത് പരസ്പരസ്നേഹത്തിൻെറയും, വിശ്വാസത്തിൻെറയും, സമ്പർക്കത്തിൻെറയും പ്രതിരൂപമായിട്ടാണ്. റസൂൽകരീം (സ) പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: "സ്വ ന്തം സ്ത്രീജനത്തോട് ഏററവും കനിവുള്ളവരാണ് വിശ്വാസിക ളിൽവെച്ചു ഏററവും ഉത്തമന്മാർ.'' മറെറാരവസരത്തിൽ പ്രവാ ചക ശിരോമണി പ്രഖ്യാപിച്ചത് "അമ്മമാരുടെ കാലിന്നടി യിലാണ് സ്വർഗ്ഗരാജ്യം സ്ഥിതിചെയ്യുന്നത്'' എന്നാണ്. ഇതിൽനിന്നൊക്കെ ഔചിത്യപൂർവ്വം മനസ്സിലാക്കുവാൻ കഴിയു ന്നത് ഇസ്ലാമിൻെറ അനുഷ്ഠാനങ്ങളിൽ സ്ത്രീകളെ ദയയോടെ പെരുമാറുന്നത്കൂടി ഉാംക്കൊള്ളിച്ചിട്ടുണ്ടെന്നതാണ്. അങ്ങി നെ സ്ത്രീത്വത്തിനു ദിവ്യവും ആദരണീയവുമായ ഒരു സ്ഥാനം ഇസ്ലാം നൽകി. വെറുപ്പോടും വിരോധത്തോടുംകൂടി ഒരു പെൺ കുഞ്ഞിൻെറ ജനനത്തെ നോക്കിയിരുന്ന അജ്ഞരും ക്രൂരരു

മായ ഒരു സമൂഹത്തിൻെറ മദ്ധ്യത്തിൽ നിന്നുകൊണ്ട് അതുവരെ പുലർത്തിപ്പോന്ന ആചാരങ്ങളെ മനുഷ്യത്വത്തിൻെറ പേരിൽ സുധീരം വെല്ലുവിളിച്ച ഇസ്ലാം ആവേശകരമായ ഒരു വിപ്ലവമാണ് നടത്തിയത്.

സ്ത്രീകളേയും അറിവ് സമ്പാദിക്കുവാനുള്ള സകല മാർഗ്ഗങ്ങളാരായാനും വിദ്യ അഭ്യസിക്കുവാനും ഇസ്ലാം അനുവദിച്ചു. ഇതിൻെറയൊക്കെ ഫലമായി ബുദ്ധിപരമായ മേന്മനേടിയ എത്രയെത്ര മുസ്ലിംവനിതകൾ വിജ്ഞാനത്തിൻെറ ദീപശിഖയുമായി സമുദായത്തിനു വെളിച്ചം കാട്ടി. ഇസ്ലാമികനിയമങ്ങളിലും മതശാസ്ത്രങ്ങളിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന പ്രവാചകൻെറ ഭാര്യ ആയിഷ (റ) യെ തൽസംബന്ധമായ സംശയദൂരീകരണത്തിന്നു് മതപണ്ഡിതന്മാർ സമീപിച്ചിരുന്നു. 12-ാം നൂററാണ്ടിൽ ബഗ്ദാദിൽ ജീവിച്ചിരുന്ന ഷുഹ്ദ ആ കാലഘട്ടത്തിലെ ഏററവും വലിയ പണ്ഡിതയായിരുന്നു. യൂണിവേഴ്സിററി പള്ളികളിൽ അവർ സാധാരണ പ്രസംഗിക്കാറുണ്ടായിരുന്നു. പ്രസിദ്ധരായ എത്രയോ സ്ത്രീപുരുഷന്മാർക്ക് ഡിപ്ലോമസർട്ടിഫിക്കററുകൾ സ്വന്തംകൈകൊണ്ടവർ കൊടുത്തിട്ടുണ്ട്. ആദ്ധ്യാത്മിക സിദ്ധി നേടിയ അനവധി മുസ്ലിം വനിതകൾ വേറേയുമുണ്ട്. ആത്മീയ നിർവൃതിയിലൂടെ അവർ സമുദായത്തിന്നു് നേതൃത്വം കൊടുത്തു. 18-ാം നൂററാണ്ടിൽ ബസ്രയിൽ ജീവിച്ചിരുന്ന 'റാബിയാ' ആത്മീയാനുഭൂതികൾ കൊണ്ട് മനുഷ്യസമൂഹത്തെ ഉത്തേജിപ്പിക്കുകയും, സ്ത്രീപുരുഷ ഭേദമെന്യേ മഹത്തായ വിശ്വാസത്തിൻെറ പൂന്തണലിൽ വിശ്രമം കൊള്ളാൻ പ്രേരിപ്പിക്കുകയും ചെയ്ത ഒരു മാതൃകാവനിതയത്രെ. കാലം വളരെ കഴിഞ്ഞിട്ടും ആ മഹതിയുടെ വിജ്ഞാനസൂക്തങ്ങൾ തലമുറ തലമുറയായി പ്രകീർത്തിക്കപ്പെട്ടുകൊണ്ടിരുന്നു. രാഷ്ട്രതന്ത്രജ്ഞന്മാരുടെയോഗ്യതയും ധീരതയും പ്രദർശിപ്പിച്ച, സുൽത്താനറസിയായും, ചാന്ദ്ബീബിയും, നൂർജിഹാനും, ഇന്ത്യാ ചരിത്രത്തിൽ മായാത്ത, സുന്ദരമായ പല ഏടുകളും സൃഷ്ടിച്ചവരാണ്.

സ്ത്രീകൾ പൊതുകാര്യങ്ങളിൽ പങ്കെടുക്കുന്നത് ഇസ്ലാം നിരോധിച്ചിട്ടില്ല. ഇസ്ലാമിൻെറ ആദ്യദശയിൽ സ്ത്രീകൾ

...വിദ്യാലയങ്ങളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. ...ന്തകളിൽനിന്നു സാമാനം വാങ്ങുക മിക്കവാറും അവരുടെ ചു...യായിരുന്നു. സ്ത്രീകൾ രാഷ്ട്രീയ ചർച്ചകൾ നടത്തിയിരു... ...തിനെല്ലാം പുറമെ പടക്കളത്തിൽ ശത്രുക്കളെ നേരിട്ട് സ്വ... ...പോരാടിയിരുന്നുവെന്നുംതെളിയിക്കുവാൻ അനേകം രേഖ...ുണ്ട്.

മേൽവിവരിച്ച ചരിത്രസത്യങ്ങളുടെപാശ്ചാത്തലത്തിൽ ...ന്ന് മുസ്ലിംവനിതകളുടെ സ്ഥിതിവിശേഷങ്ങളെ വില ...യിരുത്തുകയാണെങ്കിൽ പരിതാപകരമായ ഒരു സ്ഥിതിയാണ് ...നാം കാണുക. അപമാനവും ലജ്ജാഭാരവും കൊണ്ട് മുഖം കുനി...ന്ന പതനത്തിലേക്കാണ് നാം അധഃപതിച്ചിരിക്കുന്ന...ന്ന് മനസ്സിലാകും.

...റ്റാണ്ടുകൾക്കുമുമ്പ് മനുഷ്യരാശിയെ വിജ്ഞാനത്തിന്റെ ...ിച്ചാറുകൊണ്ടു ഉദ്ദീപിപ്പിച്ചിരുന്ന മുസ്ലിം വനിതകളുടെ ...തകഥ ഇന്നുവെറും കടങ്കഥകളല്ലെന്ന് വിശ്വസിക്കുവാൻ ...ിവുള്ളവർ വളരെ ചുരുക്കമാണ് സമുദായമദ്ധ്യത്തിൽ. പാ...ിത്യംകൊണ്ട്. പാമരന്മാരെ വഴി കാട്ടാൻ പററിയ ...യായ ഒരുവനിതയെ കാഴ്ചവെക്കുവാൻ കാലഘട്ടങ്ങ...ൾ എത്രയെത്ര കൽപ്പടവുകൾ കയറിയിറങ്ങിയിട്ടും നമുക്കി...ഴഞ്ഞാൻ സാധ്യമായിട്ടുണ്ടോ? നമ്മുടെ അമ്മമാരും പെങ്ങ...ളല്ലേ ഇന്നു മററേതൊരു സമുദായത്തിലെയും സ്ത്രീകളെ ...ൾ മലീമസമായ പരിതസ്ഥിതികളിൽ ജീവിക്കുന്നത്. ...ജ്ഞാനത്തിന്റെയും രാജ്യതന്ത്രജ്ഞതയുടേയും കഥകൾ ...ൽക്കട്ടെ, സ്വന്തം കുടുംബത്തെ വെടുപ്പും മിനയോടും കൂടി പു...ലർത്തുവാനും, സ്വന്തം കുഞ്ഞുങ്ങളെ ചൊറിയും ചിരങ്ങുമില്ലാ...രായി വളർത്തുവാനുമുള്ള ആരോഗ്യശാസ്ത്ര വിജ്ഞാനമെ...ിലും നമ്മുടെ സ്ത്രീകൾക്കുണ്ടോ?

...കർച്ചവ്യാധിയും അനാരോഗ്യവുംമൂലം എത്രയോപേർ ...ചരമമടയുന്നുണ്ട്. ഒരു സ്ഥിതിവിവരക്കണക്കെടുത്താൽ ...ന് കാണാൻ സാധിക്കും മുസ്ലിംകൾ അധികം തിങ്ങിപ്പാ...സ്ഥലങ്ങളിലായിരിക്കും ഇവയധികമെന്ന്. എന്താണ് ...ന്റെ കാരണങ്ങളെന്നും എങ്ങിനെ ഇത് ദൂരീകരിക്കാമെ...മെപ്പോഴെങ്കിലും കൂട്ടായിരുന്ന് ചിന്തിച്ചിട്ടുണ്ടോ?

മാതാവിൻെറ സംരക്ഷണയിൽ വളരുന്നവരാണല്ലോ സമുദായത്തിലെ സന്താനങ്ങൾ. പുറമേ കുടുംബത്തിൻെറ ആരോഗ്യവും നിലനിൽപും മാതാവിൻെറ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നടത്തപ്പെടുന്നവയുമാണ്. ഇവരണ്ടും എത്രമാത്രം ബലവത്താണോ അത്രയും സമുദായത്തിന്ന് ഉൽക്കർഷമുണ്ടാകുമെന്നത് തീർച്ചയാണ്. എന്നാൽ ശാസ്ത്രത്തിൻെറ ആശ്ചര്യകരമായ പ്രതിഭാസങ്ങൾ അമ്പരപ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, സ്പുട്ട്നിക്ക് യുഗത്തിലേക്ക് പിച്ചവെച്ചിറങ്ങുന്ന ഒരു മുസ്ലിം ബാലന്ന് ഇന്നത്തെലോകത്ത് ജീവിക്കത്തക്ക ഒരു ബാലപാഠം നൽകുവാൻ നമ്മുടെ അമ്മമാർക്ക് കഴിവുണ്ടോ? വനിതകൾ സമുദായത്തിൽ ഇതൊക്കെ മാന്യമായും മഹനീയമായും നിർവ്വഹിച്ചിരുന്നുവെന്നതിന്ന് ഉദാഹരണങ്ങൾ ധാരാളം നമുക്കുണ്ട്.

നമ്മുടെ മഹത്തായ ആ പാരമ്പര്യം എവിടെപ്പോയി? നമ്മുടെ സ്ത്രീകൾ ഇരുട്ടറയിൽ തപ്പിത്തടഞ്ഞ് "ഇന്നലെച്ചെയ്തൊരബദ്ധം ഇന്നത്തെ ആചാരമാക്കി" മാററിക്കൊണ്ടിരിക്കുകയല്ലേ. ഇതിൽനിന്നും ഒരു മോചനം ആവശ്യം വേണ്ടതാണെന്ന ബോധം സമുദായത്തിലെ തദ്വിഷയകമായി പ്രവത്തിക്കുന്നവരിലുണ്ടാകേണ്ടുന്ന കാലം വൈകിയിരിക്കുകയല്ലേ.

അന്ധവിശ്വാസവും അനാചാരവുമാണ് ഇസ്ലാം ഏററവും വെറുക്കുകയും നശിപ്പിക്കുകയും ചെയ്തത് പക്ഷെ, നമ്മുടെ ഇടയിൽ അവ വർദ്ധിച്ച് വർദ്ധിച്ച്‌വരികയാണ്. നമ്മുടെ സ്ത്രീകളിലാണിത് അധികവും. കാര്യത്തിൻെറ കാതലിലേക്ക് തറച്ചുനോക്കിയാൽ ജ്ഞാനമില്ലായ്മയാണ് ഈ ഭവിഷ്യത്തുകൾക്ക് കാരണമെന്ന് കാണാൻ പ്രയാസമില്ല. അടുത്ത തലമുറയെങ്കിലും ആരോഗ്യത്തോടും ഉറച്ചവിശ്വാസത്തോടും കൂടി വളരണമെങ്കിൽ സ്ത്രീവിദ്യാഭ്യാസം അനുപേക്ഷണീയമാണ്. സമുദായത്തിലെ മാന്യനേതാക്കന്മാരുടെയും സമുദായത്തിലെ വിദ്യാഭ്യാസപ്രവത്തകന്മാരുടെയും പരിഗണനയുടെ പടിവാതിക്കൽ ഈ നിവേദനം സമർപ്പിക്കട്ടെ.

## സ്ത്രീ പുരുഷബന്ധം ഇസ്ലാമിക സമീപനം

ഇസ്ലാമിൻെറ സാമൂഹ്യസംവിധാനത്തെ ചോദ്യംചെയ്തു കൊണ്ട് യൂറോപ്യൻ രാജ്യങ്ങളിലേയും, അമേരിക്കയിലേയും ക്രിസ്ത്യൻ നിരൂപകന്മാർ സാധാരണ പെരുപ്പിച്ചു കാട്ടുന്ന ഒരു സംഗതിയുണ്ട്— "ഇസ്ലാം സ്ത്രീപുരുഷബന്ധത്തെ തെററിദ്ധരിച്ചിരിക്കുന്നു, സ്ത്രീകൾക്ക് സമൂഹത്തിൽ താരതമ്യേന വളരെ താഴ്ന്ന പദവിയേ ഇസ്ലാം നൽകുന്നുള്ളു. തന്മൂലം തലമുറ തലമുറയായി ഈ പരാധീനത മുസ്ലിം സ്ത്രീകളെ പ്രത്യേകമായും സമുദായത്തെ പൊതുവെയും അധഃസ്ഥിതിയിൽ തള്ളി വിടുകയാണ്.", രൂക്ഷമായ ഭാഷയിൽ പലരും പറയുന്ന ഈ അപവാദത്തിൻെറ പൊരുൾ എന്താണെന്നു് നമുക്കൊന്നു് ചിന്തിച്ചു നോക്കാം.

ഇസ്ലാമിൻെറ വിമർശകരായ ഈ എഴുത്തുകാരധികവും പരിശുദ്ധഖുർആനിൽ ഇതു് സംബന്ധമായി എന്തു് പറയുന്നുവെന്നോ, പ്രവാചകൻ സ്വന്തം ജീവിതംകൊണ്ട് പ്രാവർത്തികമാക്കിയ മാതൃക എന്താണെന്നോ, മനസ്സിലാക്കുവാൻ പരിശ്രമിക്കാത്തവരാണ്. അസന്ദിഗ്ദ്ധമായും തെററിദ്ധാരണക്കതീതമായും, സ്ത്രീകളുടെ പദവിയെപ്പററി ഇസ്ലാം സിദ്ധാന്തിക്കുമ്പോൾ അവ വ്യക്തമായി കാണുവാൻ കഴിയാതെ. യാത്രാ വിവരണ കഥകളും, സഞ്ചാരികളുടെ വിവരണങ്ങളും, മാത്രമാധാരമാക്കി ഇസ്ലാമിൻെറ നേരെ കൊഞ്ഞനം കുത്തുന്നവർ യാഥാർത്ഥത്തിൽ അന്ധതയിലകപ്പെട്ടവരാണ്.

ഈ സഞ്ചാരികൾ രാജകീയാഡംബരങ്ങളുടെ വൈപുല്യം വിളംബരം ചെയ്യുന്ന ഹാരവും (സ്ത്രീകൾക്ക മാത്രമായി വേർതിരിച്ചിരുന്ന അരമന) അവിടെ നിറഞ്ഞു നിന്നിരുന്ന ഭോഗേച്ഛയും

തങ്ങളുടെ ഭാവനക്കനുസരിച്ച വരച്ചുകാട്ടുകയാണ് ചെയ്തിട്ടുള്ള ത്. അവയെ ഇസ്ലാമിക സിദ്ധാന്തങ്ങളുമായി ബന്ധപ്പെടു ത്തുകയും ചെയ്തു. ഇതിന്നു പ്രചാരമുണ്ടാക്കുന്നതിന്നുവേണ്ടി ഖുർ ആൻ വചനങ്ങളെയും, ഹദീസുകളേയും അവർ തെററായി വ്യാ ഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്.

ഏററവും വ്യക്തമായ ഭാഷയിൽ ഖുർആൻ ആജ്ഞാപി ച്ചു: "അവർ (ഭാര്യമാർ) നിങ്ങളുടെ വസ്ത്രമാണ്. നിങ്ങൾ (ഭർത്താക്കന്മാർ) അവരുടേതും" എന്നാൽ ഈ വാക്യംപലരും ദുർവ്യാഖ്യാനം ചെയ്യുകയാണുണ്ടായത്. മനുഷ്യൻെറ നഗ്നത മറ ക്കുവാനുള്ളതാണല്ലൊ വസ്ത്രം. തന്മൂലം സ്ത്രീപുരുഷന്മാർ വി വാഹബന്ധം മുഖേന ഇരുവരുടെയും ചാരിത്രം രക്ഷി ക്കുന്നു. വസ്ത്രം ശരീരത്തിന്നു അലങ്കാരവും സൗന്ദര്യവും മനസ്സിന്നു സന്തോഷവും പ്രദാനം ചെയ്യുന്നതുപോലെതന്നെ. ഭാര്യമാർ ഭർത്താക്കന്മാർക്കും, ഭർത്താക്കന്മാർ ഭാര്യമാക്കും അലങ്കാരവും കൗതുകവും സന്തോഷവും, സംതൃപ്തിയും പ്ര ദാനം ചെയ്യുന്നു.

ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുള്ള മറെറാരു ഖുർആൻ സൂക്തം റവ: റോഡ്വെൽ ഇങ്ങിനെ തർജ്ജിമ ചെയ്തിരിക്കുന്നു. "പുരുഷ വർഗ്ഗത്തിൻെറമേൽ ദൈവം പ്രത്യേക വൈശിഷ്ട്യങ്ങൾ ദാനം ചെയ്യുകയും, അവരെ സ്ത്രീകളെക്കാൾ ഉയർന്ന പദവി നൽകി ബഹുമാനിക്കുകയും ചെയ്തിരിക്കുന്നു ... ഉത്തമ സ്ത്രീകൾ അനുസ രണയുള്ളവരും, ഭർത്താക്കന്മാരുടെ അഭാവത്തിൽ വളരെ സൂക്ഷി ച്ചു കഴിയുന്നവരും ആയിരിക്കും." ഇതിൻെറ വെളിച്ചത്തിൽ പല നിരൂപകന്മാരും ഇസ്ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം വളരെ താഴ്ന്ന നിലയിലാണെന്നു വ്യവഹരിക്കുന്നു. പുരുഷ ൻെറ ഏതു നിർദ്ദേശവും അംഗീകരിച്ചു പഞ്ചപുച്ഛവുമടക്കി സ്ത്രീ ഒരു ഏകാധിപത്യത്തിൻ കീഴിൽ കഴിയേണ്ട ദയനീയ സ്ഥിതി വിശേഷമായി അവർ ഇതിനെ കാണുന്നു. റവ: റോഡ്വെല്ലി ൻെറ തർജ്ജിമ ശരിയാണെന്നംഗീകരിച്ചാൽ തന്നെയും അതിൽ സ്ത്രീകളുടെ അധോഗതി കുറിക്കുന്നതായി ഒന്നുമില്ലെന്നു നിഷ് പക്ഷപാതികളായ നിരീക്ഷകന്മാർക്കു കാണുവാൻ കഴിയും. ഈ സൂക്തത്തെ

ന്യൂക്ക വിശദീകരിക്കുവാൻ കഴിയുന്നതിങ്ങിനെയാണ്. പുരുഷൻ അവൻെറ ഭാര്യയെ സ്നേഹിക്കുകയും, അവളോട്, കാരുണ്യത്തോടുകൂടി പെരുമാറുകയും, സ്വപ്രയത്നംകൊണ്ട് അവളുടെ ആവശ്യങ്ങഠം നിറവേററിക്കൊടുക്കുകയും ചെയ്യുക. സ്ത്രീയാകട്ടെ അവളുടെ അമൂല്യസമ്പത്തായ ചാരിത്രം സൂക്ഷിക്കുകയും, കുടുംബകാര്യങ്ങഠം ശ്രദ്ധാപൂർവ്വം ചെയ്യുകയും, ഭർത്താവിനെ തൻെറ ഇഷ്ടതോഴനായും, മാർഗ്ഗദർശിയായും അംഗീകരിച്ചനുസരിക്കുകയും ചെയ്യുക.

ഭാര്യയുടെ ന്യായവാദങ്ങഠം അംഗീകരിക്കപ്പെടുകയില്ലെന്നോ, അവഠം ഭർത്താവിൻെറ ആശയാഭിലാഷങ്ങളുടെ ഒരു നിഴൽ മാത്രമാണെന്നോ, അതുമല്ലെങ്കിൽ അലങ്കാരവസ്തു മാത്രമാണെന്നോ വരുത്തിത്തീർക്കുവാൻ ഈ സൂക്തത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ആക്ഷേപാർഹമാണ്. വിമർശനാത്മകമായ വിവാദബുദ്ധിയും തർക്കശാസ്ത്രത്തിൻെറ വക്രഗതിയും മാത്രമുള്ളവർക്ക് സത്യസന്ധമായി കാര്യങ്ങളെ കണ്ടറിയുവാൻ കഴിയുകയില്ല. നിഷ്പക്ഷനിരീക്ഷകന്മാർ പരമാർത്ഥം പറഞ്ഞുകൊടുത്താലും അതു കേഠംക്കാൻ കഴിയാത്ത ബധിരത അവരെ പിടികൂടിയിരിക്കുന്നു.

ശരീരബലത്തിൻെറയും ബുദ്ധിവൈഭവത്തിൻെറയും പ്രഭാവംകൊണ്ട് പുരുഷന് സ്ത്രീയെക്കാഠം പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുണ്ട്. ചരിത്രാതീതകാലംമുതൽക്കുതന്നെ, പുരുഷൻതൻെറ അചഞ്ചലമായ ധൈര്യവും, അഭിമാനാർഹമായ അഭ്യുന്നതിയും കൊണ്ട് സ്ത്രീകളേക്കാഠം സമൂഹത്തിൻെറ സൃഷ്ടികർത്താക്കളായിതീർന്നിരുന്നു. എല്ലാ പ്രവാചകന്മാരുംതന്നെ പുരുഷന്മാരായിരുന്നു. പ്രധാനപ്പെട്ട ദാർശനികരും, പ്രസിദ്ധരായ സേനാധിപന്മാരും, വിശ്വജേതാക്കളായ ചക്രവർത്തിമാരും സ്ത്രീകളല്ലായിരുന്നു. ഒരുതാത്വികനും നിരൂപകനുമായ ലെക്കി,സ്ത്രീ പുരുഷബന്ധത്തെ വിശകലനം ചെയ്തു എത്തിച്ചേരുന്ന നിഗമനമിതാണ്: "ശാരീരികശക്തിയുടെ കാര്യത്തിൽ പുരുഷൻ സ്ത്രീകളെക്കാഠം അവിതർക്കിതമാംവണ്ണം പ്രധാനിയത്രെ. സ്ത്രീയാകട്ടെ ആചാരസൗഷ്ഠവത്തിൽ പുരുഷനെ കവച്ചുവെക്കുന്നു സാഹിത്യശാസ്ത്രകലാ വിഭാഗങ്ങളിൽ വ്യക്തിമുദ്ര പതിച്ച വനിതകഠം

[illegible] [illegible]ാണ്. ഒരു മയിക്കൽഏയിഞ്ചലോവിനെ [illegible], ഒരു ഉമർ ഫാറൂഖിനേയോ, അതുമല്ലെങ്കിൽ ഒരു ഷെയ്ക്സ്പിയറേയോ, ന്യൂട്ടനേയോ സ്ത്രീകളിൽ സങ്കൽപിക്കുക അസാധ്യമാണ്"

ഇതൊക്കെ പറയുന്ന ലെക്കിതന്നെ സ്ത്രീ സദാചാരനിഷ്ഠയിലും സന്മാർഗനിയമാനുഷ്ഠാനങ്ങളിലും പുരുഷനേക്കാൾ മഹനീയമായ മേന്മകാണിച്ചിരുന്നുവെന്നും, കാണിച്ചുകൊണ്ടേയിരിക്കുന്നുണ്ടെന്നുംകൂടി പ്രസ്താവിക്കുന്നുണ്ട്. പുരുഷൻെറ ബുദ്ധിപരമായ മേന്മയും ശാരീരികമായശക്തിയും, നാം അംഗീകരിക്കുമ്പോൾ സ്വാഭാവികമായും സ്ത്രീകൾക്കു അവരിൽനിന്നു് ഉപദേശനിർദ്ദേശങ്ങളും സുഗമമായ ജീവിതമാർഗ്ഗങ്ങളും ആശിക്കുകയും ആവശ്യപ്പെടുകയും ചെയ്യാൻ അർഹതയുണ്ട്. ഈ സ്ത്രീ പുരുഷബന്ധത്തെയാണ് മേലുദ്ധരിച്ച ഖുർആൻ സൂക്തം കൊണ്ടുദ്ദേശിക്കുന്നതെന്നാണ് മുസ്‌ലിം മതപണ്ഡിതന്മാരുടെ ഏകകണ്ഠമായ അഭിപ്രായം.

പ്രവാചകൻ സ്ത്രീകളുടെ അബലസ്വഭാവത്തെ മനസ്സിലാക്കിക്കൊണ്ടുതന്നെ അവരോടു വിനയവും ദയയും സ്നേഹവും കാണിക്കുവാൻ സഹാബികളോടു പലവുരു പറഞ്ഞിട്ടുണ്ട്. " സ്ത്രീകളോടു ഏതുവിധം പെരുമാറണമെന്ന കാര്യത്തിൽ ഞാൻ കണിശമായ ഉപദേശം തരികയാണ്. അതിനെ ബഹുമാനിച്ച് അവരോടു നന്മകാട്ടുകയും, നിങ്ങൾക്കു ഹിതമല്ലാത്ത പ്രവൃത്തിയാണെങ്കിൽ കൂടി അവർ ചെയ്യുന്നത് വലിയ പാപകർമ്മങ്ങളല്ലാത്തിടത്തോളം കാലം അവരോടു കോപാകുലരാകാതിരിക്കുകയും ചെയ്യണം." എന്നു് നബിതിരുമേനി കൽപിച്ചത് ബുദ്ധിയുടെയും കായിക ബലത്തിൻെറയും കാര്യത്തിൽ സ്ത്രീകളുടെ ദുർബ്ബലത മുന്നിൽ കണ്ടുകൊണ്ടാണ്. ഈ കുറവുകൾ മനസ്സിലാക്കിയിരുന്ന പ്രവാചകൻ സ്ത്രീകളുടെ വികാരനിർഭരമായ ഹൃദയത്തേയും, ചഞ്ചലപ്പെടുന്ന മനസ്സിനേയും, ചേതോഹരമായ സ്നേഹവായ്പിനേയുംകൂടി കണക്കിലെടുത്തിരുന്നു. വെറുക്കപ്പെടേണ്ട ഒരു ജീവിയായി സ്ത്രീയെ ഒരിക്കലും പ്രവാചകനോ ഇസ്‌ലാമോ, പരിഗണിച്ചിട്ടില്ല; അവളുടെ ദുർബ്ബലതകളും മികവുകളും ഒപ്പം വിലയിരുത്തി പ്രായോഗികനിർദ്ദേശം നൽകുക

യാണ് ചെയ്തത്. ''ഒരു മുസൽമാനും അവൻെറ ഭാര്യമാരോടുള്ള പെരുമാററത്തിൽ ക്രൂരനാകാതിരിക്കട്ടെ, അവളുടെ ചില പ്രവർത്തികൾ ഒരുപക്ഷേ ഭർത്താവിനു അതൃപ്തികരമാണെങ്കിൽ മററു ചിലതു് തീർച്ചയായും അവനെ സന്തോഷിപ്പിക്കുന്നതായിരിക്കും'' എന്നു പ്രവാചകൻ പ്രഖ്യാപിക്കുന്നതു സ്ത്രീകളെ അടിച്ചു താഴ്ത്തുവാനല്ല; മാനുഷിക മഹത്വത്തെ പുലർത്തുവാൻ വേണ്ടിയാണ്. പ്രവാചകൻെറ ഉപദേശങ്ങൾ മനസ്സിലാക്കിയാൽ ഒരു പ്രായോഗിക വാദിയുടെ ബുദ്ധിവൈശിഷ്ട്യമാണ് നാം കാണുക. സ്ത്രീകളെ ഒരിക്കലും അടിമകളായി അധഃപതിപ്പിക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. എന്നാൽ ഭർത്താവിൻെറമേൽ അനാവശ്യമായ ആധിപത്യം ഭാര്യ പുലർത്തുവാൻ ശ്രമിക്കുന്നതിനെയും അദ്ദേഹം ശക്തിപൂർവ്വം എതിർത്തിരുന്നു.

സമൂഹത്തെ ചിട്ടപ്പെടുത്തുമ്പോൾ ഓരോ വിഭാഗവും ഏറെറടുക്കുന്ന ജോലി ഭംഗിയായി നിർവ്വഹിക്കുകയാണ് ഉത്തമമായ കൃത്യം. ശാരീരിക വൈവിദ്ധ്യത്തിൻെറ അടിസ്ഥാനത്തിൽ സമൂഹത്തിൽ നിർവ്വഹിക്കുവാനുള്ള ജോലികൾ ഭംഗിയായി വിഭജിക്കുക മാത്രമാണ് ഇസ്ലാം ചെയ്തത്. സ്ത്രീകൾ കുടുംബത്തിലെ രാജ്ഞികളാണ്. നല്ല ഒരമ്മയായും, വിശ്വസ്ഥയായ ഭാര്യയായും, കുടുംബകാര്യങ്ങൾ വളരെ കൃത്യനിഷ്ഠയോടെ അവൾ അനുഷ്ഠിക്കും. ഭർത്താവാകട്ടെ അവൾക്ക് എപ്രാബുദ്ധിമുട്ടുകളിലും താങ്ങും തണലുമായി നിൽക്കുന്നു അവൻെറ പ്രയത്നംകൊണ്ട് അവളുടെ എന്താവശ്യവും നിറവേററാൻ അവൻ ബാദ്ധ്യസ്ഥനും സന്നദ്ധനുമാണ്. അതുകൊണ്ടാണ് നബിതിരുമേനി പറഞ്ഞത്. ''കുടുംബത്തലവൻ വീട്ടിൻെറ അധിപതിയാണ്, ആ കുടുംബത്തിലെ അംഗങ്ങളുടെ കാര്യത്തിൽ അവൻ ചോദ്യംചെയ്യപ്പെടും; സ്ത്രീയാകട്ടെ ഭർത്താവിൻെറ വീട്ടിൽ പരമാധികാരിയാണ് കുട്ടികളെ അവൾ ഭരിക്കുന്നു. ഇതിനെപ്പററി അവളോടും ചോദിക്കപ്പെടും. അതുപോലെ ഒരടിമ അവൻെറ യജമാനൻ ഏൽപ്പിച്ച സാധനസാമഗ്രികളുടെമേൽ അധികാരപ്പെട്ടവനാണ്. അവയെപ്പററി അവനും ചോദിക്കപ്പെടും. ''ചുരുക്കത്തിൽ ഓരോരുത്തരിലും നിക്ഷി

പ്തമായ ഉത്തരവാദിത്വം നിർവ്വിഘ്നം നിറവേററുകയെന്നതാണ് പ്രവാചകൻ പഠിപ്പിക്കുന്ന നീതിസാരം.

ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുകയും പരസ്പര വിശ്വാസത്തോടുകൂടി തങ്ങളുടെ ജീവിതം സുഗമമാക്കുകയും ചെയ്യേണ്ടതാണ്. പുരുഷൻെറ കടുത്തസ്വഭാവത്തെ, തൻെറ ഹൃദയ നൈർമല്യവും വശീകരണ ശക്തിയും കൊണ്ട് സ്ത്രീമയപ്പെടുത്തിയെടുക്കുകയും, പുരുഷൻ സ്ത്രീയെ സ്നേഹപൂർവം നയിക്കുകയും ചെയ്താൽ ജീവിതംസുന്ദരമായി. പ്രവാചകൻ പറയുന്നത് നോക്കുക "ഒരു സ്ത്രീയെവിവാഹം കഴിക്കുവാൻ മുതിരുന്നത് നാലുകാരണങ്ങളാലാണ്, ഒന്നുകിൽ അവളുടെ ധനം കണക്കിലെടുത്തിട്ട് അല്ലെങ്കിൽ അവളുടെ കുലീനതകൊണ്ട്. അതുമല്ലെങ്കിൽ അവളുടെ സൌന്ദര്യമോ, ഭക്തിയോ നിമിത്തം ഭക്തയായ ഒരു സ്ത്രീയെ സഹധർമ്മിണിയാക്കുവാൻ ശ്രമിക്കുക എന്തെന്നാൽ അവൾ നിങ്ങളുടെ ജീവിതത്തിൽ എപ്പോഴും ഒരു സഹായി ആയിരിക്കുമെന്ന് മാത്രമല്ല അവൾ ഇല്ലായ്മകളിൽപോലും സന്തുഷ്ടയുമായിരിക്കും."

ഒരിക്കൽ പ്രവാചകൻ ഈവിധം പ്രസ്താവിച്ചു; "ഞാൻ പറയുന്ന നാലു കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് സ്വായത്തമായിട്ടുള്ളവർ ഇരുലോകത്തേയും അനുഗ്രഹങ്ങൾക്കു പാത്രീഭൂതനാകും. ഒന്ന് മഹത്തരമായ ഒരു ഹൃദയം. രണ്ട് പടച്ചവൻെറ നാമം അനുസ്യൂതം ഉരുവിടുന്ന ഒരു നാവ്. മൂന്ന് വൈഷമ്യങ്ങളിൽ ക്ഷമയും, സഹിഷ്ണുതയും കാണിക്കുന്ന ഒരു മനസ്സ്. നാല് സ്വന്ത ശരീരത്തിൻെറ കാര്യത്തിലോ, ഭർത്താവ് ഏൽപ്പിച്ച സാധനങ്ങളുടെ കാര്യത്തിലോ, വിശ്വാസവഞ്ചന നടത്തിയിട്ടില്ലാത്ത ഒരു സഹധർമ്മിണി." ഇതിൽനിന്നും വിശ്വസ്തയായ ഒരു ഭാര്യ ഭർത്താവിന് സമ്പാദിച്ചു കൊടുക്കുന്ന സൌഖ്യവും ശാന്തിയും എത്രമാത്രമാണെന്നു് പ്രസക്തമാണല്ലോ.

" എൻെറ അനുയായികളിൽ അവരുടെ ഭാര്യമാരുടെ അടുക്കൽ ഏററവും നല്ലവരാരാണോ അവരാണ് പുരുഷന്മാരിൽവെച്ചു ഏററവും നല്ലവർ ഭർത്താക്കന്മാരുടെ അടുക്കൽ ഏററവും നല്ല

...കാൻ കഴിഞ്ഞിട്ടുള്ളവരാണോ അവരാണ് സ്ത്രീകളിൽ വെച്ച് ഏററവും നല്ലവർ. അത്തരത്തിലുള്ള ഓരോസ്ത്രീക്കു. ആയിരം ...സാക്ഷികൾക്കു ലഭിക്കുന്ന കൂട്ടായ പ്രതിഫലം തീർച്ചയായും ...ഭിക്കുന്നതാണ്''. ''ഭർത്താക്കന്മാരെ അവരുടെ ജോലിയിൽ ...റായിക്കുന്നവരും, അകമഴിഞ്ഞ് സ്നേഹിക്കുന്നവരും ആരോ, ...രാണ് എന്റെ അനുയായികളിൽവെച്ച് ഉത്തമകളായ സ്ത്രീ ...ങ്ങൾ. ഒരു മാതാവിന്നു കുട്ടികളോടുള്ള കാരുണ്യത്തിന്നുസമം ...ര്യമാരോട് പെരുമാറുന്നവരാരാണോ അവരാണ് മനുഷ്യരിൽ ...ച്ച് ഉത്തമന്മാർ, അത്തരംമനുഷ്യക്ക് നൂറുശഹീദുകളുടെ പുണ്യം ...തിഫലമായി ലഭിക്കുന്നതാണ്.'' ഇത്രയും പറഞ്ഞപ്പോൾ ...ർ (റ) എന്തുകൊണ്ടാണു സ്ത്രീകൾക്ക് പുരുഷനേക്കാൾ പത്തി ...ി പ്രതിഫലം കൂടുതൽ പ്രതിജ്ഞചെയ്യുന്നതെന്നു ചോദിക്കുക ...ായി. നബി സമാധാനമായി ഇങ്ങിനെ അരുൾ ചെയ്തു: ''പുരുഷനേക്കാൾ വലിയ പ്രതിഫലം സ്ത്രീ അർഹിക്കുന്നുവെ ...താങ്കൾക്കറിഞ്ഞുകൂടെ. എന്തെന്നാൽ സംതൃപ്തയാണ്, സ ...ായാണു ഒരു ഭാര്യയെങ്കിൽ അവളുടെ പ്രാർത്ഥനകൊണ്ടു പുരുഷന്റെ പദവി സ്വർഗ്ഗത്തിൽ വാഴ്ത്തപ്പെടും. ഉയർത്തപ്പെ ...'' ''ഞാനെന്റെ ഭാര്യമാരോട് മററാരെക്കാളും കൂടുതൽ കനി ...കാട്ടുന്നവനാണ്. നിങ്ങളിൽ ഭാര്യമാരോട് ഏററവും കനിവു ...ാട്ടുന്നതാരോ അവരാണു ഉത്തമന്മാർ''

ഒരിക്കൽ മുഅവ്വിയ പ്രവാചകനോടന്വേഷിച്ചു: ഒരു ഭാര്യയ്ക്കു ...താവിന്റെമേലുള്ള അവകാശം എത്രയാണെന്ന്? പ്രവാചകൻ ...തിവചിച്ചു: നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ അവളെയും തീ ...ക ''നങ്ങൾ വസ്ത്രംധരിക്കുമ്പോൾ അവൾക്കുംഅണിയാനുള്ളതു ...ൽകുക. അവളുടെമുഖത്തുഅടിക്കുന്നതിൽനിന്നും, അവളെ ശകാ ...ിക്കുന്നതിൽ നിന്നും ഒഴിയുക. '' മറെറാരവസരത്തിൽ അനുകര ...ാർഹയായ ഒരു സഹധർമ്മിണി എങ്ങിനെയിരിക്കും എന്നു ...ബി വിവരിക്കുകയുണ്ടായി. ''നിങ്ങൾ അവളെനോക്കുമ്പോൾ ...ിങ്ങളെ സന്തോഷിപ്പിക്കുന്നവളും, നിങ്ങളുടെ നിർദ്ദേശങ്ങൾ ...കിട്ടിയ മാത്രയിൽ അവ അനുസരണയോടുകൂടി ചെയ്യുന്നവളും ...ിങ്ങൾ വിദൂരത്താകുമ്പോഴോ അടുത്തില്ലാതിരിക്കുമ്പോഴോ നി ...ളുടെ ധനത്തേയും സ്വന്തം പരിശുദ്ധിയേയും കാത്തുരക്ഷിക്കു

ന്നവളും ആരോ, അവളാണ് ശരിയായ ഭാര്യ." "ലോകം ആനന്ദദായകങ്ങളും ആഹ്ളാദപ്രദങ്ങളും ആയ സാധനങ്ങളാൽ നിറയപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പരമവും പ്രധാനവുമായ ആനന്ദം ഭക്തിയും ചാരിത്രശുദ്ധിയും ഉള്ള സ്ത്രീയാണ്." "സ്വർഗ്ഗം അമ്മമാരുടെ പാദങ്ങളിൽ കിടക്കുന്നു" എന്നും നബിതിരുമേനി വ്യക്തമാക്കുകയുണ്ടായി

ഇത്തരം മഹത്തരമായ നീതിയും നിഷ്ഠയും സ്ത്രീപുരുഷ ബന്ധത്തിൽ കാണിക്കുവാനുപദേശിച്ച ഒരു മതവും, ഒരു പ്രവാചകനും വേറെയുണ്ടായിട്ടില്ല. ഇസ്ലാം പ്രഖ്യാപിക്കുന്ന വ്യവസ്ഥിതി, പ്രാവർത്തികമാക്കുവാനുള്ളതാണ് അത് പ്രയോഗത്തിലിരുന്നിരുന്ന കാലഘട്ടം മനുഷ്യരാശിയുടെ ചരിത്രത്തിലെ സുവർണ്ണ ദശയാണ്. അല്ലാതെ ഒരാദർശലോകത്തെ സ്വപ്നം കണ്ടുകൊണ്ട് കുറേ മഹദ്വചനങ്ങൾ അവതരിപ്പിക്കുകയല്ല, ഇസ്ലാമും പ്രവാചകനും ചെയ്തത്. അതുകൊണ്ട് പ്രശ്നത്തിന്റെ എല്ലാവശങ്ങളും, ഗുണവും ദോഷവും, മഹത്വവും ദൗർബ്ബല്യതയും എടുത്തുകാട്ടി. ഇത് പ്രായോഗിക സമീപനത്തിൽ ഒഴിച്ചു കൂടാൻ പാടാത്തതുമാണ്.

vii

## വിവാഹം എന്ത്; എന്തിന്?

വിവാഹം ചെയ്യുന്നത് എന്തിനാണ്? വിവാഹത്തിന്റെ ഉദ്ദേശ്യവും ഉന്നവും ഇസ്ലാമിക വീക്ഷണത്തിൽ എന്താണ്? സ്വാഭാവികമായും ഉണ്ടായേക്കാവുന്ന ഈ ചോദ്യങ്ങളെ നമുക്കൊന്ന പരിശോധിക്കാം.

ശാരീരികവും, ലൈംഗികവുമായ സംതൃപ്തിക്കുവേണ്ടിയുള്ള ഒരുപാധി എന്ന നിലയിൽ ഒരിക്കലും ഇസ്ലാം വിവാഹത്തെ വിവക്ഷിച്ചിട്ടില്ല. എന്നാൽ അവിവാഹിക ജീവിതത്തെക്കാൾ മാഹാത്മ്യവും പുണ്യവും വൈവാഹിക ജീവിതത്തിന്ന ഇസ്ലാം കൽപിക്കുകയും ചെയ്തിട്ടുണ്ട്. വൈവാഹിക ജീവിതം മനുഷ്യനിലുള്ള മൃഗത്തെ ചങ്ങലയിട്ട നിയന്ത്രിക്കുകയും, അവന്റെ വൈകാരിക തൃഷ്ണയെ മയപ്പെടുത്തുകയും ചെയ്യുന്നു. വിവാഹിതനിൽ സങ്കൽപ്പിക്കപ്പെടുന്ന, കുടുംബപരവും സാമൂഹ്യവുമായ ഉത്തരവാദിത്വം എപ്പോഴും അവനെ വിവേകിയും വിചാരശീലനുമാക്കിത്തീർക്കുകയും, പക്വതയും പാകതയും നൽകി മെരുക്കിയെടുക്കുകയും ചെയ്യുന്നു. ഇതിനുപുറമെ മനുഷ്യസമുദായത്തിന്റെ അഭംഗുരവും നിയമാനുസൃതവുമായ വളർച്ചക്ക് നിദാനമായും വിവാഹത്തെ ഇസ്ലാം വ്യവഹരിക്കുന്നു. അങ്ങിനെ തന്റെ രക്ഷയിൻ കീഴിൽ വരുന്ന സ്ത്രീയും അവളിൽ ജനിക്കുന്ന തന്റെ കുഞ്ഞുങ്ങളും അവനിൽ അതുവരെ ഇല്ലാതിരുന്ന ഒരു സാമൂഹ്യബോധവും, കുടുംബപരമായ ഉത്തരവാദിത്വവും, ഉദ്ദീപിപ്പിക്കുന്നു. ഇപ്പോൾ അവൻ ലക്കും ലഗാനുമില്ലാതെ, ഉദ്ദേശ്യവും അർത്ഥവുമില്ലാതെ കാലംകഴിക്കുന്ന ഒരു ബോധശൂന്യനല്ല; ആലോചനാപൂർവം ഓരോ കാലടിയും സൂക്ഷിച്ചുവെക്കുന്ന വിവേകിയാണ്.

അതുകൊണ്ടാണ് പ്രവാചകൻ തെളിഞ്ഞ ഭാഷയിൽത്തന്നെ "ബ്രഹ്മചര്യ"യെ നിരുത്സാഹപ്പെടുത്തുന്നതും, വൈവാഹികജീവിതത്തെ പ്രോൽസാഹിപ്പിക്കുന്നതും. എന്നാൽ സ്ത്രീകളുടെ മാതൃത്വശേഷിയേയും, സ്വഭാവരീതിയേയും ഇസ്‌ലാം വളരെ കണിശമായി വിവരിക്കുകകൂടി ചെയ്യുന്നുണ്ട് "ആര് ഒരു സ്ത്രീയെ അവളുടെ പ്രതാപത്തിൻെറയും, പദവിയുടെയും പേരിൽമാത്രം വിവാഹംചെയ്യുന്നുവോ, അവന്ന് സ്രഷ്ടാവ് കൂടുതൽ അധോഗതി നൽകുന്നു; ആര് ഒരു സ്ത്രീയുടെ ധനത്തെ മാത്രം മോഹിച്ച് അവളെ കല്യാണം കഴിക്കുന്നുവോ, അല്ലാഹു അവൻെറ ദാരിദ്ര്യം വർദ്ധിപ്പിക്കുന്നു; ആര് ഒരു സ്ത്രീയുടെ സൗന്ദര്യത്തിൽ മാത്രം ആകൃഷ്ടനായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നുവോ, അല്ലാഹു അവൻെറ വൈരൂപ്യം വർദ്ധിപ്പിക്കുന്നു. എന്നാൽ ആര് അവൻെറ ദൃഷ്ടികളെ നിയന്ത്രിക്കുവാനും, പരിശുദ്ധതയെ പ്രാപിക്കുവാനും, ദയാപുരസ്സരം അവൻെ ബന്ധത്തെ ഗണിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് ഒരു സ്ത്രീയെവിവാഹം കഴക്കുന്നുവോ, സർവശക്തനായയറബ്ബ് അവനുവേണ്ടി അവളുടെ മേലും, അവാംക്കുവേണ്ടി അവൻെറ മേലും അനുഗ്രഹങ്ങാംചൊരിയുന്നു" അപ്പോാം പവിത്രവും, പരിപാവനവുമായ ഒരു ചേതോവികാരത്തിൻെറ മൂത്തിമത്ഭാവമാണ് ഇസ്‌ലാമിലെ വിവാഹത്തെക്കുറിച്ചുള്ള ആശയം. അത് ആദർശനിഷ്ഠവും, പരിശുദ്ധിയിൽ അധിഷ്ഠിതവുമാണ്. പ്രവാചകൻെറ മറെറാരു വചനത്തിൽനിന്നും ഇതു പ്രസ്പഷ്ടമാകുന്നുണ്ട്: "സർവശക്തനായ അല്ലാഹു സഹായഹസ്തം നീട്ടുന്ന മൂന്നു പേരുണ്ട് ഒന്നു്: തൻെറ സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നവൻ രണ്ട്: തൻെറ പവിത്രതയെ നിലനിർത്തുവാൻവേണ്ടി വിവാഹിതനാകുന്നവൻ മൂന്നു: അല്ലാഹുവിൻെറ മാഗ്ഗത്തിൽ പടവെട്ടുന്നവൻ' മറെറാരു പ്രവചനത്തിൽ നബി ഇങ്ങിനെ പറയുന്നു:

" മതനിഷ്ഠയിൽ പകുതി വിവാഹിതനായ ഒരാാം പൂത്തിയാക്കുന്നു. മറേറ പകുതി അല്ലാഹുവിൽ മാറാത്ത ഭയത്തോടുകൂടിസന്മാർഗ്ഗപർമായ ഒരു ജീവിതം നയിക്കുന്നതുതൊണ്ടു പൂണ്ണമാവുകയും ചെയ്യുന്നു". അപ്പോാം വിവാഹം ഉാംക്കൊള്ളുന്ന ആശയത്തെ മഹത്തരമായ ഒരാദർശജീവിതത്തിൻെറ തുടക്കമായാണ് ഇസ്‌ലാമും പ്രവാചകനും കാണുന്നത്. ഈ തത്വശാസ്ത്രീ

ത്തിൽ ഒളിഞ്ഞുകിടക്കുന്ന ഉന്നതാദർശങ്ങളെ ബോധപൂർവം വിസ്മരിക്കേണ്ടതുണ്ട്. പദവിയും പണവുമെല്ലാം വിവാഹത്തെ സംബന്ധിച്ചേടത്തോളം ഒരു പാധിയാക്കിക്കൂടാത്തതാണ്. ഇതൊക്കെ വന്നുചേരേണ്ടതാണെങ്കിൽ വന്നുചേർന്നുകൊള്ളുമെന്ന് സമാധാനിച്ച് എല്ലാം അല്ലാഹുവിലർപ്പിച്ച് ഒരു നല്ല ജീവിത സംവിധാനത്തിന്ന് ഒരുങ്ങുക എന്നതാണ് പരമപ്രധാനം.

അംഗീകൃതമായ സദാചാര സന്മാർഗ്ഗനിഷ്ഠകൾ പാലിക്കുന്നവരും നിയമസാധുതയുള്ളവരും ആയ ഒരുതലമുറക്ക് ജന്മം നൽകി സമുദായത്തെ ചിട്ടപ്പെടുത്തുകയാണ് വിവാഹം കൊണ്ട് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. ജനിച്ചു വീഴുന്ന ശിശുവിൻെറക്ഷേമൈശ്വര്യങ്ങളിൽ താല്പര്യം ഒരു പിതാവിൻെറ ഹൃദയത്തിൽ ഉണ്ടാവുകയുള്ളു. സ്വന്തം പിതാക്കന്മാരെ ചൂണ്ടിക്കാണിക്കാനില്ലാത്ത അനേകായിരം അനാഥബാലന്മാരുടെ ഒരു തെരുവുസംഘം അറേബ്യൻ സമൂഹത്തിലെ ഭയങ്കരമായ ഒരു പകർച്ചവ്യാധിയായിരുന്നു. അത്തരമൊരു സമൂഹത്തെ ചിട്ടപ്പെടുത്തി നയിക്കേണ്ടവാനുള്ള കുട്ടികളുടെ സാമൂഹ്യവും സാമ്പത്തികവുമായ പരാധീനത അവരെ അധഃസ്ഥിതിയിലേക്ക് തള്ളിവീട്ടിരുന്നു. ലൈംഗികമായ അരാജകത്തവും നികൃഷ്ടമായ നീതിരാഹിത്യവും പ്രാകൃതസംസ്കാരത്തിൻെറ പ്രതീകങ്ങളായി മുഴച്ചുകൂടി. ഈ സന്ദർഭത്തിലാണ് വിവാഹത്തെ മഹനീയമായ ഒരാദർശസങ്കേതത്തോടുകൂടി, അതിൻെറ പരിപൂതമായ പവിത്രതയോടു കൂടി ഇസ്‌ലാം സംവിധാനംചെയ്തത്.

ഒരു തലമുറയുടെ പൈതൃകത്വം ഏറ്റെടുക്കുകവഴി അവരെ ശിക്ഷിച്ചുപോററി നൽപാന്ഥാവിലൂടെ വളർത്തിയെടുക്കുക എന്ന ബാദ്ധ്യതയും വിവാഹിതരിൽ വന്നുചേരുന്നുണ്ടെന്നുള്ളതാണ് മറെറാരു പ്രധാനകാര്യം. അതുകൊണ്ടാണ് "കല്യാണം കഴിക്കുകയും വർഗ്ഗോൽപ്പത്തി നടത്തുകയും ചെയ്യുക" എന്നു പ്രവാചകൻഉപദേശിച്ചത്. ഈ കൊച്ചുവചനത്തിൻെറ വ്യാപ്തി വളരെ വലുതാണ്. അതിൽ ഉൾക്കൊണ്ട ആശയവും അതു നടപ്പിൽ വരുത്താനുള്ള അനുവദനീയമായ മാർഗ്ഗങ്ങളും കൂടി ചിന്തിക്കേണ്ടതുണ്ട്. അതിൻെറ വിവിധ വശങ്ങൾ വിവേചിച്ച് വിശകലനംചെയ്യാൻ കഴിഞ്ഞാൽമാത്രമെ നമുക്കതി

ൻെറ അത്ഥം ശരിക്കും ഗ്രഹിക്കുവാൻ കഴിയുകയുള്ള നോക്കു. മററൊരു സന്ദർഭത്തിൽ പ്രവാചകൻ പറഞ്ഞു: '' ഭർത്താവിന്നു അങ്ങേഅററം ഇഷ്ടപ്പെടുന്നവളും മാതൃത്വശേഷിയിൽ ഏററവും സമ്പന്നയുമായ ഒരു സ്ത്രീയെ വിവാഹം കഴിക്കുക. '' ഈ തിരുവചനത്തിൽ ആദ്യം സൂചിപ്പിച്ച രണ്ടു പ്രധാന ആശയങ്ങളും അന്തർഭവിച്ചിട്ടുണ്ടെന്നു കാണുവാൻ സാധിക്കും.

വിവാഹനിശ്ചയം കഴിയുന്നതിന്നുമുമ്പ് വധുവെ വരൻ കാണുവാനും അങ്ങിനെ സംതൃപ്തഹൃദയനായശേഷം വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിക്കുവാനുമാണ് പ്രവാചകനരുളംചെയ്തത്. അസംതൃപ്തിക്കും അലോസരത്തിന്നും ഇടകൊടുക്കാതിരിക്കേണ്ടത് വൈവാഹികജീവിതത്തിൻെറ പവിത്രതക്കും സുദൃഢതക്കും അത്യാവശ്യമാണ്.

അതുപോലെത്തന്നെ ഇസ്ലാമിക നിയമം അനുശാസിക്കുന്ന മറൊരു വസ്തുത വിവാഹത്തിന്ന് വധുവിൻെറ സമ്മതം അനിവാര്യമാണെന്നതാണ്. രക്ഷാകർത്താവിൻെറയോ, മാതാപിതാക്കളുടെയോ ഇഷ്ടംകൂടി നോക്കേണ്ടതായുണ്ടെങ്കിലും പെണ്ണിനു പൂർണ്ണസമ്മതമില്ലെങ്കിൽ ആ കല്യാണം നടത്തുവാൻ പാടില്ലെന്നാണ് ഇസ്ലാം ശാസിക്കുന്നത്, 'ഹനഫി'കൾ ഈ കാര്യത്തിൽ കൂടുതൽ നിഷ്കർഷ കാട്ടുന്നുണ്ട്. ഒരു വിധവക്കോ, പ്രായപൂർത്തിവന്ന വനിതക്കോ, സ്വമേധയാ വിവാഹത്തിലേർപ്പെടുവാൻ ഈ ശാസനനിമിത്തം സ്വാതന്ത്ര്യം ലഭിക്കുന്നു. ഇവിടെ രക്ഷാകർത്താവിൻെറ സമ്മതമോ വിസമ്മതമോ കണക്കിലെടുക്കേണ്ടതില്ല. ഈ നിയമത്തിൻെറ അടിസ്ഥാനത്തിൽ പ്രായപൂർത്തിവന്ന ഒരു സ്ത്രീയെ അവളുടെ സമ്മതമില്ലാതെ നിർബ്ബന്ധം ചെലുത്തി വിവാഹം കഴിച്ചുകൊടുക്കുന്നതു് തെററാണ്. പ്രായപൂർത്തിയെത്തിയ ഒരു സ്ത്രീയെ അവളുടെ ഇഷ്ടത്തിന്നു വിപരീതമായി കല്യാണം കഴിച്ചുകൊടുത്തത് സംബന്ധിച്ച ഒരു പരാതികേട്ട് നബിതിരുമേനി (സ), ആ വിവാഹം നിയമത്തിന്ന് നിരക്കാത്താണെന്ന് പ്രസ്താവിക്കുകയും വിവാഹമോചനം ചെയ്യുവാൻ അനുവദിക്കുകയുമുണ്ടായി. എന്നാൽ ഹനഫി സമ്പ്രദായത്തിൽ പ്രായപൂർത്തിയെത്താത്ത ഒരു ബാലികയെ അവളുടെ ബാപ്പയോ ഉപ്പാപ്പയോ നിർബ

പോലെ അനുഭവത്തിന്റെ വെളിച്ചത്തിലുള്ളതോ പരിപക്വമോ ആയിരിക്കുകയില്ല. അതുകൊണ്ടാണ് ഈ വ്യത്യാസം കണക്കിലെടുത്തിട്ടുള്ളത്. ഭൂരിപക്ഷം പെൺകുട്ടികളും വിവാഹബന്ധത്തിന്റെ എല്ലാ വശങ്ങളും മനസ്സിലാക്കിയവരല്ലാത്തതുകൊണ്ട്, അവരുടെ നന്മയെലാക്കാക്കി, അവരുടേതു് തെററായ തീരുമാനമാണെങ്കിൽ, അവയെ നിരാകരിച്ചു അവരുടെ ഗുണത്തിന്നും, ഐശ്വര്യത്തിന്നും നിദാനമായി പ്രവർത്തിക്കുവാൻ മാതാപിതാക്കന്മാർക്കും, രക്ഷാകർത്താക്കന്മാർക്കും അവകാശവും നൽകുന്നു. അപ്പോഴും വിവാഹത്തിന്ന് സ്ത്രീയുടെ സമ്മതം അനിവാര്യമായ ഒരാവശ്യം തന്നെയാണ്. അതില്ലാത്ത ഒരു വിവാഹവും നീതീകരിക്കുവാൻ സാദ്ധ്യമല്ലെന്നു വ്യക്തമാണല്ലോ.

**ബഹുഭാര്യാത്വം**

മുസ്‌ലിമീങ്ങളുടെ ഇടയിലുള്ള ബഹുഭാര്യത്വസമ്പ്രദായം പരിമിതമായ വിമർശനങ്ങൾക്ക് പാത്രീഭവിച്ച ഒരു കാര്യമാണ്. ലൈംഗികഅരാജകത്വത്തിനും, നിരങ്കുശമായ ഭോഗപ്രകടനങ്ങൾക്കും മതപരമായ അംഗീകാരം നൽകുക മാത്രമാണ് ഇസ്ലാം ചെയ്യുന്നതെന്ന് കരുതുകയും എഴുതുകയും ചെയ്തിട്ടുള്ള പ്രസിദ്ധിതന്മാരായ പല നിരൂപകന്മാരുമുണ്ട്. ചുരുക്കത്തിൽ മനുഷ്യന്റെ മാംസ ദാഹത്തിന്ന അവിരാമം അഴിഞ്ഞാട്ടം നടത്തുവാനുള്ള ഒരു ലൈസൻസായിട്ടാണ് ഒന്നിൽ കൂടുതൽ ഭാര്യമാരെ സ്വീകരിക്കാമെന്ന ഇസ്‌ലാമികസമ്പ്രദായത്തെ പല രും വ്യവഹരിച്ചു കാണുന്നത്,

എന്നാൽ ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ നേരെ പരിഹാസത്തിന്റെ പടവാളുമായി ഇറങ്ങുന്ന ഇവർ, ഇസ്‌ലാമികശാസനകളെ ശരിക്കും മനസ്സിലാക്കാത്തവരാണ്. തന്മൂലം ഉത്തമമായ ഒരു സിദ്ധാന്തവും ഉന്നതമായ ഒരാശയവും പരക്കെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുമുണ്ട്. ഈ കുപ്രചരണങ്ങളെ മാററുവാനും, ഏതെല്ലാം സന്ദർഭങ്ങളിലാണ്- എന്തെല്ലാം നിബന്ധനകളോടെയാണ്- ബഹുഭാര്യത്വം ഇസ്‌ലാം അംഗീകരിച്ചിരിക്കുന്നത് എന്ന് വെളിച്ചത്തുകൊണ്ടുവരുവാൻ അധികംപേർ തുനിഞ്ഞു കാണാത്തത് വേദനാജനകമത്രെ.

എന്താണ് ഇസ്ലാമിലെ ബഹുഭാര്യത്വം? ഏതെല്ലാം സന്ദർഭങ്ങളിലാണ് അത് അനുവദനീയമായിട്ടുള്ളത്? അതു് അടിസ്ഥാനപരമായ ഒരു നയമാണോ? പൊതുനിയമത്തിന്ന ഒരപവാദവും അനുബന്ധവുമല്ലെ? നിർബന്ധിത സാഹചര്യത്തിന്റെ സമ്മർദ്ദം മൂലം ഒന്നിൽ കൂടുതൽ സഹധർമ്മിണിമാരെ സ്വീകരിക്കാൻ ഇടവന്നാൽ അവരോട് എങ്ങിനെയാണ് പെരു

മാറേണ്ടത്? ബഹുഭാര്യത്വം അനുവദിക്കുന്നതിന്നു പിന്നിൽ എത്രമാത്രം സന്മാർഗ്ഗികാംശമുണ്ട്? വെറും മാംസദാഹത്തിന്നു സാമൂഹ്യാംഗീകാരം നൽകൽ മാത്രമാണോ ഇതു കൊണ്ടുദ്ദേശിക്കുന്നത്? ഇതൊക്കെ ചിന്തിക്കുമ്പോൾ വിവാഹത്തെക്കുറിച്ചുള്ള ഇസ്ലാമിക ആശയവും, അഭിലാഷവും എന്തൊക്കെയാണെന്നു കൂടി മുൻകൂട്ടി ധരിച്ചിരിക്കേണ്ടതാണ്. ശാരീരികമായ ഒഴിച്ചുകൂടാത്ത ആവശ്യമത്രെ ലൈംഗിക തൃഷ്ണ. അടിച്ചമർത്തപ്പെടുന്ന വികാരങ്ങൾ കൂടുതൽ തീവ്രതയോടെ തലപൊക്കുക സ്വാഭാവികമാണ്. അപ്പോൾ മനുഷ്യൻെറ ഒഴിവാക്കാനാവാത്ത ഈ ആസിക്തിയെ ചിട്ടപ്പെടുത്തി നിയമസാധുത്വം നൽകൽ ലൈംഗികമായ അരാജകത്വത്തേയും സാമൂഹ്യമായ അസാന്മാർഗ്ഗികത്വത്തേയും ഉന്മൂലനം ചെയ്യുവാൻ ആവശ്യമാണ്. ഇസ്ലാം വൈവാഹികജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നത് ഈ പ്രവണത കണ്ണിൽ കണ്ടുകൊണ്ടത്രെ. തെററുകളിൽ നിന്നും വിവാഹം മനുഷ്യനെ വിലക്കി മാററിനിറുത്തുന്നു. അവന്നു മതബോധവും, ദൈവവിശ്വാസവും, ഭക്തിയും സന്മാർഗ്ഗനിഷ്ഠയും. സദാചാരവും, സാമൂഹ്യ ഉത്തരവാദിത്വവും ഉണ്ടാക്കുവാനും വൈവാഹിക ജീവിതം സഹായിക്കുന്നു. വിവാഹത്തിൻെറ ഉദ്ദേശ്യത്തേയും, ഉന്നത്തേയും വിശദമാക്കുവാൻ ഞാൻ കഴിഞ്ഞ അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്. മനുഷ്യനിൽ ഭക്തിയും വിശ്വാസവും, സന്മാർഗ്ഗബോധവും, ഉത്തരവാദിത്വവും ജനിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് സംവിധാനം ചെയ്യപ്പെട്ട വിവാഹസമ്പ്രദായത്തെ വളരെ നിസ്സാരമാക്കി തരംതാഴ്ത്തി പരാമർശിക്കുന്നത് അപലപനീയമാണ്.

ഇസ്ലാം ബഹുഭാര്യാത്വത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ഏകഭാര്യയോടുകൂടി സംതൃപ്തമായ ജീവിതം നയിക്കുവാനാണ് ഇസ്ലാം ഉൽബോധിപ്പിക്കുന്നത്. ഏക ഭാര്യത്വമാണ് ഇസ്ലാമിൻെറ ഉന്നം. എന്നാൽ ക്രൈസ്തവരുടെ ഇടയിലുള്ള നിർബന്ധനിയമം ഇവിടെ ഇല്ല. ഒരു ചെറിയ സമൂഹത്തെയോ, രാജ്യത്തേയോ കണ്ണിൽ കണ്ടുകൊണ്ടല്ലാ ഇസ്ലാമികനിയമം നിലവിൽ വന്നതു്. അതു് കാലാദേശങ്ങളുടെ സീമകൾക്കപ്പുറം സാർവ്വലൌകികവും, സാർവ്വത്രികവുമാണ്. ഏതു രാജ്യത്തിനും, ഏതു വർഗ്ഗത്തി

ന്നം ഏതു കാലത്തിനും പററിയ രീതിവിലുള്ളതായിരിക്കണം മ ...ാ സാർവ്വജനീനമായ ഒരു മതത്തിൻെറ ആത്മസത്ത അ ...ാം അയവില്ലാത്ത ഒരു നിയമം പ്രാബല്യത്തിൽ വരുത്താൻ ...ാസമാണ്. കാലദേശങ്ങളുടെ വ്യത്യസ്ത സ്വഭാവത്തെ ...യും ക്രമാനുഗതമായി മാറിമറിയുന്ന മനുഷ്യൻെറ ഗതി വിഗതി ...ളും കണക്കിലെടുക്കേണ്ടത് മാതൃകാപരമായ ഏതു നിയമ സംഹിതയുടെയും അടിസ്ഥാന പ്രമാണമായിരിക്കണം. ഈ ...ം സാധാരണമാക്കുക മാത്രമാണ് ഒന്നിൽ കൂടുതൽ ഭാര്യ ...െ സ്വീകരിക്കാമെന്ന നിയമം കൊണ്ടുദ്ദേശിക്കുന്നത്.

ശാരീരികദൗർബല്യം മൂലം വൈകാരികശേഷി നശിച്ച ...ധർമ്മിണി, മാറാരോഗത്തിൻെറ പീഢനം അനുഭവിക്കുന്ന ...ശയായ ഭാര്യ, ഭർത്താവിൻെറ ആരോഗ്യത്തിനും, ആഗ്രഹ ...ിനും സമ്പൂർണ്ണസംതൃപ്തിനൽകാൻ കഴിയാത്ത സ്ത്രീ, പുരു ...നെ ധാർമ്മികാധ:പതനത്തിലേക്ക് വലിച്ചിഴക്കുന്നു. അത്ത ...ം സന്ദർഭങ്ങളിൽ ഒന്നിൽ കൂടുതൽ വിവാഹം കഴിക്കുക സന്മാർ ...ഗപരമായ ഒരാവശ്യമാണ്. അതുപോലെതന്നെ വിവാഹം ...ൊണ്ട് ഇസ്ലാം വിഭാവനം ചെയ്യുന്ന 'വർഗ്ഗേഗാൽപത്തി' ...ാധിക്കാത്ത അവസ്ഥയിൽ സന്താനലാഭം ഉണ്ടാകുന്നില്ലെ ...ിൽ വീണ്ടും വിവാഹം കഴിക്കാവുന്നതാണ്. ബഹുഭാര്യത്വം ...വദിക്കാത്ത നിയമമാണ് നിലവിലുള്ളതെങ്കിൽ ഇത്തരം ...ർഭങ്ങളിൽ വിവാഹമോചനമാണ് ഏക പോംവഴി. ...തൊരുവക അസ്വാസ്ഥ്യവും ഇല്ലാതിരുന്നിട്ടുകൂടി സ്നേഹിക്കു ...ൻെറ സഹധർമ്മിണിയെ ഉപേക്ഷിക്കേണ്ടതായിവന്ന വേദ ...നകമായ പല കഥകളും എല്ലാ നാട്ടിലും നിലവിലുണ്ട്. ...ിരീടാവകാശിക്ക് ജന്മം കൊടുക്കാൻ കഴിയാഞ്ഞ 'സുരയ്യാ' ...തിയെ പേർഷ്യയിലെഷാ ഉപേക്ഷിക്കുവാൻ നിർബന്ധി ...ായി. അതു പോലെതന്നെ വേദനകരമായ ഒരു വേർപാടി ...ൻെറ കഥ ചരിത്രം പഠിക്കുന്നവിദ്യാർത്ഥികളും വായിച്ചു പോകാ ...ുണ്ട്. വളരെ ഹൃദയസ്പർശിയായ നിലയിൽ പല ചരിത്ര ...ന്മാരും രേഖപ്പെടുത്തിയിട്ടുള്ള നെപ്പോളിയൻെറ വിവാഹ ...ന കഥയാണത്. തൻെറ ആദ്യഭാര്യയായ ജോസഫൈയി ...ിൽ നെപ്പോളിയനു് സന്താനങ്ങളുണ്ടായില്ല. അന്യോന്യം സുദൃ ...മായ സ്നേഹശൃംഖലയാൽ പൊട്ടിച്ചെറിയുവാൻ കഴിയാത്ത

വിധം ബന്ധിതരായിരുന്നിട്ടുകൂടി നെപ്പോളിയന് 'ജോസഫൈയിനി' നെ ഉപേക്ഷിക്കേണ്ടിവന്നു! മഹത്തായ ഒരു വിപ്ളവത്തിന്റെ ജേതാവും, വിസ്തൃതമായ ഒരു സമ്രാജ്യത്തിന്റെ ചക്രവർത്തിയും ആയി ഉയർന്ന നെപ്പോളിയന് കഷ്ടകാലത്തിന്റെ കരിപുരണ്ട കാലങ്ങൾ കടന്നു പോവേണ്ടതായി വന്നു. ജീവിതത്തിന്റെ അസ്തമന ദശയിൽ അന്ന് തടവുകാരനാക്കപ്പെട്ട് ഏകാന്തതയിൽ കഴിഞ്ഞിരുന്ന അദ്ദേഹം താൻ സ്നേഹിക്കുകയും വേർപ്പെടാൻ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്തിരുന്ന 'ജോസഫൈയിനി' നെക്കുറിച്ച് അള്ളിപ്പിടിക്കുന്ന ഓർമ്മകളുമായി കഴിഞ്ഞിരുന്നുവത്രെ. അനേകമനേകം മനുഷ്യശിരസ്സുകളെ വെട്ടിവീഴ്ത്തിയ ആ പടയാളിക്ക് തന്നെ അകമഴിഞ്ഞു ആരാധിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്ന ജോസഫൈയിനിനെക്കുറിച്ച് കരളലിയിക്കുന്ന കദനത്തിന്റെ ഭാരവും പേറിക്കൊണ്ട് പാടുപെട്ടു കഴിയേണ്ടതായി വന്നു. ഇസ്ലാമിൽ നിർബന്ധസാഹചര്യങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള ബഹുഭാര്യത്വം നെപ്പോളിയനെപ്പോലെ അനേകം മനുഷ്യാത്മാക്കളെ അനുഗ്രഹിക്കുന്ന ഒരു ഉപാധികൂടിയാണ്. വേദനിക്കുന്ന ഹൃദയങ്ങൾക്ക് സമാശ്വാസകരമായ സേ്നഹ സാന്ത്വനങ്ങൾ കൂടിചിലപ്പോൾ ബഹുഭാര്യത്വം പ്രദാനം ചെയ്യുന്നുണ്ട്.

നിരന്തരമായ യുദ്ധങ്ങൾ പുരുഷവർഗ്ഗത്തിന്റെ നല്ലൊരു ശതമാനം നശിപ്പിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടം നാം ഭാവനയിൽ കാണുക. അപ്പോൾ സമൂഹത്തിൽ ഉണ്ടായേക്കാവുന്ന വിധവകളുടെയും സ്ത്രീവർഗ്ഗത്തിന്റെ പൊതുവെ തന്നെയും പെരുപ്പത്തിന്ന് നിയമാനുസൃതമായ പരിഹാരം കാണുകകൂടി ഇതുമൂലം സാധിക്കുന്നുണ്ട്. സംരക്ഷണത്തിന്ന് ആരുമില്ലാതെ തെണ്ടിത്തിരിയുന്ന അനവധിയനവധി വിധവകളും വിവാഹിതരാകാൻ സാധ്യമാകാതെ വളരെ വളരെ പ്രായമെത്തിയകന്യകകളും സാമൂഹ്യാചാരങ്ങളെയെല്ലാം അമ്പരപ്പിക്കുമാറു് ഞെട്ടലുണ്ടാക്കിക്കൊണ്ടിരുന്ന ഒരു സന്ദർഭവും കൂടിയായിരിക്കുമത്. സമുദായത്തിൽ സ്ത്രീകളധികവും, പുരുഷന്മാർ കുറവുമായിത്തീരുന്ന സംക്രമജനകമായ അവസ്ഥയിൽ ബഹുഭാര്യത്വം പ്രശംസാർഹമായ ഒരു പരിഹാരമാർഗ്ഗമാണ്. എന്തിന്നു പഴയ കാലങ്ങളി

ന്നുകൾ നോക്കുന്ന രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ പുരുഷവർഗ്ഗത്തിൻെറ കുറവ് സമൂഹത്തിൽ സൃഷ്ടിച്ച വിടവ് എല്ലാ സദാചാര നിയമങ്ങളേയും വെല്ലുവിളിക്കുന്ന തരത്തിലുള്ളതായിരുന്നു. അതിൽ നിന്നും കരകയറി മാറുവാൻ ഇന്നും ആ രാജ്യങ്ങൾക്കൊന്നും പൂർണ്ണമായും സാദ്ധ്യമായിട്ടില്ല. അപ്പോൾ സാമൂഹ്യ സമീകരണത്തിന്നും, രാഷ്ട്രീയമായ കെട്ടുറപ്പിന്നും ചില സന്ദർഭങ്ങളിൽ ബഹുഭാര്യത്വം സഹായകമാണ്.

എന്നാൽ അടിസ്ഥാനപരമായകാരണങ്ങളില്ലാതെ ഒന്നിൽ കൂടുതൽ ഭാര്യമാരെ സ്വീകരിക്കുവാൻ ഒരുമ്പെടുന്ന മുസ്ലിം സ്വന്തം മതശാസനകളോടു നീതികാണിക്കാത്തവനാണ്. കാരണം, ബഹുഭാര്യത്വം അനുവദിക്കുന്നുവെങ്കിലും ഇസ്ലാം അതിനെ നിരുത്സാഹപ്പെടുത്തുവാനുള്ള എല്ലാ നിബന്ധനകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ലോക മുസ്ലിംകളിൽ ബഹുഭൂരിപക്ഷവും ഏകഭാര്യത്വത്തെ അനുകരിക്കുന്നത്. ഒന്നിൽ കൂടുതൽ ഭാര്യമാരെ സ്വീകരിക്കുവാൻ അനുവദിക്കുന്ന ഖുർആൻ വചനത്തിൽതന്നെ അതിൻെറ പരമാവധി നിഷ്ക്കർഷയും നിബന്ധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. "നന്മക്ക് നിദാനമായി നിങ്ങൾക്ക് തൃപ്തിതോന്നുന്ന രണ്ടോ മൂന്നോ, നാലോ സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്യുക. എന്നാൽ അവരോടെല്ലാം സമനിലയിൽ നീതി കാണിക്കാൻ കഴിയുകയില്ലെന്നു നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒന്നിനെ മാത്രം വിവാഹം ചെയ്യുക". ഇവിടെ തുല്യനിലയിൽ നീതിയും പെരുമാററവും നിർബന്ധമാക്കിയിരിക്കുകയാണ്. പക്ഷെഒരാൾക്കു് ഒന്നിൽകൂടുതൽ ഭാര്യമാരുണ്ടെങ്കിൽ എല്ലാപ്രവൃത്തികളിലും പെരുമാററങ്ങളിലും അവരോട് തുല്യനിലകാണിക്കുക സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ യഥാർത്ഥമുസ്ലിമിന്ന് ഈ കുററബോധം ഉണ്ടാകാതെ തരമില്ല. അപരാധബോധമുള്ള മനസ്സാക്ഷിയോടുകൂടി അവന്ന് ഒരു വിവാഹംകൂടി ചെയ്യാൻ സാധിക്കാതെവരും. കാരണം ഖുർആൻ വ്യക്തമായി ശാസിക്കുന്നുണ്ടല്ലോ തുല്യനിലയിൽ പെരുമാറാൻ സാദ്ധ്യമല്ലെന്നു ഭയമുണ്ടെങ്കിൽ ഒന്നിനെമാത്രം കല്യാണം കഴിക്കുക എന്നു്.

മാനുഷികമായ ഈ ദൌർബല്യത്തെ ഖുർആൻതന്നെ വെളിപ്പെടുത്തുന്നുണ്ട്. 'നിങ്ങൾ ആഗ്രഹിച്ചാൽപോലും ഒരേ രീതിയിലും ഒരേ മാതിരിയിലും പെരുമാറുവാൻ (ഭാര്യമാരോട്) നിങ്ങൾക്ക് സാധിക്കുകയില്ല. എന്നാൽഅവരിൽ ആരോടും പക്ഷഭേദം കാട്ടാതിരിക്കുക; ആരോടുംആശങ്കിക്കിടം കൊടുക്കുന്നരൂപത്തിൽ അകന്നു് നിൽക്കാതിരിക്കുക' ഇതിൽനിന്നും വളരെ വ്യക്തമാണു് മനുഷ്യപ്രകൃതിക്ക് പെരുമാററസ്വഭാവങ്ങളിൽ സമതുലിതാവസ്ഥ ക്ഷിപ്രസാദ്ധ്യമല്ലെന്നു്. ഇത്തരംസാഹചര്യങ്ങളിൽ ചിലവിട്ടുവിഴ്ചകൾവേണ്ടിവരും. ഒന്നിൽക്കൂടുതൽ ഭാര്യമാരുള്ള ഒരാൾ ഏതെങ്കിലുംഭാര്യയോടുള്ള കൂടുതൽ അടുപ്പംകൊണ്ടു് മറെറാരുവളോടു് വെറുപ്പുണ്ടാകുന്ന അവസ്ഥ സംജാതമാകാതെ ആത്മനിയന്ത്രണത്തോടുകൂടി പാകതകാണിക്കണം. സ്ത്രീയാകട്ടെ അവളുടെ ചില അവകാശങ്ങളെപ്പോലും ത്യജിക്കുകയും വേണം, ഇങ്ങിനെ വിവാഹമോചനം എന്ന അസുഖകരമായ അവസ്ഥയെ ഒഴിവാക്കാൻ ഇസ്ലാം ഭാര്യയോടും ഭർത്താവിനോടും ഉപദേശിക്കുന്നു.

ഇസ്ലാമിൽ ബഹുഭാര്യത്വം ഒരു പ്രതിവിധി മാത്രമാണു്; ഒരു പ്രസ്ഥാനമല്ല. അതിനു് അതിൻെറ പ്രയോജനങ്ങളും, ഉപദ്രവങ്ങളും കണ്ടേക്കാം. ദോഷങ്ങൾ ഇല്ലായ്മചെയ്യാൻനിഷ്കൃഷ്ടമായ നിഷ്കർഷകൾ അതു നൽകുന്നു. അതേസമയംതന്നെ നിർബന്ധ സന്ദർഭങ്ങൾക്ക് യോജ്യമാംവിധം ഇസ്ലാം അംഗീകാരവും നൽകുന്നുണ്ട്. പക്ഷെ ബഹുഭാര്യത്വം ഇസ്ലാമിൻെറ ശാസനകളിൽ ഒന്നായികാണുന്നത് അസംബന്ധമാണ്. പരമാർത്ഥം നേരെമറിച്ചാണെന്നുള്ളതുകൊണ്ടുതന്നെ.

ഏതു നിയമത്തേയും ആചാരങ്ങൾ കൊണ്ടു അലങ്കോലപ്പെടുത്തുക മനുഷ്യസമുദായത്തിൻെറ ഒരു ശാപമാണ്. ഇസ്ലാമിൻെറ അനുയായികളിൽ ചിലർ ചെയ്യുന്ന പ്രവൃത്തികളെ ഇസ്ലാമികസിദ്ധാന്തമായി കണക്കാക്കുന്നതുകൊണ്ടാണ് പരക്കെ ഇന്നു കാണുന്ന ഈ തെററിദ്ധാരണ സംജാതമായത്. പ്രമാണങ്ങളും പ്രവൃത്തികളും ഒരുമിച്ചു കൊണ്ടുപോയാലെ ഏതൊരു പ്രസ്ഥാനവും വിജയിക്കുകയുള്ളു. മുസ്ലിം സമുദായം, എന്നു് ഈ പൊതുതത്വത്തെ മാനിക്കാതെ പൊരുത്തക്കേട് കാണിച്ചിട്ടുണ്ടോ ഇസ്ലാമിക സിദ്ധാന്തങ്ങളെ പ്രയോഗത്തിൽ വികല

[illegible]ത്തി സൗകര്യത്തിനുവേണ്ടി വിരൂപമാക്കിയിട്ടുണ്ടോ അപ്പോഴൊക്കെ ഇസ്‌ലാമിന്റെ ശത്രുക്കൾ അതിൽനിന്നു മുതലെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. അസംബന്ധമായ കുപ്രചരണങ്ങൾ ഫലവത്തായി പ്രചരിപ്പിച്ചിട്ടുണ്ട്. അത്തരം വിഷയങ്ങളിലൊന്നാണ് ബഹുഭാര്യത്വ സിദ്ധാന്തത്തെപ്പററി പരക്കെ പ്രചരിച്ചിരിക്കുന്ന ഈ അബദ്ധധാരണ. മുസ്‌ലിംകൾ അവരുടെ സൽപ്രവൃത്തികൾ മൂലം ഈ തെററിദ്ധാരണയ്ക്ക് അറുതിവരുത്തിയാലേ ഇസ്‌ലാമിക നിയമങ്ങളോട് കൂറുള്ളവരാകുകയുള്ളൂ.

## ix

**വിവാഹമോചനം**

നിർബന്ധ സാഹചര്യങ്ങളിൽ ബഹുഭാര്യത്വം അനുവദനീയമെന്നപോലെതന്നെ വിവാഹമോചനത്തിനും ഇസ്‌ലാമിൽവ്യവസ്ഥയുണ്ട്. ഇവ രണ്ടുംതന്നെ അവസരങ്ങളുടെ സമ്മർദ്ദത്തെ നേരിടാൻ നയപരമായി വരുത്തിയിരിക്കുന്ന അപവാദങ്ങളാണ്. അല്ലാതെ ബഹുഭാര്യത്വവും വിവാഹമോചനവും ഏതു സന്ദർഭത്തിലും എതൊരാൾക്കും നിഷ്പ്രയാസം ഉപയോഗപ്പെടുത്താവുന്ന ഉപാധികളല്ല. പ്രത്യേക പരിതസ്ഥിതികളെ പരിഗണിച്ച ഇസ്‌ലാമിക നിയമത്തിൽ ഉടനീളം കാണാവുന്ന അപവാദങ്ങൾ മാത്രമാണ്. ഇവയെ നീതിക്കു നിരക്കാത്ത രീതിയിൽ നിരങ്കുശം പ്രയോഗിക്കുന്നവർ നിർല്ലോഭമുണ്ട്. മനുഷ്യന്റെ കുടുംബസംവിധാനത്തിലും ഇടപഴകലിലും ആവശ്യം ഉണ്ടാകുന്ന തടുക്കാനരുതാത്ത പ്രത്യേകതകളെ തൃപ്തികരമായി നേരിടേണ്ടത് ഒരു സാമൂഹ്യ സംവിധാന വ്യവസ്ഥയിൽ അനിവാര്യമത്രെ; ഇസ്‌ലാമിക നിയമം ഈ ചുമതല നിറവേററുകയാണു ചെയ്യുന്നത്; അതിനെ ദുർവിനിയോഗപ്പെടുത്തുന്ന ചിലരുണ്ടെന്നതു കൊണ്ടുമാത്രം ആ ഉപാധിയെ ആക്ഷേപിക്കുന്നത് ശരിയല്ല എല്ലാ മതസ്ഥരിലും എല്ലാ ജനവിഭാഗങ്ങളിലും നിയമം പാലിക്കാത്തവർ ഉണ്ടാകുന്നുവെന്നതുകൊണ്ടുമാത്രം നിയമങ്ങൾ വേണ്ടെന്നു ആരും പറയാറില്ലല്ലോ.

ഇസ്‌ലാമിൽ വിവാഹം ഒരു സിവിൽ കരാർ ആണ്. ഒരിക്കലും പൊട്ടിച്ചെറിയാൻ കഴിയാത്ത ഒന്നായി അതിനെ ഇസ്‌ലാം നിർബന്ധമാക്കുന്നില്ല ഒരു കരാർ എന്നതു കൊണ്ടുതന്നെ നീക്കുപോക്കിനു ഇടം നൽകുക എന്ന സ്വഭാവംഅതിൽ അന്തർലീനമാണ്.

വിവാഹമാകട്ടെ, വിവാഹ മോചനമാകട്ടെ ഈ കരാറിൽ ഉൾപ്പെട്ട പാർട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് നിദാനമായി നിൽ

രണ്ടു പാർട്ടികൾക്കും സമ്മതമാണെങ്കിൽ രണ്ടു സാ സാന്നിദ്ധ്യത്തിൽ നിർവിഘ്നം നിർവഹിക്കാവു ടങ്ങാണ് വിവാഹം. പരിഷ്കൃതമായ രാജ്യങ്ങൾ ഇസ്ലാമികമായ ഈ നിയമങ്ങളോട് കൂടുതൽഅടു വരികയാണ്. 1900 മുതൽ ജർമ്മനിയിൽ സി വിവാഹം മാത്രമേ അംഗീകരിച്ചിട്ടുള്ളു വധൂവരന്മാർ സാക്ഷികളോടുകൂടി ഒരു രജിസ്ട്രാരുടെ അടുക്കൽ വിവാ സമർപ്പിക്കുന്നു. ഇരുകക്ഷികളോടും വിവാഹിത സമ്മതമാണോ എന്നാരാഞ്ഞതിനുശേഷം രണ്ടു സാ ളോടുകൂടി വിവാഹക്കരാർ രജിസ്ട്രാക്കുന്ന സമ്പ്രദായമാ അവിടെയുള്ളത്. ജർമ്മനിയിലും അമേരിക്കയിലും വി മോചനം നടത്താവാനുള്ള നിയമവും നടപ്പിലുണ്ട്. 1857 നുശേഷം ഇംഗ്ളണ്ടിലും 1884 നുശേഷം ഫ്റാൻസി വിവാഹമോചനം നടത്തുവാനുള്ള നിയമങ്ങൾ പ്രാബല്യ വന്നു. എന്നാൽ ഇററലിയിൽ വിവാഹമോചനം സാ ഇന്ത്യയിൽ സിവിൽ വിവാഹത്തിനു നിയമസാദ്ധ്യ വിവാഹ മോചനത്തിന്നുള്ള നിയമവും നിലനിൽ അങ്ങിനെ നോക്കുമ്പോൾ 1300 കൊല്ലങ്ങൾക്കുമു വ്യവസ്ഥാപിതമായ ഇസ്ലാമിക നിയമം ഇരുപതാം പരിഷ്കൃത മനുഷ്യനുപോലും ഉത്തമമാതൃക നിൽക്കുവെന്നു കാണുവാൻ സാധിക്കും. യുക്തിയും യും ഉള്ളവർ പണ്ടുമുതൽക്കെ ഇസ്ലാമിക നിയമങ്ങളെ പുകഴ്ത്തിയിട്ടുണ്ട്—എല്ലാമതങ്ങളിലും എല്ലാ രാജ്യങ്ങ പ്പെട്ടവർ.

ന്നിട്ടും ഇസ്ലാമിക നിയമത്തിന്റെ നേരെ അരിശം വർ ധാരാളമാണ്. ഖുർആൻ പോലും പരിഭാഷ ട്ടുള്ള പണ്ഡിതനായ ജി. സെയിൽകൂടി ഈ പൊതു ആരോപണം നടത്തുന്നവരിൽ ഉൾപ്പെടുന്നു. അദ്ദേഹ ന്റെ അഭിപ്രായത്തിൽ ഒരു മുസ്ലീം ഭർത്താവിനു നി മായ മനഃപ്രയാസത്തെ മാനിച്ചുപോലും ഭാര്യയെ ഉപേ ക്കാനാവും. വിവാഹ മോചനത്തിന്റെ കാര്യത്തിലും ഇസ്ലാമിക നിയമം സ്ത്രീകൾക്കു തുല്യനില കൊടുക്കുന്നി ന്നു അദ്ദേഹത്തിന് ആക്ഷേപമുണ്ട്. വിവാഹമോചനം വദനീയമായിട്ടുള്ള സന്ദർഭങ്ങൾ ഏതൊക്കെയാണെന്നു വി

...സ്യം വീണ്ടും വിളിച്ചുവരുത്തുകയും ചെയ്യലുമുണ്ടായിരുന്നു. ഒരു സ്ഥിരതയോ കെട്ടുറപ്പോ ഇല്ലാത്ത, അല്ലലും ആശങ്കയും നിറഞ്ഞ കുടുംബജീവിതം. സ്ത്രീകൾക്ക് കളിപ്പാട്ടങ്ങളെക്കാൾ ഉപരിയായ സ്ഥാനം അറേബ്യ കൽപിച്ചിരുന്നില്ല. ഇത്തരം നിരന്തരമായ യാതനകൾ നിറഞ്ഞൊരു കാലഘട്ടത്തിലാണ് ഇസ്ലാമിന്റെ പ്രവാചകൻ ദിഗ്മുഖങ്ങൾ പൊട്ടുമാറ് പ്രഘോഷണം ചെയ്തത്: "ദൈവത്തിന്റെ ദൃഷ്ടിയിൽ നിയമസാധുതയുള്ളവയിൽവെച്ച് ഏററവും ഇഷ്ടപ്പെടാത്ത കാര്യം" വിവാഹമോചനമാണെന്ന്, ഭാര്യയെ ഉപേക്ഷിക്കുന്ന സമ്പ്രദായത്തെ കഠിനമായ ഭാഷയിൽ നിരുൽസാഹപ്പെടുത്തുവാനുള്ള എല്ലാ സന്ദർഭങ്ങളും റസൂൽകരീം ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുള്ളത് കാണാം. "അടിമകളെ സ്വതന്ത്രരാക്കുന്ന പ്രവൃത്തിപോലെ പടച്ചവന്റെ സ്നേഹത്തിനു നിദാനമാകുന്ന മററൊന്നിനേയും അവൻ ഈ ഭൂലോകത്ത് സൃഷ്ടിച്ചിട്ടില്ല, വിവാഹ മോചനംപോലെ അവന്റെ കഠിനമായ വെറുപ്പിനു പാത്രീഭൂതമാകുന്ന മററൊന്നിനേയും അവൻ ഈ ഭൂലോകത്ത് സൃഷ്ടിച്ചിട്ടില്ല." മററൊരവസരത്തിൽ നബി ഇപ്രകാരം അറിയിച്ചു. "അനിവാര്യമായ കാരണങ്ങളില്ലാതെ ഭർത്താവിനെ ഉപേക്ഷിക്കുവാൻ ആവശ്യപ്പെടുന്ന സ്ത്രീക്ക് സ്വർഗ്ഗത്തിന്റെ പരിമളം നിഷേധിക്കപ്പെട്ടിരിക്കുന്നു,' ഇതുമാത്രമല്ല ഭാര്യാഭർത്തൃബന്ധത്തെ പരിച്ഛേദിക്കുന്ന കാരണങ്ങളൊക്കെതന്നെ നബിതിരുമേനി അപലപിച്ചിട്ടുണ്ട്. ക്ഷമയും, സ്നേഹവും മറക്കാനും, പൊറുക്കാനുമുള്ള മനസ്സാന്നിദ്ധ്യവും, ഇതിനെല്ലാം ഉപരി പടച്ചവനിലുള്ള ഭയവും സ്ത്രീപുരുഷ ബന്ധത്തെ ക്രമപ്പെടുത്തുന്ന ഉപാധികളാണെന്ന് പ്രവാചകൻ അനുസ്മരിപ്പിക്കുന്നു. അൽഗസ്സാലിയുടെ സുചിന്തമായ അഭിപ്രായത്തിൽ ഭാര്യയെ ഉപദ്രവിക്കാൻ ഉന്നം വച്ചുകൊണ്ടോ തക്കതായ കാരണമില്ലാതെയോ വേർപിരിയുന്നത് തെററു മാത്രമല്ല പാപവും കൂടിയാണ്, എന്നാൽ സ്ത്രീയുടെ ഭാഗത്ത് അസഹനീയമായ സ്വഭാവദൂഷ്യവും, സ്വഭാവത്തിൽ പൊരുത്തക്കേടും പാരമ്യത്തിലെത്തിയാൽ വിവാഹവിച്ഛേദനം നടത്താവുന്നതാണെന്ന് അദ്ദേഹം തുടർന്നറിയിക്കുന്നു. ഇതിൽ നിന്നൊക്കെ വിവാഹമോചനത്തെ ഇസ്ലാം നിരുൽസാഹപ്പെടുത്തുന്നുവെന്ന് സുവ്യക്തമാണല്ലോ. സുഖകരമായും, സന്തോഷകരമാ

ക്കുകയും വീണ്ടുംവിളിച്ചുവരുത്തുകയും ചെയ്യലുമുണ്ടായിരുന്നു. ഒരു സ്ഥിരതയോ കെട്ടുറപ്പോ ഇല്ലാത്ത, അല്ലലും ആശങ്കയും നിറഞ്ഞ കുടുംബജീവിതം. സ്ത്രീകൾക്ക് കളിപ്പാട്ടങ്ങളെക്കാൾ ഉപരിയായ സ്ഥാനം അറേബ്യ കൽപിച്ചിരുന്നില്ല. ഇത്തരം നിരന്തരമായ യാതനകൾ നിറഞ്ഞൊരു കാലഘട്ടത്തിലാണ് ഇസ്ലാമിൻെറ പ്രവാചകൻ ദിഗ്മുഖങ്ങൾ പൊട്ടുമാറ് പ്രഘോഷണം ചെയ്തത്:"ദൈവത്തിൻെറ ദൃഷ്ടിയിൽ നിയമ സാധുതയുള്ളവയിൽവെച്ച് ഏററവും ഇഷ്ടപ്പെടാത്ത കാര്യം" വിവാഹമോചനമാണെന്ന്, ഭാര്യയെ ഉപേക്ഷിക്കുന്ന സമ്പ്രദായത്തെ കഠിനമായ ഭാഷയിൽ നിരുൽസാഹപ്പെടുത്തുവാനുള്ള എല്ലാ സന്ദർഭങ്ങളും റസൂൽകരീം ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുള്ളത് കാണാം. "അടിമകളെ സ്വതന്ത്രരാക്കുന്ന പ്രവൃത്തിപോലെ പടച്ചവൻെറ സ്നേഹത്തിനു നിദാനമാകുന്ന മറെറാന്നിനേയും അവൻ ഈ ഭൂലോകത്ത് സൃഷ്ടിച്ചിട്ടില്ല, വിവാഹ മോചനംപോലെ അവൻെറ കഠിനമായ വെറുപ്പനു പാത്രീഭൂതമാകുന്ന മറെറാന്നിനേയും അവൻ ഈ ഭൂലോകത്ത് സൃഷ്ടിച്ചിട്ടില്ല." മറെറാരവസരത്തിൽ നബി ഇപ്രകാരം അറിയിച്ചു. "അനിവാര്യമായ കാരണങ്ങളില്ലാതെ ഭർത്താവിനെ ഉപേക്ഷിക്കുവാൻ ആവശ്യപ്പെടുന്ന സ്ത്രീക്ക് സ്വർഗ്ഗത്തിൻെറ പരിമളം നിഷേധിക്കപ്പെട്ടിരിക്കുന്നു,' ഇതുമാത്രമല്ല ഭാര്യാഭർത്തൃബന്ധത്തെ പരിച്ഛേദിക്കുന്ന കാരണങ്ങളൊക്കെത്തന്നെ നബിതിരുമേനി അപലപിച്ചിട്ടുണ്ട്. ക്ഷമയും, സ്നേഹവും മറക്കാനും, പൊറുക്കാനുമുള്ള മനഃസാന്നിദ്ധ്യവും, ഇതിനെല്ലാം ഉപരി പടച്ചവനിലുള്ള ഭയവും സ്ത്രീപുരുഷ ബന്ധത്തെ ക്രമപ്പെടുത്തുന്ന ഉപാധികളാണെന്ന് പ്രവാചകൻ അനുസ്മരിപ്പിക്കുന്നു. അൽഗസ്സാലിയുടെ സുചിന്തമായ അഭിപ്രായത്തിൽ ഭാര്യയെ ഉപദ്രവിക്കാൻ ഉന്നം വച്ചുകൊണ്ടോ തക്കതായ കാരണമില്ലാതെയോ വേർപിരിയുന്നത് തെററു മാത്രമല്ല പാപവും കൂടിയാണ്, എന്നാൽ സ്ത്രീയുടെ ഭാഗത്ത് അസഹനീയമായ സ്വഭാവദൂഷ്യവും, സ്വഭാവത്തിൽ പൊരുത്തക്കേടും പാരമ്യത്തിലെത്തിയാൽ വിവാഹവിച്ഛേദനം നടത്താവുന്നതാണെന്ന് അദ്ദേഹം തുടർന്നറിയിക്കുന്നു. ഇതിൽ നിന്നൊക്കെ വിവാഹ മോചനത്തെ ഇസ്ലാം നിരുൽസാഹപ്പെടുത്തുന്നുവെന്ന് സുവ്യക്തമാണല്ലോ. സുഖകരമായും, സന്തോഷകരമാ

യും കുടുംബജീവിതം നയിക്കാൻ സാദ്ധ്യമാകാത്ത സന്ദർഭങ്ങളിൽ ആ ഭാരിച്ച ദുർഘടകത്തെ ഒഴിവാക്കാൻ ഒരു ചെറിയ തെററ് സ്വീകരിക്കുന്നതിൽ ഇസ്ലാം തടസ്സമായി നിൽക്കുന്നില്ല എന്നു മാത്രമേയുള്ളൂ. അങ്ങിനെ വേർപിരിയുന്ന ഭാര്യാഭർത്താക്കന്മാർക്ക് പിന്നീട് വേണമെങ്കിൽ പുനർവിവാഹം ചെയ്യാവുന്നതാണ്.

വിവാഹ മോചനത്തിൻെറ സർവ്വദൂഷ്യവശങ്ങളേയും കണക്കിലെടുത്തുകൊണ്ടുതന്നെയാണ് അനിവാര്യമായ സാഹചര്യത്തിൽ അതു ചെയ്യുവാനുള്ള അനുവാദം നൽകിയിരിക്കുന്നതു്. അന്യോന്യം സ്നേഹമില്ലാതെയും ധാരണയില്ലാതെയും നിരന്തരമായ നരകയാതന അനുഭവിക്കുന്ന മനുഷ്യാത്മാക്കൾക്ക് അതിൽനിന്നും മോചനം കൊടുക്കേണ്ടത് ധർമ്മം മാത്രമാണ്. ഭാര്യാഭർത്താക്കന്മാർ വിവാഹത്തിൻെറ ഉദ്ദേശ്യത്തേയും ഉന്നത്തേയും തൃപ്തികരമായി അനുസരിക്കാതിരിക്കുകയും ലക്ഷ്യത്തെത്തന്നെ പരാജയപ്പെടുത്തുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വേർപിരിയുക എന്നതിൽ കവിഞ്ഞ ഒരു പോംവഴിയും ഇല്ല. ഇതു അനുവദിക്കപ്പെടാത്ത നിയമമായിരുന്നുവെങ്കിൽ സ്വരച്ചേർച്ചയും, ഇഷ്ടവും ഇല്ലാതെ നിത്യ ദുരിതമനുഭവിക്കുന്ന എത്രയെത്ര കുടുംബങ്ങൾ ആത്മീയമായും സാമൂഹ്യമായും നശിക്കുമായിരുന്നേനെ. രണ്ടു കൂട്ടർക്കും ഇതര വിവാഹങ്ങൾ കൊണ്ട് സംതൃപ്ത ജീവിതം നയിക്കുവാനുള്ള പന്ഥാവ് തുറന്നിട്ടു കൊടുക്കുകയാണു് വിവാഹ മോചനം മൂലം ഇവിടെ ചെയ്യുന്നത്.

# X

## അനുരഞ്ജന ശ്രമവും വിവാഹമോചനവും

തെററിദ്ധാരണക്കിടം കൊടുക്കാത്ത വിധം അസന്ദിഗ്ദ്ധമായിത്തന്നെ ഇസ്ലാമികനിയമം, പ്രഖ്യാപനം ചെയ്യുന്നതു് അനുരഞ്ജനത്തിനുള്ള മാർഗങ്ങളെല്ലാം പരാജയമടഞ്ഞതിന്നു ശേഷമേ വിവാഹം ദുർബ്ബലപ്പെടുത്തുവാൻ പാടുള്ളു എന്നാണ്. അതായത് നിയമപരവും ഔപചാരികവുമായ മാർഗ്ഗങ്ങളത്രയും തീർന്നാൽ മാത്രമേ അവസാനകയ്യായി വേർപാടിൽ അവസാനിപ്പിക്കുവാൻ പാടുള്ളു. തടുക്കാനരുതാത്ത - അടുക്കാൻ ഒരിക്കലും സാദ്ധ്യമാകാത്ത- അത്തരം പരിതസ്ഥിതിയിൽ വിവാഹമോചനം അനുവദിക്കുക മാത്രമല്ല അതു് അഭികാമ്യമായും ഇസ്ലാം കണക്കാക്കുകയും ചെയ്യുന്നു. നിഷ്കളങ്കവും നിഷ്കന്മഷവും ആയ അത്തരം പ്രവൃത്തികളുടെ ഉദ്ദേശ്യശുദ്ധിയെ ഇസ്ലാം മാനിക്കുകയും ചെയ്യുന്നുണ്ടു്. ഖുർആൻ വ്യക്തമാക്കുന്നു. "അവർ (ഒരുമിക്കാനൊക്കാത്ത സ്ഥിതിയിലെത്തിയ ദമ്പതികൾ) വേർപിരിയുകയാണെങ്കിൽ പടച്ചവൻ അവൻെറ അപാരതകൊണ്ടു് അവരെ കൂടുതൽ സമ്പന്നരാക്കുന്നു കാരണം സ്രഷ്ടാവ് സർവ്വവ്യാപിയും സർവ്വജ്ഞനുമാണ്." വിവാഹമോചനത്തെപ്പററി പരാമർശിക്കുന്നേടത്തു് തന്നെ വേർപാടിൽ എത്താതിരിക്കത്തക്ക ഒത്തുതീർപ്പുശ്രമങ്ങളെ ഊന്നിപ്പറയുകയാണ് ഖുർആൻ ചെയ്യുന്നതു്. ചുരുക്കത്തിൽ നിർവ്വാഹമില്ലാത്ത സന്ദർഭത്തിൽമാത്രമെ ഇതു ചെയ്യുവാൻ പാടുള്ളു എന്നു് സാരം. അതു ചെയ്യാൻ തീരുമാനിച്ചാൽതന്നെ അനുരഞ്ജന പരിശ്രമങ്ങളത്രയും തോൽവിയടഞ്ഞതിന്നുശേഷമെ പാടുള്ളു താനും. ഖുർആൻ പ്രഖ്യാപിക്കുന്നതു് നോക്കുക. നല്ല സ്ത്രീകൾ അനുസരണമുള്ളവരും അവരുടെ ഭർത്താക്കന്മാരുടെ അഭാവത്തിൽ ശ്രദ്ധാലുക്കളുമാണ്. എന്തെന്നാൽ സ്രഷ്ടാവ് അവ

രോട് കൂടുതൽ ശ്രദ്ധാലുക്കളായിരിക്കുവാൻ കല്പിച്ചിരിക്കുന്നു എന്നാൽ നിങ്ങൾക്ക് (ഭർത്താക്കന്മാർക്ക്) ഭയം തോന്നുന്ന രൂപത്തിൽ ശണ്ഠകൂടുന്ന സ്വഭാവക്കാരാണോ അവരെ (ഭാര്യമാരെ) നിങ്ങൾ ശാസിക്കുക, നിങ്ങളുടെ കിടക്കയിൽ നിന്നു അവരെ മാററി വേറെ കിടത്തുക. അവരുടെ കുററങ്ങൾക്കനുസൃതം ശിക്ഷിക്കുക. എന്നാൽ അവർ അനുസരണയുള്ളവരാണെങ്കിൽ അവർക്കെതിരെയുള്ള മാർഗ്ഗങ്ങൾ ആരായരുത്; തീർച്ചയായും സ്രഷ്ടാവ് സർവ്വശക്തനാണ് ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിരിയേണ്ടതായി വരുന്നു എന്നു നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അവന്റെ (ഭർത്താവിന്റെ) കുടുംബത്തിൽ നിന്നും അവളുടെ (ഭാര്യയുടെ) കുടുംബത്തിൽ നിന്നും ഓരോ ന്യായാധിപനെ വീതം അയക്കുക. അവർ ന്യായാധിപന്മാർ) ഒത്തുതീർപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ പടച്ചവൻ നിശ്ചയമായും അവരെ (ദമ്പതികളെ) ഒരുമിപ്പിക്കും. എന്തെന്നാൽ സ്രഷ്ടാവ് എല്ലാം അറിയുന്നവനും സർവജ്ഞനുമാണ്,"

ഒരു സ്ത്രീ ചാരിത്രവതിയും, ഭാര്യ എന്ന നിലയിൽ അവളുടെ ചുമതലകൾ നിർവ്വിഘ്നം നിർവഹിക്കുന്നവളുമാണെങ്കിൽ ഇസ്ലിമിക നിയമം അവളോട് ദയയോടും മര്യാദയോടും ഏററവും നല്ല രീതിയിലും പെരുമാറുവാൻ ഭർത്താവിനെ ബാദ്ധ്യസ്ഥനാക്കുന്നു. അല്ല അവൾ കലഹപ്രിയയാണെങ്കിൽ അവളെ സംസ്കരിച്ചെടുക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററിയും ഭർത്താവിനെ ഉൽബോധിപ്പിക്കുന്നു.

"ചൊല്ലിക്കൊട്, തല്ലിക്കൊട്, തള്ളിക്കള" എന്ന പഴഞ്ചൊല്ലിന്റെ സാരമാണ് ഇവിടെയും അനുസരിക്കേണ്ടത്. വിഷമക്കാരിയായ ഒരു ഭാര്യയെ ഉപദേശിച്ചും പരിഹസിച്ചും ശാസിച്ചും ശരിയാക്കാൻ ശ്രമിക്കുകയാണ് ആദ്യത്തെ ഘട്ടം. പുരുഷന്മാർ കൂടുതൽ പരിജ്ഞാനികളും ലോകത്തിന്റെ പുത്തൻ പ്രസരങ്ങളുമായി പരിചയപ്പെടുവാൻ അവസരം ലഭിക്കുന്നവരുമാകയാൽ സ്ത്രീകളെ സ്വന്തം ആശയത്തിനും, കാലത്തിന്റെ വ്യത്യാസത്തിനും അനുസരിച്ച് ഉയർത്തിക്കൊണ്ടു വരേണ്ടത് അവരുടെ ചുമതലയാണ്. പുരുഷൻ കരുപിടിപ്പിക്കുന്ന ആദർശ ലോകത്ത് ഒരു ഇയ്യാൻപാററയായി സ്ത്രീ ചിറക് കരിഞ്ഞു തകരാതിരിക്കണമെങ്കിൽ അവളെയും സംസ

...തിന്റെ ഔന്നത്യത്തിലേക്ക് ഉയർത്തിക്കൊണ്ട് വരേ ...യുണ്ട്. ആ ഉത്തരവാദിത്വമാണ് ഇവിടെ ഭർത്താവി ...ൽ അർപ്പിതമായിട്ടുള്ളത്.

എന്നിട്ടും മെരുക്കാനൊക്കാത്ത സ്വഭാവമാണെങ്കിൽ അ... സ്വന്തം കിടക്കയിൽ നിന്നും കുറെ ദിവസത്തേക്കെങ്കി... മാററുക, ഇത് ഒരു ഭീക്ഷണിയും മുന്നറിയിപ്പുമാണ്. ...ജീവിതത്തിന്റെ ഗൌരവം അവളിൽ അങ്കുരിപ്പിക്ക... ഇത് സഹായകമായി നിൽക്കേണ്ടതാണ്. ഇതിന്നു ...വും നന്നാകാനുള്ള സൂചനയില്ലെങ്കിൽ സ്ഥായിയായ കേ... ററാത്ത രൂപത്തിൽ അടിക്കുക. ഇവിടെ ശിക്ഷിക്കുവാനുള്ള ...അധികാരം ഒരു മനുഷ്യജീവിയെ നിഷ്കരുണം മൃഗീയമർദ്ദന...ിന്നു ഇരയാക്കുവാനല്ല: പ്രത്യുതവിവാഹമോചനം മൂലമുള്ള ...ത്തകർച്ചയെ ഇല്ലാതാക്കുവാനും, അവളുടെ തെററിനെ ...ച്ച് അവളിൽ ബോധമുളവാക്കുവാനും അത് തിരുത്തുവാ...ം... മാത്രമാണ്. അല്ലാതെ മനുഷ്യത്വരഹിതമായി ഈ ...അധികാരം ഉപയോഗിക്കുന്നതു് തെററും ഇസ്ലാമികദൃഷ്ട്യാ ...ാർഹവുമാണ്. ഈ അവസ്ഥക്ക്ശേഷവും നേരെയാകാ... സ്വഭാവമാണ് അവരം കാണിക്കുന്നതെങ്കിൽ വിവാഹമേ... പോംവഴി. അത്തരം സന്ദർഭങ്ങളിൽ ഇരുവരുടെയും ...ാരിൽനിന്നും നല്ലവരായ ഓരോ മാന്യവ്യക്തികളെ ...പ്പെടുത്തി അനുരഞ്ജനത്തിനുള്ള സാദ്ധ്യതകരം പരി... ക്കേണ്ടതാണ്. ഈ മദ്ധ്യസ്ഥന്മാരാകട്ടെ ഒത്തുതീർപ്പി... പരമാവധി പരിശ്രമങ്ങരം നടത്തുവാൻ ബാദ്ധ്യസ്ഥരു...ു് ഇവർ യോജിപ്പിന്നുള്ള ആഗ്രഹവും ഉപാധിയും നിർദ്ദേ...ൽ അതനുസരിക്കുവാൻ ഭാര്യ ഭർത്താക്കന്മാർ നിർബ...രാണ്. നേരെ മറിച്ച് അവരുടെ പരിശ്രമങ്ങരം പരാ...യുകയാണെങ്കിൽ വിവാഹമോചനം ചെയ്യുവാനുള്ള അനു...ം നൽകുവാൻ ഇവക്ക് അധികാരമുണ്ട്. ഇത്രയും സുദീർഘ...മായ പരിശ്രമങ്ങരംക്കും, പരീക്ഷണങ്ങരംക്കും ശേഷമെ അ...സാനമായി വേർപാടിന്റെ പ്രശ്നം ഉദിക്കുന്നുള്ള എന്നു ...ക്തമാണല്ലോ. അതും രണ്ടു ന്യായാധിപന്മാരുടെ മദ്ധ്യസ്ഥ...ർപ്പിന്നുശേഷവും ആകമ്പോരം വ്യക്തിപരമായ വൈകാ...കാവേശമോ പ്രകൃതിദത്തമായ സ്വഭാവവൈകല്യമോ കടന്നു ...തിരിക്കുവാൻ സഹായകമാകും.

വിയോജിപ്പിനുള്ള കാരണങ്ങരം ഭർത്താവിൽനിന്നാണ് ഉണ്ടാകുന്നതെങ്കിൽ മേലുദ്ധരിച്ച രീതിയിലുള്ള തെററ് തിരുത്താനുള്ള അവകാശം ഭാര്യക്ക് നൽകുന്നില്ല അതിനു കാരണവുമുണ്ട്. ഭാര്യ ഭർത്താവിനെ ശാസിച്ച് ശരിയാക്കാൻ ശ്രമിച്ചാലും അതിനുശേഷം തല്ലി നന്നാക്കാൻ ഒരുങ്ങിയാലും കൂടുതൽ വൈരാഗ്യം വളർത്തുവാനേ സാദ്ധ്യമാകൂ അതുകൊണ്ട് അത്തരം സന്ദർഭങ്ങളിൽ വിവാഹമോചനം ചെയ്യുവാൻ ഭാര്യക്ക് ഇസ്ലാമികനിയമം അനുവാദം നൽകുന്നു. ഇസ്ലാമിൻെറ ആവിർഭാവത്തിനുമുമ്പ് ഈ അവകാശം സ്ത്രീകരംക്കുണ്ടായിരുന്നില്ല. ചരിത്രത്തിലാദ്യമായിട്ടാണ് തുല്യമായ ഈ പദവി സ്ത്രീകരംക്ക് ലഭിക്കുന്നതെന്ന് പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. എന്നാൽ പുരുഷന്മാരോട് അവരിലധിഷ്ഠിതമായിട്ടുള്ള അവകാശത്തെ വളരെ സൂക്ഷിച്ചു ഉപയോഗിക്കുവാൻ കല്പിക്കുന്നതുപോലെതന്നെ സ്ത്രീകളോടും ഈ അധികാരത്തെ ദുരുപയോഗപ്പെടുത്തരുതെന്നു വ്യക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ചുവടെ ചേർക്കുന്ന ' ആയത്ത്', ഈ സംഗതി സവ്യക്തമാക്കുന്നു: " ഭർത്താവിൽനിന്നും വെറുപ്പും, ചീത്തയും (ഭാര്യ) ഭയപ്പെടുന്നുവെങ്കിൽ അതവരെ കുററക്കാരാക്കുന്നില്ല. അവർക്ക് അന്യോന്യം യോജിച്ച് അനുസരിക്കുവാൻ സാധിക്കുന്നുവെങ്കിൽ, കാരണം ഒത്തുതീർപ്പാണ് ഏററവും നല്ലതായിട്ടുള്ളത് " ചുരുക്കത്തിൽ ഒഴിവാക്കാൻ ആവാത്ത അങ്ങേയററത്തെ അടിയന്തരാവസ്ഥയിൽ എടുത്തു പ്രയോഗിക്കേണ്ട അവസാനായുധമാണ് വിവാഹമോചനം. അതാകട്ടെ ' മസ്ലഹത്തി'ൻെറ എല്ലാശ്രമങ്ങളും പരാജയപ്പെട്ടതിനുശേഷമെ പാടുള്ളു.

ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുന്നതിനെ 'തലാഖ്' എന്നും, ഭാര്യയിൽനിന്നാണ് വിവാഹമോചനത്തിനുള്ള ശ്രമങ്ങരം ഉണ്ടാകുന്നതെങ്കിൽ അതിനു ഖുൽക്ക് എന്നും പറയുന്നു. ഇരുകൂട്ടരുടേയും സമ്മതത്തോടുകൂടി ചെയ്യുന്ന മൂന്നാമത് ഒരു സമ്പ്രദായമുണ്ട്, അതിനെ 'മുബാറാത്ത്', എന്നു വിളിക്കുന്നു. പല നിയമങ്ങളിലും വിവാഹമോചനം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇസ്ലാമികനിയമത്തിലുള്ളതുപോലെ തിരിച്ചെടുക്കാവുന്ന വ്യവസ്ഥ മററൊന്നിലും ഇല്ല. എന്നാൽ ഈ സൌകര്യത്തെ ഇസ്ലാമിൻെറ

ശൈശവദശയിൽ പലരും സ്ത്രീകളുടെ താൽപര്യത്തിന്നെതിരായി ദുരുപയോഗപ്പെടുത്തിയിരുന്നു. ആ സന്ദർഭത്തിൽ വിവാഹമോചനവും തിരിച്ചുവിളിക്കലും ക്രമീകരിക്കേണ്ടതായിവന്നു കൂടി. പ്രവാചകൻവഴി പടച്ചവൻ അറിയിച്ചു: "നിങ്ങൾക്ക നിങ്ങളുടെഭാര്യമാരെ ഉപേക്ഷിക്കാം. ഒന്നുകിൽ അവരെ മനുഷ്യത്വത്തോടുകൂടി മടക്കി എടുക്കുക അല്ലെങ്കിൽ ദയയോടുകൂടി പിരിച്ചയക്കുക" മററൊരുഖുർആൻ സൂക്തം ഈ വിഷയത്തെ ഇങ്ങിനെ വിവരിക്കുന്നു: 'നിങ്ങൾ സ്ത്രീകളെ ഉപേക്ഷിക്കുമ്പോൾ പറഞ്ഞയക്കേണ്ട സന്ദർഭമായാൽ ഒന്നുകിൽ വിശാലമനസ്കതയോടുകൂടി അവരെ തിരിച്ചെടുക്കുക അല്ലങ്കിൽമഹാമനസ്സോടുകൂടി തന്നെപറഞ്ഞയക്കുക. എന്നാൽ തിരിച്ചെടുക്കുന്നത് അവരോട് അന്യായം കാട്ടാനോ, നിർബന്ധപരിമിതികളോടുകൂടിയോ ആകാതിരിക്കട്ടെ ദുരുദ്ദേശ്യത്തോടുകൂടി (വിരോധം പോക്കുക )ആരെങ്കിലും ഇതു ചെയ്യുന്നുവോ അവർ തീർച്ചയായും അപകടം സ്വയം വലിച്ചുവക്കുകയാണ് ''.

മനുഷ്യന്റെ സന്തോഷകരമായ കുടുംബജീവിതത്തിന്ന അവശ്യം ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങളാണ് ഇസ്ലാമികനിയമം. അതെടുത്തു പെരുമാറുന്നത് നിയമാനുസൃതം തന്നെയായിരിക്കണം. അവ സൌകര്യപൂർവ്വം പലരും അലങ്കോലപ്പെടുത്തുന്നതുകൊണ്ട് ഖുർആനിക നിയമങ്ങളും, സുന്നത്തും തെററിദ്ധരിക്കപ്പെട്ടു കിടക്കുകയാണ്. വിവാഹമോചനത്തെ ഇസ്ലാം ഒരിക്കലും പ്രോത്സാഹിപ്പിക്കുന്നില്ലെന്നു മാത്രമല്ല വഴക്കുണ്ടായാൽകൂടി പിരിയാതിരിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും പ്രത്യേകം നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ അതർഹിക്കുന്ന ഗൌരവത്തോടെ എത്രപേർ ഇന്ന് അതിനെ കണക്കാക്കുന്നുവെന്ന് കുലങ്കഷമായി ചിന്തിക്കേണ്ടതാണ്. നിസ്സാരമായ വഴക്കിന്റെ അടിസ്ഥാനത്തിൽ വിമ്മിഷ്ടപ്പെട്ടുനിൽക്കുന്ന ദമ്പതികളെ തറവാട്ടിന്റെയും, മാനത്തിന്റെയും പേരിൽ അകൽച്ചയുടെ വിടവുവർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയാണ് പലരും ചെയ്യുന്നതു്. പൊള്ളയായ പദവിയും പ്രതാപവും, ആഭിജാത്യവും, അന്തസ്സുമൊക്കെ പൊക്കികാട്ടിയുമാണ് ഇന്ന് യഥാർത്ഥത്തിൽ പല കുടുംബങ്ങളെയും തകർത്തിട്ടുള്ളത്. ദുരഭിമാനത്തിന്റെ മറപിടിച്ചുകൊണ്ട് ന്യായവാദം നടത്താൻ ഒരുമ്പെടുന്നവർ ഇസ്ലാമികനിയമം മനസ്സിലാക്കാത്തവരാണ്. പണത്തി

ൻേറയും, പൊന്നിൻേറയും പേരിൽ എത്രയെത്ര വിവാഹമോചനത്തിൻെറ ദാരുണമായ കഥകളാണ് നാം കേട്ടകൊണ്ടിരിക്കുന്നത്. മാതാപിതാക്കന്മാരുടേയോ, സഹോദരന്മാരുടേയോ, അമ്മവാന്മാരുടെ തന്നെയോ ദുർവാശിക്ക് വിധേയരായി, അന്യോന്യം അകലാൻ ഇഷ്ടപ്പെടാത്ത അനവധി ഭാര്യാഭർത്താക്കന്മാർ അവരുടെ സുഖകരമായ കുടുംബജീവിതം തകക്കുന്നത് നാം നിത്യേനകണ്ടുകൊണ്ടിരിക്കുന്ന പരമാർത്ഥങ്ങളാംമാത്രമാണ്. ഈവക പ്രവൃത്തികൾ ഇസ്ലാമിൻെറ അനുയായികളെന്നു അവകാശപ്പെടുന്നവർനിത്യേയ ചെയ്തുകൊണ്ടിരിക്കുമ്പോൾ അതുകാണാൻ ഇടവരുന്നവി മതസ്ഥർ മഹനീയമായ ഇസ്ലാമിക നിയമങ്ങളെ തെററിദ്ധരിക്കുന്നുവെങ്കിൽ കററം അവരുടേതല്ല; നീതിക്ക് വിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നവരാണ് ഉത്തരവാദികൾ, അവരുടെ മേൽ സ്രഷ്ടാവിൻെറ ശാപം ഉണ്ടാകുന്നതണ്. നിയമാംഗീകാരമുള്ളവയിൽവെച്ച് ഏററവും വെറുക്കപ്പെട്ട പ്രവൃത്തി "യായി ഇതിനെ ഇസ്ലാം കാണുമ്പോൾ അൽപന്മാരുടെ ഹ്റ്സ്വബുദ്ധിമാത്രംകൊണ്ടു ലാഘവത്തോടു കൂടി വിവാഹമോചനത്തെ കൈകാര്യം ചെയ്യുന്നത് അനല്പമായ അപരാധമാണ്. സ്വന്തം പല്ലുകൊണ്ടു അരച്ചതിന്നാൽ ദഹനത്തിന് എളുപ്പംകിട്ടുമെങ്കിലും, 'കവുടി'പ്പല്ല് കൊണ്ട് ഭക്ഷണസാധനങ്ങൾ ചവച്ചിറക്കിയാൽ ചിലപ്പോൾ ദഹനക്കേടും സംഭവിച്ചെന്നു വരും. ഗഹനങ്ങളായ ആശയങ്ങളും, മഹത്തരങ്ങളായ ആദർശങ്ങളും മനസ്സിലാക്കുവാനും ദഹിപ്പിക്കുവാനും അല്പന്മാരുടെ കുത്സിതബുദ്ധിക്ക് സാദ്ധ്യമാകുകയില്ല. പടച്ചൻെറ നിയമങ്ങൾക്കതീതമായി മാനവമാഹാത്മ്യവും, മാനവും കണക്കാക്കപ്പെടുന്നത് അഹംഭാവവും, ആഭാസവുമാണ്. ഈ പ്രവിണത മാററി ഇസ്ലാമികനിയമങ്ങൾക്ക് അതർഹിക്കുന്ന പ്രാധാന്യം ജീവിതത്തിൻെറ എല്ലാ തുറകളിലും നൽകിയാൽ മാത്രമേ സമുദായം നന്നാവുകയുള്ളു. നിയമത്തിന്നു നിരക്കാത്ത പ്രവൃത്തി • ആരുചെയ്താലും സാമൂഹ്യമായ അംഗീകാരം കൊടുക്കാൻ പാടില്ലാത്തതാണു വ്യക്തികളുടെ തന്നിഷ്ടത്തിന്നും, അഴിഞ്ഞാട്ടത്തിന്നും വിട്ടുകൊടുക്കേണ്ട കാര്യമല്ലല്ലോ ഇസ്ലാമികനിയമം.

തലാഖ്

വിവാഹമോചനം പലവിധത്തിലുണ്ട്. എന്നാൽ പ്രവാചകൻെറ അനുവാദവും പ്രീതിയും ലഭിച്ചിട്ടുള്ളത് 'അഹ്സൻ' എന്നറിയപ്പെടുന്ന തലാഖ്'ന്നാകുന്നു. 'തലാഖി' എന്നു പറഞ്ഞാൽ ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുന്ന സമ്പ്രദായമാണ്. ഇതിന്നു് പല നിബന്ധനകളുമുണ്ട്. അവ ഓരോന്നും വിവാഹമോചനത്തെ തടയുവാൻവേണ്ടിയുള്ള ഉപാധികളാണ്. 'അഹ്സൻ' എന്നറിയപ്പെടുന്ന 'തലാഖി'ന്ന് അനുസരിക്കേണ്ട ക്രമതലകൾ താഴെ വിവരിക്കുന്നു. ആദ്യമായി ഭർത്താവു് "ഉപേക്ഷിക്കുന്നു" എന്നു് ഒരു പ്രാവശ്യം പ്രഖ്യാപിക്കുക. ഉപേക്ഷയുടെ പ്രഖ്യാപനം കഴിഞ്ഞാൽ സ്ത്രീകൾ 'ഇദ്ദ' (മറകിടക്കുക) ആചരിക്കേണ്ടതുണ്ട്. 'ഇദ്ദ'യുടെ കാലം കഴിയുന്നതിനുമുമ്പ് യോജിപ്പിന്നുള്ള ശ്രമങ്ങൾ നടത്താവുന്നതും ഇരുവരും ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ പടച്ചവൻെറ കാരുണ്യം അവരുടെ മേൽ ഉണ്ടാകുന്നതുമാണ്. താൽക്കാലികമായ പരിഭവമോ, പരാതിയോ അരിശമോ അമർഷമോ കൊണ്ടാണ് ഈ പ്രഖ്യാപനം ഉണ്ടായതെങ്കിൽ തിരിച്ചെടുക്കുവാനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയാണ് ഇതുമൂലം ചെയ്യുന്നത്. എന്നാൽ ഈ ആദ്യപ്രഖ്യാപനംതന്നെ എല്ലാ സന്ദർഭത്തിലും ചെയ്യുവാൻ നിയമമില്ല. അതിനും ചില പരിമിതികൾ നിശ്ചയിച്ചിരിക്കുന്നു. ഈ നിബന്ധനകളാകട്ടെ വിവാഹമോചനത്തെ എല്ലാവിധത്തിലും ഇല്ലതാക്കുവാനുള്ള മാർഗതടസ്സങ്ങൾ ഉണ്ടാക്കുവാനാണ്, ആദ്യത്തെ പ്രാവശ്യം ഭാര്യയെ ഉപേക്ഷിക്കുന്നുവെന്നു് പ്രഖ്യാപിക്കുന്നതുതന്നെ അവൾ ശുദ്ധമായിരിക്കുമ്പോൾ ആയിരിക്കണം. മാസക്കുളി കഴിഞ്ഞിരിക്കുകയും എന്നാൽ ലൈംഗികമായ ബന്ധമുണ്ടായിരിക്കുകയും ചെയ്താൽ ഈ

ഉപേക്ഷാപ്രഖ്യാപനം അസാധുവാണ്. ഗസ്സാലി ഇമാമിന്റെ അഭിപ്രായത്തിൽ ഉപേക്ഷ നടത്തുന്നതു് അവരം തീണ്ടാരി കഴിഞ്ഞു ശുദ്ധമായിരിക്കുന്ന സന്ദർഭത്തിൽതന്നെ ആയിരിക്കണം എന്നു് ഊന്നി പ്രസ്താവിക്കുന്നുണ്ട്. ആദ്യത്തെ പ്രഖ്യാപനം കഴിഞ്ഞാലും ലൈംഗികബന്ധം ആകാവുന്നതാണ്. എന്നാൽ അതോടുകൂടി ആ മൊഴി ചൊല്ലൽ അസാധുവാകുന്നു. ചുരുക്കത്തിൽ തീണ്ടാരിയുടെ 'മനാരം' കളി കഴിഞ്ഞതിന്നുശേഷമെ ഉപേക്ഷാമൊഴി പറയുവാൻ പാടുള്ളൂ എന്നു് സാരം.

അങ്ങനെ ഉപേക്ഷാപ്രഖ്യാപനം നടന്നുകഴിഞ്ഞാൽ മൂന്നു മാസക്കാലത്തേക്കു് സ്ത്രീകൾ മറകിടക്കണമെന്നാണു് ആചാരം. ഖുർആൻ വ്യക്തമാക്കുന്നു. "ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ മൂന്നു പ്രാവശ്യം തുടർച്ചയായി തീണ്ടാരി ഉണ്ടാകുന്ന സമയംവരെ അവരെ സംബന്ധിച്ചിടത്തോളം കാത്തിരിക്കേണ്ടതാണ്" ഈ കാലയളവിൽ ഭർത്താവു ഭാര്യയുമായി ലൈംഗികബന്ധമുണ്ടാകയില്ലെങ്കിൽ ഉപേക്ഷാപ്രഖ്യാപനം പ്രാബല്യത്തിൽ വരും. അബ്ദുല്ലാഹിബ്നുഉമ്മർ എന്ന സഹാബി, ഭാര്യ തീണ്ടാരിയായിരിക്കുമ്പോൾ ഉപേക്ഷിച്ചു. പ്രവാചകന്റെ പ്രതികരണം തദ്വിഷയമായി എന്തായിരുന്നുവെന്നു നമുക്കു രേഖയുണ്ട്. "അദ്ദേഹം അവരെ തിരിച്ചെടുത്തു് താമസിപ്പിക്കട്ടെ, അവർ ശുദ്ധിയായിക്കഴിഞ്ഞു് വീണ്ടും മാസക്കളിയുണ്ടാവുകയും വീണ്ടും ശുദ്ധീകരിക്കപ്പെടുകയും ചെയ്തശേഷവും ഉപേക്ഷിക്കണമെന്നു തന്നെയാണ് തോന്നുന്നതെങ്കിൽ അദ്ദേഹം ഉപേക്ഷിച്ചുകൊള്ളട്ടെ പക്ഷെ അതുചെയ്യുന്നതു് അവർ ശുദ്ധമായിരിക്കുമ്പോഴും, അവരെ സമീപിച്ചിട്ടില്ലാത്തപ്പോഴുമായിരിക്കണം.......— ഇത്രയും ദീർഘമായ ഇദ്ദ അനുഷ്ഠിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നതുതന്നെ വിവാഹമോചനം ഇല്ലാതാക്കുവാനാണ്. താൻ ചെയ്യുവാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ ഗൌരവസ്വഭാവം അങ്കുരിപ്പിക്കുവാനും, തക്കതായ കാരണമില്ലാതെയാണെങ്കിൽ പ്രായശ്ചിത്തത്തോടുകൂടി തെററു് തിരുത്തുവാനുള്ള അവസരം നൽകുവാനുമാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്.

എന്നാൽ ഈ 'ഇദ്ദ'യുടെകാലഘട്ടത്തിലും വിവാഹബന്ധം ഇല്ലാതാവുകയോ ഭർത്താവിന്നു് ഭാര്യയുടെമേലും, ഭാര്യക്കു് ഭർത്താവിന്റെമേലും, നിയമപരമായി എല്ലാ അവകാശങ്ങളും നശിക്കുകയോ ചെയ്യുന്നില്ല നേരെ മറിച്ചു് അവ പഴയപടി പ്രാബല്യത്തിൽ നിലനിൽക്കുന്നു. ഈ സന്ദർഭത്തിലും ഭർത്താ

വ് ആശിക്കുന്നുവെങ്കിൽ, ഭാര്യ എന്ന നിലക്കുതന്നെ അവളെ സമീപിക്കാവുന്നതും പെരുമാറാവുന്നതുമാണ്. എന്നാൽ അതോടുകൂടി അയാളുടെഉപേക്ഷാമൊഴി ദുർബ്ബലപ്പെടുകയും ഇദ്ദയുടെ ആവശ്യമില്ലാതാവുകയും, രഞ്ജിപ്പുണ്ടാവുകയും ചെയ്യുന്നു.

മറ കിടക്കുന്ന ഭാര്യക്കു എല്ലാ സൌകര്യങ്ങളും ചെയ്തു കൊടുക്കുവാൻ ഭർത്താവ് നിർബ്ബന്ധിതനാണ്. അയാളുടെ വീട്ടിൽതന്നെ പ്രത്യേകം സ്ഥലവും അവൾക്ക് ആവശ്യമുള്ള എല്ലാ സാധനങ്ങളും പഴയപടിതന്നെ നൽകേണ്ടതുമാണ്. ഖുർആൻ ഇക്കാര്യത്തിൽ വ്യക്തമായി വെളിച്ചം വീശുന്നുണ്ട് •സ്ത്രീകളെ ഉപേക്ഷിക്കുമ്പോൾ അവരെ ഉപേക്ഷിക്കുവാൻ നിശ്ചയിച്ചിട്ടുള്ള സന്ദർഭത്തിൽതന്നെ ചെയ്യുക കാലംകൃത്യമായി കണക്കുകൂട്ടുക, നിങ്ങളുടെ സ്രഷ്ടാവിനെ ഭയപ്പെടുക,പരിശുദ്ധിക്കെതിരായുള്ള വ്യക്തമായ കുററം കാണാതെ അവരെ അവർക്കു സൌകര്യപ്പെടുത്തിയിട്ടുള്ള മുറിയിൽനിന്നും പുറത്തു പോകാനോ, നിങ്ങളെ വിട്ടേച്ചു പോകുവാനോ അനുവദിക്കരുത്. ,, മറകിടക്കുന്ന ഭാര്യയോട് എങ്ങിനെ പെരുമാറണമെന്നു ഖുർആൻ പറയുന്നതുകൂടി സശ്രദ്ധം കേൾക്കുക. ‹‹ നിങ്ങളുടെ സ്ഥിതിക്കനുസരിച്ചു നിങ്ങൾ താമസിക്കുന്നതുപോലെതന്നെ അവളെയും തമാസിപ്പിക്കുകയും, അവളെ വിഷമാവസ്ഥയിൽ എത്തിക്കുവാൻവേണ്ടി ബുദ്ധിമുട്ടുണ്ടാക്കാതിരിക്കുകയും,ചെയ്യുക അവൾ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നതുവരെ അവളുടെ രക്ഷാകർത്തത്വം നിങ്ങൾക്കുണ്ടായിരിക്കും. പ്രസവാനന്തരം നിങ്ങളുടെ കുട്ടിക്കു അവൾ മുലപ്പാലൂട്ടി പോററുന്നുവെങ്കിൽ അവൾക്കു അതിന്റെ കൂലി നൽകുകയും ചെയ്യണം. നിങ്ങൾ അന്യോന്യം ആലോചിച്ചു വിശാല ഹൃദയത്തോടു കൂടി പ്രവർത്തിക്കുക ,,

ഭർത്താവ് ഒന്നോ, രണ്ടു പ്രാവശ്യമോ, ഉപേക്ഷാ പ്രഖ്യാപനം നടത്തിയെന്നു തന്നെയിരിക്കട്ടെ എന്നാൽ ഇദ്ദയുടെ സമയത്ത് ഭാര്യയുമായി സഹവസിച്ചിട്ടുണ്ടെങ്കിൽ അയാളുടെ മൊഴിചൊല്ലൽ അസാധുവായിത്തീരുന്നു. എന്നാൽയാതൊരു തരത്തിലുള്ള ഭാര്യാഭർതൃബന്ധവും ഉണ്ടാകാതിരിക്കുകയും 'ഇദ്ദ' യുടെ കാലം കഴിയുകയും ചെയ്താൽ വിവാഹബന്ധം അവസാനിച്ചതായി കണക്കാക്കണം. അയാൾ ഭർത്താവല്ലാതായി

ത്തിരുകയാണ് ചെയ്യുന്നത്. ഈ സമയത്തിന്നുശേഷവും അവർക്കിരുവർക്കും ഇഷ്ടമാണെങ്കിൽ യോജിക്കാവുന്നതാണ്. പക്ഷെ അത് ഒരു പുനർവിവാഹം കൊണ്ടേ സാധ്യമാകുകയുള്ളൂ. എന്നുവെച്ചാൽ ആദ്യത്തെപോലെ നിക്കാഹ് കഴിച്ചു തിരിച്ചെടുക്കണം. ഇതിൽ നിന്നൊക്കെ പകൽവെളിച്ചംപോലെ തെളിഞ്ഞുകാണുന്ന അടിസ്ഥാനപരമായ ഉദ്ദേശ്യം ഉപേക്ഷാപ്രഖ്യാവനം നടത്തിയാൽതന്നെ അതു് ദുർബ്ബലപ്പെടുത്തുവാനും, കഴിവതും, അനുരഞ്ജനമുണ്ടാക്കുവാനും, സൌകര്യവും സന്ദർഭവും നൽകുക എന്നതാണ്.

എന്നാൽ വഴക്കായി ഭിന്നിച്ച് ഉപേക്ഷാമൊഴിയും ചൊല്ലിനിൽക്കുന്ന കക്ഷികൾ ഈ അവസരത്തെ വേണ്ടും വിധം ഉപയോഗപ്പെടുത്തി, യോജിപ്പിന്നനുകൂലമായ പരിതസ്ഥിതം സൃഷ്ടിക്കുന്നില്ലെങ്കിൽ, ഭർത്താവിനു മൂന്നാമത്തെ മൊഴിയും കൂടിചൊല്ലി, വിവാഹബന്ധം വിച്ഛേദിക്കാവുന്നതാണു്. ഇതോടുകൂടി ഭാര്യ ഒരന്യസ്ത്രീയെപ്പോലെയാവുകയും ഭർത്താവെന്നനിലക്കുള്ള തന്റെ അധികാരാവകാശങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നു. മൂന്നു പ്രഖ്യാപനവും കഴിഞ്ഞാൽ, പുനർവിവാഹം മൂലം അവളെ തിരിച്ചെടുക്കുവാൻ സാദ്ധ്യമല്ല. എന്നിട്ടും വളരെ കുറഞ്ഞ ഉരുപാധി നിഷ്കർഷിക്കുന്നതിതാണു്. ഉപേക്ഷിക്കപ്പെട്ട ഭാര്യയെ വേറെ കല്ല്യാണംകഴിച്ചതിന്നുശേഷം ആ കല്ല്യാണംകഴിച്ച ആൾ മരിക്കുകയോ ഉപേക്ഷിക്കുവാനുള്ള ന്യായവും യുക്തമായ കാരണംകൊണ്ടു് ബന്ധംവിടർത്തുകയോ ചെയ്തതിന്നുശേഷം, ആദ്യത്തെ ഭർത്താവിനു്, ഉഭയസമ്മതപ്രകാരം, അവളെതന്നെ വിവാഹം കഴിക്കാവുന്നതാണ്. ഇതിന്നു യാതൊരു നിയമതടസവും ഇല്ല. ഈ വ്യവസ്ഥ പലരുടെയും നിശിതവിമർശനത്തിന്നു പാത്രമായിട്ടുള്ള ഒരു സംഗതിയാണു്. ഓറയൊററയായിട്ട് അറിവിൽപ്പെട്ട ഏതെങ്കിലും ഒരു വിവാഹവിഛേദത്തിന്റെ കഥ കണക്കിലെടുത്ത് തങ്ങളുടെ ന്യായീകരണത്തെ തൃപ്തിപൂർവ്വം ഉപസംഹരിക്കുകയാണു്. നിരുപകന്മാരത്രയും ചെയ്യുന്നതു്. എല്ലാ നിയമങ്ങളെയും സൌകര്യത്തിനുവേണ്ടി അപായപ്പെടുത്തി മുതലെടുക്കുന്നവരുണ്ടു്. എന്നു കരുതി നിയമങ്ങൾ വേണ്ടെന്നു്വെക്കുവാൻ പരിഷ്കൃതജനസമൂഹത്തിനു് സാദ്ധ്യമല്ലല്ലോ. ഈ കാര്യത്തെ സംബന്ധിച്ചുള്ള

വിമർശനങ്ങളുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. 'തലാഖ് ബിദ ഈത്' എന്ന ഒരു ഉപേക്ഷാസമ്പ്രദായമുണ്ട്. ഇതിന്ന് നിയമ സാധുതയുണ്ടെങ്കിലും ഈ നടപടി ഒരു പാപമായാണ് കണക്കാ ക്കപ്പെടുന്നത്. ഇതിന്നു ഈ പേരു വരാൻതന്നെ കാരണം അതു നബിയായ ഭക്തർക്ക യോജിച്ച പ്രവൃത്തിയല്ലാത്തതുമൂലമാണ്. വിവാഹമോചനം നടന്നാൽ ഭാര്യയുടെ സ്വത്തിൻെറ കാര്യ ത്തിൽ നിയമം വളരെ നിഷ്കർഷകാണിക്കുന്നുണ്ട്. ഭർത്താ വിന് യാതൊരുതരത്തിലും അവളുടെ ധനത്തെ നശിപ്പിക്കുവാ നോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല. അങ്ങിനെ ചെ യ്താൽ നിയമപരമായ നടപടികൾ നടത്തുവാൻ ഭാര്യക്കവകാ ശമുണ്ട്. ഭർത്താവാണ് ഉപേക്ഷിക്കുന്നതെങ്കിൽ അവൾക്ക് കൊടുക്കേണ്ട 'മഹറും' അവളുടെ സ്വത്തും അതിൻെറ അതുവരെയു ള്ള ആദായവും പിന്നെ എന്തൊക്കെ അവളുടേതായിട്ടുണ്ടോ, അ തത്രയും കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഭാര്യയിൽനിന്നാ ണ് വിവാഹമോചനത്തിൻെറ പ്രവൃത്തി ഉണ്ടാകുന്നതെങ്കിൽ അവൾ തൻെറ 'മഹറി ൻെറ ഒരു ഭാഗമോ മുഴുവൻ തന്നെയോ ഭർത്താവിന്നുനൽകണം. സയ്യിദ് അമീർഅലി പറയുന്നതുപോ ലെ 'തീർച്ചയായും ഭാര്യ ഈ സംഗതിയിൽ ഭർത്താവിനെ ക്കാൾ ഏററവും നിർണ്ണായകമായ സൗകര്യം അനുഭവിക്കു ന്നുണ്ട് ''

മുസ്ലീംകളിൽ തന്നെ നിരവധി ആളുകൾ ഈ നിയമം അറിയാത്തവരാണ്. പലരും ഒററവാക്കിൽ ഉപേക്ഷിക്കാ മെന്ന് ധരിച്ചിരിക്കുന്നവരും അത്തരം പ്രവൃത്തികൾ ചെയ്തി ട്ടുള്ളവരുമാണ്. ഇസ്ലാമികമായ ഇത്തരം ജീവിതപ്രശ്ന ങ്ങളെ മനുഷ്യരുടെ അറിവിന്നായി മനസ്സിലാകുന്ന ഭാഷയി ലും, രീതിയിലും പ്രചരിപ്പിക്കേണ്ടതത്യാവശ്യമാണ്. ഏതു സമയത്തു ഉപേക്ഷിക്കണമെന്നോ, എങ്ങിനെ ഉപേക്ഷിക്കണ മെന്നോ അറിയാത്തവർ സ്വയം പാപംചുമക്കുകയും കുററം ഏററെടുക്കുകയും ചെയ്യുക എന്ന ദാരുണാവസ്ഥയാണിത്. നി യമത്തെക്കുറിച്ചുള്ള അറിവില്ലായ്മ ഒരിക്കലും സ്വന്തം കുററ ത്തെ ലഘൂകരിക്കുകയില്ലല്ലോ.

ഇന്നു ഒരു ചെറിയ വഴക്കുണ്ടാവുകയോ, നൈമിഷികമായ വികാരാവേശത്താൽ ആരെങ്കിലും ഉപേക്ഷാപ്രഖ്യാപനം നട

ത്തുകയോ ചെയ്യുമ്പോഠംതന്നെ ഭാര്യയുടെ ആളുകഠംവന്ന് പെണ്ണിനെയുംകൊണ്ട് വണ്ടികയറുന്ന അനിസ്ലാമികമായ പ്രവൃത്തിയാണ് നാം കാണുന്നതു്. ഉപേക്ഷാവചനം നടന്നുകഴിഞ്ഞ ഭാര്യ 'ഇദ്ദ'യുടെ കാലം, ഭർത്താവിൻെറവീട്ടിൽ പ്രത്യേകം സൌകര്യപ്പെടുത്തുന്ന മുറിയിൽ കഴിച്ചുകൂട്ടണമെന്നാണ് നിയമം. അല്ലാതെ ഭാര്യയുടെ പിതാവോ, സഹോദരൻമാരോ, അമ്മാവന്മാരോ ഉടനിടപെട്ടു് ' അവനത്രക്കായോ, എന്ന ഭീഷണിയോടുകൂടി അവരുടെ മകളേയോ, സഹോദരിയേയോ കൂട്ടിക്കൊണ്ടു പോകലല്ല ഇസ്ലാമികനിയമം. കഴിയുന്നതും മാനസികമായ പരിവർത്തനവും പശ്ചാതാപവും ഉണ്ടാകുവാനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയാണ് വേണ്ടത്. അതല്ലെങ്കിൽ ഭാര്യ പോയിക്കഴിയുമ്പോഠം പിന്നെ കുടുംബപരമായമേന്മയുടെ പ്രശ്നവും, വ്യക്തിപരമായ വാശിയുടെ കഴപ്പവും ഒക്കെക്കൂടി വിവാഹമോചനത്തിലെത്തിക്കുകയാണ് പതിവ്. ഇതുനീതിക്കും നിയമത്തിന്നും പററാത്തതാണെന്നു ഒരോരുത്തരും ഓർക്കേണ്ടതാണ്.

ഉദാഹരണത്തിന്നു, അടുത്ത കാലത്ത് നടന്ന, എനിക്ക് നേരിട്ടറിയാവുന്ന ഒരു കഥ ഇവിടെ പകർത്തുകയാണ്. ഭാര്യയുടെ പിതാവ് വീട്ടിൽ വന്നപ്പോഠം അദ്ദേഹവുമായി അല്പം അലോഹ്യമുള്ള ഭർത്താവ് കുശല പ്രശ്നത്തിന്നു നിന്നില്ല അപ്പേരിൽ ഭർത്താവിൻെറ ഇഷ്ടത്തിന്നെതിരായിതന്നെ മകളെയും കൂട്ടിക്കൊണ്ടുപോയി വിവാഹമോചനത്തിൻെറ വക്കോളം കാര്യമെത്തിച്ചു. "അവനെന്നോടു സംസാരിച്ചില്ല കുടുംബത്തിൽ ഞാൻ വന്നതല്ലേ. നീ പോരുന്നുവെങ്കിൽ പോരിക, അല്ലെങ്കിൽ ഞാൻ പോകുന്നു. നീയെൻെറ മകളല്ല ,, എന്നു പറയുന്ന പിതാവിൻെറ മുഖത്തു് നോക്കി " ഞാൻ പോരുന്നില്ലെന്നു പറയുവാനുള്ളചങ്കൂററം വളരെദുർല്ലഭം അബലകഠംക്കെ ഉണ്ടാവുകയുള്ളൂ. "നീപോയാൽ, പിന്നെ എന്നെ കാക്കേണ്ട "എന്ന ഭീഷണിയുമായി ഭർത്താവ് മറുവശത്തും, ഇത്തരം ദുർഘടാവസ്ഥയിൽ കിടന്നു വിഷമിച്ച ഭാര്യ പ്രായംചെന്ന ബാപ്പയുമായി പോയി. തുടർന്നു് വിവാഹമോചനം സംഭവിക്കുമെന്നു ഭയപ്പെട്ട സംഭവഗതികഠം എൻെറ ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുകയാണ്. അവസാനം അദ്ദേഹത്തിന്നുതന്നെ നല്ല ബുദ്ധി

തോന്നി പശ്ചാത്തപിച്ച മകളെ മടക്കികൊണ്ടുവരികയും ചെയ്തു. ഇത്തരുണത്തിൽ ഭർത്താവ് വാശിപിടിച്ചിരുന്നുവെങ്കിൽ കാര്യം അശുഭത്തിലെത്തിയേനെ. എന്നാൽ അയാറം പടച്ചവന് സ്തുതിപറഞ്ഞു മഹാമനസ്കതയോടുകൂടി ഭാര്യയെ സ്വീകരിക്കുകയും ചെയ്തു. ഇതു് അനുഭവത്തിൽനിന്നും പറിച്ചെടുത്ത ഒരേടായതുകൊണ്ട് എടുത്തുപറയുന്നുവെന്നേയുള്ളൂ. വിവാഹമോചനമാകുന്ന ദുരവസ്ഥ അധികവും ഇങ്ങിനെ ഉണ്ടാകുന്നുവെന്ന് സൂചിപ്പിക്കുകയാണിവിടെ. നാം ശരിക്കും ഇസ്ലാമിക നിയമം, അനുസരിച്ച പ്രവർത്തിക്കുകയാണെങ്കിൽ വിവാഹമോചനം നടത്തുക ക്ഷിപ്രസാദ്ധ്യമല്ല.

## ഖുൽഅ്

'ഖുൽഅ്' എന്നറിയപ്പെടുന്നതു് ഭാര്യ ഭർത്താവിനെ ഉപേക്ഷിക്കുന്ന സമ്പ്രദായമാകുന്നു. ഇസ്ലാമിക നിയമം, സ്ത്രീകൾക്കു് എല്ലാ കാര്യങ്ങളിലും പുരുഷനു സമം പദവിയും അധികാരവും അർപ്പിക്കുന്നതിന്റെ പ്രകടമായ പരസ്യപ്പലകയാണ് 'ഖുൽഅ്' വിവാഹജീവിതത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ടതായ ചുമതലകളും അവകാശങ്ങളും തകർക്കപ്പെടുകയും ഒരിക്കലും പൂർത്തീകരിക്കുവാൻ ഒക്കുകയും ചെയ്യാത്ത സന്ദർഭങ്ങളിൽ ഭാര്യക്കു നൽകുന്ന അധികാരമാണിത്. കല്യാണക്കരാർ അവസാനിപ്പിക്കണമെന്നു് അവൾ ഭർത്താവിനോടു ആവശ്യപ്പെടുന്നു. പകരം തന്റെ സ്വത്തിന്റെ ഒരംശം പ്രതിഫലം പറയുകയും ചെയ്യുന്നു. ഈ പ്രതിഫലംപററി ഭാര്യയുടെ ആവശ്യപ്രകാരം അവളുമായുള്ള വിവാഹം വിഛേദിക്കുക എന്നത്ഥം. പ്രതിഫലം പററാതെതന്നെ ഭാര്യയുടെ ആഗ്രഹം പ്രകാശിപ്പിക്കപ്പെടുമ്പോൾ അതിനോടു്യോജിച്ചു ഉഭയകക്ഷികളുടെ സമ്മതപ്രകാരവും വിവാഹമോചനം നടത്താം. അതിനു 'മുബാറാത്ത്', എന്നാണ് പറയുക. പ്രതിഫലം പററാതെ ഭർത്താവ് 'ഖുൽഅ്' അനുവദിക്കുന്നുവെങ്കിൽതന്നെ ഇരുകൂട്ടർക്കും ന്യായാനുസൃതം ചെല്ലേണ്ട പണമിടപാടുകൾ കണക്കു പറഞ്ഞു വാങ്ങുവാനുള്ള നിയമവുമുണ്ടു്.

ഈ പ്രതിഫലം എന്നതിനു അല്പം വിശദീകരണം ആവശ്യമാണ്. അതിനെ നഷ്ടപരിഹാരം എന്നു പറയുന്നതാണ് നന്നാവുക ഇതാകട്ടെ ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ പറഞ്ഞു തീരുമാനിക്കേണ്ട കാര്യമാണ്. ഭാര്യ, അവൾക്കു ഭർത്താവിൽ നിന്നും ലഭിച്ച മഹറിന്റെ ഒരു ഭാഗമോ മുഴുവൻതന്നെയോ, നഷ്ടപരിഹാരമായി നൽകാവുന്നതാണ്. അല്ലെങ്കിൽ ' മറ

കിടക്കുന്ന' കാലത്തു ഭർത്താവിൽ നിന്നും ലഭിക്കേണ്ടതായ ചിലവിന്റെ പണം, അവരം വേണ്ടെന്നുവെക്കുകയോ, അതല്ലെങ്കിൽ രണ്ടു വയസ്സുവരെ അവരുടെ കുട്ടികരംക്കു മുലപ്പാലൂട്ടുന്നതിന്നു ന്യായമായും ലഭിക്കേണ്ട കൂലി ഉപേക്ഷിക്കുകയോ, അഥവാ നിശ്ചിതമായ ഒരു കാലത്തേക്ക് കുട്ടികളെ ഭർത്താവിന്റെ ചിലവുകൂടാതെ സംരക്ഷിച്ചു വളർത്തുവാനുള്ള ചുമതല ഏറെറടുക്കുകയോ ചെയ്യുന്നതുവഴി നഷ്ടപരിഹാരത്തിന്റെ ബാദ്ധ്യത ഭാര്യക്കു ഒഴിവാക്കാവുന്നതാണ്. ചുരുക്കത്തിൽ ഭർത്താവിൽനിന്നും ലഭിച്ച സ്വത്തോ പണമോ മുഴവനായോ ഭാഗികമായോ തിരിച്ചുകൊടുക്കുക എന്നതിൽ കവിഞ്ഞു, തക്കതായ സ്വത്തിന്റെ അംശംപോലും നഷ്ടപരിഹാരത്തിന്റെ പരിധിയിൽപ്പെടുന്നില്ലെന്നു മനസ്സിലാക്കണം.

'തലാഖ്', 'ഖുൽഅ്', ഇവ തമ്മിലുള്ളവ്യത്യാസം യഥാത്ഥമാണ്. വെറും സാങ്കേതിക മല്ല. ഭർത്താവിന്റെ ആഗ്രഹപ്രകാരമുള്ള വിവാഹമോചനത്തിന്നാണ് 'തലാഖ്' എന്നു പറയുന്നത്. തലാഖ്ചൊല്ലുമ്പോരം ഭർത്താവ് ഭാര്യയുമായുള്ള സർവ്വസാമ്പത്തികബാദ്ധ്യതകളും തീർത്തിരിക്കണം. ഭാര്യക്കു ഭർത്താവിനോടുള്ള വെറുപ്പോ, അനിഷ്ടമോ കാരണത്താൽ 'ഖുൽഅ്' ആഗ്രഹിക്കുന്ന അവസ്ഥയിൽ അവരം മഹ്റായി പററിയിട്ടുള്ള സ്വത്തോ, പണമോ പൂണ്ണമായോ, ഭാഗികമായോ കൊടുക്കണം. ഇതിന്നാണ് നഷ്ടപരിഹാരം എന്നു പറയുന്നത്. എന്നാൽ നഷ്ടപരിഹാരം ലഭിക്കുവാൻവേണ്ടി മാത്രം ഒരു ഭർത്താവ് ഭാര്യയെ നിരന്തരം പീഡിപ്പിച്ച് 'ഖുൽഅ്', ചെയ്യിക്കുവാൻ നിർബന്ധിതയാക്കുന്നുവെങ്കിൽ അവരം നഷ്ടപരിഹാരം അക്കാരണത്താൽ തന്നെകൊടുക്കേണ്ടതില്ല. തുടരെത്തുടരെ ഭത്താവിൽ നിന്നുള്ള പെരുമാററദൂഷ്യം അസഹനീയമാകുമ്പോരം അവരംക്ക് നിയമക്കോടതികരം രക്ഷാസങ്കേതം നൽകുന്നു. അവളുടെ പരാതികരം പരിപൂണ്ണമായി തെളിയിക്കപ്പെടുന്നുവെങ്കിൽ കോടതിക്ക് ഭർത്താവിനോടു് ഉപേക്ഷാമൊഴി ചൊല്ലുവാൻ ആവശ്യപ്പെടാം, അയാരം കോടതിയുടെവിധിക്ക് വിപരീതമായ നില സ്വീകരിച്ചു ഉപേക്ഷിക്കാതിരുന്നാൽ ന്യായാധിപന്നുതന്നെ ഭർത്താവിന്നു വേണ്ടി ഉപേക്ഷാപ്രഖ്യാപനം നടത്താവുന്നതാണ്. കോടതി ഇതു ചെയ്തുകഴിഞ്ഞാൽ ഭത്താവെന്ന നിലയിലുള്ള സകല അവകാശങ്ങളും അവസാനിക്കുക

യും, വിവാഹമോചനം പ്രാബല്യത്തിൽ വരികയും ചെയ്യുന്നു. ഇത്തരം നടപടിക്രമം 'തഫരീഖ്', എന്നറിയപ്പെടുന്നു. അതായത് നിയമപിൻബലത്തോടു കൂടിയുള്ള വേർപാടെന്നർത്ഥം. ബുഖാരി നിവേദനം ചെയ്യുന്ന ഹദീസ് അനുസരിച്ച ഇത്തരം വിവാഹവിഛേദനത്തിന്നു പ്രവാചകന്റെ അനുമതിയുണ്ടെന്നു തെളിയുന്നു "ഒരു സ്ത്രീ വിവാഹംമൂലം വിഷമിഷ്ടപ്പെടുന്നുവെങ്കിൽ അതു വിഛേദിക്കപ്പെടട്ടെ", എന്നു നബിതിരുമേനി (സ) പ്രഖ്യാപിച്ചിട്ടുണ്ട്.

ഇസ്ലാമിക ചരിത്രത്തിൽ ആദ്യത്തെ 'ഖുൽഅ്', സംഭവിക്കുന്നത്, താബീദ് ഇബ്നു ഖയിസിന്റെ സഹധർമ്മിണി നടത്തുന്നതായിട്ടാണ് ബുഖാരി റിപ്പോർട്ട് ചെയ്യുന്നത്. അവർ പ്രവാചകന്റെ സവിധത്തിൽ എത്തി അറിയിക്കുകയാണ് "അല്ലയോ ദൈവദൂതാ! ഞാൻ താബീദിന്റെ സ്വഭാവത്തിലോ മതത്തിലോ വിദ്വേഷമുള്ളവളല്ല, എന്നാൽ ഇസ്ലാമികനിയമത്തിന്നു വിപരീതമായ ഏന്തെങ്കിലും സംഭവിക്കുമെന്ന് ഭയപ്പെടുന്നതുകൊണ്ട് ഞാൻ അദ്ദേഹത്തിൽനിന്നും വേർപിരിയുവാൻ ഇച്ഛിക്കുന്നു,,. പ്രവാചകൻ ചോദിച്ചു. "താബീദ് നിനക്കു മഹറായി തന്ന തോട്ടം തിരിച്ചുകൊടുക്കുവാൻ നീ ഒരുക്കമാണോ?,, അവർ അനുകൂലമായി ഉത്തരം പറഞ്ഞുകേട്ട് നബിതിരുമേനി താബീദിനോട് കല്പിച്ചു: "താങ്കളുടെതോട്ടം മടക്കിവാങ്ങുകയും, ഉടൻതന്നെ അവളെ ഉപേക്ഷിക്കുകയും ചെയ്യുക" എന്ന്. ഇവിടെ താബീദ് നിരപരാധിയാണെന്നും, വിവാഹമോചനത്തിന്റെ ആവശ്യം ഭാര്യയിൽനിന്നു ഉണ്ടായതാണെന്നും മനസ്സിലാക്കണം, ഇത്തരം സമയത്ത് മാത്രമേ നഷ്ടപരിഹാരം ലഭിക്കുവാൻ ഭർത്താവിന്നു അവകാശമുള്ളു. പ്രത്യക്ഷമായോ പരോക്ഷമായിപ്പോലുമോ ഭർത്താവ് 'ഖുൽഅ്', ചെയ്യുവാൻ ഭാര്യയെ പ്രേരിപ്പിക്കുകയോ, കാരണക്കാരനാവുകയോ ചെയ്യാത്ത അവസ്ഥയായിരിക്കണം അത്. ഏതെങ്കിലും തരത്തിൽ ഭർത്താവുകൂടി കാരണക്കാരനാണെങ്കിൽ നഷ്ടപരിഹാരത്തിന്നു അയാൾ അനർഹനാകുന്നു. അന്യായമായി ഭാര്യയിൽനിന്നും പ്രതിഫലം പററുന്നത് ഇസ്ലാമികദൃഷ്ട്യാ കുററകരം കൂടിയാണ്. ഭർത്താവ് ഭാഗികമായിട്ടെങ്കിലും കാരണക്കാരനാണെങ്കിൽ നഷ്ടപരിഹാരം വാങ്ങുന്നത് തീർച്ചയായും അനിസ്ലാമിക

പ്രവൃത്തിയായിട്ടാണ എല്ലാ പണ്ഡിതന്മാരും പ്രസ്താവിച്ചിട്ടുള്ളത്. ക്രൂരനും, ധിക്കാരിയുമായ ഭർത്താവിൽ നിന്നും സ്വത്തിന്നും വ്യക്തിക്കും ഇത്രമാത്രം രക്ഷ നൽകിയിട്ടുള്ള മഹനീയമായ ഒരു പ്രസ്ഥാനം ഇസ്ലാം മാത്രമാണെന്നു അനുസ്മരിക്കുക.

ഇഷ്ടപ്പെടാത്ത ഭാര്യയെ "തലാഖ്" ചൊല്ലുന്നതിന്നുപകരം അവളെ ക്രൂരമായ സമ്മർദ്ദത്തിന്നു വിധേയമാക്കി ഖുൽഅ്, നടത്തിച്ചു നഷ്ടപരിഹാരം വാങ്ങുവാനുള്ള പുരുഷന്റെ നീചപ്രവൃത്തിയെ ഖുർആൻ താക്കീതു്ചെയ്യുന്നതുനോക്കുക. " വിശ്വാസികളെ, അവരുടെ ഇഷ്ടത്തിന്നു വിപരീതമായി നിങ്ങൾ നിങ്ങളുടെ ഭാര്യമാരുടെ സ്വത്തിന്റെ അവകാശികളാകുവാനും അവർ മററുള്ളവരെ വിവാഹംചെയ്യുന്നതിനെ തടസ്സപ്പെടുത്തുവാനും നിങ്ങളെ അനുവദിച്ചിട്ടില്ല അങ്ങിനെ നിങ്ങൾ നൽകിയ മഹ്റോ, ധനമോമടക്കി വാങ്ങാനുള്ള നിർബ്ബന്ധം ചെലുത്താതിരിക്കുക ... എന്നാൽ അവരോടു് കാരുണ്യപൂർവ്വം പെരുമാറുക. നിങ്ങൾ അവരിൽ നിന്നും വേർപിരിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ സന്തോഷത്തോടുകൂടി തന്നെ വേർപിരിയുക", ഇത്രയും മഹത്തരമായ ഒരു സന്ദേശം സ്ത്രീപുരുഷബന്ധത്തെപ്പററി മറെറാരുതത്വശാസ്ത്രവും പ്രവഞ്ചനംചെയ്തിട്ടില്ല. വിവാഹമോചനം നടത്തിയാൽതന്നെ സ്ത്രീകളുടെ സ്വത്തിന്മേൽ കൈവെക്കുവാനുള്ള സകല പ്രവണതകളേയും ഇസ്ലാം നിഷിദ്ധമാക്കിയിട്ടുണ്ടു്. ഈ ഖുർആൻ നിയമം നിലവിൽ വരുന്നതിന്നുമുമ്പ് നികൃഷ്ടരായ ചില ഭർത്താക്കന്മാർ ഭാര്യമാരെ നിരന്തരം ഉപദ്രവിക്കുകയും ഒററപ്പെടുത്തി അടച്ചിടുകയും ചെയ്തിരുന്നു. പൊറുതി മുട്ടിയ ഭാര്യമാർ അവസാനം തങ്ങൾക്ക് വിവാഹസമയത്ത് ലഭിച്ച 'മഹറ്" ഭർത്താവിന്നു് തിരിച്ചേൽപിക്കുവാൻ നിർബദ്ധരായിത്തീർന്നിരുന്നു. തിരിച്ചു കിട്ടുന്ന ആ മഹറ് മറെറാരുത്തിക്ക് കൊടുത്ത് പുതിയ കല്യാണം നടത്തുക പലരുടേയും പതിവായിരുന്നു. ഈ നിന്ദ്യപ്രവൃത്തിയെ ഇല്ലാതാക്കുകയാണ് ഇസ്ലാം ഈ പ്രഖ്യാപനംമൂലം ചെയ്തതു്. മാലിക് ഇമാമിന്റെ പക്ഷപ്രകാരം ഒരു ഭാര്യയെ നിർബന്ധിച്ചു ഖുൽഅ് ചെയ്യിച്ചാൽ , ഉപേക്ഷ പ്രാബല്യത്തിൽ വരുമെങ്കിലും പിന്നീട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

കോടതിയുടെ സഹായത്തോടുകൂടി ഭാര്യവിവാഹമോചനം നടപ്പാക്കുന്ന തഫ്രീഖ്, എന്ന ഒരു സമ്പ്രദായത്തെപ്പററി മുമ്പു പ്രസ്താവിച്ചുവല്ലോ 'ഖുൽഅ്' പോലെ 'തഫ്രീഖ്, കഴിഞ്ഞാൽ നഷ്ടപരിഹാരം ഭർത്താവിന്നുലഭിക്കുകയില്ല. ഇത്തരം വിവാഹമോചനം കോടതി അനുവദിക്കുന്ന സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്.

1) നിരന്തരമായ പെരുമാററദൂഷ്യം ഭർത്താവിൽ നിന്നും ഉണ്ടാവുക.

2) വിവാഹക്കരാറിൻെറ വ്യാവസ്ഥകൾപൂർത്തിയാക്കാതിരിക്കുകയോ, പാലിക്കാതിരിക്കുകയോ ചെയ്യുക.

3) ഭർത്താവിന്നു ഭ്രാന്തായിരിക്കുക.

4) ഭേദപ്പെടുത്താൻ സാധ്യമാകാത്ത വിധംധാതുക്ഷയം (ലൈംഗികമായ കഴിവുകേട്) ബാധിക്കുക.

**തെററിദ്ധരിക്കപ്പെട്ട ഒരേടു്**

ഇസ്ലാം, സൈദ്ധാന്തികമായിത്തന്നെ മാംസരക്തങ്ങളുടെ മദാന്ധമായ ഭോഗേഛയെ പ്രോത്സാഹിപ്പിക്കുന്നുവെന്നു ഒരു പ്രചാരമുണ്ട്. ബഹുഭാര്യാസമ്പ്രദായം, വിവാഹമോചനത്തിന്നുള്ള അനുവാദം, എന്നിവമൂലം സമൂഹത്തിൽ അനുദിനം അസന്മാർഗ്ഗിക പ്രവണതകൾ വളർന്നുകൊണ്ടിരിക്കുകയാണെന്നു ഇക്കൂട്ടർ വാദിക്കുന്നു. സിദ്ധാന്തപരമായിനോക്കിയാൽ യാതൊരു വക അസ്പഷ്ടതയും നിഴലിക്കാതെ, ഇസ്ലാമിക നിയമങ്ങൾ നിർമ്മലമായി നിരന്നുകിടക്കുന്നു. ആക്കും ഏതുഭാഷയിലും വായിച്ചറിയാവുന്ന തുറന്നുവെക്കപ്പെട്ട പുസ്തകമാണത്. നിർമ്മത്സര ബുദ്ധികൾക്കു സംശയലേശമെന്യേ നിഷ്പ്രയാസം മനസ്സിലാക്കുവാൻ സാധിക്കുന്ന ഭാഷയിലും രീതിയിലും അവ സുവ്യക്തമാണ്.

ഇസ്ലാം സ്ത്രീപുരുഷബന്ധത്തെ വളരെ ലാഘവത്തോടുകൂടിയാണ് കൈകാര്യം ചെയ്യുന്നതെന്നും അതിലൂടനീളം ലൈംഗികമായ അരാജകത്വമാണ് കാണുന്നതെന്നും ഉള്ള അപലപനീയങ്ങളായ ആരോപണങ്ങൾ നിലവിലുണ്ട്. എന്നാൽ പരമാർത്ഥം എന്താണ്?

പടച്ചവനോടുള്ള നിരന്തരമായ ഭയത്തോടുകൂടിജീവിക്കുവാനും പ്രവർത്തിക്കുവാനുമാണ് ഇസ്ലാം അതിൻെറ അനുയായികളോട് ശാസിക്കുന്നതു്. ഒരു മുസ്ലിം എന്തുതന്നെ ചെയ്യട്ടെ പടച്ചവനിലുള്ള ഭക്തിയോടും ഭയത്തോടും കൂടിയേ അവന്നു് അവസാദ്ധ്യമാകുകയുള്ളു. അവൻെറ ചിന്തകളും, വാക്കുകളും, പ്രവൃത്തികളും, റബ്ബിലുള്ള ഭക്തിയുടെ ഒടുങ്ങാത്ത ദാഹത്തിൽനിന്നും ഉൽഭവിക്കുന്നതാണ്. ലൈംഗികബന്ധങ്ങളിൽപ്പോലും ദൈവഭയം അവൻെറ പ്രവൃത്തിയെ നിയന്ത്രിക്കുകയും ആവര

ണംചെയ്യുകയുംചെയ്യുന്നു. ഈ ദൈവഭയത്തേയും ഭക്ത്തിയേയും ദ്യോതിപ്പിക്കുന്നതാണ് എല്ലാ നിക്കാഹ് സമയങ്ങളിലും ആവർത്തിച്ചാവർത്തിച്ചുകൊണ്ടിരിക്കുന്ന ഖുത്തുബ.

സ്ത്രീയുടെയും പുരുഷൻെറയും ചുമതലകളും കടപ്പാടുകളും വിളിച്ചറിയിക്കുന്ന അത് ഊന്നിപ്രസ്താവിക്കുന്നത് പടച്ചവനിലുള്ള അവസാനിക്കാത്ത ഭയത്തേയും ഭക്ത്തിയേയുമാണ്. ഈ ഖുത്തുബ തുടങ്ങുന്നതുതന്നെ പടച്ചവനെ ഭയപ്പെടുവാനുള്ള ആജ്ഞയോടുകൂടിയാണ്. ഇത് പല പ്രാവശ്യം ആവർത്തിക്കപ്പെടുകയും ചെയ്യുന്നുണ്ട്. "വിശ്വാസികളേ, നിങ്ങൾ പടച്ചവനെ ഭയപ്പെടുക. അവൻ ഭയപ്പെടേണ്ടവനായതുകൊണ്ട് ഭയപ്പെടുക, മുസ്ലിംകൾ അല്ലാതായി നിങ്ങൾ മരിക്കരുത്... തീർച്ചയായും റബ്ബ് നിങ്ങളെനിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ട് അല്ലയോ വിശ്വാസികളെ, പടച്ചവനെ ഭയപ്പെടുക നിങ്ങൾക്കായി നിങ്ങളുടെ പ്രവൃത്തികളെ പടച്ചവൻ അനുഗ്രഹിക്കുന്നതിനുവേണ്ടിയും, നിങ്ങളുടെ പാപങ്ങളെ മാപ്പാക്കുന്നതിനുവേണ്ടിയും വാക്കുകൾ സുനിയന്ത്രിതമാക്കി ഉറച്ച് ഉച്ചരിക്കുക. ആരു് പടച്ചവനേയും അവൻെറ പ്രവാചകനേയും അനുസരിക്കുന്നുവോ, അവൻെറ മേൽ ദൈവികമായ ആശീർവാദങ്ങൾ നിശ്ചയമായും ഉണ്ടായിരിക്കും." ഇങ്ങിനെ ദൈവഭക്തിയിൽ തുടങ്ങി വ്യക്തമായ ഭാഷയിൽ കല്യാണകരാറിലെത്തിച്ചേരുന്ന ദമ്പതികൾക്കു് അവരുടെ ബാദ്ധ്യതകളെക്കുറിച്ചോ, ചുമതലകളെക്കുറിച്ചോ, അവ്യക്ത്തമായി ഒന്നുംതന്നെയില്ല. ഈ ഭയഭക്തിബഹുമാനങ്ങൾ വിവാഹിതരാകുന്ന ആ ദമ്പതികളിൽ അവസാനിക്കാത്ത സ്വാധീനത അവസാനംവരെ നിലനിറുത്തും. അവർ ശരിയായ വിശ്വാസികളാണെങ്കിൽ ദൈവഭക്ത്തിയുടെ അടിത്തറയിൽ കെട്ടിപ്പടുത്ത ആ ദാമ്പത്യബന്ധത്തിൽ അസ്വാതന്ത്ര്യമോ, അലങ്കോലമോ ഉണ്ടാകേണ്ടതായി വരികയില്ല പടച്ചവൻെറ ശാസനക്കു് വിധേയനായി അവനെ ഭയപ്പെട്ടു വിവാഹകരാറിൽ ഏർപ്പെടുന്ന മുസ്ലിമിനെ വിഷയലമ്പടനായി വീക്ഷിക്കുന്നതും വിമർശനത്തിന്നു വിധേയനാക്കുന്നതും വിവേകാഹിത്യമാണ്.

ഖുർആൻ വ്യക്തമാക്കുന്നു: പടച്ചവൻെറ തൃപ്തിക്കുവിധേയനാകുക എന്നതാണ് വിവാഹത്തെ സംബന്ധിച്ചിട

ത്തോളം ആന്തരികമായ ലക്ഷ്യം. ആബോധത്തോടുകൂടി ഒരു മുസൽമാൻ വിവാഹിതനാകുമ്പോഠം അവൻെറ ചെയ്തികളെ വിചിത്രമായി ചിത്രീകരിക്കുന്നതു് അജ്ഞതമൂലമാണ്. നേരെ മറിച്ചു ലൈംഗിക സംതൃപ്തിക്കുവേണ്ടി മാത്രമുള്ള ഒരു മാർഗ്ഗമായി വിവാഹവേദിയിൽ കയറുന്നവൻ റബ്ബിൻെറ പ്രീതിക്കു അർഹനല്ലെന്നു മാത്രമല്ല ദൈവേച്ഛക്കു വിരുദ്ധവുമാണത്. ഈ പരമാത്ഥം മററാരേക്കാളും ഖുർആൻ പഠിച്ചിട്ടുള്ള മുസ്ലിംകഠക്കറിയാം. അപ്പോഠം ദൈവികാംഗീകാരത്തിന്നും അനുഗ്രഹത്തിന്നും വേണ്ടി ഒരുങ്ങി സൽകർമ്മപ്രേരിതനായി വിവാഹത്തിന്നു തയ്യാറാകുന്ന മുസ ലിം ഒരിക്കലും അവൻെറ സ്രഷ്ടാവിൻെറ അതൃപ്തിയും കോപവും ഉളവാക്കുന്ന പ്രവൃത്തിക്കു ഒരുമ്പെടുകയില്ലെന്നു തീർച്ചയായ കാര്യമാണ്.

അപ്പോഠം വളരെ വ്യക്തമാണ്, ഇസ്‌ലാമിലെ വിവാഹവ്യവസ്ഥ പരിശുദ്ധികൊണ്ടു പരിപൂതമാക്കപ്പെട്ടതും, നിരങ്കുശമായ ഭോഗേച്ഛയെ കടിഞ്ഞാണിടുന്നതുമാണ്. ഒരു മുസ്ലിം ഒന്നോ അല്ലെങ്കിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്രതന്നേയോ, കല്ല്യാണംകഴിച്ചു എന്നു തന്നെയിരിക്കട്ടെ എങ്കിൽകൂടി അവന്നു വിവാഹത്തിൻെറ ഉദ്ദേശ്യത്തേയും ഉന്നത്തേയും വിസ്മരിക്കുക സാദ്ധ്യമല്ല. അവൻഭൂജാതനാകുന്നതുതന്നേയും പടച്ചവനെആരാധിക്കുവാൻ വേണ്ടിയാണ്. അല്ലെങ്കിൽ അവനിൽ ദൈവകോപം ഉണ്ടാകുകയും അവൻ വിശ്വാസി അല്ലാതായിത്തീരുകയും ചെയ്യും ഏതുസന്ദർഭമാകട്ടെ നിർവൃതിദായകമായ സ്വർഗ്ഗീയാനുഭൂതി അനുഭവിക്കുന്ന അവസരമാകട്ടെ എങ്കിൽകൂടിയും പടച്ചവനെ സ്മരിക്കുക. ആരാധിക്കുക എന്ന തൻെറ ജീവിതോദ്ദേശ്യം ഒരു നിമിഷനേരംപോലും മനസ്സിൽനിന്നും മാററിയാൽ അവൻ അവിശ്വാസിയായിത്തീരാനും ദൈവശാപത്തിനു് അർഹനായിതീരാനും ഇടവരും. ഗസ്സാലിഇമാം പറയുന്നത് നോക്കുക: ഒരു മുസൽമാനേ സംബന്ധിച്ചിടത്തോളം ഏകഭാര്യാത്വമോ, ബഹുഭാര്യാത്വമോ ആയിക്കൊള്ളട്ടെ പടച്ചവൻെറ സവിധത്തെ പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളിലൊന്നാണ് വിവാഹം

" കാമാസക്തിയോടുകൂടി ഒരു സ്ത്രീയെ കടാക്ഷിക്കുന്ന ഏതൊരുത്തനും അവളുമായി മാനസികമായ വ്യഭിചാരം നടത്തി

കഴിയുന്നു'' എന്നു് ഇസ്ലാം പ്രഖ്യാപിക്കുമ്പോൾ ചീത്ത ഉദ്ദേശ്യത്തോടുകൂടിയുള്ള ഒരു നോട്ടംപോലും നിഷിദ്ധമാണെന്നു് വ്യക്തമാണല്ലോ, അപരിചിതയായ ഒരു സ്ത്രീയേയും ആവർത്തിച്ചാവർത്തിച്ച് നോക്കുന്നതിൽനിന്നും ഓരോ മുസ്ലിമിനേയും ഇസ്ലാം വിലക്കിയിരിക്കുന്നു. സ്ത്രീകൾ എക്കാലവും ആസ്വാദ്യ വസ്തുക്കളായിരുന്നിട്ടുണ്ട്. കൌതുകമുള്ള ആകാരങ്ങളിൽ കവിതകാണുവാനുള്ള സഹൃദയത്വം സഹജാവബോധമായി മനുഷ്യസ്വഭാവത്തിലേക്കു ഒട്ടിച്ചേർന്നതു് ഇന്നും ഇന്നലേയുമല്ല. അതിനു് ആദം ഹവ്വായോളം പഴക്കമുണ്ട്. സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കലാണുത്തമം. മനുഷ്യന്റെ മൃദുലവികാരങ്ങളെ ഇക്കിളിപ്പെടുത്താതിരിക്കത്തക്ക പരിതസ്ഥിതി ഉണ്ടാക്കേണ്ടതു് എല്ലാ മുസ്ലിംകളുടെയും ചുമതലയാണ്. ദുർവ്വാസനകളെ കടിഞ്ഞാണിടുകയാണ് ചെയ്യേണ്ടതു് അവക്കഴിഞ്ഞാട്ടത്തിന്നു അവസരം നൽകാതെ ശ്രദ്ധിച്ചാൽ അത്തരം ദൌർബ്ബല്യങ്ങൾ ശക്തിമത്തായി പ്രവർത്തിക്കുകയില്ല. ഒരാൾ ഒരന്യസ്ത്രീയെ നോക്കുന്നതു് ശുദ്ധമായ ഉദ്ദേശ്യത്തോടുകൂടിതന്നെയാകട്ടെ, അതു് നിരന്തരവും അനുസ്യൂതവുമായാൽ മാനുഷികദൌർബ്ബല്യം ചീത്ത ചിന്താഗതിയിലേക്കു ആനയിച്ചേക്കാമെന്നതുകൊണ്ട്, പരിശുദ്ധ ഖുർആൻ നല്ലതും ചീത്തയുമായിട്ടുള്ള തുടർച്ചയായ 'സ്വതന്ത്ര' വീക്ഷണങ്ങളെ നിരോധിച്ചിരിക്കുന്നു. ദുർബ്ബലമായ വികാരത്തെ നിയന്ത്രണാധീനമാക്കുന്നതു അപകടമേഖലയിലേക്ക് മാത്രമേ മനുഷ്യനെകൊണ്ടെത്തിക്കുകയുള്ളൂ. മുളയിൽതന്നെ അത്തരം ദുർവ്വാസനകളവസാനിപ്പിക്കുവാനാണു മുസ്ലിംകൾക്കു് ലഭിച്ചിട്ടുള്ള ഉപദേശം. വികാരങ്ങളുടെ അടിമയല്ലല്ലോ വിവേകിയാകേണ്ട മനുഷ്യൻ.

ഖുർആൻ ഇത്സംബന്ധമായി പറയുന്നതുകൂടി കേൾക്കുക. ''വിശ്വാസികളോടു് അവരുടെ കണ്ണുകൾ കീഴ്പോട്ടാക്കി (നിയന്ത്രിച്ച്) ആത്മനിയന്ത്രണം നടത്തുവാൻ പറയുക. അങ്ങിനെ അവർ കൂടുതൽ പവിത്രതയുള്ളവരാകട്ടെ. ഒരു സത്യത്തെ സംബന്ധിച്ച് അവർ എന്തുചെയ്യുന്നു എന്നതിനെ പററി ദൈവം ശരിക്കും ഗ്രഹിക്കുന്നവനാണ്. വിശ്വാസികളായ സ്ത്രീകളോടാവശ്യപ്പെടുക, അവരുടെനോട്ടങ്ങളെ നിയ

ന്ത്രിക്കുവാനും, ചാരിത്ര്യം സൂക്ഷിക്കുവാനും അവരുടെ പുറമെ കാണുന്ന ആഭരണങ്ങളൊഴിച്ച് ഒന്നും പ്രദർശിപ്പിക്കാതിരിക്കുവാനും ശരീരം വസ്ത്രംകൊണ്ട് മറക്കുവാനും. അവരുടെ ആകർഷകങ്ങളായ ആഭരണങ്ങൾ അവരുടെ ഭർത്താക്കന്മാരുടേയോ, പിതാക്കന്മാരുടേയോ, അവരുടെ പുത്രന്മാരുടേയോ, ഭർത്താക്കന്മാരുടെ പുത്രന്മാരുടേയോ, (മററു ഭാര്യയിലുണ്ടാകാവുന്ന പുത്രന്മാർ) അവരുടെ സഹോദരന്മാരുടേയോ, അവരുടെ സഹോദരീ സഹോദര പുത്രന്മാരുടേയോ, അവരുടെ സ്ത്രീകളുടെയോ, അവരുടെ അടിമകളുടേയോ, വേലക്കാരുടേയോ, അല്ലെങ്കിൽ നഗ്നതയേയും മററും പററി മനസ്സിലാക്കുവാൻ സാധിക്കാത്ത കുട്ടികളുടേയോ, മുമ്പിലല്ലാതെ പ്രദർശിപ്പിക്കാതിരിക്കട്ടെ. അവർ അവരുടെ പാദങ്ങൾ കൂട്ടിഅടിക്കാതെ ശ്രദ്ധിച്ച് ഒളിക്കപ്പെട്ട ആഭരണങ്ങളുടെ ചിലമ്പൊലി ഉണ്ടാക്കാതെ ശ്രദ്ധിക്കട്ടെ. നിങ്ങൾ സമ്പൂർണ്ണമായും പടച്ചവനിൽ സമർപ്പിക്കുക. അല്ലയോ വിശ്വാസികളേ, എങ്കിൽ നിങ്ങൾക്കതു ഗുണകരമാണ്."

അങ്ങിനെ സ്ത്രീ പുരുഷന്മാർ അന്യോന്യം അനാവശ്യമായി കണ്ണുകൊണ്ട് മൈലാട്ടം നടത്തുന്നതിനെ നിരോധിച്ചിരിക്കുകയാണ്. സമുദായത്തിലെ സുന്ദര വിഭാഗമായ സ്ത്രീകൾ നടക്കുന്നത്പോലും വളരെ ഭവ്യതയോടും വിനയത്തോടുംകൂടി ആയിരിക്കണമെന്നു പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്നത് ദുർബ്ബലമനസ്ഥിതിക്കാരുടെ കുറവുകൾ കണക്കിലെടുത്തിട്ടാണ്. അവരുടെ സദാചാരസന്മാർഗ്ഗബോധം ഇളകാതിരിക്കുവാനും സമൂഹത്തിൽ നല്ല ചിന്തയും നല്ല പ്രവൃത്തിയും സുഗമമാക്കുന്നതിന്നും വളർത്തിയെടുക്കുന്നതിന്നും ഉദ്ദേശിച്ചുകൊണ്ടുമാണ്. നൈററ് ക്ലബ്ബുകൾ തുടങ്ങിയുള്ള വേഷവിധാന പ്രകടനസ്ഥലങ്ങളും അത്തരം സങ്കേതങ്ങളിലെ അനിയന്ത്രിതമായ സ്ത്രീ പുരുഷ സംസർഗ്ഗങ്ങളും യൂറോപ്യൻ രാജ്യങ്ങളിൽ അനവധി വിഷമപ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അമേരിക്കയിൽ വിവാഹമോചനവും പുനർവിവാഹവും ചെയ്യിട്ടില്ലാത്ത ഭാര്യാഭർത്താക്കന്മാരുടെ എണ്ണം വളരെ വിരളമാണ്. ഇത്തരം ആർഭാടഭോഗ പ്രകടനങ്ങൾ സ്വൈരമായ കുടുംബജീവിതത്തെ എങ്ങിനെ നിർണ്ണായകമായി ബാധിക്കുമെന്നു കാണണമെന്നുണ്ടെങ്കിൽ

പരിഷ്കൃതമായ പാശ്ചാത്യ സാമൂഹ്യസംവിധാനങ്ങളിലേ ക്ക് ഒന്ന് കണ്ണോടിച്ചാൽ മതി. ഇ സ് ലാ മി ലെ സാ മൂഹ്യസമ്പ്രദായം അനിയന്ത്രിതമായ കാമാസക്തിക്കിട നൽകുന്നു എന്ന ആരോപണത്തിനു മറുപടി പറയുന്ന കൂട്ടത്തിൽ ഖാസി അബ്ദുൽഹഖ് "മതങ്ങളെക്കുറിച്ചുള്ള അവ ലോകന"ത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു:

"സംസ്കാരവും നാഗരികതയും മനുഷ്യന്റെ സഹജാ വബോധത്തെ വ്യത്യാസപ്പെടുത്തുവാനുപകരിച്ചിട്ടില്ല. സൗന്ദ ര്യമുള്ളവ എന്നും ആനന്ദദായകങ്ങളാണ്" എന്ന തത്വം ഓരോ ആണും പെണ്ണും യൂറോപ്യൻ രാജ്യങ്ങളിൽ നിരങ്കുശം പ്രപ ഞ്ചനംചെയ്തുകൊണ്ടിരിക്കുന്നു. സന്മാർഗ്ഗസദാചാര നിയമ ങ്ങൾ കുഴിച്ചുമൂടപ്പെട്ടുകൊണ്ടിരിക്കുന്നു, ആണിന്ന് പെണ്ണിലും, പെണ്ണിന്ന് ആണിലും ആസക്തിയും അനുരാഗവുമുണ്ടാകുക മനുഷ്യസാധാരണമാണ്. പക്ഷെ അവയെ നിയന്ത്രിക്കുകയും, മനുഷ്യസമുദായത്തിന്നു ദ്രോഹമല്ലാത്തനിലയിൽ മെരുക്കി യെടുക്കുകയും ചെയ്യുന്നതാണ് സംസ്കാരം. ക്രമീകൃതമല്ലാത്ത ഒന്നും ശരിയാകാറില്ല 'യൂറോപ്യൻ സംസ്കാരത്തിന്റെ നിയ ന്ത്രണാധീതമായ ഈ കുതിച്ചുചാട്ടത്തിന്നും തദ്വാരായുണ്ടാകുന്ന സന്മാർഗ്ഗാധഃപതനത്തിന്നും ഒരേ ഒരു പോംവഴി അവിട ങ്ങളിൽ ഇസ്ലാമിക പ്രബോധനം പ്രചരിപ്പിക്കുക മാത്ര മാണ് ഇസ്ലാമിക ശാസനകൾ ബുദ്ധിക്കും, സദാചാരനി ഷ്ഠക്കും, സാമൂഹ്യ സംവിധാനത്തിന്നും, എല്ലാംതന്നെ ഒപ്പം പ്രധാന്യം കൊടുക്കുകയും അവയെ അർഹിക്കുന്ന ഗൌരവ ത്തിൽ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ക്രിസ്ത്യൻയൂറോ പ്പാകട്ടെ സദാചാര സന്മാർഗ്ഗ കാര്യങ്ങൾക്ക് തകർച്ച സം ഭവിച്ചാലും തരക്കേടില്ലെന്ന മട്ടിലാണ് ബുദ്ധിയുടെ വളർച്ച ക്ക് ഉത്തേജനം നൽകുന്നത്"

ബുദ്ധിപരമായ ഉയർച്ചയും മേന്മയും ആവശ്യമാണ്. അ തോടൊപ്പം സാമുദായിക സമ്പ്രദായവും സന്മാർഗ്ഗാചാര ങ്ങളും ക്രമപ്പെടുത്തേണ്ടതുണ്ട്. പരിഷ്കൃതമെന്നു ഞെളിഞ്ഞ ഭിമാനിക്കുന്ന ഈ രാജ്യങ്ങൾക്കൊക്കെപ്പററിയ പിശകും അവി

ങ്ങളിൽ കാണുന്ന കുഴപ്പങ്ങളുടെ കാരണവും സമൂഹത്തെ ചിട്ടപ്പെടുത്തായ്കമൂലം സംഭവിച്ചതാണ്. സമൂഹം ആചരിക്കേണ്ടതായ സന്മാർഗ്ഗ സദാചാര നിയമങ്ങളെ മാനിക്കാത്തതുകൊണ്ടും, അവയുടെ ചിലവിൽപോലും ബുദ്ധിവികാസത്തിനുത്സാഹസപ്പെടുന്നതുകൊണ്ടുമാണ്. ബുദ്ധിപരമായ വികാസവും അതിൻെറ ഫലമനുഭവിക്കേണ്ടതായ സമൂഹവും ഒപ്പം ഉയർന്നാലേ മനുഷ്യസംസ്കാരം മുന്നോട്ടു പോകുകയുള്ളു. ഇവയുടെ പ്രധാന്യം മനസ്സിലാക്കി ബുദ്ധിയും സാമൂഹ്യക്രമങ്ങളും തമ്മിൽ ഒന്നിപ്പിക്കുന്ന സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന ഏക പ്രസ്ഥാനം ഇസ്‌ലാമിക നിയമങ്ങളാണ്. മനുഷ്യരെ ബാധിക്കുന്ന ഏതു പ്രശ്നമാകട്ടെ ഇസ്‌ലാമിക സമീപനം നടത്തിയാൽ ശാസ്ത്രീയവും രചനാത്മകവുമായ പരിഹാരം കിട്ടും. 20-ാം നൂററാണ്ടിലെ ഉത്തരാർദ്ധത്തിലും ഒട്ടും വ്യത്യാസമോ, മാററമോ ആവശ്യമില്ലാതെ നീലിമയിലെ നിലാവുപോലെ കൂരിരുട്ടിൽ തപ്പിത്തടയുന്നവർക്ക് പ്രകാശത്തിൻെറ കൈത്തിരി കാട്ടി നേർമാർഗ്ഗം ചൂണ്ടിക്കാട്ടുകയാണ് അനേകമനേകം നൂററാണ്ടുകളുടെ പുളകം പുതപ്പിക്കുന്ന സ്മരണകളുമായി ഇസ്ലാമിക നിയമങ്ങൾ. അവർക്ക് പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾക്ക സമം മാററമോ, ഏററക്കുറച്ചിലുകളോ സംഭവിക്കുന്നില്ല അതിൻെറ ആവശ്യവുമില്ല.

## ഇസ്ലാംമതം
## സോവിയററുനാട്ടിൽ

റഷ്യയിൽ ഇസ്ലാംമതം അവശേഷിച്ചിരിപ്പുണ്ടോ? റഷ്യൻ ഗവർമ്മേണ്ടിൻെറ മതങ്ങളോടുള്ള നയമെന്താണ്? കമ്മ്യൂണിസ്റ്റ് പിതൃരാജ്യത്തു് മതാരാധന സ്വാതന്ത്ര്യമുണ്ടെങ്കിൽ എന്തിനു് കമ്മ്യൂണിസത്തെ ഭയപ്പെടുന്നു? ഇത്തരം ചോദ്യങ്ങൾ പലരിൽനിന്നും പലപ്പോഴായി കേൾക്കാറുള്ളതാണ്. ഒരു പക്ഷത്തുനിന്നു കമ്മ്യൂണിസത്തിൻെറ സൈദ്ധാന്തികപ്രമാണങ്ങൾ തുറന്നുകാട്ടി നിരീശ്വരവിശ്വാസത്തിൽനിന്നും തുടങ്ങുകയും അതിൽ അവസാനിക്കുകയും ചെയ്യുന്നതാണു "വൈരുദ്ധ്യാതിഷ്ഠിതഭൌതികവാദ"മെന്നു് തെളിയിക്കുവാൻ പലരും കിണഞ്ഞു ശ്രമിക്കാറുണ്ട്. അതുപോലെതന്നെ റഷ്യയിലെ പള്ളികളുടെ പടങ്ങളും നിസ്കാരത്തിൻെറ ഫോട്ടോകളുമെല്ലാം പ്രസിദ്ധീകരിച്ചു് ഇന്നും മതസ്വാതന്ത്ര്യം റഷ്യയിലുണ്ടെന്നു സ്ഥാപിക്കുവാൻ കമ്മ്യൂണിസ്റ്റ് തത്പരകക്ഷികളും പ്രയാസപ്പെട്ടുകാണുന്നു. സ്വന്തം രാഷ്ട്രീയത്തിന്നനുകൂലമായ എന്തെങ്കിലും തെളിവു കിട്ടിയാൽ അതു് പൊക്കിപ്പിടിച്ചു് സ്വന്തം മനസ്സാക്ഷിയെപ്പോലും വഞ്ചിക്കുവാൻ മടിക്കാത്തവരാണു് നമ്മുടെ രാഷ്ട്രീയ ഭ്രാന്തുപിടിച്ച അധികമാളുകളും. തന്മൂലം അനുകൂലപ്രതികൂല പ്രസ്താവങ്ങളുടെ കഴമ്പും കാതലും പരതിനോക്കേണ്ട കാര്യമാക്കുമുണ്ടാകാറില്ല. അന്ധമായ അനുകരണം ഒരുപക്ഷെ സ്വന്തംതന്നെ വിസ്മരിച്ചുപോകുവാൻ പ്രേരിപ്പിക്കുന്നു. അങ്ങിനെ വ്യക്തമായ രണ്ടുഭിന്നാഭിപ്രായങ്ങൾ പ്രചാരത്തിലിരിക്കെ കമ്മ്യൂണിസത്തിൻെറ മാരകമായ മതനയം എങ്ങിനെയാണു് റഷ്യയിൽ വിജയിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു് എന്നു ചികഞ്ഞുനോക്കുകയാണെൻെറ ലക്ഷ്യം. കിട്ടാവുന്നിടത്തോളം ആധികാരികമായ രേഖ

കരം പരിശോധിച്ചശേഷമാണിതെഴുതുന്നതെന്ന് ആദ്യമേ പ്രസ്താവിച്ചുകൊള്ളട്ടെ.

മാർക്സിസം ലെനിനിസം പഠിക്കാൻ ശ്രമിച്ചവർക്കൊക്കെ വ്യക്തമായറിയാം, കമ്യൂണിസ്റ്റ് സിദ്ധാന്തം ദൈവനിഷേധത്തിൽ നിന്നാണ് തുടങ്ങുന്നതെന്ന്. ദൈവത്തിലും മതങ്ങളിലും വിശ്വസിക്കുവാൻ ഒരു മാർക്സിസ്റ്റിന്നു സാദ്ധ്യമല്ലെന്നു അതിൻെറ അവതാരകൻ തുടങ്ങി കീഴ്പോട്ടുള്ള എല്ലാ മാർക്സിസ്ററ് താത്വികന്മാരും അസന്നിഗ്ദ്ധമായ ഭാഷയിൽ പല സ്ഥലത്തും പ്രസ്താവിച്ചിട്ടുണ്ട്. സോവ്യററ് ഡിക്ഷണറിയിൽ ദൈവമെന്ന പദത്തെ "ബൂർഷ്വാവ്യവസ്ഥിതി നിലനിറുത്താൻ പുരോഹിതന്മാൽ സൃഷ്ടിക്കപ്പെട്ട ഒരു കല്പിതവസ്തു" വായിട്ടാണ് നിർവ്വചിച്ചിരിക്കുന്നതെങ്കിൽ, മാലാഖമാരിലും മലക്കുകളിലും അതുപോലെയുള്ള ഇല്ലാത്ത വസ്തുക്കളിലു, മനുഷ്യരെ അന്ധമായും അർത്ഥശൂന്യമായും വിശ്വസിപ്പിച്ച് പുരോഗതിയെ തടഞ്ഞുവെക്കുന്ന നിഷ്ഫലമായ ഒരു പ്രസ്ഥായമായിട്ടാണ്. മതത്തെ വ്യവഹരിച്ചിരിക്കുന്നതു്. ലെനിനും സ്ററാലിനും, അതിന്നു മുമ്പ് എംഗൽസും മാർക്സും, പല സ്ഥലത്തും ദൈവവിശ്വാസത്തിൻെറ അനാരോഗ്യകരമായ അർത്ഥശൂന്യത എഴുതി വെച്ചിട്ടുണ്ട്. അപ്പോൾ താത്വികമായി കമ്യൂണിസം ദൈവനിഷേധമാണെന്നും മതങ്ങളെ സംഹരിക്കുന്ന പ്രസ്ഥാനമാണെന്നും തെളിയിക്കുവാൻ അധികം ബുദ്ധിമുട്ടില്ല. ഈ വിവരം എല്ലാനല്ലകമ്യൂണിസ്ററ്കാക്കുമറിയാം. എന്നാൽ ആദ്യ ലോകരാഷ്ട്രങ്ങളിൽ കമ്യൂണിസത്തിൻെറ പിടിയിലമർന്നുപോയ റഷ്യയിൽ മാർക്സിസ്ററ് ലെനിനിസ്ററ് സിദ്ധാന്തങ്ങൾ പ്രയോഗത്തിലെങ്ങിനെയിരിക്കുന്നു? റഷ്യൻഗവർമ്മെണ്ടിൻെറ മതപരമായ പ്രഖ്യാപിതനയവും പ്രവൃത്തിയുമെന്താണ്? റഷ്യയിൽ മററു സ്വാതന്ത്ര്യങ്ങളോടൊപ്പം മതസ്വാതന്ത്ര്യവും നഷ്ടപ്പെട്ടിട്ടില്ലേ? എന്നൊക്കെ ചോദിക്കുമ്പോഴാണു ഞാനാദ്യം പറഞ്ഞുവെച്ച രണ്ടു വിരുദ്ധാഭിപ്രായങ്ങൾ പൊന്തിവരുന്നതു്. വാക്കും പ്രവൃത്തിയും തമ്മിൽ വ്യത്യാസമുണ്ടാകുന്നത് പോലെ, സിദ്ധാന്തങ്ങളും പ്രായോഗികതയും തമ്മിൽ അകൽച്ച ഉണ്ടായിക്കൂടായ്കയില്ലല്ലോ. അതായത് കമ്യൂണിസത്തിൽ ദൈവത്തിനും മതത്തിനും സ്ഥാനമി

ല്ലെന്നതു ശരി; പക്ഷെ കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ മതസ്വാതന്ത്ര്യം ഉണ്ടായിക്കൂടെന്നുണ്ടോ? ഇത്തരം സംശയങ്ങളെ സംശയങ്ങളായി തന്നെ നിലനിർത്തുന്നതാണ് തത്സംബന്ധമായുള്ള അനുകൂലപ്രതികൂലപ്രതികരണങ്ങൾ. അതുതന്നെയാണ് കമ്യൂണിസത്തിന്റെ പിതൃരാജ്യത്തും ഇസ്ലാമിന്റെനേരെയുള്ള നയവും മുസ്ലിംകളുടെ സ്ഥിതിയും പഠിച്ചു നോക്കുവാനെന്നെ പ്രേരിപ്പിച്ചതും.

ഒക്ടോബർവിപ്ലവത്തിനുശേഷം മാറിയ പരിതസ്ഥിതികളിൽ ഏതു നിലപാടാണ് മതങ്ങളുടെ നേരെ അനുവർത്തിക്കേണ്ടതെന്ന ചർച്ചവന്നപ്പോൾ റഷ്യൻ മുസ്ലിംകളുടെ ദൃഢമായ വിശ്വാസത്തെ ചഞ്ചലപ്പെടുത്താൻ എളുപ്പം സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ ലെനിൻ ഇസ്ലാംമതവിശ്വാസത്തെ തങ്ങൾ ഒരിക്കലും ഹനിക്കുവാൻ മുതിരുകയില്ലെന്നു തുറന്നു പ്രഖ്യാപിച്ചു. തൽക്കാലിക രാഷ്ട്രീയ അനിവാര്യതയായിരുന്നു റഷ്യയെ ഈ നയം സ്വീകരിക്കുവാൻ നിർബ്ബന്ധിതമാക്കിയത്. മതവിശ്വാസത്തിന്നെതിരെ ആദ്യം ലെനിൻ വിപ്ലവം തുടങ്ങിയിരുന്നുവെങ്കിൽ സംഘടിതരായവിശ്വാസികളുടെ അലയൊലിയിൽ ഉറച്ചിട്ടില്ലാതിരുന്ന റഷ്യൻ ഗവർമെന്റ് ഒലിച്ചു പോകുമായിരുന്നു. അ ത് മ ന സ്സി ല ാ ക്കി യി ട്ടാണ് റഷ്യ, പൌരസ്ത്യരാജ്യങ്ങൾ എന്നിവയിലെ മുസ്ലിം തൊഴിലാളികളോട്, എന്ന പ്രധാനമായ മതനയപ്രഖ്യാപനം ലെനിൻ നടത്തിയതും, ഇസ ലാം മതവിശ്വാസത്തെ വികലപ്പെടുത്തുകയില്ലെന്നു പ്രഖ്യാപിച്ചതും.[1]

എന്നാൽ ഈ പ്രസ്താവത്തിന്റെ അർത്ഥശൂന്യത പിന്നീടുള്ള പ്രവൃത്തികളിൽ വ്യക്തമാകുവാൻ തുടങ്ങി. സംഘടിതവും ബോധപൂർവ്വവുമായ നിരന്തരസമരമാണ് ഇസ്ലാമിന്നെതിരെ സാവകാശം സോവിയററുനാട്ടിൽ തുടങ്ങിയതു്. ഗവർമ്മേണ്ടിന്റെശക്തി വർദ്ധിക്കുന്നതിന്നനുസൃതമായി മതവിരുദ്ധപ്രവർത്തനവും, അങ്ങിനെ മതവിരോധ പ്രസ്ഥാനങ്ങളും വളരാൻ തുടങ്ങി. അതിന്റെ ഫലമായി തുറന്ന മതപ്രചരണങ്ങൾ പാടില്ലെന്നുവന്നു. ഇസ്ലാമികസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്ന മദ്രസ്സകളോ സ്ഥാപനങ്ങളോ പ്രവർത്തനരഹിത

1 Address to the Muslim Workers of Russia and the east.

മാക്കിത്തീർത്തു. പള്ളികളുടേയും മതപഠനാലയങ്ങളുടേയും സ്വത്തുക്കൾ 1918നും 1924നുമിടക്ക് ഗവർമ്മെണ്ട് കണ്ടുകെട്ടി. സാമ്പത്തികമായ ഈ അവശത മുസ്ലിംപള്ളികളുടെ സ്വാധീനത കുറക്കുവാനും അധികാരികളെ പ്രീണിപ്പിക്കുന്നനയം സ്വീകരിക്കുവാനും ഉപയോഗപ്പെട്ടെന്ന് 'സോവ്യററ് സ്ക്യാഎററ്നോഗ്രാഫിയാ' ചൂണ്ടിക്കാണിക്കുന്നു. അറബിലിപികൾ ഉപയോഗിച്ചിരുന്ന സ്കൂളുകളിൽ അതു് നിറുത്തൽ ചെയ്തതിന്നു പുറമെ സ്കൂളുകളിൽ നൽകിയിരുന്ന മതപഠനം നിയമംമൂലം നിർത്തലാക്കി. കോടതികളിൽ ഉപയോഗത്തിലിരുന്ന ഇസ്ലാമികദായക്രമങ്ങളും മററു നിയമങ്ങളും വേണ്ടെന്നു വെച്ചതോടുകൂടി സ്ററെയിററിന്റെ ഒരാവശ്യത്തിന്നുവേണ്ടിയും മതനിയമങ്ങൾ പഠിക്കേണ്ടെന്നുവന്നു. എന്നാലും വീടുകളിൽ ഒററയൊററയായി തങ്ങൾ ജീവനേക്കാൾ വിലവെക്കുന്ന വിശ്വാസപ്രമാണങ്ങൾ പുലർത്തിപ്പോരാൻ സോവ്യയററു ജനതക്ക് കഴിഞ്ഞു. പക്ഷേ മദ്രസ്സകളുടെയും മതപ്രചാരണപ്രസ്ഥാനങ്ങളുടേയും പ്രവർത്തനം നിലച്ചതോടെ വളർന്നുവന്ന ഇന്നത്തെ തലമുറ ഒരന്താളിപ്പോടുകൂടിയാണ് ഇസ്ലാമികസിദ്ധാന്തങ്ങളെ വീക്ഷിക്കുവാൻ തുടങ്ങിയതു്.

പ്രായപൂർത്തി വന്നാൽ ഏതൊരു മതവും സ്വീകരിക്കുവാനുള്ള 'സ്വാതന്ത്ര്യം' റഷ്യൻ ഭരണഘടനയിൽ എഴുതിവെച്ചിട്ടുണ്ടെങ്കിൽ കൂടി സ്വന്തംകുട്ടികളെ മാതാപിതാക്കന്മാരുടെ വിശ്വാസത്തിന്നനുസൃതമായി ശാസിച്ചുവളർത്തുവാൻ സാദ്ധ്യമല്ലെന്നു വന്നുകൂടി പുറമേ റഷ്യയിൽ കമ്മ്യൂണിസ്ററുപാർട്ടി അംഗങ്ങൾക്കു മാത്രമേ ചെറുതായാലും വലുതായാലും ഉദ്യോഗങ്ങളിൽ പ്രവേശിക്കുവാനർഹതയുള്ളു. പാർട്ടിഅംഗം എപ്പോഴും ഒരു തികഞ്ഞ മാർക്സിസ്ററാകണമെന്നു നിർബന്ധവുമുണ്ട്. അതായതു് ദൈവത്തിലും മതങ്ങളിലും വിശ്വസിക്കാത്തവരും അതിനെ ബോധപൂർവ്വമെതിക്കുന്നവരുമെന്നർത്ഥം. അങ്ങിനെ ഇരട്ടപൌരത്വമാണ് ഇക്കാര്യത്തിൽ സോവ്യററു് നാട്ടിന്റെ നയം. വിശ്വാസികളെ പലതരത്തിലുള്ള അവശതകൾക്കും വശംവദരാക്കി വിവശപ്പെടുത്തുകയാണ് ഗവ

ഷ്മേണ്ടു്. പുറമേ രണ്ടാംതരം പൌരന്മാരയിട്ടാണ്‌ വിശ്വാസികളെ എണ്ണുന്നതും.

ഇസ്ലാമിക വിശ്വാസത്തെ ഇതുകൊണ്ടൊന്നും അത്രപെട്ടെന്നു ഉന്മൂലനം ചെയ്യാൻ സാദ്ധ്യമാകുന്നില്ലെന്നു കണ്ടതിൻെറ ഫലമായി 1935 മുതൽ 1942 വരെ തീവ്രമായ ഇസ്ലാമികവിരുദ്ധപ്രചാരണങ്ങൾ ആരംഭിച്ചു. ഇസ്ലാമിന്നെതിരായുള്ള പ്രവർത്തനം അതിൻെ മൂർദ്ധന്യതയിലെത്തുന്നതും ഇക്കാലത്താണ്‌. ഏററവുമധികം മുസ്ലിം വിരോധപ്രസ്ഥാനങ്ങളുടലെടുക്കുന്നതും ഇസ്ലാമികവിരുദ്ധ സാഹിത്യവും പ്രചാരണവും വർദ്ധിക്കുന്നതും ഈ കൊല്ലങ്ങളിൽതന്നെയാണ്‌. 1936ൽ കെ എൽ ക്ളിമോവിച്ച 'ഇസ്ലാം സാറിസ്ററ് റഷ്യയിൽ'[1] എന്ന പുസ്തകവും, 1937ൽ അദ്ദേഹം തന്നെ '(ഇസ്ലാമിനെപ്പററി'[2] എന്ന പ്രസിദ്ധീകരണവും, 1941 ൽ 'മുസ്ലിം നോമ്പും ആഘോഷദിനങ്ങളും'[3] എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. മതവികാരങ്ങളെ തെല്ലുംമാനിക്കാത്ത ഈ പുസ്തകങ്ങൾ അടിസ്ഥാനരഹിതമായദുർവ്യാഖ്യാനങ്ങളുടെ സമാഹാരങ്ങളാണ്‌. രാത്രിപകലാണെന്നുവാദിക്കുന്നയുക്തിവാദത്തിൻെറ വക്രഗതിയെശാസ്ത്രീയപഠനമെന്നു വിളിക്കാമെങ്കിൽ ഇവയിലെ പ്രതിപാദ്യങ്ങളധികവും അത്തരമാണ്‌. പക്ഷെ പൊള്ളയായ ഇതിലെ മതവിരോധങ്ങളെയും ആരോപണഭാസങ്ങളെയും തൊലിയുരിച്ചുകാട്ടിയാഥാർത്ഥ്യത്തിൻെറ നഗ്നരൂപം വെളിപ്പെടുത്തുവാൻ അവിടെ മററാർക്കും സ്വാന്ത്ര്യമില്ലാത്തതുകൊണ്ടു ഈമാർക്സ്സിയൻ താത്വികന്മാർ പറയുന്നതും എഴുതുന്നതും വേദവാക്യമായവശേഷിക്കുന്നു. എല്ലാം എക്സ് പാർട്ടിയായിട്ടാണ്‌ വിധിയെന്നർത്ഥം. ഇതുപോലെതന്നെ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാരു മതവിരുദ്ധപ്രചാരകനാണ്‌ ജി. ഏ. ഇബ്രാഹിമോവ്. 1936നും 1940നുമിടക്കു ഈ സാഹിത്യകാരനും അനേകം ഇസ്ലാമിക വിരുദ്ധഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ഇസ്ലാം, അതിൻെറ ഉൽഭവവും സത്തയും[4] എന്ന പുസ്തകം മറെറല്ലാ കൃതികളേക്കാളും ഇസ്ലാമിക സിദ്ധാന്തങ്ങളെ വളച്ചൊടിക്കുകയും, പ്രവാചക ശിരോമണിയുടെ വ്യക്തിപ്രഭാവത്തിൽ കരിതേക്കുകയുംചെയ്യുന്ന ഒരു നികൃഷ്ടകൃതിയാണ്‌.

---

1 Islam in Zarist Russia.
2 On Islam
3 Muslim Holidays and fast
4 Islam, Its origin and Essence.

1942-നുശേഷം കുറച്ചുകൊല്ലക്കാലം അത്രഭയങ്കരമായ എതിർപ്പ് മുസ്‌ലിംകൾക്കനുഭവപ്പെട്ടിരുന്നില്ല. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ റഷ്യൻ വിജയാഘോഷത്തോടൊപ്പം വീണ്ടും ഇസ്‌ലാമികവിരോധ പ്രസ്ഥാനത്തിന്റെ മൂക്കകയറു പൊട്ടി കടിലനർത്തനം തുടങ്ങി. എങ്കിലും അതു് രൂക്ഷതരമാകുന്നതു് 1950 മുതൽക്കാണു്. അന്നുമുതൽ തുടർച്ചയായി ഇസ്‌ലാമികവിശ്വാസത്തെ പാടെ വിപടനം ചെയ്യുവാനുള്ള ചർച്ചാസമ്മേളനങ്ങളും സംഘടിതപ്രസ്ഥാനങ്ങളും തലപൊക്കി. സോവിയററു് പത്രങ്ങളും പ്രസിദ്ധീകരണാലയങ്ങളും നിരന്തരമായി ഇസ്‌ലാമിക വിരുദ്ധലേഖനങ്ങൾക്കു പ്രാമുഖ്യംനൽകി പ്രസിദ്ധീകരിച്ചു. ഒട്ടനവധി അനിസ്‌ലാമിക സാഹിത്യം ഇക്കാലഘട്ടത്തിൽ പ്രചരിച്ചതിന്റെ കൂട്ടത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതും, സോവിയററു മതനയത്തിന്റെ രൂക്ഷവും മലീമസവുമായ പ്രവർത്തനത്തെ പ്രതിഫലിപ്പിക്കുന്നതുമായ ചില ലേഖനങ്ങളുടെയും തൽകർത്താക്കളുടെയും പേരാണു് ചുവടെ ചേർക്കുന്നതു്. 'പ്രവദാ വൊസ്സ്തോക്ക'യിൽ 1950 ജൂൺ 29-ാംനം-യും, 'ബക്കിൻസ്‌കിറബോച്ചി'യിൽ 1950 നവമ്പർ 16-ാംനയും, 'കചിസബെക്കിസ്ഥാ' നിൽ 1951 ജൂൺ 2-ാംനയും പുറത്തുവന്ന ലേഖനങ്ങൾ ഏതൊരു മുസ്‌ലിമിന്റെയും മതവികാരത്തെ വ്രണപ്പെടുത്തുക മാത്രമല്ല അന്ധ്യതം ചോരവാർത്തുന്നവ കൂടിയാണു്. 'ബക്കിൻസക്കി റബോച്ചി' എന്ന വാരികയിൽ "ഇസ്‌ലാമികസിദ്ധാന്തങ്ങൾ ഏററവും പിന്തിരിപ്പനും പഴഞ്ചനുമാണെന്നും സമുദായത്തിലെ ഇത്തിക്കണ്ണികളുടെയും, അറബി, പേർഷ്യ, തുർക്കി, മുതലായ രാജ്യങ്ങളിലെ ആക്രമികളുടേയും ആയുധം മാത്രമായ വശേഷിച്ചിരിക്കുകയാണ്"തെന്നും, ആരോപിച്ചിരിക്കുന്നു. അതുപോലെ തന്നെ 1954 ഒക്‌ടോബർ 14 ാംനം- 'കചിസ്സിൽതൊഴകിസ്ഥാൻ' എന്ന വാരികയിൽ[1] 'നമുക്കശാസ്ത്രീയമായി നിരീശ്വരപ്രചരണങ്ങൾ വർദ്ധിപ്പിക്കാം'എന്ന ലേഖനത്തിൽ "ഒരുകാലത്തു അമീറന്മാരേയും, ധനികരേയും, ഉദ്യോഗസ്ഥ ദുഷ്പ്രഭു തത്തേയും സേവിച്ച ഇസ്ലാം, ഇന്നു ബ്രിട്ടീഷ് അമേരിക്കൻസാമ്രാജ്യത്വത്തിന്റെ പാദസേവചെയ്യുകയാണ്" എന്ന ശാസ്ത്രീയനിഗമനത്തിൽ

---

1 Let us increase scientific atheistic prppaganda

എത്തിച്ചേർന്നിരിക്കുകയാണ്. അടുത്ത കാലത്തായി പ്രസിദ്ധീകരിച്ച മറ്റൊരുലേഖനമാണ് 1939 ജൂലായ് 27-ാം തിയിലെ 'കഴകസ്ഥാൻ കമ്യൂണിസ്റ്റ് പ്രവ്ദ'യിൽ 'ശക്തമായമതവിരുദ്ധപ്രചാരണസമരം1 എന്ന ആക്ഷേപാർഹമായ ലേഖനം. ഇതിൽ കമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനു ഏററവും ഉപദ്രവകരമായ തടസ്സം മതങ്ങളാണെന്നും അവയെ ഉന്മൂലനംചെയ്തല്ലാതെ കമ്യൂണിസ്ററ് വ്യവസ്ഥിതി പ്രയോഗികമാക്കുവാനൊക്കുകയില്ലെന്നും തുറന്നു പ്രഖ്യാപിച്ചിരിക്കുന്നു.

ഇതിന്റെയെല്ലാം ഫലമായി പല സ്ഥലങ്ങളിലും കാലങ്ങളിലുമായി മതവിരുദ്ധ സമ്മേളനങ്ങളും പ്രചാരണങ്ങളും നിരന്തരം നടന്നുകൊണ്ടിരിക്കുന്നു 1956 ഒക്ടോബർ 9 മുതൽ നവമ്പർ 4വരെ സ്ററാലിൻ ഗ്രാഡിൽ കൂടിയ സമ്മേളനങ്ങളിൽ സോവിയററു നാട്ടിൽ ഇന്നും മതവിശ്വാസികളവശേഷിച്ചിരുപ്പുണ്ടെന്നും, തുടർച്ചയായും ഫലപ്രദമായും വിശ്വാസികളെ പിൻതിരിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നുമുള്ള നിഗമനത്തിൽ എത്തിച്ചേരുകയുംചെയ്തു. ജി. പി. സിനിസിറേവു 'സോവ്യററു സ്ക്കൈത്തിനോ ഗ്രാഫിയ'യിലും പി. റോൻഡോട്ടു 'ലീ ആഫ്രീൻ ഗീലിഅസി' എന്ന വാരികയിലും നിരന്തരമായി മുസ്ലിംവിശ്വാസത്തെ നശിപ്പിക്കേണ്ട മാർഗ്ഗങ്ങളും, സമ്പ്രദായങ്ങളും രീതികളുമെല്ലാം നിർദ്ദേശിക്കുകയുണ്ടായി. മുസ്ലിംകൾ ആചാരപരമായി നടത്തുന്ന ചടങ്ങുകളിൽ മററുള്ളവർ പങ്കെടുക്കാതിരിക്കുകയും, അത്തരം ദിവസങ്ങളിൽ മറെറന്തെങ്കിലുമാഘോഷങ്ങൾ നടത്തുകയും ചെയ്യുക; മുസ്ലിംകൾ കൂട്ടായി താമസിക്കുന്നിടങ്ങളിൽനിന്നും പുതിയ പുതിയ വാസസ്ഥലങ്ങൾപണിതു അവിടെ കുടിയിരുത്തുക, പാഠപുസ്തകങ്ങളിൽ കൃത്യമായും ചിട്ടയായും, മതവിരുദ്ധവും നിരീശ്വരത്വവും പഠിപ്പിക്കുക, ആചാരങ്ങളെ വിദഗ്ദ്ധമായി വിഗണിക്കുക, തുടങ്ങിയപദ്ധതികൾ ആസൂത്രണംചെയ്യപ്പെട്ടു

1957 ജൂലായി മൂന്നാംതിയ്യതി ക്രൂഷ്ചേവ് താഷ്കണ്ടിൽചെയ്ത ഒരു പ്രസംഗം പ്രവദവൊസൂത്തോക്ക പ്രസിദ്ധം ചെയ്തിരുന്നു. അതിൽ പന്നികളെ കൂടുതൽ വളർത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. തൽഫലമായി 1956 ലെ

---

1 For Militant Anti-religious Propaganda.

അവസാനത്തെ അഞ്ചുമാസത്തേക്കാരം 7 0 ശതമാനം വർദ്ധന 1957 അതേ അഞ്ചുമാസങ്ങളിൽ പന്നിവളർത്തിൽ വ്യവസായത്തിലുണ്ടായെന്ന മുക്കത്തിനോവ്' അവകാശപ്പെടുന്ന ഇതിൻെറ ആന്തരികമായ ഉദ്ദേശ്യം മുസ്ലിംകരം തിങ്ങിപ്പാർക്കുന്നിടത്തും കൂടുതൽ പന്നികളെ വളർത്തി അവരുടെ മതവികാരത്തെ കിക്കിളിപ്പെടുത്തുകയെന്നതു മാത്രമാണ്. ഇത്തരം പ്രവൃത്തികളാണു വിദഗ്ദ്ധമായും മതവിരോധ വിജയത്തിലെത്താനുള്ള മിരട്ടുവിദ്യകരം. അങ്ങിനെ എന്തെന്തു് ആചാരങ്ങളുണ്ടോ അവയെയൊക്കെ രാഷ്ട്രനിർമ്മാണപ്രവർത്തനത്തിൻെറപേരിൽ നിർമ്മാർജ്ജനം ചെയ്യുകയാണ് സോവ്യയററ് നയം.

എന്നാൽ പുറമേയുള്ള മുസ്ലിംരാജ്യങ്ങളെ പ്രീണിപ്പിക്കുവാനും മുസ്ലിംബഹുജനങ്ങളെ വഞ്ചിക്കുവാനും ഇവിടെയും ഒരിരട്ടത്താപ്പ് നയമാണ് വീണ്ടും സോവിയററ് അധികാരികരം കണിക്കുന്നത്. പുറംരാജ്യങ്ങളിലെ മുസ്ലിംകളെ വിശ്വസിപ്പിക്കുവാൻവേണ്ടി റഷ്യയിൽ സ്ററയിററ് ചിലവിൽ പള്ളികരം പരിപാലിച്ചു പോരുന്നുണ്ട്. അവയുടെ മേൽനോട്ടം മുഴുക്കെ കമ്യൂണിസ്ററുകാരായ മുഫ്ത്തികളിലും മുല്ലകളിലുമാണ്, ഇവരുടെ ശമ്പളം സാർക്കാർ നേരിട്ടുകൊടുക്കുന്നതിന്നുപുറമെ ഇവരെ നിയമിക്കുന്നതും ഗവർമ്മെണ്ടാണ്. പുറംരാജ്യങ്ങളിൽ നിന്നും വരുന്നവരെ ഇവയെല്ലാ കാണിച്ചും മുസ്ലിംമതാചാര്യന്മാരെന്നുഭാവിക്കുന്ന ഈ ഉദ്യോഗസ്ഥന്മാരുമായുള്ള കൂടിക്കാഴ്ചകരംവഴിയായും മതസ്വാതന്ത്ര്യമുണ്ടെന്നുവിശ്വസിപ്പിച്ച്പറഞ്ഞയക്കുന്ന അടവാണ് റഷ്യൻനേതാക്കരംസ്വീകരിച്ചിരിക്കുന്നത്. പള്ളിപരിപാലകരായ ഈമതപണ്ഡിതന്മാർ സർക്കാർജീവനക്കാരാണ്. റഷ്യൻപള്ളികളുടെ ഭൂസ്വത്തുക്കരം കണ്ടുകെട്ടിയതോടുകൂടിഇവർ അധികാരികളുടെ വിനീതാശ്രിതന്മാരായി !അവർക്കൊത്ത് പ്രവർത്തിക്കുവാനും കമ്യൂണിസ്ററ് പ്രസ്ഥാനത്തെ സഹായിക്കുവാനും നിർബന്ധിതരായിത്തീരുകയും ചെയ്തു. ഇതിന്നു മടികാട്ടിയവരെ പിരിച്ചുവിടുകയോ, കർക്കശമായ നിയമങ്ങരംക്ക് വിധേയമാക്കുകയോ, വധശിക്ഷക്കു വിധിക്കുകയോ, ചെയ്യുന്നു മററുള്ളവരിൽ ഭയവും, പരിഭ്രാന്തിയും വളർത്തി, കമ്യൂണിസ്ററ്ഭക്തന്മാരാക്കിത്തീർക്കുവാൻ സഹാ

യിച്ചു. ഉദാഹരണങ്ങളിൽ ചിലതുമാത്രം മതി എത്രമാത്രം വിദഗ്ദ്ധമായിട്ടാണ് മുസ്ലിം ഉലമാക്കളെ പാർട്ടിപ്രവർത്തകരാക്കി മാററുന്നതെന്നു തെളിയിക്കുവാൻ. മുസ്ലീംപണ്ഡിതന്മാരെന്ന് പറയപ്പെടുന്ന ഇവർ എത്രമാത്രം പാർട്ടിപ്രചാരകന്മാരാണെന്നുനോക്കുക.സ്റേറാക്ക്ഹോം സമാധാനപ്രസ്ഥാനം കമ്യൂണിസ്റ്റുകളാരംഭിച്ചപ്പോൾ റഷ്യയിലെ എല്ലാ മുഫ്ത്തികളും ഇസ്ലാമിൻെറപേരിൽ അതിനെവിജയപ്പിക്കുവാൻ പ്രസ്താവനകൾ പുറപ്പെടുവിച്ചു. സ്ററാലിൻ മരിച്ച വാർത്ത കേട്ടമാത്രയിൽ സൈബീരിയയിലെ മുഫ്ത്തിഅയച്ച കമ്പിവർത്ത ഓരോ മുസ്ലിമിനേയും ഇരുത്തിച്ചിന്തിപ്പിക്കത്തക്കതാണ്. അതിൽപറയുന്നു; "ഇസ്ലാമിൻെറഅനുയായികളായഞങ്ങളുടെയും ലോകൈകഗുരുവും ഉന്നതനായ നേതാവുമായ ഞങ്ങളുടെ പ്രിയപ്പെട്ടപിതാവ് സ്ററാലിൻെറമരണത്തിൽ ഹൃദയംനൊന്തു് ദുഃഖിക്കുന്നു." എന്ന്, അങ്ങിനെമുസ്ലിം പള്ളികളെ പാർട്ടി പ്രചാരണകേന്ദ്രമാക്കി മാററിയിരിക്കുന്നു അവയെ നിലനിറുത്തുന്നതാകട്ടെ മററുള്ളവരെ വഞ്ചിക്കുവാനുമാണ്. അതുപോലെതന്നെ എത്രമാത്രം മതാചാരങ്ങളെ ഉന്മൂലനം ചെയ്യുവാൻ അധികാരികൾ ശ്രമിക്കുന്നു എന്നതിന് ഒററ തെളിവുകൂടി ഉദ്ധരിച്ചുകൊള്ളട്ടെ. റഷ്യൻ വിപ്ളവത്തിന്നുമുമ്പ് 50000ത്തിന്ന് 60000ന്നുമിടക്കു മുസ്ലിംകൾ എല്ലാ കൊല്ലവും ഹജ്ജിന് റഷ്യയിൽനിന്നും പോകാറുണ്ടായിരുന്നു. ആ സ്ഥാനത്തു ഒരിക്കലും 22 ആളുകളിൽ കൂടുതൽ വിപ്ളവത്തിനുശേഷമുണ്ടായിട്ടില്ല. 1946ൽ 200 തീർത്ഥാടന പ്രിയരുടെ അപേക്ഷകൾ കിട്ടിയെങ്കിലും അതിൽ വിദേശസന്ദർശന കൌതുകവും പാർട്ടി പ്രചാരണോദ്ദേശ്യവും സത്യം ചെയ്തിരുന്ന 17പേരെമാത്രമാണ് മക്കയിൽ പോകുവാനനുവദിച്ചതു്. ബാക്കി ആരോഗ്യത്തിൻെറ പേരിലും മററു നിസ്സാര കാരണങ്ങൾ പറഞ്ഞും അപേക്ഷകൾ തിരസ്ക്കരിക്കപ്പെട്ടു. ഈ അയക്കുന്നവരാകട്ടെ റഷ്യൻ നയത്തിന്നു ആനുകൂല്യം നൽകുന്ന കമ്യൂണിസത്തിൻെറ വക്താക്കളുമാണ്. എല്ലാ കൊല്ലവും 10ഉം, 20ഉം ആളുകളെ ലോകമുസ്ലീം സമ്മേളനപ്രദേശമായ മക്കയിൽ തീർത്ഥാടനത്തിന്നെന്ന വ്യാജേന പറഞ്ഞയക്കാറുണ്ട്. പരമാർത്ഥത്തിൽ റഷ്യൻ അധികാരികളുടെ മറെറാരു മായാവിദ്യാപ്രയോഗമെന്നതിൽ കവിഞ്ഞ പ്രാധാന്യമിതിന്നില്ല. പുറംരാജ്യങ്ങളിലെ മതവി

ശ്വാസികളെ ചതിക്കുവാനും അവരിൽ ആശയക്കുഴപ്പം ഉണ്ടാക്കുവാനുമുള്ള വിദഗ്ദ്ധമായ നല്ല ഒരു സൂത്രം മാത്രമാണിതു്.

അതുപോലെ വിദേശസൗഹൃദസംഘങ്ങളെ മുസ്ലീം പള്ളികളും, അവയിലെ പ്രാർത്ഥനകളും മററും കാണിച്ചുകൊടുക്കുന്നു. അവിടെയുള്ള മതപണ്ഡിതന്മാരുമായി അഭിമുഖസംഭാഷണത്തിന്നനുവദിക്കുന്നു. പൊള്ളയായ ഈ പ്രചാരണപ്രകടനത്തിന്റെ ന്യലാമാലയിൽ കുടുങ്ങിപ്പോകുന്ന ആളുകൾ സ്വന്തം നാട്ടിൽ തിരിച്ചെത്തി മതസ്വാതന്ത്ര്യം റഷ്യയിലുണ്ടെന്ന പ്രചാരവും തുടങ്ങുകയായി. ഇവരെടുത്ത ഫോട്ടോകളും മററും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു! ഇത്തരം ഫോട്ടോകളും ലേഖനങ്ങളും കേരളത്തിൽതന്നെ ഒരു വലിയ കമ്യൂണിസ്ററ് നേതാവ് പ്രസിദ്ധപ്പെടുത്തിയതു് നമുക്കറിയാം. ഇവരൊക്കെ അറിഞ്ഞുകൊണ്ടു് മന: പൂർവ്വം മനുഷ്യരെ വഴിപിഴപ്പിക്കുവാൻ ശ്രമിക്കുന്നവരാണെങ്കിൽ മററു ചില ശുദ്ധഗതിക്കാർ റഷ്യൻ പ്രചാരണതന്ത്രത്തിന്റെ ഉള്ളുകള്ളി മനസ്സിലാകാതെ കുടുങ്ങിപ്പോയവരാണ്. ദൃക്സാക്ഷികളായ ഈ ശുദ്ധഗതിക്കാരുടെ അഭിപ്രായങ്ങളാകട്ടെ കമ്യൂണിസ്ററുകാരുടേതിനേക്കാൾ വളരെ ഉപദ്രവം ഉണ്ടാക്കുകയും ചെയ്യും.

എന്നാൽ പാക്കിസ്താൻ ഡെലിഗേഷൻനേതാവു് അബ്ദുൽവക്കാദ് റഷ്യൻ പര്യടനത്തിന്നുശേഷം 1957 ആഗസ്ററുമാസത്തിൽ കറാച്ചിയിൽനിന്നും പുറപ്പെടുന്ന 'പാക്കിസ്താൻ ഒബ്സർവർ' എന്ന പത്രത്തിൽ എഴുതിയ അനുഭവിവരണം ശ്രദ്ധേയമാണ്. റഷ്യയിൽ മതസ്വാതന്ത്ര്യം തീരെ ഇല്ലെന്നും മതത്തെ സർക്കാർ സകല കഴിവുകളുമുപയോഗിച്ചു നിരുത്സാഹപ്പെടുത്തുകയും അടിച്ചമർത്തുകയുമാണെന്നും അനേകം തെളിവുകളുദ്ധരിച്ചു കൊണ്ടദ്ദേഹം സമർത്ഥിച്ചിട്ടുണ്ടു്. വീണ്ടും 1957 ആഗസ്ത് 27-ാംന്ത കറാച്ചിയിലെ മററൊരുമാസികയായ അൽ ഇസ്ലാമിൽ അബ്ദുൽ വക്കാദ് റഷ്യൻ ഗവർമ്മെണ്ടിന്റെ ഇസ്ലാമിന്നെതിരായുള്ള രൂക്ഷവും ക്രൂരവുമായ പ്രവൃത്തികളെ വ്യവഹരിച്ചിട്ടുണ്ടു്. വിപ്ളവത്തിനുശേഷം എന്തുകൊണ്ടാണ് ഇത്രമാത്രം വിരോധം ഇസ്ലാമിനോടു തോന്നുന്നതെന്നല്ലേ? ഇസ്ലാം മാത്രമാണ് കമ്യൂണിസത്തെ

സിദ്ധാന്തപരമായും പ്രായോഗികമായും ശക്തമായെതിർത്തു വിജയിക്കാവുന്ന ഒരു പ്രസ്ഥാനമെന്ന് കമ്യൂണിസ്ററുകാർ മനസ്സിലാക്കിയിരിക്കുന്നു. ഇതുമൂലമാണ് ഇത്രമാത്രം എതിർപ്പ്.

പാക്കിസ്താൻ ഡെലിഗേഷൻെറ ഉപനേതാവായ മൌലാനാ റജീബ് അഹ്സാൻ റഷ്യൻ ഗവർമെൻറു എന്തു ഉപാധികളാണ് മതവിശ്വാസം നശിപ്പിക്കുവാൻ ഉപയോഗിക്കുന്നതെന്നു വെളിപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ (1) സോവിയററു റഷ്യയിൽ ഇസ്ലാമികസിദ്ധാന്തങ്ങൾ പഠിപ്പിക്കുന്ന ഒററ പ്രാഥമിക വിദ്യാലയം പോലുമില്ല. 2) സോവിയററു മുസൽമാനെ ഇസ്ലാമികതത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രാഥമികപാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനോ, ഇസ്ലാമിൻെറ സംസ്കാരത്തേയും, വിശ്വാസത്തേയും, ആചാരങ്ങളെയും പ്രകാശിപ്പിക്കുന്ന ഗ്രന്ഥങ്ങൾ അച്ചടിക്കുവാനോ; മതപ്രസംഗങ്ങൾ നടത്തുവാനോ അനുവദിക്കുന്നില്ല. (3) സോവിയററുറഷ്യയിൽ സ്വതന്ത്രമായ ഒററ പള്ളിയോ; മതസംഘടനയോ ഇല്ല. പള്ളിവകസ്ഥലങ്ങളിൽ നിന്നുള്ള വരവ് അവകാശപ്പെടുവാനോ, അവ മദ്രസ്സകൾക്കോ മതപ്രചരണങ്ങൾക്കോ ഉപയോഗപ്പെടുത്തുവാനോ റഷ്യൻ മുസ്ലിംകളെ അനുവദിക്കുന്നില്ല. (വിപ്ളവത്തിനുമുമ്പ് ഈ പള്ളിസ്വത്തുക്കൾ മതപഠനാവശ്യത്തിന്നായിരുന്നു ഉപയോഗിച്ചിരുന്നത്. പക്ഷെ ഇന്നു പള്ളിസ്വത്ത്സ്റെറയിററിൻെറ വകയാണ്. റഷ്യൻ ഗവർമെൻറ് നടത്തുന്ന പള്ളികളുടെ ചിലവ് സ്റെറയിററ് വഹിക്കുന്നു. മുസല്യാക്കന്മാരെയും മുക്രിമാരെയും സ്റെറയിററ് നിയമിക്കുകയും അവക്കു ശമ്പളം നൽകുകയും ചെയ്യുന്നു. ഇവരത്രയും സ്റെറയിററു ജീവനക്കാരായതുകൊണ്ടു, സർക്കാരുദ്യോഗസ്ഥന്മാരുടെ മേലുള്ള നിബന്ധനകളും ചുമത്തിയിരിക്കുന്നു.) (5) മതസിദ്ധാന്തങ്ങൾ അറിയുന്നവർതന്നെ വളരെ ചുരുക്കമായിത്തീർന്നിട്ടുണ്ടു് റഷ്യയിൽ. (6) തീർത്ഥാടനസ്വാതന്ത്ര്യം അനുവദിക്കുന്നില്ല തീർത്ഥാടനത്തിന്നയക്കപ്പെടുന്നവരാകട്ടെ കമ്യൂണിസ്ററ് പ്രചാരകന്മാരുമാണ്.

റഷ്യയിലും കമ്യൂണിസത്തിന്നു കീഴിലും മതസ്വാതന്ത്ര്യം നിർവ്വിഘ്നം പരിപാലിക്കാമെന്നൊക്കെ പ്രസംഗിച്ചുനട

ന്നവരും അതുകേട്ട ആശയക്കഴപ്പത്തിൽപെട്ടഴലുന്നവരുമായ മുസ്ലിംബഹുജനങ്ങരം പ്രത്യേകമായും ഇക്കാര്യം ഗൌരവമായെടുക്കേണ്ടതുണ്ട്. മതസ്വാതന്ത്ര്യമുണ്ടെന്നു കാണിക്കവാനുള്ള കപടതന്ത്രങ്ങളെന്തൊക്കെയാണെന്നും യഥാർത്ഥത്തിലുള്ള സ്ഥിതി എന്താണെന്നും നാം മനസ്സിലാക്കിയില്ലെങ്കിൽ ശ്രദ്ധ ഗതിവെച്ച് പലതും വിശ്വസിച്ചുപോകവാനേളുപ്പമുണ്ട്. ഇത്തരം അസ്വതന്ത്രമായ ചുററുപാടിൽ നമ്മുടെ വിശ്വാസങ്ങരം എങ്ങിനെ പുലർത്തിപ്പോരാനം നമ്മുടെ മതപ്രവർത്തനങ്ങരം എങ്ങിനെ നടത്തുവാനം സാധിക്കമെന്നു ബുദ്ധിയുള്ളവർ ചിന്തിക്കണം. ഒരു മുസ്ലിമിന്നു് ഒരു കാലത്തും ഒരേ സമയം കമ്യൂണിസ്ററുകാരനും മുസ്ലിമുമായിക്കഴിയുവാൻ സാദ്ധ്യമല്ല. സൈദ്ധാന്തികമായിത്തന്നെ ധ്രുവങ്ങളുടെ അകൽച്ചയുണ്ട് രണ്ടും തമ്മിൽ. പുറമെ കമ്യൂണിസ്റ്റ് രാജ്യങ്ങളിലുള്ള പ്രവൃത്തികളും നാം മനസ്സിലാക്കുന്നു. ഇതു രണ്ടും — സിദ്ധാന്തവും പ്രവൃത്തിയും — മുസ്ലിംകരം കണക്കിലെടുക്കേണ്ടതായുണ്ട്. ഗൌരവപൂർവം ഗൌനിക്കേണ്ടതായുണ്ട്; നാം നിസ്സാരമായ വഴക്കുകരംക്ക് വിധേയരായി സമുദായത്തേയും നമ്മുടെതന്നെ വിശ്വാസത്തേയും അടിയോടെ കഴിച്ചുമൂടുന്ന നിമ്മത നിരീശ്വരപ്രസ്ഥാനങ്ങളിൽ അറിഞ്ഞും അറിയാതെയും വഴുതി വീഴാറുണ്ട്. അതു നാം നമ്മോടും നമ്മുടെ വിശ്വാസത്തോടുംതന്നെ ചെയ്യുന്ന പാതകമാണ്. രാഷ്ട്രീയകുടുംപിടുത്തത്തിൽനിന്നും അൽപനേരം സ്വസ്ഥമായി മാറിയിരുന്നു് നാം മനസ്സാക്ഷിയോടുകൂടി ചിന്തിക്കേണ്ടതായിട്ടിരിക്കുന്നു. തെററുകരം എത്രയും നേരത്തെ തിരുത്തപ്പെടുമോ അതു അത്രയും കുറച്ചേ ഉപദ്രവകാരിയാകൂ.

XV

## മുസ്ലിംകൾ അന്നും ഇന്നും

ഏതു് രാജ്യവും, ഏതു് സമൂഹവും, സുന്ദരമായ ഒരു ഇന്ന ലെയിൽ പുളകം കൊള്ളുന്നു. പ്രാക്തന പൈതൃകമാണ് 'ഇന്നിന്റെ' ആസൂത്രണങ്ങൾ വൈദഗ്ധ്യപൂർവം ആവിഷ്ക രിക്കുവാനുപകരിക്കുന്ന സുവിശേഷങ്ങൾ. ഇതില്ലാത്ത ഒരു ജന തയും ഒരു സമൂഹവും നാളയെക്കുറിച്ചു നല്ല പ്രതീക്ഷയുള്ളവരാ യിരിക്കുവാൻ നിർവ്വാഹമില്ല. സാധാരണീകരിക്കപ്പെട്ട ഈ മതത്തിനു് ഒരപവാദമാണോ ഇസ്ലാമിക ചരിത്രം? അല്ല യെന്നു പറയുവാൻ ന്യായമില്ല. ആണ് എന്നു് വാദിക്കുവാൻ തോന്നുന്നുമില്ല.

ഇസ്ലാമിനു് കോരിത്തരിപ്പിക്കുന്ന ഒരു ബ്രഹത്ഭൂത മുണ്ടായിരുന്നു. കൊടുങ്കാററിന്റെ വേഗതയോടും, ഭൂകമ്പ ത്തിന്റെ പരിവർത്തനോന്മുഖതയോടും പുലരിയുടെ പ്രകാശ ത്തോടുംകൂടി, ഇസ്ലാമിക സംസ്കാരം നിഷ്പ്രയാസം വി ശേതരമായി. ഇസ്ലാമിനു് മുമ്പുള്ള എല്ലാ പ്രാകൃതാനാചാര ങ്ങളേയും ഉന്മൂലനം ചെയ്തു്, വിപ്ളവത്തിന്റെ വീര്യംകൊ ണ്ടു് ഒരു പുത്തൻ ജീവിതക്രമവും, പുതിയ സാമൂഹ്യ വ്യവസ്ഥ യും, നവീനമായ സാമ്പത്തികാസൂത്രണവും ചെയ്ത ഇസ്ലാം ഒരു പുതിയ കാലഘട്ടത്തിന്റെ പിറവിയാണു് കുറിച്ചതു്. എല്ലാ രംഗങ്ങളിലും മാററം, വിപ്ളവാത്മകവും തീഷ്ണവു മായ മാററം, മാനസിക തലത്തിൽ, വൈജ്ഞാനിക മണ്ഡലത്തിൽ, സാമൂഹികബന്ധങ്ങളിൽ കുടുംബ സംവിധാനത്തിൽ, സാമ്പത്തിക സമീകരണത്തിൽ രാഷ്ട്രീയ ഭരണകാര്യങ്ങളിൽ ... എന്തിനു്? ജീവിതത്തിന്റെ

എല്ലാതുറകളേയും സ്പർശിച്ചുകൊണ്ട് ലോകംഅതുവരെകണ്ടിട്ടില്ലാത്ത നിസ്തുലമായ ഒരു പ്രസ്ഥാനം ഉടലെടുത്തു. തമ്മിലടിച്ചിരുന്നവർ ഒന്നിച്ചു. വിദ്വേഷവും വെറുപ്പും നില നിന്നിടത്ത് ഐക്യവും, സ്നേഹവുംസ്ഥാനംപിടിച്ചു. വർഗ്ഗവർണ്ണഗോത്രകുടുംബനാമങ്ങളുടെപേരിൽ ഒററപ്പെട്ടുനിൽക്കുകയും, അസംഘടിതരായി ശക്തി ക്ഷയിപ്പിക്കുകയും ചെയ്തിരുന്ന ഒരു സമൂഹം ലോകോത്തരമായ ഒരെജയ്യശക്തിയായി മാറി. മനുഷ്യസംസ്കാരം തന്നെ സമ്പന്നമായി.

2500 കൊല്ലങ്ങൾക്കുമുമ്പ് ഇന്ത്യയിൽ നടന്ന വിപ്ളവാത്മകമായ ചലനം ബൌദ്ധമുനി തുടങ്ങിവെച്ച സാമൂഹിക സമത്വത്തിൻെറ നീതിബോധത്തോടുകൂടിയായിരുന്നു. എത്രക്ക് തീവ്രമായിരുന്നു ആ ബൌദ്ധവിപ്ളവമെന്നും സമൂഹത്തിൽ അതു വരുത്തിയ മാററങ്ങൾ എത്ര മഹത്തരമായിരുന്നുവെന്നും, ഇന്ത്യയുടെ സാംസ്കാരിക ചരിത്രം പഠിക്കുന്ന വിദ്യാത്ഥികൾക്കറിയാം ജാതീയമായ നിമ്നോന്നതകൾ മൂലം, കോടാനുകോടി മനുഷ്യമൃഗങ്ങൾ സൃഷ്ടിക്കപ്പെട്ട ഈ നാട്ടിൽ സമത്വസാഹോദര്യത്തിൻെറ ബൌദ്ധസന്ദേശം സമൂലമായ പരിവത്തനമാണ് വരുത്തിയത്. അങ്ങിനെ ഒരു നല്ല സമൂഹം ഈ നാട്ടിലുണ്ടായി. നല്ല നീതിസമ്പ്രദായം ഇവിടെ നടപ്പാക്കുകയും ചെയ്തു. മാനുഷികാവകാശങ്ങളെയും വികാരങ്ങളെയും മാനിക്കുന്ന ഒരു ജനതയുണ്ടായി. ലോകമിന്നും ബഹുമാനിച്ചാദരിക്കുന്ന ഇന്ത്യയുടെ മഹൽസംഭാവനയാണ് ബൌദ്ധവിപ്ളവം. ഇതേ പ്രക്രിയതന്നെയാണ് അറേബിയായിൽ, പാലസ്റ്റീനിൽ, ഇറാനിൽ, ഇറാക്കിൽ,സിറിയായിൽ ഈജിപ്തിൽ എന്നുവേണ്ട അസമത്വവും അനീതിയും നിലനിന്നിരുന്ന എല്ലാ രാജ്യങ്ങളിലും, എല്ലാ സമൂഹങ്ങളിലും, ഇസ്ലാം നിർവ്വഹിച്ചത്. അതിൻെറ മഹൽനേട്ടങ്ങളെ ചൂണ്ടി ആധുനിക ചരിത്രകാരന്മാർപോലും വിസ്മയിക്കുന്നുണ്ട്.

"കാരുണ്യം, സൌഹൃദം, സമസൃഷ്ടിസ്നേഹം ഇവയിൽ അധിഷ്ഠിതമായ ഒരു സാമൂഹികവ്യവസ്ഥയുടെ അടിത്തറ പാകുകയാണ് ഇസ്ലാം ചെയ്തത്. സ്വാനുഭവങ്ങളും അനുഭൂതികളുംകൊണ്ട് പ്രവാചകൻ അറേബിയയുടെ മുഴവൻ ഹൃദയം കവരുവാനൊത്തു. ഇതിൻെറ ഫലമായി നൂററാണ്ടുക

ളുടെ പഴക്കമുണ്ടായിരുന്ന വർഗവിവേചനം തിരോഭവിക്കുകയും, പ്രതികാരവഞ്ചരയാകുന്ന ദേശസ്വഭാവം അസ്തമിക്കുകയും, വിശ്വാസികളുടെ മനസ്സുകളെ സമഭാവനയും, സാഹോദര്യവും കൊണ്ട് സുഘടിതമായി ഒന്നാവുകയും ചെയ്തു.''1

'തികച്ചും ജനാധിപത്യസ്വഭാവത്തോടുകൂടിയതാണ് ഇസ്ലാമിലെ രാഷ്ട്രീയസംവിധാനം. അത് എല്ലാവരുടെയും, വ്യക്തിസ്വാതന്ത്ര്യങ്ങൾക്കു പൗരാവകാശങ്ങൾക്കും സംരക്ഷണവും നൽകി. സുസ്ഥിരമായ ഒരു ഭരണക്രമവും ഉണ്ടായി.''2

'ഇസ്ലാമിലെ ജനാധിപത്യ സാധാരണജനങ്ങൾക്കുകൂടി പരിചിതമാക്കുന്നത് നിത്യേന അഞ്ചുനേരം നാം പള്ളികളിൽ ദർശിക്കുന്നു'എന്നാണ് സരോജിനിനായിഡു പ്രസ്താവിച്ചിട്ടുള്ളത്. എം. എൻ. റോയിയും മഹാത്മാഗാന്ധിയും ഇസ്ലാമിന്റെ സിദ്ധാന്തങ്ങളെ പ്രശംസിക്കുവാൻ എല്ലാ നല്ല പദങ്ങളും ഉപയോഗപ്പെടുത്തിയിട്ടുള്ളവരാണ്. 'ഒരായിരം കൊല്ലങ്ങൾക്കുമുമ്പ് യവനസംസ്കാരത്തിന് കഴിഞ്ഞതിനേക്കാൾ, അറേബിയൻ വിജ്ഞാനം ലോകമാസകലം വേഗതയിലും ചടുലതയോടുകൂടി വ്യാപിച്ചു. ചൈനക്കപ്പുറം ഞായറേഭാഗത്തുള്ളലോകത്തു് പഴയവിശ്വാസങ്ങളുടെ തകർച്ചയും പുതിയതിന്റെ വളർച്ചയും സ്പഷ്ടോദർക്കമാംവിധം ദൃശ്യമായി... വളരെക്കാലം അറിയാതെ കിടന്നിരുന്ന അലക്സാണ്ഡറിയായിലെ കാഴ്ചബംഗ്ലാവും അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രങ്ങളുമെല്ലാം വീണ്ടും വളരുവാനും ഫലഭൂയിഷ്ഠമാകുവാനും തുടങ്ങി ഗണിതശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, തുടങ്ങിയ ശാസ്ത്രരേഖകൾക്ക് അനിതരസാധാരണമായ നേട്ടങ്ങളുമുണ്ടായി...'' 3

മേലുദ്ധരിച്ച കാര്യങ്ങൾകൊണ്ടുതന്നെ എത്ര സമൃദ്ധമായ ഒരു സാമൂഹിക സൃഷ്ടിയാണ് ഇസ്ലാം ചെയ്തതെന്നും എത്ര സമ്പന്നമായ ഒരു രാഷ്ട്രസംവിധാനമാണ് അതു് നടത്തിയതെന്നും, എത്ര ഉൽകൃഷ്ടമായ ഒരു സംസ്ക്കാരത്തിന്റെ അടിത്തറയാണ് അതു് പാകിയതെന്നും, നിഷ്പ്രയാസം ഊഹിക്കാം.

---

1 Stanly Lanepoole - Lectures on Islam
2 Bosworth smtth - Mohamed and Mohamedanism
3 H. G. Wells - A History of the world P. 149

ഇസ്ലാമിക ചരിത്രം അഭൂതപൂർവ്വമായ ആവേശമങ്കുരിപ്പിക്കുവാനുതകുന്നുണ്ട്. അപ്പോൾ 'ഇന്നലെ' യുടെ കാര്യത്തിൽ നാം മറേറതൊരു വിഭാഗത്തേക്കാളും വിസ്മയാവഹമാംവിധം വിലവെയ്ക്കപ്പെടുന്നുണ്ട്.

എന്നാൽ ഇന്നലെയുടെ ധാരയിൽനിന്നും നാം എത്രമാത്രം പ്രചോദനം ഉൾക്കൊള്ളുന്നുണ്ടോ? അവിടെയാണ് മുസ്ലീംസമുദായം പൊതുനിയമത്തിന്നൊരപവാദമായി തീരുന്നത്. ഇതെങ്ങനെ സംഭവിച്ചു എന്നു ചിന്തിക്കുമ്പോൾ കെട്ടുപിണഞ്ഞു അനവധി ചരിത്രയാഥാർത്ഥ്യങ്ങൾ മുഴച്ചുവരുന്നു മനുഷ്യസംസ്കാരത്തിൻെറ എല്ലാ രംഗങ്ങളിലും ജാജ്ജ്വല്യമനമായ ദീപ്തിശിഖകളുമായി മുമ്പിൽതന്നെ നിന്നിരുന്ന വഴികാട്ടികളുടെ ഒരു സമൂഹം എങ്ങനെ നികൃഷ്ടമായ ഈ തിരിച്ചടികൾക്ക് വിധേയമായി എങ്ങിനെ ഇന്നത്തെ അധഃസ്ഥിതമായ അവസ്ഥാവിശേഷത്തിലേക്കധഃപതിച്ചു? പരിമിതമായ പരിധിക്കകത്ത് അവയെ വിശദമായി പ്രതിപാദിക്കുവാനസാദ്ധ്യമാണ്. എങ്കിലും അവയുടെ കാരണങ്ങളെമാത്രം പരതിനോക്കി ഒരു ഹ്രസ്വവീക്ഷണത്തിൽ ഒതുക്കിനിർത്താൻ ശ്രമിക്കാം.

മദ്ധ്യകാലദശയെ 5—ാം നൂററാണ്ടുമുതൽ 15–ാം നൂററാണ്ടുവരെയുള്ള കാലം 'ഇരുണ്ടകാലഘട്ടമെന്നാണ് ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്. അതിന് കാരണമുണ്ട്. ക്രൈസ്തവാദർശനങ്ങൾ ലൌകികാഡംബരങ്ങൾക്കുവേണ്ടി ഹോമിക്കപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്. യവനംറോമാ സംസ്ക്കാരത്തിൻെറ അമൂല്യസംഭാവനകൾ തിരസ്കരിക്കപ്പെട്ടിരുന്നു. അവിരാമം പ്രവഹിച്ചുകൊണ്ടിരുന്ന മനുഷ്യസംസ്കാരത്തെ ചിറകെട്ടിനിർത്തി അതിൻെറ അനസ്യൂതതയെ വിഘാതപ്പെടുത്തിയ കാലം മനുഷ്യമനസ്സും, മനീഷയും നിശ്ചലമായി നിന്നുപോയി. ക്രൈസ്തവപൗരോഹിത്യം ചിന്തയേയും ജ്ഞാനതൃഷ്ണയേയും കടിഞ്ഞാണിട്ടു യുക്തിവാദത്തിനോ സ്വതന്ത്രചിന്തയ്ക്കോ ഇടമുണ്ടായിരുന്നില്ല, അചേതനമായ ബുദ്ധി അമൂർത്താവസ്ഥയിൽതന്നെ കഴിഞ്ഞു. ഏററിറക്കമില്ലാത്ത ജലാശയംപോലെ മനുഷ്യസംസ്കാരം അനക്കമില്ലാതെ നിന്നു. മലീമസമായ ആ അന്തരീക്ഷത്തിൽ നിന്നും നല്ലതൊന്നും പ്രതീക്ഷി

ക്കുക സാദ്ധ്യമല്ല. സാംസ്കാരികമായ പൈതൃകത്വവും ക്രിയാത്മകമായ മേധാശക്തിയും, വൈജ്ഞാനികമായ ഭാവനീസമ്പത്തും, രചനാത്മകമായ വൈകാരികത്വവും എല്ലാംതന്നെ മതഭ്രാന്തിന്റെ പേരിൽ ക്രൈസ്തവ പൗരോഹിത്യം മരവിപ്പിച്ചു. അങ്ങനെ മനുഷ്യപുരോഗതി എല്ലാ മണ്ഡലങ്ങളിലും തകർന്ന തരിപ്പണമായ ഒരു കാലമായിരുന്നു അത്.

എന്നാൽ ഇരുണ്ട ഈ കാലഘട്ടത്തിൽ പ്രകാശം പരത്തിയിരുന്ന പ്രഭാപ്രസരമായിരുന്നു ഇസ്ലാമിക സംസ്കാരം. ക്രൈസ്തവ യൂറോപ്പ് നിശ്ചലമായിനിന്ന ഈ സമയത്ത് ഇസ്ലാമിക സംസ്കാരമായിരുന്നു സമൂഹത്തെ ചലനംകൊള്ളിച്ചിരുന്നത്. യവനറോമാതാത്വികാദർശനങ്ങളും, പൌരാണിക ഇന്ത്യയുടെ ഗണിതശാസ്ത്രങ്ങളും, എന്തിന്? അതുവരെയുള്ള മനുഷ്യരാശിയുടെ സാംസ്കാരിക സമ്പത്തുതന്നെ സ്വരൂക്കൂട്ടിയിരുന്നതു കൊറഡോവായിലും, അലക്സാന്ത്രിയായിലും, ബാഗ്ദാദിലും, കെയ്റോവിലുമായിരുന്നു. ഈ സ്ഥലങ്ങൾതന്നെയായിരുന്നു ലോകത്തിന്റെ സിരാകേന്ദ്രങ്ങൾ. അറിവിന്റെ പുത്തൻ സരണികളെ തേടിയെത്തിയിരുന്ന ആരുടേയും രക്ഷാസങ്കേതം ഇവയൊക്കെതന്നെ വ്യവസായികബന്ധങ്ങളും, കാർഷിക പരീക്ഷണങ്ങളും രാഷ്ട്രീയസംവിധാനങ്ങളുമെല്ലാം, കാണുവാനും പഠിക്കുവാനും ലോകംമുഴുക്കെ ജിജ്ഞാസാപൂർവ്വം ഉററുനോക്കിക്കൊണ്ടിരുന്ന കേന്ദ്രങ്ങളും ഇസ്ലാമിക നഗരങ്ങളുമായിരുന്നു. ഈ കാലഘട്ടത്തിൽതന്നെയാണ് ലോകത്തിലെ ഏററവും സമ്പന്നവും ഏററവും സുശക്തവുമായ ഒരു ഇസ്ലാമികരാഷ്ട്രം ഇൻഡ്യയിലും സുസ്ഥാപിതമായതു്. അങ്ങനെ വിശ്വോത്തരമായ ഒരു സംസ്ക്കാരം ഈ നാട്ടിലുണ്ടായി. അതിൽനിന്നും പ്രചോദനം കൊള്ളുവാൻ എല്ലാ വിഭാഗക്കാരെയും പ്രേരിപ്പിച്ചിരുന്ന അനുകരണീയമായ ഒരു മാതൃകാശക്തിയായി ഇസ്ലാം ശോഭിച്ചു ഇതു് നിലവിലുണ്ടായിരുന്ന ക്രൈസ്തസാമൂഹികസമ്പ്രദായത്തിന്റെയും ഭരണകൂടങ്ങളുടേയും നേരെ വിപരീതമായ സ്ഥിതിയായിരുന്നു. ഒന്നു് ഫ്യൂഡൽ സമ്പ്രദായത്തിൽ അരാജകത്വത്തിന്റെ വിളനിലമായിന്നപ്പോൾ മറേറതു് സുശക്തമായ ഒരു കേന്ദ്രീകൃതഭരണത്തിൽ

അധിഷ്ഠിതമായതായിരുന്നു. ക്രൈസ്തവസമൂഹം പള്ളിയുടേയും പട്ടക്കാരൻേറയും അന്യായമായ നിയന്ത്രണത്തിന്ന് വിധേയമായി മോക്ഷത്തിനുവേണ്ടി വീർപ്പുമുട്ടിക്കൊണ്ടിരുന്നപ്പോൾ, ഇസ്ലാമിക സമൂഹം നിരുപമമായ രചനാത്മകമണ്ഡലങ്ങളിൽ സ്വതന്ത്രരായിവിഹരിക്കുകയായിരുന്നു. ഒന്നു് പൌരാണിക വിജ്ഞാനസമ്പത്തിനേയും സാംസ്കാരിക സംഭാവനകളേയും, അവിശ്വാസികളുടെ ദർശനങ്ങളായെണ്ണി അറിവിൻെറ വാതായനം കൊട്ടിയടച്ചപ്പോൾ. മറേറതു് അറിവിനെ തേടിപ്പിടിക്കുകയും അവ തേച്ചുമിനുക്കി മനുഷ്യഗുണത്തിനായി പ്രകാശിപ്പിക്കുകയും ചെയ്യുകയായിരുന്നു. ചുരുക്കത്തിൽ കൈസ്തവയൂറോപ്പ് ചലനമില്ലാതെ ചത്തുകിടന്നിരുന്നപ്പോൾ മാററങ്ങൾകൊണ്ടു് പ്രകമ്പനം കൊള്ളിച്ചിരുന്ന മഹത്തരമായ ഒരു പ്രസ്ഥാനമായിരുന്നു ഇസ്ലാം. എന്നാൽ ലോകത്തിലെ പല സാംസ്കാരിക ചരിത്രത്തിലും സംഭവിച്ച വൈചിത്ര്യം ഇവിടേയും ബാധിച്ചു. പൌരാണിക ഇൻഡ്യതാത്വികവൈജ്ഞാനികമണ്ഡലത്തിൽ പുകഴ് പെററതായിരുന്നു. പക്ഷേ അതിന്നു് അനുസൃതം പ്രവഹിക്കുവാനൊത്തില്ല ആർഷസംസ്കാരം അറിവിൻെറ പരമോന്നതിയെ പ്രാപിച്ചെന്നവരഹംഭാവിച്ചു. പുറമേനിന്നുള്ള ഒരറിവിനേയും അവർ വിലവെച്ചില്ല. 11-ാം നൂററാണ്ടിൻെറ ആദികാലത്തു് മുഹമ്മദ്ഗസ്നായുടെ കാലത്തു്ഇൻഡ്യയിൽവന്ന അൽബൈരൂണി 'തരീക്കീഹിന്ദ്'' എന്ന അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ ഈ ഇൻഡ്യൻ വാസനയെ വളരെ അപലപിച്ചിട്ടുണ്ടു്. അദ്ദേഹമെഴുതുന്നു ''ഹിന്ദുക്കൾ അവരുടെ മതമാണു് എല്ലാ മതങ്ങളേക്കാളും നല്ലതെന്നും, അവരുടെ ദർശനങ്ങളാണു് എല്ലാററിനേക്കാൾ വിലപ്പെട്ടതെന്നും, അവരുടെ ആചാരക്രമങ്ങളാണു് മറേറതൊന്നിനേക്കാളും മഹത്തരമെന്നും വിചാരിക്കുന്നു. തന്മൂലം അന്യരുമായി സംസർഗ്ഗം ചെയ്യുവാനോ ആശയവിനിമയം നടത്തുവാനോ സംസാരിക്കുവാൻ കൂടിയോ, അവർ അറക്കുന്നു. മററുള്ളവരുമായി കണ്ടുപോയാൽ, സംഭാഷണം നടത്തിയാൽ, അവർ അശുദ്ധരായിത്തീർന്നിരുന്നുവെന്നായിരുന്നു വിശ്വാസം. അങ്ങനെ അയിത്തമാചരിച്ചി

രുന്നതുകൊണ്ട് മററുള്ളവരെ മ്ലേച്ഛന്മാർ എന്നാണവർ വിളിച്ചിരുന്നത്'''. ഇതിൻെറ പരിണതഫലമായി ഇൻഡ്യൻ സംസ്കാരം നിന്നേടത്തുതന്നെ നിന്നു. ഈ egocentrism (എല്ലാം ഉൾക്കൊള്ളുന്നുവെന്ന അഹംബോധം) അല്പകാലംകൊണ്ടുതന്നെ മുസ്ലിം ആധിപത്യത്തിൻകീഴിൽ ഇൻഡ്യയെ കൊണ്ടെത്തിച്ചു. ചൈനയിലെ അവസാനത്തെ ചക്രവർത്തി ചീൻ ഹാങ്ങിൻെറ അടുക്കലേക്ക് ലോഡ് മെക്കാർത്തിയെ ഇംഗ്ലീഷ് രാജാവ് വ്യാവസായിക ദൌത്യവുമായി പറഞ്ഞയച്ചു. ഈ പ്രതിപുരുഷനോട് ചൈനയിലെ ചക്രവർത്തി ഇങ്ങനെയാണ് പ്രതിവചിച്ചത്.

''എൻെറ നാട്ടിൽ മനുഷ്യഭോജ്യങ്ങൾ അസുലഭമാണ്. ജീവിതസൌകര്യങ്ങൾ സമൃദ്ധമായിവിടെയുണ്ട്. പുറമേനിന്ന് ഒന്നും തന്നെ നമുക്കാവശ്യമില്ല, അപരിഷ്കൃതരായ നിങ്ങൾക്ക് വല്ലതും വേണമെങ്കിൽ അവ കച്ചവടം നടത്തുന്നതിൽ നമുക്ക വിരോധമില്ല1 ''അരനൂററാണ്ട് കഴിയുന്നതിനുമുമ്പ്തന്നെ 'അപരിഷ്കൃതർ' എന്ന് വിശേഷിപ്പിച്ച ഈ പാശ്ചാത്യരുടെ അധീനതത്തിലായിത്തീർന്നു എല്ലാമുണ്ടായിരുന്നുവെന്ന് പൊങ്ങച്ചം ഭാവിച്ച ചൈനയും അവിടത്തെ ജനതയും. ഈ സമ്പൂർണബോധം ഇസ്ലാമിനേയും ബാധിച്ചു.

ക്രൈസ്തവ പൌരോഹിത്യത്തിൻെറ നിയന്ത്രണത്തിൽനിന്നും മുക്തമാകാൻ നൂററാണ്ടുകളോളം പേററുനോവു സഹിച്ചുകൊണ്ടുനിന്ന കൈസ്തവജനത ഒരു പുതുപുലരിയെ പ്രസവിച്ചു. ''നവോത്ഥാനപ്രസ്ഥാനം'' സമൂലമായ ഒരു പരിവർത്തനം യൂറോപ്യൻനാടുകളിൽ വരുത്തി. തടഞ്ഞുനിർത്തിയിരുന്ന മനുഷ്യമനീഷ അഭംഗുരം പ്രവഹിക്കുവാൻ തുടങ്ങി. കെട്ടിനിർത്തിയിരുന്ന ചേതന സ്വതന്ത്രമായി നിർഗ്ഗളിച്ചു. അതിൻെറ ഫലമായി പുത്തൻ കണ്ടുപിടുത്തങ്ങളും, നവീനാ

---

1 (Quoted by K. M. Panicker in his article 'An Indian View of Europe'' in the ''Indo-Asian culture'' October 1962 Page 109.

ശയങ്ങളും, ത്രപംപൂണ്ടു. ലോകം ഒരു നവോദയത്തിന്റെ ആരംഭം കുറിക്കുകയായിരുന്നു. ഈ പുത്തൻപ്രസരത്തെ എല്ലാം മതത്തിലുണ്ടെന്ന് ധരിച്ചിരുന്ന മുസ്ലിംസമുദായം കണ്ടില്ല. ഇവിടം മുതലാണ് തിരിച്ചടി തുടങ്ങുന്നത്.

ശതാബ്ദങ്ങളോളം നിരന്തരംപോരാടിയിരുന്ന മുസ്ലിം ക്രൈസ്തവശക്തികൾ അന്യോന്യം അവിശ്വസിച്ചിരുന്നു. തലമുറതലമുറയായി മുസ്ലിം വിരോധവും, ക്രൈസ്തവ വിദ്വേഷവും ഇടതടവില്ലാതെ അന്യോന്യം പകർന്നിരുന്നതു കൊണ്ടും ഒരിക്കലും യോജിക്കാനൊക്കാത്തമാതിരി അകന്നു പോയിരുന്ന ഇരുസമുദായങ്ങളും. കുരിശുയുദ്ധങ്ങൾ മതങ്ങളുടെ ചരിത്രത്തിൽ ഉണക്കാനൊക്കാത്ത മുറിവുകളാണുണ്ടാക്കിയതു്. ഇസ്ലാമിന്റെയും ക്രിസ്ത്യാനിററിയുടേയും പേരിൽ നികൃഷ്ടമായ കൂട്ടക്കൊലകളുടെ കുരുതിക്കളമായിത്തീന്നിരുന്നു. ഈ രാജ്യങ്ങളൊക്കെത്തന്നെ, ടർക്കിയുടെ അജയ്യമായ ആയുധശക്തി കോൺസ്റ്റാൻറിനോപ്പിൾ കൂടികീഴടക്കിയപ്പോൾ. ക്രൈസ്തവയൂറോപ്പിന്റെ വ്യവസായിക നിലനിൽപ്പതന്നെ ചോദ്യം ചെയ്യപ്പെട്ടു. മാർഗ്ഗം മുട്ടിയ അവർ അനിർവ്വാര്യതയുടെ സമ്മർദ്ദംകൊണ്ടുതന്നെ- ജീവിക്കണമെന്ന ഉത്തമാവശ്യംകൊണ്ടുതന്നെ- പുതിയ വഴികൾ ആരാഞ്ഞുതുടങ്ങി. പൌരോഹിത്യ നിയന്ത്രണങ്ങൾ ഉലയുകയും ഒരു പുതുയുഗം പുലരുകയും ചെയ്തു. സാഹസികരായ നാവികന്മാർ പുതിയ പുതിയ രാജ്യങ്ങളും, അവയിൽ എത്തിച്ചേരാനുള്ള മാർഗ്ഗങ്ങളും, കണ്ടുപിടിച്ചു. വാസ്കോഡിഗാമ, കൊളംബസ്സ്, ഡയാഡു്, മെഗല്ലൻ, അമേരിഗോവിസ്പൂച്ചി, തുടങ്ങിയവർ നവീനദശയുടെ ഉൽഘാടനം നടത്തി അനശ്വരകീർത്തി മുദ്രകൾ നേടിയവരാണ്. അവരോടൊപ്പം യൂറോപ്പും വളരുകയായിരുന്നു. കടൽയാത്രാസൌകര്യത്തിനു് ഉപയോഗപ്രദമായ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും ഇതോടുകൂടി നടത്തപ്പെട്ടു. വ്യവസായിക യുഗത്തിന്റെ പൊൻപുലരിയിൽ യൂറോപ്പാകമാനം പുളകം കൊണ്ടു. "ആവശ്യങ്ങളാണ് കണ്ടുപിടുത്തങ്ങളുടെ ജനനി" എന്ന മഹദ്വചനം സമൃത്മാക്കുകയായിരുന്നു യൂറോപ്യൻ ജനത. വ്യാവസായിക സാമ്പത്തിക; രാഷ്ട്രീയരംഗങ്ങളിൽ അഭൂതപൂർവ്വമായി വികാസം കൊള്ളുകയായിരുന്ന ആ നാടുകളും

നാട്ടുകാരും. ക്രൈസ്തവവിരോധം കൊണ്ട് കണ്ണുമഞ്ഞളിച്ചു പോയ ഇസ്ലാമിക രാഷ്ട്രങ്ങൾ ഈ വ്യത്യാസങ്ങളെ ഒന്നും ശ്രദ്ധിച്ചില്ല. നവീനയുഗത്തിന്റെ ത്രസിക്കുന്ന ചേതോവികാരങ്ങളേയും, നവീനശാസ്ത്രീയപടുതയേയും, അവജ്ഞാപൂർവ്വം വിഗണിക്കുകയാണ് പിന്നീടുണ്ടായത്. ക്രൈസ്തവയൂറോപ്പ്, ഉറങ്ങികിടന്നിരുന്ന. സിംഹം, ഇടിമുഴക്കം കേട്ട് സട കുടഞ്ഞു ഗാംഭീര്യത്തോടുകൂടി ഉണർന്നെഴുന്നേററതു പോലെ നവീനസംസ്കാരങ്ങളുടെ പ്രാണേതാക്കളായി മാറി. അറിവിന്റെ കവാടം കൊട്ടിയടച്ച് എല്ലാംഉൾക്കൊള്ളുന്നുവെന്ന ഭാവേന ചൈനീസ് ചക്രവർത്തിയെപ്പോലെ കഴിഞ്ഞിരുന്ന മുസ്ലിം രാഷ്ട്രങ്ങൾ ഉറങ്ങുകയായിരുന്നു. അങ്ങനെ പുതുതായ ഒന്നും തന്നെ അറിയുവാനോ, പുത്തൻ കാലഘട്ടത്തിന്റെ ഹൃദയത്തുടിപ്പുകൾക്കൊത്തുയരുവാനോ സാധിക്കാതെ ഭയങ്കരമായ ഒരു പിന്നോട്ടടിയാണ് ഇസ്ലാമിക രാഷ്ട്രങ്ങളിലാകമാനം വന്നുകൂടിയത്.

ഇതിൽനിന്നും പുറകോട്ടു പുറകോട്ടു പോയതല്ലാതെ മുൻപോട്ടുള്ള ഗതി ഒരിക്കലുമുണ്ടായിട്ടില്ല. രണ്ടു മൂന്നു നൂററാണ്ടു കാലത്തെ ഈ പരാധിനത പെട്ടെന്ന് ഉയത്തെഴുന്നേല്ക്കുവാനൊക്കാത്തമാതിരി കനപ്പെട്ടതായിരുന്നു. അതേസമയത്ത് പ്രതികാരവാഞ്ഛയോടുകൂടി പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് പ്രയാണം ചെയ്യുകയായിരുന്നു ക്രൈസ്തവയൂറോപ്പ്. മദ്ധ്യദശയിൽ യൂറോപ്യൻ സംസ്കാരം എങ്ങനെ നിശ്ചലമായി നിന്നോ ആ സ്ഥിതിയാണിന്നുംമുസ്ലിം രാഷ്ട്രങ്ങളുടേതു്. ഇരുണ്ടകാലഘട്ടത്തിൽ പ്രകാശത്തിന്റെ കൈത്തിരി കാട്ടി മനുഷ്യസംസ്കാരത്തെ തേച്ചുമനുക്കിയ മുസ്ലിംസമുദായത്തിനു് തുല്ല്യമായ പദവിയാണ് ഇന്നു് സംസ്കാരങ്ങളുടേയും, ശാസ്ത്രങ്ങളുടേയും, വിജ്ഞാനത്തിന്റേയും, വിദ്യാഭ്യാസത്തിന്റേയും വിവിധ മണ്ഡലങ്ങളിൽക്രൈസ്തവജനതയ്ക്കുള്ളതു്. വിസ്മയാവഹമായ വൈരുദ്ധ്യം എന്നല്ലാതെ മറെറന്തുപറയുവാനാണ്.

ഇൻഡ്യൻ മുസൽമാനെ സംബന്ധിച്ചേടത്തോളം വേറൊരു തരത്തിലാണിതു് ബാധിച്ചതു്. അറുനൂറിലധികം കൊല്ലം

രാഷ്ട്രീയാധികാരം കയ്യാളിയിരുന്ന ഇൻന്ത്യൻ മുസൽമാൻ, കോഴിക്കോടുനിന്നു് എട്ടുമൈൽ അകലെ കപ്പാടു് എന്ന സ്ഥലത്തു് നങ്കൂരമിട്ടിറങ്ങിയ വാസിക്കോഡിഗാമയെന്ന പറങ്കിയുടേയും കൂട്ടരുടേയും. ആഗമനം പാശ്ചാത്യ അധിനിവേശത്തിൻെറ ആരംഭമാണെന്നും ഒരു പുത്തൻ പ്രസരത്തിൻെറ പ്രഘോഷണമാണെന്നും, അറിഞ്ഞിരുന്നില്ല, ഇതിനെ തുടർന്നു് പാശ്ചാത്യർകച്ചവടവും കയ്യൂക്കുംകൊണ്ടു രാജ്യം കരണ്ടുതിന്നിരുന്ന കഥയും അവരറിഞ്ഞില്ല. വ്യാവസായികരംഗം കരയിൽ നിന്നും കടലിലേക്കു് മാറിയെന്നും നാവികസേനയുടെ ശക്തി ലോകം കീഴടക്കത്തക്കതായി തീർന്നിരുന്നുവെന്നതും ഇവരാരും ഓർത്തില്ല. ലോകത്തിലെ ഏററവും സമ്പദ്ധവും. ശക്തവുമായിരുന്ന മുഗാംസാമ്രാജ്യാധിപതികൾ കൂടി ഒരു നാവികിസേനയുടെ ആവശ്യത്തെപ്പററി അത്ര കാര്യമായാലോചിച്ചില്ല. "കടലുകളുടെ രാജ്ഞി"യായിത്തീർന്ന ഇംഗ്ളണ്ടിനു്, അങ്ങനെ, ലോകത്തിൻെറതന്നെ അധീശത്വം കയ്യടക്കവാനൊത്തു. ഇൻഡ്യയിലും ഈ പ്രക്രിയതന്നെ ആവർത്തിക്കപ്പെട്ടു. ടിപ്പുസുൽത്താൻെറ പതനത്തോടുകൂടി മുസ്ലിം പുനരാധിപത്യം ഒരിക്കലും സാദ്ധ്യമല്ലെന്നു വ്യക്തമായിരുന്നു. ബ്രിട്ടീഷ്ശക്തി ആരാലും ചോദ്യം ചെയ്യപ്പെടാനസാദ്ധ്യമായ തോതിൽ അജയ്യമായിതീരുകയും ചെയ്തിരുന്നു പക്ഷേ, അധികാരം നശിച്ച മുസ്ലിം നവാബുമാരും പ്രഭുക്കന്മാരും ബ്രിട്ടീഷ്കാരോടു് സന്ധിയില്ലാത്ത സമരമനോഭാവമാണു് പ്രകടിപ്പിച്ചതു്. നഷ്ടപ്പെട്ട അധികാരം എന്നെങ്കിലും തിരിച്ചെടുക്കണമെങ്കിൽ ഇംഗ്ളീഷ് വിരോധം മുസ്ലിം സാമാന്യ ജനങ്ങൾക്കിടയിൽ കൂടി പരത്തേണ്ടതു് അത്യാവശ്യമായിരുന്നു. അതിനു് മുസ്ലിം പൗരോഹിത്യവും അരുനിന്നു. ബ്രിട്ടീഷ്സേനയിലോ, സർവ്വീസിലോ, സ്ഥാപനങ്ങളിലോ സഹകരിക്കുന്നതു് ഇസ്ലാമിന്നെതിരായ പ്രവൃത്തിയായി ഫത്തുവായും പുറപ്പെടുവിച്ചു. ചരിത്രപരമായ ഒരാവശ്യം നിർവ്വഹിക്കുകയായിരുന്നു അക്കാലഘട്ടത്തിൽ ഇവരൊക്കെ ചെയ്തതു്. പക്ഷേ ബ്രിട്ടീഷ് ശക്തി ഒരിക്കലും തകർക്കാനൊക്കാത്തവിധം അപ്രതിരോധ്യമായിരുന്നിട്ടുകൂടി മുസ്ലിം ജനത ഈ ബഹിഷ്കരണനില തന്നെ തുടർന്നു. ചുരുക്കത്തിൽ

അവർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ പ്രവേശിക്കുന്നതും അവരുടെ ഭാഷയായ ഇംഗ്ലീഷ് അഭ്യസിക്കുന്നതും അനിസ്ലാമികമാണെന്നധാരണ മുസ്ലിം സമുദായത്തെ വിജ്ഞാനസമ്പാദനശ്രമങ്ങളിൽനിന്നും പിന്തിരിപ്പിച്ചു. ഈ നില തുടർന്നതുകൊണ്ട് പുതിയ അറിവോ; പുതിയ വെളിച്ചമോ, കിട്ടാതെ സമുദായമാകമാനം പുറകോട്ടടിച്ചു. കനത്ത തിരിച്ചടിക്ക്വിധേയമായ ഈ സമുദായം ഇന്നും ആ അധ:പതനത്തിൻെറ കണ്ടിൽനിന്നും കരകയറിയിട്ടില്ല.

ഇതൊക്കെയാണ് ഞാനാദ്യം പറഞ്ഞുവെച്ച ചരിത്രപരമായ അപവാദങ്ങൾക്ക കാരണം. ഇതിൽനിന്നും മുക്തിനേടേണ്ടതു് സമുദായത്തിൻെറ അത്യാവശ്യമായ കാര്യമാണ്. ഒന്നും ഒററയുമായുള്ള പ്രവർത്തനം മാററിനിർത്തി സംഘടിതമായി ഭഗീരഥപ്രയത്നം ചെയ്യേണ്ടതായിട്ടിരിക്കുന്നു. പോംവഴികൾ കൂട്ടായി ഉറക്കെ ചിന്തിച്ച് അധ:പതനത്തിൽ നിന്നും അധ:പതനത്തിലേക്ക് നിപതിച്ചു കൊണ്ടിരിക്കുന്ന ഈ സമൂഹത്തെ എത്രയും വേഗം ഉയർത്തിക്കൊണ്ടു വരുവാനുള്ള ശ്രമങ്ങൾ നടത്തുമോ അത്രയും നന്ന്.

## സാമൂഹ്യ വിപ്ളവത്തിൻെറ കൈത്തിരി

സർ സയ്യിദ്അഹ്മ്മദ് ഖാൻ ഒരിക്കൽ അഖിലേന്ത്യാ സർവ്വകക്ഷി സമ്മേളനത്തെ അഭിമുഖീകരിച്ച പ്രസ്താവിച്ചു. "രാഷ്ട്രീയാധികാരമല്ല, ഇന്ത്യയിലെ മുസൽമാനെ സംബന്ധിച്ച് ഇപ്പോഴാവശ്യം; വിദ്യാഭ്യാസവും തജ്ജന്യമായ സാമൂഹിക പുനരുത്ഥാനവുമാണ്," എന്നു്. അരനൂററാണ്ടിന്നു മുമ്പ് ചെയ്ത ഈ പ്രഖ്യാപനം ഇന്ത്യൻ മുസൽമാനെ സംബന്ധിച്ച് അക്ഷരംപ്രതി ഇന്നുംയഥാർത്ഥമായി നിലകൊള്ളുന്നു. സമുദായത്തിൻെറ ഏതാശത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും, ഏതു് പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോഴും കാതലായി കാണുന്നകാര്യം വിദ്യാഭ്യാസപരമായ പിന്നോക്കസ്ഥിതി മൂലമാണ് ഇന്നു് നമ്മെ നേരിടുന്ന കുഴപ്പങ്ങളത്രയും എന്നതന്നെയാണ്. പല തലങ്ങളിലായി ഒററയൊററ സംരംഭങ്ങൾ നടക്കുന്നുവെങ്കിലും സംഘടിതമായ ഒരു തീവ്രയത്നപരിപാടി ഇതുവരെയും ആസൂത്രിതമായിട്ടില്ല.

വിദ്യാഭ്യാസം എന്നു് പറയുന്നതിൻെറ വ്യാപ്തി, പരിധി എന്നിവയെപ്പററിത്തന്നെ പറയുന്നവരിൽ പലക്കും നല്ല രൂപം കാണുകയില്ല. എന്താണ് വിദ്യാഭ്യാസം? സ്കൂളുകളിലോ, മദ്രസകളിലോ, കാലാലയങ്ങളിൽ തന്നെയോ, പുസ്തകക്കെട്ടുമായി വർഷങ്ങൾ തള്ളിനീക്കി ഏതെങ്കിലും പരീക്ഷാവിജയം നേടുന്നതു് മാത്രമാണോ? പഠിക്കുന്നതും അറിയുന്നതുമായ വിഷയങ്ങളുടെ സ്വാധീനം ജീവിതത്തിൽ പ്രകാശിതമാകുന്നവയിൽ ഇന്നു നിലവിലുള്ള സമ്പ്രദായങ്ങളിലുണ്ടോ? ലൌകീക വിദ്യാഭ്യാസമെന്നും ആത്മീയ വിദ്യാഭ്യാസമെന്നും—മദ്രസ്സാപഠനവും സ്കൂൾപരിശീലനവും- എന്നു് ഞാനതിനെ വിവരിക്കട്ടെ, വ്യവച്ഛേദിക്കുന്ന നമ്മുടെ സ്ഥിതി വിദ്യാഭ്യാസമെന്നതിൻെറ ശരിയായ ആത്മസത്ത ഉൾക്കൊള്ളുന്നതാണോ? എ

ങ്ങിനെ സമുദായത്തെ നേരിടുന്ന വിദ്യാഭ്യാസത്തിന്റെ കാര്യം വിജയകരമായി നടത്താനൊക്കും ഇതൊക്കെ പല കാലങ്ങളിലായി പലരും ചർവ്വിതചർവ്വണം നടത്തിയിട്ടുള്ളവയാണെങ്കിൽ കൂടിയും മുസ്ലിം സമുദായത്തെ സംബന്ധിച്ച് ഇത്തരം കാര്യങ്ങൾ കൂടുതൽ നിഷ്കർഷയോടും നിർബ്ബന്ധബുദ്ധിയോടും കൂടി എപ്പോഴും പരിചിന്തനം ചെയ്യേണ്ടതായുണ്ട്. കാരണം നാം വിദ്യാഭ്യാസമെന്താണെന്ന് ഇതുവരെ മനസ്സിലാക്കുവാൻ മറന്നുപോയ നിർഭാഗ്യവാന്മാരുടെ ഒരു സമൂഹമാണ് എന്നതുകൊണ്ടുതന്നെ. ഞാൻ ഇവിടെ നടത്തുന്ന ശ്രമം വിദ്യാഭ്യാസത്തിന്റെ സാമൂഹിക വിപ്ലവസ്വഭാവത്തെ അധികരിച്ച് ചിലത് പറയുവാനാണ്.

'വിദ്യാഭ്യാസം' വെറും ശുഷ്കമായ പാഠ്യപദ്ധതികളിലൊതുങ്ങുന്നവയല്ല. മദ്രസ്സയാകട്ടെ, സ്കൂളുകളാവട്ടെ ഒരളവോളം മാത്രമേ വിദ്യയെ പകർന്നു നല്കുന്നുള്ളു. ജീവിതയോധനത്തിൽ വിജയം നേടുവാനുള്ള അഭ്യാസം മാത്രമല്ല; ഒരു സമൂഹത്തിൽ, രാഷ്ട്രത്തിൽ എങ്ങിനെ മനുഷ്യരായി കഴിയണം, എന്ന പ്രയാസമേറിയ പാഠവും കൂടി പകർന്നു തരുന്നതാണ്. ജീവിതത്തിലെ ശാശ്വതമൂല്യങ്ങൾക്കും, ഏതു മതവും അന്തമായായിക്കരുതിപോന്നിട്ടുള്ള ധാർമ്മികസദാചാരങ്ങൾക്കും ഒത്തിണങ്ങി സംസ്കൃതരായ ജനസമൂഹത്തെ വാർത്തെടുക്കുന്ന മനോഹരമായ ഒരാശയമാണ് വിദ്യാഭ്യാസം. വിശാലവും അനന്തവുമാണ് അതിന്റെ വിസ്തൃതി. ഡിഗ്രിയോ, സർട്ടിഫിക്കറ്റോ ഇല്ലാത്ത എത്രയോ മഹാത്മാക്കളെ നമുക്കറിയാം. ഡിഗ്രിയുള്ളവരിൽതന്നെ ഉയർന്ന മഹാശയന്മാരുമുണ്ട് ധിക്കാരികളായ അല്പന്മാരുമുണ്ട്. ഒരേ കോളേജിൽ ഒരേ പരീക്ഷക്കിരിക്കുന്ന വിദ്യാർത്ഥികളിൽ വ്യക്തിസ്വഭാവമനുസരിച്ച് പെരുമാററഗുണവും ദോഷവും ദൃശ്യമാകുന്നതുപോലെതന്നെ, വലിയ വിദ്യാഭ്യാസ യോഗ്യത വേണ്ട ഒരേ ജോലിയിൽ പ്രവേശിച്ചിരിക്കുന്നവർ തമ്മിലും സംസ്കാരത്തിന്റെ മാനദണ്ഡം വെച്ചളക്കുമ്പോൾ വ്യത്യാസങ്ങൾ നിരവധി നിരത്തുവാനൊക്കുന്നു. അപ്പോൾ ഇന്ന് ലഭിക്കുന്ന വിദ്യാഭ്യാസം ഒരളവോളം മാത്രമെ അതിന്നു് തയ്യാറാവുന്നവരിൽ സ്വാധീനം ചെലുത്തുന്നുള്ളുവെന്നു് തീർച്ചയാണ്. അതും ഓരോരു

ത്തരിൽ ഓരോ രീതിയിലുമായിരിക്കും. ചുരുക്കത്തിൽ ജീവിതത്തേയും സമൂഹത്തേയും കുറിച്ചു് അല്പാല്പമായ ധാരണ നല്കുകയും നിർദ്ദേശങ്ങളും സൂചനകളും പ്രദാനം ചെയ്യുകയുമാണ് പരമാവധി ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്നു് ചെയ്യാവുന്ന പ്രയോജനകരമായ പ്രവൃത്തി. അപ്പോൾ അവ മനസ്സിലാക്കുന്ന രീതിയിലും സ്വീകരിക്കുന്ന മാതിരിയിലുമാണ് അവയുടെ സ്വാധീനം ഉല്പീഡമാകുന്നതു്. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ഭാഗികമായ ഈ അംശം കൂടിയും നഷ്ടപ്പെട്ടുന്നുവെന്ന പരിതാപകരമായ സ്ഥിതിയാണ് ഇവിടെ സംജാതമായിരിക്കുന്നതു്. ഇന്നു വ്യവഹരിച്ചുപോരുന്ന രീതിയിലുള്ള വിദ്യാഭ്യാസംതന്നെ ചെറിയരംശമേ വിദ്യാഭ്യാസത്തിന്റെ അർത്ഥത്തിൽ ആകുന്നുള്ളവെന്നതു് പരമാർത്ഥമായിരിക്കുമ്പോൾ അതുകൂടിലഭിക്കാത്ത മുസൽമാനെ സംബന്ധിച്ചു നാമെന്താണ് വിശേഷണമായി ചേർക്കുക!

ഈ പരിതസ്ഥിതി മനോമുകുരത്തിൽ ദർപ്പണം ചെയ്തുകൊണ്ടാണ് സർ സയ്യിതു് ധീരമായി പ്രഖ്യാപിച്ചതു്. "വിദ്യാഭ്യാസമാണ് മുസൽമാനെ സംബന്ധിച്ചു് ആവശ്യമായിട്ടുള്ളതു്" എന്നു്. മനുഷ്യർ തമ്മിൽ ഏകോദരസഹോദരങ്ങളെപ്പോലെ ഒരുമയോടും സേ്നഹത്തോടും കൂടി കഴിയുന്ന സുഘടിതമായ ഒരു സമൂഹത്തെയാണ് ഇസ്ലാം വിഭാവനം ചെയ്തതു്. അനശ്വരങ്ങളായധാർമ്മികമൂല്യങ്ങൾകൊണ്ടും, അനർഘങ്ങളായ സ്ഥായിഭാവങ്ങൾകൊണ്ടും ആ സമൂഹത്തിന്നു് ഒരു ചിട്ടയും വ്യവസ്ഥയുമുണ്ടാക്കി. സദാചാര സന്മാർഗ്ഗോപദേശങ്ങൾ ചെയ്യാത്ത ഒരു മതവും ഒരാചാര്യനും ലോകത്തുണ്ടായിട്ടില്ല. ഈ ധാർമ്മിക വ്യവസ്ഥയിൽ വളർന്നു് അവയെ ഹൃദയത്തിന്റെ സാരാംശമായി തന്മയീഭവിപ്പിച്ചവർ മാത്രമേ സംസ്ക്കാരസമ്പന്നരായ വിദ്യാഭ്യാസമുള്ളവരായി വ്യവഹരിക്കുവാനൊക്കൂ. എല്ലാ മതങ്ങളുടേയും ആത്യന്തികമായ ഗുണം സർവ്വോല്ക്കർഷകാരിയായ ഒരു ജനസമൂഹത്തെ വാർത്തെടുക്കുകയെന്നതുതന്നെയായിരുന്നു. പക്ഷേ ജനങ്ങൾ നിഷ്ഠയും ചിട്ടയുമില്ലാതെമതശാസനകളുടെ സാരാംശവും സംസ്ക്കാരവും ഉൾക്കൊള്ളാതെ കാടുകയറുന്ന സമ്പ്രദായത്തിലാണ്

സാമൂഹികമായി അരക്ഷിതാവസ്ഥയും അധോഗതിയും സംജാതമാകുന്നത്. ഇന്ന് മുസ്ലിംകളെ സംബന്ധിച്ചുണ്ടായിരിക്കുന്ന വിശേഷം ഇതുമാത്രമാണ്.

ഈ ദുഃസ്ഥിതിയിൽ നിന്നും മോചനം നേടാനൊക്കണമെങ്കിൽ സർ സയ്യിദ് വ്യവഹരിച്ചതുപോലെ "രാഷ്ട്രീയാധികാരമല്ല ഇന്ത്യൻ മുസൽമാനെ സംബന്ധിച്ച ഇന്ന് ആവശ്യമെന്ന് നാം മനസ്സിലാക്കുകയും വിദ്യാഭ്യാസമാകുന്ന സംസ്കാരമാകുന്ന കൈത്തിരിയുമേന്തി അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കഴിയുന്ന ലക്ഷോപലക്ഷം മുസ്ലിം സ്ത്രീ പുരുഷന്മാരുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും, "സാമൂഹിക നവോത്ഥാനത്തിന്നും" വിപ്ളവത്തിന്നും കളം സജ്ജമാക്കുകയും ചെയ്യേണ്ടതായിട്ടിരിക്കുന്നു. സാംസ്ക്കാരിക സംഘടനകൾക്ക മാത്രമെ ബുദ്ധിപരമായ നേതൃത്വം നല്കുവാനൊക്കുകയുള്ളു. മനുഷ്യൻ എന്ന പ്രതിഭാസത്തിന്ന് പ്രാധാന്യം നല്കുന്നതും മനുഷ്യത്വത്തിൻെറ മഹിമാവിനെ മാനിക്കുന്നതുമായ വിപ്ളവപ്രസ്ഥാനങ്ങൾ വളർന്നു പന്തലിച്ചെങ്കിൽ മാത്രമെ പരമ്പരാഗതമായി രൂഢമൂലമായിരിക്കുന്ന അന്ധതയും അജ്ഞതയും ഉന്മൂലനം ചെയ്യുവാൻ സാദ്ധ്യമാകുകയുള്ളു. വിദ്യാഭ്യാസം സാമൂഹിക വിപ്ളവത്തിന്ന് കാഹളം വിളിക്കുവാനുതകണം. അത്തരം വിദ്യാസമ്പന്നരായ യുവാക്കളുടെ സംഘടിത ശ്രമങ്ങളെ സകല നിലയിലും പ്രോത്സഹിപ്പിക്കുകയും വേണം. മാററങ്ങൾ ഉണ്ടാകുക ചലനാത്മകമായ സമൂഹത്തിലാണ്. സ്ഥിത്യാത്മകമായ ഒന്നിലും വിപ്ളവാവേശമോ പുത്തൻ പ്രസരമോ കടന്നു ചെല്ലുകയില്ല. നിശ്ചലമായി കിടക്കുന്ന ഈ സമൂഹത്തിൽ മാററത്തിൻെറ ചലനം സൃഷ്ടിക്കുവാൻ സാംസ്ക്കാരികമായ വിപ്ളവങ്ങൾക്ക് മാത്രമേ സാധിക്കു. നമ്മുടെ വിദ്യാഭ്യാസം ലൌകികമാകട്ടെ, ആത്മീയമാകട്ടെ സാമൂഹിക വിപ്ളവത്തിന്നുതകുന്ന തരത്തിലുള്ളതായാൽ മാത്രമേ ഇന്നത്തെ ഈ സ്ഥിതിയിൽനിന്നും കരപററാൻ ഒക്കൂ. കലാലയബിരുദധാരികൾ ഒരുപക്ഷെ കുറെ ഉദ്യോഗസ്ഥന്മാരായിത്തീർന്നേക്കാം. അതു് നടന്നു കൊള്ളട്ടെ പക്ഷേ യഥാർത്ഥ വിദ്യാഭ്യാസം ലഭിക്കുന്നവർ തൻെറ അറിവും സംസ്കാരവും അധഃസ്ഥിതമായ ഈ ജനവിഭാഗത്തെ

ഉയർത്തിക്കൊണ്ടുവരുവാൻ പ്രയത്നിച്ചില്ലെങ്കിൽ നമ്മുടെ സ്ഥിതി വളരെ ശോചനീയമായിത്തീരുമെന്നു് ഓരോരുത്തരും ചിന്തിക്കേണ്ടതാണ്.

അപ്പോഠം ഇന്നത്തെ വിദ്യാഭ്യാസ രീതിയാൽനിന്നും ലഭ്യമല്ലാത്ത സാംസ്ക്കാരികമായ വിദ്യയുടെ സിംഹഭാഗം എങ്ങിനെ നമ്മുടെയിടയിൽ പ്രചരിപ്പിക്കുവാൻ കഴിയും? ഇവിടെയാണ് സാംസ്ക്കാരിക സംഘടനകളുടേയും ബുദ്ധിജീവികളുടേയും പ്രാധാന്യം കൂടുതൽ കൂടുതൽ വ്യക്തമാകുന്നതു്. സാമൂഹികമായ വിപ്ളവവും നവോത്ഥാനവുമുണ്ടാകാതെ ഒരു സമൂഹവും വളർന്നിട്ടില്ല. വളരുകയുമില്ല. സാമൂഹികമായ നിമ്നോമ്നതയും അധഃസ്ഥിതിയും മാററുവാൻ കഴിയുന്നതു് ബുദ്ധിപരമായവിപ്ളവങ്ങഠംക്കും അവ ഉദീകരണം ചെയ്യുന്ന സാംസ്ക്കാരിക നവോത്ഥാനങ്ങഠംക്കുമാണ്. അതു് മനസ്സിലാക്കി സർവ്വതോന്മുഖമായ പ്രവർത്തനം സാമൂഹിക പരിഷ്ക്കരണത്തിനായി വിനിയോഗിക്കണം. മുസ്ലിം സമുദായത്തിൻെറ പിന്നോട്ടടിക്കുള്ള കാരണങ്ങഠം ആഴത്തിലാണ്ടുകിടക്കുന്നതാണ്. ഈ വേരു് തിരഞ്ഞുപിടിച്ചു് പിഴുതെറിയണം. മരത്തിൻെറ പില്ലയിലും കൊമ്പിലും തൊലിപ്പുറമേയും കാണുന്ന ഉണക്കും വിള്ളലുമൊക്കെ ശുശ്രൂഷിക്കുന്നതു് നന്നുതന്നെ. പക്ഷെ രോഗം മാറണമെങ്കിൽ ആന്തരികമായിത്തന്നെ സമൂല പരിവർത്തനം വന്നേ പററു. ആ ഗത്യാത്മകമായ മാററത്തിൻെറ സൂചന നൽകുന്നവയാകണം നമ്മുടെ സാംസ്ക്കാരിക പ്രവർത്തനങ്ങഠം. രോഗത്തിൻെറ അടിവേരു്തന്നെ നീക്കം ചെയ്യാൻ സാധിക്കണം. പുറമെയുള്ള ചികിത്സ താല്ക്കാലികംമാത്രമാണെന്ന ധാരണയോടുകൂടി, നമ്മെ ബാധിച്ചിരിക്കുന്ന അസുഖത്തിൻെറ ഗൌരവം ശരിക്കു മനസ്സിലാക്കി സാമൂഹികമായ വിപ്ളവത്തിന്നു് കൈത്തിരിയെങ്കിലും കാട്ടുവാൻ നമ്മുടെ ഒററയാററയായ പ്രാദേശിക സംസ്ക്കാരിക സംഘടനകഠംക്കൊത്താൽ അത്രയും ചാരിതാർത്ഥ്യജനകംതന്നെ. അതിന്നുള്ള വിദ്യാഭ്യാസം നമുക്കുണ്ടാകട്ടെ.

**സാമൂഹ്യ നവോത്ഥാനം.**

സാമൂഹിക രാഷ്ട്രീയ വ്യവസ്ഥിതികളിൽ സാരമായ മാററങ്ങരം സംഭവിക്കാറുണ്ട്. ഏകാധിപത്യ ഭരണ സംവിധാനങ്ങരം ജനകീയ വേലിയേററത്തിൽ തറപററുന്നു. രാജവാഴ്ചയും ജൻമിത്തവും നിലംപരിശാവുന്നു. ജനങ്ങളുടെ ആശയാഭിലാഷങ്ങരംക്കനുസരിച്ച് സാമൂഹ്യക്രമത്തിലും ഭരണവ്യവസ്ഥയിലും ശീഘ്രഗതിയിൽ മാററങ്ങരം ഉണ്ടാകും. ഒക്ടോബർവിപ്ളവത്തിനുശേഷം റഷ്യയിലും കമ്മ്യൂണിസ്ററ്വിജയത്തിനു ശേഷം ചൈനയിലും സാമൂഹിക രാഷ്ട്രീയ സ്ഥാപനങ്ങളിൽ സമൂലമായ പരിവർത്തനമുണ്ടായി ജൻമി മുതലാളി ബൂർഷ്വാധിപത്യത്തിൻെറ കടപിഴുതെറിഞ്ഞുകൊണ്ടു് അദ്ധ്വാനിക്കുന്ന ജനവിഭാഗം അവരുടെതായ ആധിപത്യത്തിനും സോഷ്യലിസ്ററ് കമ്മ്യൂണിസ്ററ് വ്യവസ്ഥിതിക്കും ആണിക്കല്ലിട്ടു. ഇന്ത്യയിലാകട്ടെ സ്വാതന്ത്ര്യത്തിൻെറ പൊൻ പുലരി ഉദിച്ചുയർന്നതു് കഴുകൻമാർ കൊത്തിവലിച്ചാർക്കുന്ന ആയിരക്കണക്കിനു് മനുഷ്യശവങ്ങളെ കണ്ടുകൊണ്ടാണു്. സാമുദായിക വൈരാഗ്യം രക്തതാണ്ഡവം നടത്തി ഈ പുണ്യസ്ഥലം ചോരകൊണ്ടു് കറപിടിപ്പിച്ചിരുന്നു. തൻമൂലം നമ്മുടെ രാഷ്ട്രീയ പാർട്ടികരംക്കും വിപ്ളവകാരികരംക്കും അവരുടെ മുഴുവൻ ശ്രദ്ധയും വർഗ്ഗീയ കലാപമേൽപിച്ചക്ഷതങ്ങരം ഉണക്കുവാനുള്ളതീവ്രശ്രമത്തിൽ തിരിച്ചുവിടേണ്ടതായിവന്നു. ലോകം ഒരുകാലത്തും കണ്ടിട്ടില്ലാത്തത്രഅഭയാർത്ഥികളുടെ പ്രവാഹവും രാഷ്ട്രീയ സാമൂഹ്യ മാററങ്ങളെക്കുറിച്ചുള്ള ചിന്തയിൽനിന്നും കുറെക്കാലം നമ്മെ പിടിച്ചുനിർത്തി. അങ്ങിനെ ദശാബ്ദങ്ങരം പിന്നിട്ടശേഷമാണ് അനാദികാലമായി ഇന്ത്യയിൽ നിലനിന്നുപോന്നിരുന്ന സാമൂ

ഹ്യക്രമത്തോട്ട് പരിവർത്തനാത്മകമായരീതിയിലാണെങ്കിലും നാം അഭിമുഖീകരിക്കുവാൻ തുടങ്ങിയത്. ജൻമിത്തമവസാനിപ്പിക്കുവാനുള്ള ഈ ശ്രമത്തോടുകൂടി ഒരു വ്യാവസായികയുഗത്തിൻെറ പിറവികൂടി നടത്തേണ്ടതുണ്ടായിരുന്നു. അതായത് ഫ്യൂഡൽവ്യവസ്ഥയെ തകർക്കുകയും വ്യാവസായിക യുഗത്തിനാരംഭം കുറിക്കുകയും സാമൂഹിക സമത്വത്തിൻെറതായ സോഷ്യലിസ്ററ് പുതുപുലരിയെ സ്വപ്നം കാണുകയും ചെയ്യുക എന്ന ത്രിമാനങ്ങളിലധിഷ്ഠിതമായ രാഷ്ട്രീയനയം വേണമായിരുന്നു. സോഷ്യലിസ്ററ് ലക്ഷ്യത്തിലേക്കുള്ള സമാധാനപരമായ ഈ ഇന്ത്യൻപരീക്ഷണം കാലതാമസത്തെ ചൂണ്ടിയും സാവകാശഗതിയെ കാണിച്ചും വിമർശനത്തിനു വിധേയമായിട്ടുണ്ടെങ്കിലും ലോകത്തിലെ ഒരു വലിയ ജനാധിപത്യപ്രക്രിയയിൽ നേടാവുന്നതിൻെറ ഏകദേശം നല്ലശതമാനം തന്നെ ലക്ഷ്യപ്രാപ്തിയിലെത്താൻ നമുക്കു കഴിഞ്ഞുവെന്ന കാര്യം ചരിത്രം ഒരിക്കലും വിസ്മരിക്കുകയില്ല. ജൻമി സമ്പ്രദായം മിക്കവാറും ഇന്നലത്തെ കഥയായിത്തീർന്നു. വൻകിട വ്യവസായങ്ങൾ ഉൾപ്പെടെ രാജ്യത്ത് യന്ത്രക്കുഴലുകളുടെയും സാങ്കേതിക നേട്ടങ്ങളുടെയും പടഹധ്വനിപ്രകടനമാണ്. പുരോഗാമി മുതൽ പിൻതിരിപ്പൻവരെ സോഷ്യലിസ്ററ് ലക്ഷ്യത്തെ പിന്താങ്ങുകയും ചെയ്യുന്നു. സമത്വസുന്ദരമെന്ന് അറിയപ്പെടുന്ന ആ ആദർശ സമൂഹത്തിലേക്കുള്ള രാജവീഥിയിൽകൂടി നാമിന്ന് കുറെയധികം ദൂരം കടന്നു കഴിഞ്ഞു. അങ്ങിനെപഴയ ഫ്യൂഡൽ വ്യവസ്ഥിതി ഇന്ന് ഇല്ലാ എന്നുതന്നെ നാം അഭിമാനിക്കുന്നു.

എന്നാൽ ഒരു വ്യവസ്ഥിതിയിൽനിന്നും മറെറാന്നിലേക്കുള്ള മാററം റഷ്യയിലും ചൈനയിലും സംഭവിച്ചതുപോലെ ത്വരിതഗതിയിലാകാം. ഇന്ത്യയുടെതുപോലെ മന്ദഗതിയിലുമാകാം. ഏതു തരത്തിലായാലും വ്യവസ്ഥാപിത സമൂഹക്രമങ്ങളിൽ മാററങ്ങളുണ്ടാകുമ്പോൾ അത് രാഷ്ട്രീയമായ വ്യതിചലനങ്ങൾക്കു നിദാനമായി ഭവിക്കുക സ്വാഭാവികമാണ്. പക്ഷെ സമൂഹത്തിൽ വ്യത്യാസങ്ങൾ ദൃശ്യമാകാമെങ്കിലും ഒന്നിൽനിന്നും മറെറാരു വ്യവസ്ഥിതിലേക്കുള്ള പ്രയാണം വളരെ വൈകിയേ യഥാർത്ഥത്തിൽ സംഭവിക്കുന്നുള്ളു. കാരണം,

അനാദികാലമായി നിലനിൽക്കുന്ന ഒരു സാമൂഹ്യക്രമം അതിൻെറതായ സദാചാരസൻമാർഗ്ഗങ്ങളും, ആശയാഭിലാഷങ്ങളും, സ്വപ്നങ്ങളും, ആചാര സവിശേഷതകളും രൂഢമൂലമാക്കിയിരിക്കും. ഈ സദാചാരങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും, വിശ്വാസങ്ങളേയും മാററുവാൻ എളുപ്പം സാദ്ധ്യമല്ല വലവസ്ഥിതി മാറിയാലും സർക്കാർ മാറിവന്നാലും മനുഷ്യൻെറ മനസ്സിൽ തറഞ്ഞു തടഞ്ഞു കിടക്കുന്ന അന്ധവിശ്വാസങ്ങളെപ്പോലും നീക്കുവാൻ സാഹസപ്പെടേണ്ടതായിവരും അപ്പോൾ അവൻെറ ജീവിതരീതിയെ സംബന്ധിച്ചും സങ്കൽപങ്ങളേയും സ്വപ്നങ്ങളെയും സംബന്ധിച്ചുംയാതൊരുവകനീക്കുപോക്കിനും അവൻ തയ്യാറാകുകയുമില്ല. സമൂഹത്തിൽ കാണുന്ന നൂതനമായ സവിശേഷതകളെ ചൂണ്ടി പഴമക്കാരും കാലത്തിൻെറ ചലനാത്മകസ്വഭാവം മനസ്സിലാക്കുവാൻ മറന്നുപോയ പുരോഗാമികളും ഒപ്പം പരാതിപ്പെടാറുള്ളതു മൂല്യശോഷണം നടക്കുന്നുവെന്നാണ്. ഒരു വ്യവസ്ഥിതി തകരുമ്പോൾ അതോടൊപ്പം, അതിൻെറ ഘടകങ്ങളായ ആശയങ്ങളും ആദർശങ്ങളും, അചാരാനുഷ്ഠാനങ്ങളുമൊക്കെ സാരമായ മാററത്തിന്നു വിധേയമാകാതെതരമില്ല പക്ഷേ ഈ മാററം സംഭവിക്കേണ്ടതു മനുഷ്യഹൃദയത്തിലായതു കൊണ്ടു സാവകാശം നേരിടും. ആശയസംഘട്ടനങ്ങളും ആദർശസംഘർഷങ്ങളുമുണ്ടാകും. അതില്ലാതെ പുതിയ ഒരു യുഗത്തിൻെറ പിറവി കണ്ടുഎന്നു പറയുവാൻ പ്രയാസമാണ്. ഈ മാനസികമായ മാററത്തിന്നും, പുതിയ സാമൂഹ്യ സംവിധാനത്തിൻെറ ഉറപ്പിനുമായിട്ടാണു കുറച്ചുവർഷങ്ങൾക്കു മുമ്പു കമ്മ്യൂണിസ്ററ്ചൈന സാംസ്കാരിക വിപ്ളവം നടത്തിയതായി നാം കേട്ടതു. ചൈനയെപോലെ ഒരു കമ്മ്യൂണിസ്ററ് ഏകാധിപത്യത്തിൽ വിജയപൂർവ്വം നടന്ന സാംസ്കാരികവിപ്ളവം ഇന്ത്യയെപ്പോലെ വലിയ ഒരു ജനാധിപത്യരാഷ്ട്രത്തിൽ അപ്രായോഗികമാണ്. എങ്കിൽതന്നെയും നവീനാശയങ്ങളും സോഷ്യലിസ്ററ് സാമൂഹ്യക്രമത്തിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളും ഇതുവരെ ആചരിച്ചനുഷ്ഠിച്ചു പോന്ന കാര്യങ്ങളിൽ വരുത്തേണ്ട നവീകരണങ്ങളും സോഷ്യലിസ്ററ് വ്യവസ്ഥിതിയിലെ സ്വപ്നങ്ങളും, അഭിലാഷങ്ങളും, സങ്കൽപങ്ങളു

മൊക്കെ അൽപാൽപമായിട്ടെങ്കിലും നമ്മുടെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കേണ്ടതായുണ്ട്. പഴയ സങ്കൽപത്തിലൂടെയുള്ള രാഷ്ട്രീയ പ്രവർത്തനമോ, സാമൂഹികപ്രവർത്തനമോ ഒന്നും നാളെ വിലപ്പോവുകയില്ല. സാമുദായികരാഷ്ട്രീയ സംഘടനകൾ മാററത്തിനനുസൃതം അനുയായികളുടെ ചിന്തയിലും മനസ്സിലും മാററങ്ങളുണ്ടാക്കിയില്ലെങ്കിൽ ഏതൊരുപ്രവർത്തനവും നിഷ്ഫലമാകുകയേയുള്ളു.

സുദീർഘമായി ഇത്രയും പശ്ചാത്തലവിതരണം നൽകിയതു് മുസ്ലിംസമുദായത്തിൽ നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ ശ്രദ്ധ ക്ഷണിക്കാനാൻ വേണ്ടിയാണ് ഇന്ത്യയിലെ മറേറതൊരു സമൂഹത്തേക്കാളും കൂടുതൽ പ്രത്യേകതകളും തനതായ സങ്കൽപങ്ങളും വിശ്വാസങ്ങളുമുള്ള ഒരു വിഭാഗമാണല്ലോ നാം. കാലത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ മററുള്ളവരോടൊപ്പം ഓടിയെത്തണമെങ്കിൽ പഴയ സംങ്കൽപ്പങ്ങളിൽ പലതും പുത്തൻഅഭിലാഷങ്ങൾക്ക് വഴിമാറിക്കൊടുക്കണം. നമ്മുടെതന്നെ ഇസ്ലാമികവിശ്വാസത്തേയും ആചാരാനുഷ്ടാനങ്ങളെയും പുത്തൻതലമുറക്കഭികാമ്യമാക്കണമെങ്കിലും പഴയ അന്ധവിശ്വാസങ്ങളിൽനിന്നും ഫ്യൂഡൽപ്രവണതകളിൽനിന്നും മാറിയേ പററു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ സമുദായത്തിൽ ചീത്തയായ ഒരു ആചാരം നിലനിൽക്കുന്നതുകണ്ടാൽ അതു ചീത്തയാണെന്നും ചെയ്യരുതെന്നും പറയാനുള്ള മനക്കരുത്തു് നമ്മുടെ സാംസ്കാരികപ്രവർത്തകന്മാർ കാണിക്കാറില്ല കുറെ ആളുകളുടെ വിരോധം എന്തിന് സമ്പാദിക്കണമെന്ന ചിന്ത അവരെ നിശ്ശബ്ദരാക്കുന്നു. നൂതനങ്ങളായ പല മാററങ്ങൾക്കും ദൃക്സാക്ഷികളാകുന്ന യുവതലമുറ തീർത്തും ഇസ്ലാമികപന്ഥാവിൽനിന്നും വഴുതിപോകാതിരിക്കണമെങ്കിൽ ഇസ്ലാമിൻെറ അടിസ്ഥാന പ്രമാണങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു് തന്നെ മുസ്ലിംകളുടെ ഇടയിൽ നിലവിലുള്ള ഒട്ടേറെ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളെയും ധൈര്യപൂർവ്വം ഉൻമൂലനാശം ചെയ്തേ സാദ്ധ്യമാകൂ. നമ്മുടെ ഉടുപ്പിലും നടപ്പിലും, ആഘോഷങ്ങളിലുമൊക്കെകാലത്തിനൊത്തവിധം പരിവർത്തനങ്ങളാവശ്യമാണു്. ഫ്യൂഡൽ വ്യവസ്ഥിതി അരക്കിട്ടുറപ്പിച്ച എത്രയെത്ര സാ

മൂഹ്യവൈകൃതങ്ങളും, വിശ്വാസാഭാസങ്ങളും നമുക്ക് മാറേറണ്ട തായുണ്ട്? സാമൂഹ്യരംഗത്തു് സമൂലമായ മാററം ആവശ്യമായി രിക്കുന്നു പക്ഷെ മുസ്ലിംകളെസ്സംബന്ധിച്ചിടത്തോളം സാ മൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലെ പ്രവർത്തനം ഏറെ ശ്രു ഷ്ക്കവും ഫലത്തിലെത്താത്തതുമാണു്.

ഉദാഹരണത്തിനു് ഒരു കാര്യം മാത്രം സൂചിപ്പിക്കാം. വി ദ്യാഭ്യാസരംഗത്തു് വലിയ കോളിളക്കം സൃഷ്ടിച്ചുവെന്നവ കാശപ്പെടുന്ന എഡ്യൂക്കേഷനൽ സർവ്വീസ് സൊസൈററികൾ പ്രധാനമായും ഇപ്പോൾ ചെയ്യുന്നതു് സ്കോളർഷിപ്പ് കൊടു ക്കുക എന്ന പ്രവൃത്തിയാണ്. നാലും അഞ്ചും ലക്ഷവും അ തിൽ കൂടുതലും ഓരോ വർഷവും ഈ ഇനത്തിൽ നാം ചില വഴിക്കുന്നു. അതിൻെറ പ്രയോജനത്തെപ്പററി സമഗ്രമായ ഒരു പഠനം ആരെങ്കിലും ഇതുവരെ നടത്തിയിട്ടുണ്ടോ? ഒരുകാലത്തു ഇത്തരത്തിലുള്ള പ്രോൽസാഹനംവഴി മാത്രമെ മുസ്ലിംകുട്ടി കളെ സ്കൂളിലേക്കും കോളേജിലേക്കുമാകർഷിക്കുവാൻ സാ ധിക്കുമായിരുന്നുള്ളു. ഇന്നു് നമ്മുടെ കുട്ടികൾക്കു് കലാലയ ങ്ങളിൽ പ്രവേശനം കിട്ടുന്നില്ലെന്നതാണ് പ്രശ്നം. മലബാ റിലെ മുസൽമാൻെറ ചോര കുടിച്ചു് മദോൻമത്തരായി കഴി ഞ്ഞിരുന്ന ആംഗ്ളേയ ഭരണാധിപന്മാർകൂടി സ്കൂളിൽ പഠി ക്കാനൊരുമ്പിട്ടിരുന്ന മുസ്ലിംകുട്ടികൾക്ക സ്റൈറപൻറു് കൊടുത്തിരുന്നു. മുസ്ലിംകളോടും ഇസ്ലാമിനോടുമുള്ള സ് നേഹംകൊണ്ടായിരുന്നില്ല അതു എന്നെല്ലാവർക്കുമറിയാം. അ തുപോലെ സ്വന്തംകുട്ടികളെ പഠിപ്പിക്കുന്നതിൽ വേണ്ടത്ര ശ്ര ദ്ധിക്കാതിരുന്ന കൊച്ചിപ്രദേശത്തെ സേട്ടുമാർ മുസ്ലിംകുട്ടി കൾക്ക പഠിക്കുവാൻവേണ്ടി ധനസഹായം ചെയ്തുപോന്നി രുന്നു. പഠിക്കുന്നത് നല്ലതാണെന്ന വിശ്വാസമായിരുന്നു അ തിൻെറ പിന്നിലെങ്കിൽ അവർ ആദ്യം സ്വന്തം കുട്ടികളെ വി ദ്യ അഭ്യസിപ്പിക്കുമായിരുന്നു. സ്വന്തം ഫ്യൂഡൽപ്രഭാവം പ്രകടി പ്പിക്കുവാനുള്ള ഒരവസരമായാണ് അവർ ഇത്തരം നല്ല പ്രവർ ത്തികളെ കണ്ടിരുന്നതു്. കാലം മാറിയിട്ടും ആഫ്യൂഡൽമനസ് ഥിതിയുടെ പ്രകടമായ ബഹിർസ്ഫുരണമാണ് ഇന്നും ന മ്മുടെ വിദ്യാഭ്യാസപ്രവർത്തനത്തിലെ മുഖ്യഘടകം. സ്കോ ളർഷിപ്പ് വിതരണം തന്നെയായിരിക്കുവാൻ കാരണം.

മററുള്ള പ്രബലങ്ങളായ സഹോദരസമുദായങ്ങളിലും ഇതിനേക്കാറം ശക്തമായ വിദ്യാഭ്യാസപ്രവർത്തനമുള്ള കാര്യം സുവിദിതമാണല്ലോ. അവരിൽ ആരൊക്കെ എത്രത്തോളം പണം ഈവഴിക്ക ചിലവഴിക്കുന്നുവെന്നു നാം അന്വേഷിച്ചിട്ടില്ല. തുച്ഛമായ ഈ തുക സഹായമായിരിക്കാം. പക്ഷെ പ്രവേശനം കിട്ടാതെ പഠനമവസാനിപ്പിക്കേണ്ടതായി വരുന്ന നൂറുകണക്കിനു വിദ്യാത്ഥികളെ നാംവിസ്മരിക്കുന്നു. ഉള്ള കലാലയങ്ങളിൽ കൂടുതൽ വിദ്യാത്ഥികളെ പ്രവേശിപ്പിക്കുവാൻ സാധിക്കുന്നവിധം അവയിൽ പുതിയ കോഴ്സുകറം ആരംഭിക്കുകയും കൂടുതൽ സൌകര്യങ്ങളേർപ്പെടുത്തുകയുമാണ് ഇന്നു കരണീയമായിട്ടുള്ളതു്. പക്ഷെ പഴയ കാലപ്രതാപമയവിറക്കി നടക്കുന്ന ഫ്യൂഡൽ സന്തതികറംക്ക അനുനിമിഷം നമ്മുടെ സമൂഹത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളെ ഗ്രഹിക്കുവാനോ, ഗ്രഹിച്ചാൽതന്നെ പ്രയോഗക്ഷമമാക്കുവാനോ സാദ്ധ്യമല്ല. അപ്പോറം പുത്തൻ തലമുറയുടെ ചുമലിലാണ് ഈ ഭാരം വന്നുവീഴുന്നതു്. ആരെന്തു് പറയുന്നുവെന്നതു് ഗൌനിക്കാതെ സാമുദായിക പരിഷ്ക്കാരത്തിന്നായി ആധുനികലോകത്തിൻെറ ഗതി മനസ്സിലാക്കിക്കൊണ്ടു് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള നിസ്വാത്ഥസേവകൻമാരെയാണിന്നാവശ്യം. നമ്മുടെ രാഷ്ട്രീയ സാംസ്കാരിക സംഘടനകറം അത്തരം കുറെ സന്നദ്ധഭടൻമാരെ സൃഷ്ടിക്കുവാനെങ്കിലും തയ്യാറാകണം. എങ്കിൽ മാത്രമേ കരപററാൻ സാധിക്കൂ.

## ഉത്കർഷമാണു ലക്ഷ്യം.

വ്യക്തിയെന്ന സ്ഥൂലബിന്ദുവിൽനിന്നും ആരംഭിച്ച് വിസ്തൃതവും വിശാലവുമായ ഈ പ്രപഞ്ചത്തെ ആകമാനം ഗ്രസിച്ചുനിൽക്കുന്ന സർവ്വത്തായ തത്വശാസ്ത്രമാണ് ഇസ്ലാം മനുഷ്യന് പ്രദാനം ചെയ്യുന്നത്. വ്യക്തി ആദ്യം നന്നാകം ആ വ്യക്തിയെ ചുററിപററിനിൽക്കുന്നകുടുംബവും ബന്ധുമിത്രാദികളും സംസ്കൃതരായിത്തീരുക. അത്തരം കുടുംബങ്ങളും വ്യക്തികളും നിറഞ്ഞസമൂഹം വാർത്തെടുക്കപ്പെട്ടാൽ അസ്വാരസ്യത്തിനോ, അപസ്വരത്തിനൊ ഇടയില്ലാത്ത സുന്ദരമായ സാമൂഹികഘടന നിലവിൽവരും. ഇത്തരംസമൂഹമുൾക്കൊള്ളുന്ന രാഷ്ട്രവും മഹത്തരമായ ആദർശലക്ഷ്യങ്ങളുടെ സാക്ഷാത്തായ ഘടകങ്ങളായിരിക്കും. അങ്ങനെവ്യക്തിയിൽനിന്നുംതുടങ്ങി മാനവികസമൂഹത്തെ ഒന്നാകെ വികാസംകൊള്ളിക്കുന്നതാണ്ഇസ്ലാമികശാസനകൾ.

മുസ്ലിം സമുദായത്തിന്റെ ഇന്നത്തെഅധഃസ്ഥിതമായ അവസ്ഥയുടെ കാരണങ്ങൾ അന്വേഷിച്ച് പുറകോട്ടധികംതിരയണമെന്നില്ല. നമ്മുടെ സമൂഹത്തിലെവ്യക്തിഗതമായ ജീവിതചര്യകളും, നമ്മുടെ കഴിഞ്ഞകാലങ്ങളിലെകുടുംബസംവിധാനങ്ങളും, നമ്മുടെ അസന്മാർഗ്ഗികവും സാമൂഹ്യവിരുദ്ധവുമായഅനവധി പ്രവൃത്തികളുംമാത്രം കണക്കിലെടുത്ത് ചിന്തിച്ചാൽമതി എന്തുകൊണ്ട് ഒരു സമുദായമെന്നനിലയിൽ നാം ഇത്രമാത്രം അധോഗതിയുടെപാഴ്ക്കുണ്ടിൽ വീണുഎന്നു മനസ്സിലാക്കാൻ. കഴിഞ്ഞകാലത്തെ പററിവിലപിച്ച് സമയംപാഴാക്കുന്നത് പോഴത്തമാണ്. നാളയെഎങ്ങനെ ശോഭനമാക്കാമെന്നും നാളയെമുമ്പിൽ കണ്ടുകൊണ്ട് എന്തൊക്കെയാണ് ഇന്ന്ആസൂത്രണം ചെയ്യേണ്ടതെന്നും കരണീയമായി ചിന്തിക്കേണ്ടതുള്ളു. അത്തരം ചിന്തകൾ കൂട്ടായ ചർച്ചകളായി ക്രിയാത്മകരൂപംപ്രാ

പിക്കുന്ന സന്ദർഭങ്ങളിലെ നമുക്ക് ഇന്നത്തെ ശോചൃാവസ്ഥയിൽ നിന്നും മോചനം ലഭിക്കൂ. അത്തരം ഉത്ഥാനത്തിൻെറയും ബുദ്ധിപരമായ വിപ്ളവത്തിൻെറയും ചർച്ചാവേദികഠം സംഘടിപ്പിക്കുവാനും, ചിന്തയിൽക്കൂടിയും സാഹിത്യത്തിൽക്കൂടിയും ബുദ്ധിപരമായ വിപ്ളവം നടത്തുവാനും സാധിക്കുന്നവർ ഏതു സാമൂഹ്യഘടനയിലും യുവാക്കഠം തന്നെയായിരിക്കും

സമുദായത്തിൻെറയൊ. ജനസമൂഹത്തിൻെറതന്നെയോ, വികാരവിചാരങ്ങളെ പ്രതിനിധാനംചെയ്യുന്നയുവാക്കളുടെ പ്രവർത്തനമണ്ഡലം സുഘടിതവും സുനിശ്ചിതവുമാണെങ്കിൽമാത്രമേ ഏതുവിടേയും പുരോഗതിഉണ്ടാകുകയുള്ളൂ. സംസ്കാരംവളർന്നു പന്തലിക്കണമെങ്കിലും ഇതാവശൃമാണ്. നമ്മുടെസാംസ്കാരികനിലവാരംതന്നെ ഒന്നു പരിശോധിക്കുക. ഭാഷ, വേഷം, ആചാരമര്യാദകഠം, ·വിദ്യാഭ്യാസപരവും. സാഹിത്യപരവുമായ നേട്ടങ്ങഠംഇതിൻെറയൊക്കെ അടിസ്ഥാനത്തിലാണ് ഏതു സമൂഹത്തിൻെറയും സാംസ്രികനിലവാരം അളക്കുന്നത്.

നമ്മുടെമുഗീയഭൂരിപക്ഷത്തിനും ഏതെങ്കിലും ഭാഷ സ്വായത്തമാണോ? അൽപംവിദ്യാസമ്പന്നരെന്നഭിമാനിക്കുന്നവർക്കുകൂടി ശുദ്ധമായി മാതൃഭാഷഉഛരിക്കുവാനോ കൈകാര്യംചെയ്യുവാനോ കഴിവില്ലന്നതാണ് പരമാത്ഥം. നാം എല്ലാവരുംതന്നെ അറബിപഠിക്കാറുണ്ട്. ഒരു ഭാഷയെന്നനിലക്ക് അതു പ്രയോഗിക്കുവാൻ സാധിക്കുന്നവർ വിരളമത്രെ. അറബിപണ്ഡിതന്മാരെന്നഭിമാനിക്കുന്നവരുടെക്കൂടി സ്ഥിതിവൃത്യസ്തമല്ല. അപ്പോഠം പലഭാഷകഠം പഠിക്കുന്നവരാണ്നാം എന്നിട്ടുകൂടി ഒരു ഭാഷയും അറിയാത്തവരാണെന്ന വസ്തുത അംഗീകരിക്കാതെ നിവൃത്തിയില്ല. ഭാഷാസ്വാധീനമില്ലാത്തവർ സാഹിത്യത്തെപററിയും ബുദ്ധിവിപ്ളവത്തെക്കുറിച്ചും ഗിരിപ്രസംഗങ്ങഠം നടത്തിയിട്ട് കാര്യമില്ല. വ്യത്ഥമാക്കിക്കളയുന്ന നമ്മുടെ സമയവും പണവും നാം ഏതെങ്കിലും ഭാഷ കരസ്ഥമാക്കുവാനും അതിൽ പ്രാഗത്ഭ്യം നേടുവാനും ഉപയോഗിക്കണം. 1961 ലെകണക്കനുസരിച്ച് മററതൊരു സമുദായഅംഗവും പുസ്തകംവാങ്ങുവാനും മററു വായനോപാധികഠം കരസ്ഥമാക്കുവാനും വ്യയം ചെയ്യുന്ന ശരാശരി ചില വുംഒരു മുസ്ലീം

ഈ വകക്കായി ചിലവാക്കുന്നേതും തമ്മിൽ അജഗജാന്തരമുണ്ട്. ഏതു് മുസ്ലിം വീട്ടിലുണ്ട് ഒരു വായനമുറിയും ഒരു പുസ്തകശേഖരവും. ഈവകയ്ക്കു് നാം പണംചിലവാക്കാറില്ല. വായിക്കുകയും അറിയുകയും, വീണ്ടും വായിക്കുകയും കൂടുതൽ പുസ്തകശേഖരങ്ങൾ നടത്തുകയും ചെയ്യുവാനുള്ള വാസനകാട്ടിയവർ മാത്രമേ ഭാഷാസാഹിത്യരംഗങ്ങളിൽ നടക്കുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കുവാൻ ശക്തരാകുകയുള്ളൂ. മുസ്ലിം രാഷ്ട്രങ്ങളുടെ പ്രതാപകാലമായ മദ്ധ്യകാലഘട്ടത്തിൽലോകത്തിലെല്ലായിടത്തും അന്നറിയപ്പെട്ടിരുന്ന വലിയവലിയ ലൈബ്രറികളുടേയും പുസ്തകശേഖരങ്ങളുടേയും ഉടമകളായിരുന്ന അന്നത്തെ ഉലമാക്കളും ഉമറാക്കളും ചക്രവർത്തിമാരുടേയും രാജാക്കന്മാരുടേയും വിശേഷങ്ങൾപറയുകയും വേണ്ട. ഇന്നും വടക്കേഇൻഡ്യയിലെ നവാബുമാരുടേയും പ്രഭുക്കന്മാരുടേയും ഗൃഹങ്ങളെ ഐശ്വര്യംസമ്പന്നമാക്കി പ്രകാശധോരണി പരത്തിക്കൊണ്ട് പൊലിമപുലർത്തുന്നതു് അവരുടെ പുസ്തകശേഖരമാണ്. ജുംഅ നമസ്കാരത്തിന്നുമുമ്പു് കിട്ടുന്ന സമയം വായിക്കുവാനുള്ളസജ്ജീകരണങ്ങൾ പള്ളികളിലുണ്ടാക്കിയ ഇസ്ലാകസംവിധാനം വായനക്കും, ലൈബ്രറികൾക്കും സമൂഹത്തിൽ നൽകിയസ്ഥാനം ഊഹ്യമാണല്ലോ. ഓരോ മഹല്ലിലും വായനശാലകളും പുസ്തകശാലകളും സ്ഥാപിച്ച് വായനയെ പ്രോത്സാഹിപ്പിക്കണം. നല്ല നല്ല പത്രമാസികകളും പുസ്തകങ്ങളും വിലയ്ക്കുവാങ്ങി വീട്ടിൽ സൂക്ഷിക്കുകയും നമ്മുടെ കുടുംബാംഗങ്ങളെക്കൊണ്ട് വായിപ്പിക്കുകയും ചെയ്യണം. പഠിച്ചവരെന്നഭിമാനിക്കുന്നവർക്കിടയിൽക്കൂടിയും ഇന്നു്കാണുന്ന വായനയോടുള്ള വിരക്തി - അലംഭാവം - മാററിയെടുക്കുവാൻ ലൈബ്രറി പ്രസ്ഥാനത്തിൻെറ വളർച്ചകൊണ്ടേ സാധിക്കൂ. വായനയും പ്രചാരവും കൊണ്ടേ ഉത്ഥാനത്തിൻെറയും സാമൂഹ്യ പരിഷ്കാരത്തിൻെറയും വിപ്ലവകരമായ സന്ദേശം പരത്തുവാൻ സാധിക്കൂ. യുവജനപ്രസ്ഥാനങ്ങൾ ആവേശത്തോടും എന്നാൽദൃഢനിശ്ചയത്തോടുംകൂടി ഇതിന്നുവേണ്ടി ഉപാസന നടത്തണം. സമൂഹത്തെപരിഷ്കരിക്കുവാനിറങ്ങുന്നവർ വളരെ ആത്മസംയമനം ഉള്ളവരും എന്തു് എതിർപ്പിനേയും പുഞ്ചിരികൊണ്ട് സ്വീകരിക്കുവാനൊരുക്കമുള്ളവരുമായിക്കണം മാനസികമായ ആ പക്വതയും വിവേകവും ലഭിക്കണമെങ്കിൽ

പ്രവത്തകർ സംസ്കൃതചിത്തരും കാലത്തിൻെറ സ്വഭാവവിശേഷങ്ങരം ധരിച്ചിട്ടുള്ളവരുമാകണം. ഇതുവേണമെങ്കിലോ വായനയും അറിവും കൂടിയെതീരു. ഉപരിപ്ളവപരമായഒന്നിനും സ്ഥായീഭാവം ലഭിക്കുകയില്ല.

അതു് പോലെ ഏററവും വിവാദവും പ്രയാസവുംസൃഷ്ടിക്കുന്നതാണു് നമ്മുടെ വേഷവിധാനത്തിൻെറകാര്യം. പ്രത്യേകിച്ച് മുസ്ലിം സ്ത്രീകളുടെ ഇന്നത്തെ വേഷവിധാനം ശരിക്കും ഇസ്ലാമികവിധി ഉരംകൊള്ളുന്നുണ്ടോ. അതു് കാലത്തിനും ദേശത്തിനും ഒത്തു് പരിഷ്കരിക്കേണ്ട ചുമതലയില്ലേ. ആ പരിഷ്കാരങ്ങരംവരുമ്പോരം നിശ്ചയമായും ഔറത്തിനെ സംബന്ധിച്ച് ഇസ്ലാമികവിധികളെത്തന്നെ മാനിച്ചുകൊണ്ടു് സാരമായ മാററങ്ങരം വരുത്തേണ്ടതല്ലേ—എന്നൊക്കെ ചിന്തിക്കേണ്ടതുണ്ടു്. മാററങ്ങരം വരുത്തേണ്ടിടത്തു് വരുത്തുവാൻ ധീരത കാട്ടുകയും വേണം. അതു്പോലെ ആചാര മര്യാദകളിൽ സ്വീകരിക്കേണ്ട മാററങ്ങരം നൂറുതരമുണ്ടു്. വിദ്യാഭ്യാസസാഹിത്യ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ടപ്രത്യേകവശങ്ങരം വേറെയുമുണ്ടു് അനവധി. ഈവക കാര്യങ്ങളിൽ സുദൃഢമായ പ്രവത്തനം നടത്തുവാൻ സാധിക്കുന്ന നല്ല ഒരു യുവജന പ്രസ്ഥാനം നമമുടെ ഇടയിൽ വളൎന്നു വികാസം കൊള്ളേണ്ടതുണ്ടു്. കേരളത്തിൽ പല സ്ഥലങ്ങളിലായി പ്രവത്തിച്ചു കൊണ്ടിരിക്കുന്ന സംഘടനകരം ക്രിയാത്മകമായ ഇത്തരംപ്രവൃത്തികളിൽ വ്യാപൃതരാകുമെന്നു് ആശിക്കുന്നു. 'അണ്ണാറക്കണ്ണനും തന്നാലായതു്' എന്നൊരു പഴമൊഴിയുണ്ടല്ലോ, വ്യക്തി ഏതെന്നു് നോക്കാതെ സൽപ്രവത്തിചെയ്യുന്ന ആരോടും കൂട്ടുചേൎന്നു് ഓരോരുത്തരെക്കൊണ്ടു് സാദ്ധ്യമാകുന്ന നല്ലപ്രവത്തികരം ചെയ്യുക. അതിനുള്ള ശക്തിയാർജ്ജിച്ചു് സംഘടിതമായ തീവ്രയത്നം നടത്തിയെ മതിയാകൂ. ആരു് അനുകൂലിക്കുന്നു ആരു് പ്രതികൂലിക്കുന്നുവെന്നു് നോക്കാതെ നല്ല പ്രവൃത്തിയെന്നു് ആത്മവിശ്വാസമുള്ളതു് ധീരതയോടെ ചെയ്യുക, കാലം അംഗീകരിക്കാതിരിക്കുകയില്ല.

## അറിവുള്ളവരുടെ നേതൃത്വം.

സ്വാതന്ത്ര്യത്തിനുശേഷമോ അതിനുതൊട്ടുമുമ്പോ ജനിച്ചവരാണ് ഇന്ന് യുവതലമുറയുടെ നേതൃവേദിയിൽ അവരോധിക്കപ്പെട്ടിരിക്കുന്നത്. ആശാവഹമായ ഈ നവോത്ഥാനം പുത്തൻ തലമുറയെ ഇന്ത്യയുടെ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ രചനാത്മക പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെടുവാൻ സഹായിക്കുന്നു. സ്വപ്നലോകത്തെ ആദർശവാദികളായി മാറിയേക്കാവുന്ന ഈ തലമുറയെ, പ്രായോഗിക കർമ്മ പരിപാടികളുമായി സമ്പർക്കത്തിൽ ഏർപ്പെടുത്തുവാൻ സാധിച്ചതാണ് നമ്മുടെ വിജയം. രാഷ്ട്രീയരംഗങ്ങളിൽ, സാംസ്കാരിക തലത്തിൽ, വിദ്യാഭ്യാസ മണ്ഡലത്തിൽ, എന്തിന്, മനുഷ്യൻെറ പ്രവർത്തനരംഗങ്ങളിൽ ആകമാനം യുവതലമുറയുടെ അതിപ്രസരം അനുഭവപ്പെടുന്നുണ്ട്. സാമൂഹ്യ പരിഷ്കരണപ്രക്രിയയിലും, സാമുദായിക പ്രവർത്തനങ്ങളിൽ കൂടിയും നവചൈതന്യം പ്രകടമാണ്,

കഴിഞ്ഞ പാർലിമെൻറ് തെരഞ്ഞെടുപ്പിൻെറ ഫലം പ്രഖ്യാപിതമായതോടുകൂടി രാഷ്ട്രീയ വൃദ്ധന്മാരിൽ പലരേയും രംഗത്തുനിന്നും ആട്ടിപ്പായിച്ചു കൊണ്ട് യുവജനപ്രസ്ഥാനങ്ങൾ മുന്നേറുകയുണ്ടായി. ഇന്ത്യയിൽ ആകമാനം നടന്ന ആവേശകരമായ ഈ മാററം കേരളത്തിലും ദൃശ്യമായി. കേന്ദ്ര സംസ്ഥാനഗവൺമെൻറുകളിൽ യുവജനങ്ങൾ എത്രമാത്രം ഭാഗഭാക്കുകളാകുന്നു എന്നതിനേക്കാൾ, അവരുടെ പ്രഖ്യാപനങ്ങൾക്കും കാഴ്ചപ്പാടിനും എത്രമാത്രം വില കല്പിക്കപ്പെടുന്നുണ്ടെന്നുള്ളതാണ് പ്രധാനം. ഇന്ത്യയുടെ രാഷ്ട്രീയ ഭാഗധേയം ചോരത്തിളപ്പുള്ള യുവജനപ്രസ്ഥാനങ്ങളെ അവഗണിച്ചുകൊണ്ട് നിർണ്ണയിക്കുവാൻ ഒരു കക്ഷിക്കും സാധിക്കുകയില്ല.

ഇതുതന്നെയാണ് സാംസ്കാരികവിദ്യാഭ്യാസ രംഗങ്ങളിലുംകാണുന്നത്. ധീരമായ അഭിപ്രായങ്ങളും,നൂതനാശയങ്ങളും പ്രകടിപ്പിച്ച് പുത്തൻ സാമൂഹ്യസൃഷ്ടിനടത്തുന്നതിനു സജ്ജമാക്കുന്ന സാംസ്കാരിക പ്രവർത്തകരുടെ മുൻപന്തിയിൽ യുവതലമുറയെ കാണുന്നു. സാഹിത്യകലാരംഗത്തും പഴമയെ തള്ളിനീക്കി ഈ വിഭാഗം ഊർജ്ജസ്വലതയോടുകൂടി മുന്നേറുന്നു. സാഹിത്യ കലാമണ്ഡലങ്ങളിൽ പുതിയ പരീക്ഷണങ്ങൾ നടത്തുന്നതും പഴഞ്ചൻ ആചാരത്തോടും സങ്കേതങ്ങളോടുമുള്ള വെല്ലുവിളി അവിരാമം നടക്കുന്നതും യാദൃഛികമല്ല.

വിദ്യാഭ്യാസരംഗമാണ് ഏററവും കൂടുതൽ യുവചൈതന്യധാരയെ പ്രകടമാക്കുന്നരംഗം. ഇന്നലെവരെ സമൂഹത്തിലെ ഉള്ളവരുടെമാത്രം സന്താനങ്ങൾക്ക് ഇരിപ്പിടമായിരുന്ന കലാലയങ്ങളും യൂണിവേഴ്സിററികളും ഇന്നു എല്ലാവർക്കുമായി മലർക്കെ തുറക്കപ്പെട്ടിരിക്കുകയാണ്. മനുഷ്യാവകാശങ്ങളൊക്കെ നിഷേധിക്കപ്പെട്ടിരുന്ന മൃഗീയ ഭൂരിപക്ഷം ഇന്ന് ഉയിർത്തെഴുന്നേററിരിക്കുകയാണ്. സാമൂഹികാവകാശങ്ങൾ നേടിയ ജനലക്ഷ്യം സ്വസന്താനങ്ങളെ പുതുതായി തുറക്കപ്പെട്ട വാതായനങ്ങളിലേക്ക് കടത്തിവിടുവാനുള്ള ആവേശം പ്രദർശിപ്പിക്കുക നൈസർഗ്ഗികമാണ്. അതോടൊപ്പം വിദ്യാഭ്യാസ രംഗത്തു് ചില മാററങ്ങളും പ്രത്യാഘാതങ്ങളും ഉണ്ടാകാതെ തരമില്ല. പരിശീലനം നേടിയ ആയമാരുടെ നിയന്ത്രണത്തിലും ശുശ്രൂഷയിലും വളർത്തിയെടുത്ത പ്രഭുകുമാരൻശീലിച്ച അച്ചടക്കമോ മര്യാദയോ ചേറിൽനിന്നും വളർന്നുവന്ന കരുമാടിക്കുട്ടന്മാരിൽനിന്നു പ്രതീക്ഷിക്കേണ്ടതില്ലല്ലോ? കെട്ടിവരിഞ്ഞുനിറുത്തിയ അതിർവരമ്പുകൾ പൊട്ടുക സ്വാഭാവികമാണ്. നിയന്ത്രണങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുകയും അച്ചടക്കത്തിനു് ഉലവുതട്ടുകയും ചെയ്യാതെ പററുകയില്ല. സമൂഹത്തിലെ മേലെക്കിടക്കാരുടെ പ്രവർത്തനരംഗങ്ങളെ നിയന്ത്രിച്ചിരുന്ന സവിശേഷതകളെയാണല്ലോ നാം അച്ചടക്കമെന്നും മര്യാദയെന്നുമൊക്കെ വ്യവഹരിച്ചിരുന്നതു്.

ജനകീയമായൊരു സാംസ്ക്കാരിക മുന്നേററത്തിൻെറ തള്ളിച്ചയിൽ പഴയ സങ്കല്പങ്ങരം തകർന്നടിയുകയും പുതിയവ രൂപംകൊള്ളുകയും വേണം. ആ പ്രക്രിയയാണ് ഇന്ന് സാമൂഹ്യരംഗത്തും വിദ്യാഭ്യാസമണ്ഡലത്തിലും നടന്നുകൊണ്ടിരിക്കുന്നതു്. കഴിഞ്ഞ കാലത്തെ ആചാരവിശേഷങ്ങരം തീർത്തും തകർന്നു തരിപ്പണമാവുകയോ, പുതിയ ചൈതന്യം ഉരംക്കൊണ്ടുകൊണ്ടുള്ള നൂതനമായ സാമൂഹിക സങ്കല്പങ്ങരം ഉടലെടുക്കുകയോ ചെയ്തിട്ടില്ലാത്ത ഇടവേളയുടെ പേററുനോവിലാണ് ഇന്ന് നമ്മുടെ സമൂഹവും വിദ്യാഭ്യാസരംഗവും. അതുകൊണ്ടാണ് ആശയസംഘട്ടനങ്ങളും ആരോപണ പ്രത്യാരോപണങ്ങളും സാംസ്ക്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ പോലുംകണ്ടുംകേട്ടും കൊണ്ടിരിക്കുന്നതു്. പഴയതിനെ മുറുകെപ്പിടിച്ച് പുത്തൻതലമുറയെ അതിൻെറ പ്രഘോഷകരായി മാററമെന്ന് ധരിക്കുന്നതു് മിഥ്യാബോധം മാത്രമാണ്. കാലത്തിൻെറ ചലനാത്മകസ്വഭാവം മനസ്സിലാക്കി മാററങ്ങളെ അംഗീകരിക്കുവാനുള്ള യാഥാർത്ഥ്യബോധം പഴയ തലമുറ കാണിക്കാതെ നിർവാഹമില്ല. കാരണം യുവചൈതന്യം തുളുമ്പുന്നനേതൃത്വമാണ് ഈ രംഗങ്ങളിലെല്ലാം മുൻപന്തിയിൽ എത്തിയിട്ടുള്ളതു്. മറേറതൊരു കാലഘട്ടത്തേക്കാളും വിദ്യാർത്ഥിപ്രസ്ഥാനങ്ങളുടെ ഏകോപിതമായസ്വരം ഇന്ന്അലംഘനീയമായി തീർന്നിട്ടുണ്ട്. രാഷ്ട്രീയമായി മാത്രമല്ല, സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ കൂടിയും അവയുടെ വിജയഭേരികാഹളം മുഴക്കുന്നുണ്ട്. യൂണിവേഴ്സിററി ഭരണസംവിധാനത്തിൽ പോലും വിദ്യാർത്ഥിപ്രതിനിധികരം ഭാഗഭാക്കുകളാണെന്ന നാം മനസ്സിലാക്കണം. സംസ്ഥാനങ്ങളിലെ പല നിയമസഭകളിലും പാർലിമെൻറിൽപോലും അവരുടെ പ്രാതിനിധ്യം അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ഭാരതത്തിലുടനീളം പുതിയ തലമുറയുടെ ആവേശകരമായ നേതൃത്വം പ്രസ്സ്പഷ്ടമായി തീർന്നിട്ടുണ്ട്.

ഈ സന്ദർഭത്തിൽ നാം അല്പം വീണ്ടു വിചാരം ചെയ്യേണ്ടതുണ്ട്. രാഷ്ട്രീയ നെതൃത്വത്തിലേക്ക് ഉയർന്നു വന്നി

ട്ടുള്ള ചെറുപ്പക്കാർ അധികവും ' ക്വിററ് ഇന്ത്യാ' സമരത്തി നുശേഷം ജനിച്ചവരാണ്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നടന്ന ധീരസമരകഥകളധികവും അവക്ക് അജ്ഞാതമാണ്. സ്വാതന്ത്ര്യസമര സേനാനികൾ അനുഭവിച്ച നിസ്തുലമായ ത്യാഗവും നിസ്വാർത്ഥമായ അർപ്പണമനോഭാവവും അതു സം ബന്ധമായി വായിച്ചറിവുപോലുമില്ലാത്തവരിൽ നിന്നു് പ്ര തീക്ഷിക്കുന്നതു് അസംബന്ധമായിരിക്കും. ബ്രിട്ടീഷ് ആ ധിപത്യത്തിലേക്കു് ഇന്ത്യയെ തള്ളിവിട്ട പരിതസ്ഥിതികൾ ഏതെക്കെയായിരുന്നുവെന്നു നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. അത്തരം ഹേതുക്കൾ ഇന്നു് നമ്മുടെ സമൂഹത്തിൽ ഉണ്ടാകു ന്നുണ്ടോയെന്നും, ഉണ്ടെങ്കിൽ അവയെ വകവരുത്തുവാനുള്ള പ്ര തിവിധി എന്താണെന്നും നമ്മുടെ നേതൃത്വം അറിഞ്ഞിരിക്കണം. രാഷ്ട്രീയസാംസ്ക്കാരിക പ്രവർത്തനങ്ങളിലും മററെ ല്ലാവ്യാപാരരംഗങ്ങളിലും നേതൃത്വം നല്കുന്നയുവജനങ്ങൾ കഴിഞ്ഞ കാലത്തെപ്പററി തികഞ്ഞ ബോധവാന്മാരല്ലെങ്കിൽ വെറും ആവേശം കൊണ്ടു് കാര്യമാവുകയില്ല. കാലിക നേട്ടങ്ങൾമാത്രമേ അത്തരം പ്രവർത്തനങ്ങൾകൊണ്ടു് സാധി ക്കൂ കെട്ടുറപ്പും ലക്ഷ്യബോധവും ഉണ്ടാകണമെങ്കിൽ നേതൃ ത്വത്തിനുതന്നെ അതുണ്ടായേ പററൂ. ഇന്ത്യൻ സമൂഹത്തിൻെറ യും രാഷ്ട്രത്തിൻെറയും സാംസ്ക്കാരിക സാമ്പത്തിക നി മ്നോന്നതകൾ ബോധവാന്മാരായി മനസ്സിലാക്കിയവർക്കു് മാത്രമേ ഇന്നിൻെറ പ്രശ്നങ്ങളിൽ ഉൾക്കൊള്ളുന്ന അന്തർ ധാര കാണുവാൻ സാധിക്കൂ. പഴയതെല്ലാം പഴയതായതു കൊണ്ടു യാതൊന്നും ആവശ്യമില്ലെന്നു് വിചാരിക്കുന്നതു അ സംബന്ധമാണ്. അടിത്തറയില്ലാതെ, പ്രകടനമായൊരു സം സ്ക്കാരത്തിൻെറ വീര്യം ഉൾക്കൊള്ളാതെ ഒരു പുതുമയും ആരും സൃഷ്ടിച്ചിട്ടില്ല, ഒരു നവോദയവും എങ്ങും ഉണ്ടായി ട്ടില്ല. പഴയ സാഹിത്യവും രാഷ്ട്രീയ സാമ്പത്തിക പാഠ ങ്ങളും ബോധപൂർവ്വം പഠിച്ചാൽ മാത്രമേ നാം വിചാരിക്കുന്ന പുതിയലോകവും പുതിയ സമൂഹവും സൃഷ്ടിക്കുവാൻ സാ ദ്ധ്യമാകൂ.

പുത്തൻതലമുറ ഇക്കാര്യങ്ങളിൽ ലജ്ജാവഹമാംവണ്ണം ദ രിദ്രമാണ്. ശുഷ്കമായ കാലിക പ്രശ്നങ്ങൾ ആവേശ

പൂർവ്വം അവതരിപ്പിക്കാൻ അവർ വൈദഗ്ദ്ധ്യം കാട്ടുന്നുവെന്ന തു ശരിതന്നെ എങ്കിലും കാതലായ പ്രശ്നങ്ങളിലേക്ക് ആഴത്തിറങ്ങുവാനുള്ള ശിക്ഷണാവൈഭവമോ, പ്രതിഭാ വിലാസമോ വളരെ കുറച്ചുപേർ മാത്രമേ പ്രകടിപ്പിക്കുന്നുള്ളുവെന്നതു് ഉൽകണ്ഠക്കിടം നല്കുന്നു. വിദ്യാർത്ഥിനേതാക്കളും ഇതിന്റെ പ്രകടമായ പ്രതീകങ്ങളാണു്. ലക്ഷ്യബോധമില്ലാത്ത ഈ അനിയന്ത്രിതമായ അഴിഞ്ഞാട്ടത്തെ പലരും മോഹഭംഗമെന്നു വിശേഷിപ്പിക്കാറുണ്ടു്. സത്യത്തിൽ ലക്ഷ്യമോ, മോഹമോ ഇല്ലാത്ത സ്ഥിതിയിൽ, എവിടെയാണു് മോഹഭംഗം? യുവതലമുറയിൽ പ്രകടമായി കാണുന്ന ഈ അലംഭാവം യഥാർത്ഥത്തിൽ ഒരാഗോളപ്രതിഭാസമാണ്.

ഇതേ കാര്യങ്ങൾതന്നെയാണു് സാമുദായിക പ്രവർത്തനരംഗങ്ങളിലും ദൃശ്യമാകുന്നതു്. ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കം വഴുതിവീണ സമുദായങ്ങൾക്കിടയിലാണു് ഇതു് കൂടുതൽ പ്രകടമാകുന്നതു്. കേരളത്തിൽ മുസ്ലിംകളുടെ ഇടയിലുള്ള പ്രവർത്തനരീതി ഈ പൊതുതത്വത്തെ ന്യായീകരിക്കുന്ന ദൃഷ്ടാന്തമാണു്. നൂററാണ്ടുകളോളം വിദേശീയരുമായി മല്ലിട്ടുനിന്ന കേരളത്തിലെ മുസ്ലിംകൾ അക്കാരണങ്ങളാൽതന്നെ വിദേശാധിപത്യത്തിന്റെ കീഴിൽ അസ്പൃശ്യരായിത്തീർന്നു. ഇംഗ്ലീഷ് വിരോധം മുസ്ലീംകളുടെ വിദ്യാഭ്യാസ സാംസ്ക്കാരിക പ്രവർത്തനങ്ങളിലാണു് അതിരൂക്ഷമായി ബാധിച്ചതു്. അന്യോന്യം എതിർത്തുനിന്ന ഈ സ്ഥിതിയിൽ ഇംഗ്ലീഷുകാർ ഉണ്ടാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരാനോ അവരുടെ ഭാഷയിൽ പ്രാവീണ്യം നേടുവാനോ ഒരുങ്ങിയില്ലെന്നുമാത്രമല്ല അതിനു തുനിയുന്നതുതന്നെ അനിസ്ലാമികമാണെന്നും ദൈവവിരോധത്തെ ക്ഷണിച്ചുവരുത്തലാണെന്നും സമുദായത്തിലെ പണക്കാരും പുരോഹിതന്മാരും പ്രചരിപ്പിക്കുകകൂടി ചെയ്തിരുന്നു. സാധുജനങ്ങൾ അതുവിശ്വസിക്കുകയും ചെയ്തു. തൽഫലമായി സ്കൂളുകളിലോ, കലാലയങ്ങളിലോ ചേരാതെ മുസ്ലിംകൾ മനഃപൂർവ്വം മാറിനിന്നു. ഔദ്യോഗിക സ്ഥാനങ്ങൾ ലഭിക്കണമെങ്കിൽ വിദ്യാഭ്യാസപരമായ യോഗ്യതകൾ കൂടി വേണമെന്നുവന്ന

പ്പോൾ തിരിച്ചടി പരിപൂർണ്ണമായി. അങ്ങനെ ആംഗ്ലേയഭരണത്തിൻ കീഴിൽ കേരളത്തിലെ പ്രത്യേകിച്ച് മലബാറിലെ മുസ്ലിംകൾ എല്ലാ തലങ്ങളിൽനിന്നും നിഷ്കാസിതരായി. ഇതിൽനിന്നും നേരിയ വ്യത്യാസം ഉണ്ടാകുന്നത് മലബാർ ലഹളയെല്ലാം കഴിഞ്ഞു് ക്ഷീണിതരായതിനുശേഷമാണ്. എന്നിട്ടും ഈയടുത്തകാലം വരെ മുസ്ലിം വിദ്യാഭ്യാസത്തെ കുറിച്ചുള്ള പ്രസംഗങ്ങളും ചർച്ചകളും സമുദായ മദ്ധ്യത്തിൽ പ്രത്യാഘാതങ്ങൾ തന്നെ സൃഷ്ടിച്ചിരുന്നു. അദ്ധ്യാത്മികവിദ്യാഭ്യാസമെന്നും രണ്ടായി തരംതിരിച്ച് ആധുനിക വിദ്യകളെ പുഛരിച്ച് പുറംതള്ളുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്

മുസ്ലിം സ്ത്രീ വിദ്യാഭ്യാത്തിൻെറ കാര്യം പറയുകയേ വേണ്ട. അധഃസ്ഥിതമായ ഈ സ്ഥിതി ഉളവാക്കിയ മനോവേദനയുണ്ടായ നിസ്വാത്ഥരായ അനേകം സാമുദായികപ്രവർത്തകന്മാർ രംഗത്തിറങ്ങിയതിൻെറ ഫലമായി 1965 ആയപ്പോഴേക്കും ആറു മുസ്ലിംകളിൽ ഒരാൾ സ്കൂളിൽ പോകുന്ന വിദ്യാർത്ഥയായിത്തീർന്നു. ഇതാകട്ടെ കേരളത്തിലെ അധഃകൃത വർഗ്ഗത്തേക്കാൾ കുറവാണെന്നതാണ് പരമാർത്ഥം. അഞ്ചു അധഃകൃതരിൽ ഒരാൾ സ്കൂൾവിദ്യാർത്ഥിയാണെന്ന് കമ്മീഷൻ റിപ്പോർട്ടിൽ കാണുന്നുണ്ട്. 1963-ൽ പ്രസിദ്ധീകരിച്ച ജമാഅത്തു് ഫെഡറേഷൻെറ സ്ഥിതിവിവരപ്പട്ടിക പ്രകാരം സ്കൂളിൽ പോകുന്ന ആയിരം പെൺകുട്ടികളിൽ ഏഴു മാത്രമായിരുന്നു മുസ്ലിംകുട്ടികൾ. ഇതിൽനിന്നു കഴിഞ്ഞ കുറച്ചു കൊല്ലങ്ങളായി വളരെയധികം മാററം സംഭവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷമുള്ള പുതിയ തലമുറ വിദ്യാഭ്യാസരംഗത്തു് കൂടുതൽ ആകർഷിക്കപ്പെട്ടിട്ടുണ്ട്. മുസ്ലിം വിദ്യാർത്ഥി വിദ്യാത്ഥിനികളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാത്തോടുണ്ടായിരുന്ന അറപ്പ് സമുദായ മദ്ധ്യത്തിൽ തീർത്തും മാറിയെന്നു തന്നെ പറയാം. വിദ്യാഭ്യാസത്തിന്നു് അനുകൂലമായ എല്ലാസാഹചര്യങ്ങളും വളർന്നുകഴിഞ്ഞിട്ടുണ്ട്. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കു കഴിഞ്ഞകാലങ്ങളിലനുഭവപ്പെട്ടിരുന്ന തിക്തമായ വിഷമതകൾ ഇന്നഭിമുഖീകരിക്കേണ്ട

ത്തായി വരുന്നില്ല. മുസ്‌ലിം സ്ത്രീ വിദ്യാഭ്യാസമെന്ന് പറയാൻതന്നെ ധൈര്യപ്പെട്ടിരുന്നവർ ഇല്ലായിരുന്നു. ഇന്നതൊക്കെ മാറി.

ഈ പശ്ചാത്തലം നല്ലവണ്ണം മനസ്സിലാക്കിവേണം കേരളത്തിലെ മുസ്‌ലിംകളുടെ വിദ്യാഭ്യാസ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ. നാം ഇന്ത്യയുടെ രാഷ്ട്രീയസാമൂഹ്യരംഗങ്ങളിൽ കണ്ട യുവത്വത്തിന്റെ അതിപ്രസരം കേരളത്തിലെ മുസ്‌ലിം വിദ്യാഭ്യാസരംഗത്തും സ്പഷ്ടമായി കാണാം. അനുകൂലസാഹചര്യത്തിന്റെ ഫലമായിമലബാറിലെ മുസ്‌ലിംകളുടെ പിന്തുണ നിർല്ലോഭം ലഭിച്ചതിനാൽ ചില മുസ്‌ലിം വിദ്യാഭ്യാസസംഘങ്ങൾ രൂപംകൊണ്ടു. അവയുടെ പ്രവർത്തകർതന്നെ വിചാരിച്ചിരുന്നതിനേക്കാൾ വളരുവാൻ അവക്കുസാധിച്ചതു് മാറിയ സാഹചര്യത്തിന്റെ ഫലമായിട്ടായിരുന്നു. നിരവധി ദശാബ്ദക്കാലം നിസ്വാർത്ഥരായ സാംസ്കാരിക പ്രവർത്തകന്മാർ അനവരതം പ്രവർത്തിച്ചതിന്റെ കൂട്ടായഫലം കൊയ്യുവാൻ കഴിഞ്ഞതു് ഇപ്പോഴാണെന്നു മാത്രം. എന്നാൽ മററുരംഗങ്ങളിൽ കണ്ടതുപോലെ വിദ്യാഭ്യാസരംഗത്തു് പ്രവർത്തിക്കുന്ന ചില സംഘടനകളുടെ നേതൃത്വവും ഒരു ആത്മപരിശോധന നടത്തേണ്ടതു് ആവശ്യമാണെന്നു് എനിക്കുതോന്നുന്നു. താല്ക്കാലികമായ ജനപ്രീതിയുടെയൊ, ജയാപജയങ്ങളുടേയൊ ലഹരിയിൽ ആത്യന്തിക ലക്ഷ്യംതന്നെ നമ്മുടെ നേതൃത്വം വിസ്മരിക്കുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വൈകാരികമായ ആവേശപ്രകടനങ്ങൾ ക്ഷണികമാണെന്ന വസ്തുത മറക്കുന്നതബദ്ധമാണു്. ഗുരുത്വവും പക്വതയും ഇല്ലാത്ത നേതൃത്വം മഹത്തരമായ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ വഴുതിവീഴുക സ്വാഭാവികമാണു്. ലക്ഷ്യത്തിലെത്താൻ ഒക്കാത്ത ദുർഘടസ്ഥിതി സൃഷ്ടിക്കുന്നതു് അപക്വമായ ഹ്രസ്വവീക്ഷണം കൊണ്ടാണു്. നേതൃത്വം ഹൃദയസമ്പുഷ്ടമായിരിക്കണം. വിശാലമനസ്ഥിതിയും അപാരമായ അറിവും സ്വാംശീകരിക്കുവാനുള്ള കഴിവു് ആ മനസ്സിനുണ്ടാകണം. എതിർപ്പുകളെ പുഞ്ചിരികൊണ്ടു് സ്വാഗതം ചെയ്തു് വിവേകം കൊണ്ടു് സമാധാനം പറയുവാൻ സാധിക്കുന്ന മഹാത്മാക്കളുടെതായിരിക്കണം ആ

ഹൃദയം. ജനപ്രീതിയും ആവേശവും ക്ഷണികമാണ്. അതിൽ മാത്രം കണ്ണുവെച്ചുകൊണ്ടും, പ്രസിദ്ധിമാത്രം ലാക്കാക്കിയും പ്രവർത്തിക്കാനാണ് നേതൃത്വം മുതിരുന്നതെങ്കിൽ അതിൻെറ അപായകരമായ തിരിച്ചടി നേതൃത്വത്തെ മാത്രമല്ല, സമുദായത്തിൻെറമുന്നോട്ടുള്ള പ്രയാണത്തെയും വിപരീതമായി ബാധിക്കും. ഇതിനെല്ലാം ആവശ്യം, അറിവ് വർദ്ധിപ്പിക്കുകയെന്നതാണ്. നേതാക്കളും അനുയായികളും വായിക്കണം, അറിയണം. ഇന്നലത്തേയും ഇന്നലത്തേയും കാര്യങ്ങൾ. ഇന്നത്തേയും ഇന്നലത്തേയും തലമുറയുടെ കഥകൾ!

## മലയാളഭാഷയ്ക്കു് മാപ്പിളഭാഷാ സാഹിത്യത്തിൻെറ മുതൽക്കൂട്ടു്

ഇസ്ലാംമതം പ്രചരിക്കുന്നതിനു് എത്രയോ മുൻപുമുതൽക്കു്തന്നെ മലയാളക്കരെ അറബികൾക്കു് സുപരിചിതമായിരുന്നു. ഇവിടെനിന്നും നമ്മുടെ സുഗന്ധദ്രവ്യങ്ങളും കുരുമുളകും യൂറോപ്യൻ രാജ്യങ്ങളിൽ കൊണ്ടുപോയി വിപണനം നടത്തിയിരുന്നതു് അറബികളായിരുന്നു. കേരളത്തിൻെറ പശ്ചിമതീരത്തു് തിരതല്ലുന്ന വിശാലമായ സമുദ്രം, അറബിക്കടൽ എന്ന നാമധേയത്തിലാണല്ലോ ഇന്നും അറിയപ്പെടുന്നതു്. അറബിസാഹിത്യത്തിലെ ഏററവും പഴക്കംചെന്ന കവി 'ഇൻറാ ഉൽഖൈസാണു്'. കുരുമുളകിനെ പററിഅദ്ദേഹം തൻെറ കവിതയിൽ പരാമർശിച്ചിട്ടുണ്ടു്. കേരളത്തിൽനിന്നു മാത്രം ലഭിച്ചുകൊണ്ടിരുന്ന കുരുമുളകിൻെറ വീര്യത്തേയും, ഗുണത്തേയും, മാഹാത്മ്യത്തേയും ഒക്കെ വാഴ്ത്തുന്ന ഈ കൃതി അറേബ്യയായും കേരളവുമായി വ്യവാസായ വാണിജ്യ ബന്ധങ്ങൾ എത്രയോ നൂററാണ്ടുകൾക്ക മുൻപുതന്നെ നിലവിലിരുന്നു എന്നതിൻെറ ഉദാഹരണമായി ഉദ്ധരിക്കാം. 'ബിലാദുൽ ഫുൽഫുൽ' എന്നപേരിലാണ് അറബികൾ കേരളത്തെ വിളിച്ചിരുന്നതു്. 'ഫുൽഫുൽ' എന്നതിൻെറഅർത്ഥം കുരുമുളക് എന്നാണ്. കുരുമുളകിൻെറ നാട്ടു് എന്ന അത്ഥത്തിലാണ് അവർ ആ സംജ്ഞ ഉപയോഗിച്ചിരുന്നതു്. കേരളം എന്ന പേരു്എങ്ങനെ ഉണ്ടായി എന്നതിനെ സംബന്ധിച്ചു് പല പണ്ഡിതൻമാരും പല അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളതു്. അവയിൽ ശ്രദ്ധേയമായ ഒരു മതം 'ഖൈറുള്ള' എന്ന വാക്കിൽനിന്നാണ് കേരളം എന്ന നാമധേയമുണ്ടായതെന്നത്രെ. 'ഖൈറുള്ള' എന്നവാക്കിൻെറ അത്ഥം ദൈവാനുഗ്രഹമുള്ള നാട്ടു് എന്നാണ്. അറബിക്കടലിൻെറ കാററും വായുവും ഇടതടവി

ല്ലാതെ അനുഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന് 'ഖൈറുള്ള എന്ന അറബിപദത്തിൽനിന്നാണ് ഇന്നത്തെ പേര് കിട്ടിയതെങ്കിൽ നിശ്ചയമായും അറബി ഭാഷയോട് നമുക്കുള്ള കടപ്പാട് സീമാതീതമായിരിക്കും.

അറബിക്കച്ചവടസംഘവും അതിനുശേഷം മതപ്രചാരകൻമാരും കേരളത്തിലെത്തുമ്പോൾ നമ്മുടെ ഭാഷ ഇന്നത്തെ മലയാളമായിരുന്നില്ല. വളരെ പ്രാകൃതമായ ഒരു സംസാരശൈലി മാത്രമായിരുന്നു. തമിഴിന്റെ ആധിപത്യത്തോട് കൂടിയും പ്രാദേശിക വ്യത്യാസം ഉൾക്കൊണ്ടുകൊണ്ടും സംസാരഭാഷയെന്ന നിലയിൽ നിലനിന്നുപോന്ന ഒരു ശൈലി. വടക്കേ മലബാറിലേക്ക് കടന്നാൽ കന്നടയുടെ അതിപ്രസരത്തോടുകൂടിയതുമായിരുന്നു അവിടത്തെ പ്രാദേശിക ശൈലി. ഇസ്ലാമിന്റെ ആവിർഭാവത്തോടുകൂടി ഭാഷയിൽവന്ന വ്യത്യാസം വിലമതിക്കുവാനാകാത്തതാണ്. നമ്മുടെ നാടൻ സംഭാഷണഭാഷക്ക് ഒരു ലിപി നല്കുകയാണ് മുസ്ലീംമത പ്രചാരകൻമാർ ഇവിടെ ആദ്യമായി ചെയ്തത്. ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലും ഈ പ്രക്രിയതന്നെ നടന്നിരുന്നു. എ. ഡി. 712-ൽ മുഹമ്മദ് ഇബ്നു അൽ കാസിമിന്റെ നേതൃത്വത്തിൽ സിന്ധാക്രമണം നടന്നപ്പോഴും അതിനുശേഷം ഇതര സംസ്ഥാനങ്ങളിൽ മുസ്ലിം അധിനിവേശമുണ്ടായപ്പോഴും ഓരോ സ്ഥലത്തേയും പ്രാദേശിക ഭാഷക്ക് അറബിലിപി നല്കി ജനസമ്പർക്കത്തിന് ആക്കം കൂട്ടുകയാണ് ചെയ്തത്. സിന്ധി, പഞ്ചാബി, തമിഴ്, കർണാടകം, മലയാളം തുടങ്ങിയ പ്രദേശികഭാഷകൾക്ക് അറബിലിപി നല്കി യൂറോപ്പിൽ ലത്തീൻ ലിപിക്ക് കിട്ടിയ സ്ഥാനം അറബി ഇന്ത്യൻ പ്രാദേശികഭാഷകളിൽ നേടിയെടുക്കുകയും ചെയ്തു. ഇങ്ങിനെ പുതുതായുണ്ടായ ഭാഷയ്ക്ക് അറബിതമിഴ്, അറബിമലയാളം എന്നിങ്ങനെ പേരു പറഞ്ഞുപോരുകയും ചെയ്തു.

വാസ്തവത്തിൽ മലയാളഭാഷയിലെ ആദ്യത്തെ മണിപ്രവാളമാണ് അറബി മലയാളം. ചുരുങ്ങിയത് പതിമൂന്ന് നൂറ്റാണ്ടുകാലത്തെ പഴക്കം അറബി മലയാളഗദ്യത്തിനുണ്ട്

റ്റുന്ന കാര്യം വളരെകുറച്ചുപേർക്കു മാത്രമെ ഇന്നു് നിശ്ചയമുള്ളു. കൊല്ലവർഷം 752-ൽ വിരചിതമായ ഖാസിമുഹമ്മതിന്റെ മുഹിയിദീൻ മാലയിൽകവി പ്രസ്താവിക്കുന്നതു്.

'കൊല്ലം എഴുനൂറ്റിഅൻമ്പത്തിരണ്ടിൽ ഞാൻ
മുത്തും മാണിക്യവും ഒന്നായികോർത്തപോൽ'

ഈ കാവ്യരചന നടത്തുന്നു എന്നാണു്. മണിയും പ്രവാളവും എന്നതിനു്പകരമായി മുത്തുംമാണിക്യവും ഒന്നായികോർത്തിണക്കിയ അറബിമലയാളത്തിലാണു് താൻ ഈ കൃതിരചിക്കുന്നതെന്ന കവിവാക്യത്തിൽ നിന്നും കേരളത്തിലെ ആദ്യ മണിപ്രവാളഭാഷ അറബിമലയാളമായിരുന്നുവെന്നു് സിദ്ധിക്കുന്നു. സംസ്കൃതമണിയും ഭാഷാപ്രവാളവും ചേർന്നുണ്ടായ മണിപ്രവാളം ഇതിനെത്രയോ നൂററാണ്ടിന് ശേഷമാണു് ഉരുത്തിരിഞ്ഞതു് എന്നതു് വെറും വസ്തുതമാത്രമാണല്ലോ.

അറബിമലയാളഭാഷയിൽ മററുപല ഉൽകൃഷ്ടഭാഷകൾക്കും തുല്യം എല്ലാ സാഹിത്യവിഭാഗങ്ങളും പരിപുഷ്ടിപ്രാപിച്ചിരിക്കുന്നു പാട്ടുകൾ. കാവ്യങ്ങൾ, കഥകൾ, വിവർത്തനങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ, ദൈവവിജ്ഞാനം, തത്വശാസ്ത്രം ചരിത്രം, ഗണിതം, കൃഷിശാസ്ത്രം, കരകൌശലവിദ്യ, എന്നു വേണ്ട എല്ലാ വിജ്ഞാനശാഖകളെയും ഉൾക്കൊള്ളുവാൻ തികച്ചും വളർച്ചപ്രാപിച്ച ഒന്നായിരുന്നു അറബിമലയാള സാഹിത്യം എന്നു കാണാം. അറബിമലയാളസാഹിത്യംവഴി കേരള മുസ്ലീങ്ങൾ നമ്മുടെ ഭാഷാപോഷണത്തിനും സാഹിതീസപര്യക്കും നടത്തിയിട്ടുള്ള സേവനങ്ങൾ അതർഹിക്കുന്ന തരത്തിൽ കേരളം അംഗീകരിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

ഭക്തിയും, ശൃംഗാരവും, ഹാസ്യവും, വീരരസവും ഇടകലർന്നു് ഇഴകിചേർന്നിട്ടുള്ള മാപ്പിളപ്പാട്ടുകളുടെ സാഹിത്യഭംഗിയും സംഗീത മാധുര്യവും അടുത്തകാലത്തു് മാത്രമാണ് കേരളത്തെ ആകമാനം കോരിത്തിരിപ്പിക്കുവാൻ തുടങ്ങിയതു്. പടപ്പാട്ടുകൾ, കിസ്സപ്പാട്ടുകൾ, മാലപാട്ടുകൾ, മദഹ്പാട്ടുകൾ, മംഗലപ്പാട്ടുകൾ, കപ്പപ്പാട്ടുകൾ, വിരുത്തങ്ങൾ തുടങ്ങിയപല വിഭാഗങ്ങൾ മാപ്പിളപാട്ടുകളുടെ കൂട്ടത്തിലുണ്ട്. ആദംനബി ചരിതം, യൂസുഫ് നബി ചരിതം, നൂഹ്നബി ചരിതം, ബദർ, ഉഹദ്, കർബല, എമാമത്തു്, ഹുനൈൻ, ശാം എന്നീ കഥാകാവ്യങ്ങളും, റസൂൽതിരുമേനി, ഖദീജാബീവി, ഫാത്തിമാബീവി, എന്നിവരുടെ

ചരമഗീതങ്ങളും, കപ്പിപ്പാട്ട്, കപ്പപ്പാട്ട്, കറത്തിപ്പാട്ട്, പഞ്ചകനകരണമാല, സ്ത്രീപ്രകൃതി പരീക്ഷ്ക്കാരമാല, എന്നിങ്ങനെ അനേകം ഖിസ്സപ്പാട്ടുകളും, മലയാള കാവ്യ വിഭാഗത്തിന് പെരുത്ത് മുതൽക്കൂട്ട് നടത്തുവാൻ ഉതകുന്നവയാണ്. മഹാകവി കുഞ്ഞായൻമുസലിയാരുടെ നൂൽമാലയാണ് കാവ്യ പ്രസ്ഥാനത്തിന്റെ തലപ്പത്ത് നില്ക്കുന്നത്. 16 ചേലുകളിലായി 666 വരികളാണ് ഇതിലുള്ളത്. 1778 -ൽ വിരചിതമായതാണ് ഈ കൃതി. അദ്ദേഹത്തിന്റെതന്നെ പുകഴ്പെററ മറെറാരു കൃതിയാണ് കപ്പപ്പാട്ട്. ഒററ ഇശലിൽ 600 വരികളാണ് ഈ മഹാകാവ്യത്തിലുള്ളത്. മഹാകവി മോയിൻകുട്ടി വൈദ്യർ രചിച്ച പാട്ടുകളിൽ 'ബദർ', 'ഹുസനൽജമാൽ' എന്നിവ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളവയാണ്. അദ്ദേഹത്തിന്റെ മററു പ്രസിദ്ധ കൃതികളിൽപ്പെട്ടവയാണ് ഉഹദ്പട, മലപ്പുറം ശുഹദാക്കം, ഹിജാത്തുനബി. മാപ്പിളകവികളുടെകൂട്ടത്തിൽ കുളങ്ങരവീട്ടിൽ മുഹയദ്ദീൻ മുസ്ലിയാർ, മാളിയക്കൽ കുഞ്ഞുമുഹമ്മത്ത്, ചേററുവാപരിക്കുട്ടി, ചാക്കീരി മൊയ്തീൻകുട്ടി എന്നിവർ സ്മരണീയരാണ്. ആധുനികരുടെ പട്ടികയിൽ മഹാകവി ഉബൈദ്, ഓ. ആബു, പുന്നയൂർക്കുളം ബാപ്പു എന്നിവരുടെ പേരുകൾ ഓർമ്മിക്കാതെ വയ്യ.

ഗദ്യസാഹിത്യത്തിൽ അപാരമായ മുതൽക്കൂട്ടാണ് മാപ്പിളസാഹിത്യത്തിനുള്ളത്. മതപരമായ എല്ലാശാഖകളിലും അറബിമലയാള ഗ്രന്ഥങ്ങൾ സുലഭമായിട്ടുണ്ട്. പൊന്നാനി കേന്ദ്രമാക്കികൊണ്ട് പ്രവർത്തിച്ചിരുന്ന പണ്ഡിതൻമാരുടെ സംഭാവനകൾ കനപ്പെട്ടവയായിരുന്നു. 16-ാം നൂററാണ്ടിലെഴുതിയ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥമാണ് കേരളചരിത്രമേഖലയിലെ ആദ്യത്തെ ഗ്രന്ഥം. ഷൈക്ക് സൈനുദ്ദീൻ ഗസാലി എഴുതിയ ഈ കൃതി പറങ്കികളുടെ പടയോട്ടത്തേയും മതധ്വംസനങ്ങളേയും ആഭിചാര പ്രവർത്തനങ്ങളേയും ആധികാരികമായി വിവരിക്കുന്നു. 7-ാം നൂററാണ്ട് മുതൽ 15-ാം നൂററാണ്ടുവരെയുള്ള കേരള പരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ തീർത്തും പ്രകാശമാനമാക്കുവാൻ സഹായിക്കുന്ന നിരവധി സഞ്ചാരക്കുറിപ്പുകളും ആധികാരികഗ്രന്ഥ

ങ്ങളും അറബിയിലും അറബിമലയാളത്തിലും ഉണ്ട്. കേരള ചരിത്രരചനക്ക് ഏററവുമധികം പ്രയോജനപ്പെടുന്ന ഉപദാന ങ്ങളാണിവ

നമ്മുടെ ഭാഷാസാഹിത്യത്തിലെക്കുള്ള മറെറാരു മുതൽ ക്കൂട്ടാണ് ഈ നൂററാണ്ടിൻേറതാണെങ്കിലും പ്രകാശിതമാ യിട്ടുള്ള ഖുർആൻ തർജിമകളും വ്യാഖ്യാനങ്ങളും. ഖുർആൻ പരിഭാഷയ്ക്ക് പുറമേ സഹീഹുൽബുഖാരി, ഫത്ഹുൽമു ഈൻ, തുടങ്ങിയ മഹൽഗ്രന്ഥങ്ങളുടെ തർജിമകളുമുണ്ട്. ആ യിരകണക്കിനു് ഗ്രന്ഥങ്ങൾ വിവിധ വിഭാഗത്തിൽപ്പെട്ട വ കേരളീയരായ മാപ്പിള സാഹിത്യകാരൻമാരുടേതായുണ്ട്. എന്നാൽ അറബിമലയാളത്തിൽ നിർമമിതങ്ങളായ ഈ സാ ഹിത്യസമ്പത്ത് മലയാളലിപിയിൽ പരിഷ്ക്കരിച്ച് പ്ര സിദ്ധപ്പെടുത്തുവാനാരും മിനക്കെടാതിരുന്നതിൻെറ ഫലമായി ഇന്നു് ഇവയിൽ പലതും അറബികോളേജുകളുടേയോ, മദ്ര സ്സകളുടേയോ താളിയോലപ്പുരയിൽ ആരും ശ്രദ്ധിക്കപ്പെടാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായ വ്യഖ്യാനത്തോ ടും കാലോചിതമായ പരിഷ്ക്കാരത്തോടുംകൂടി ഗദ്യപദ്യശാ ഖയിൽപ്പെട്ട നല്ലനല്ല അറബിമലയാള കൃതികളെങ്കിലും പുന: പ്രകാശം ചെയ്താൽ മാത്രമേ സംപുഷ്ടമായ ഈ സാ ഹിത്യ പരാവരത്തെ കുറെയെങ്കിലും മനസ്സിലാക്കുവാൻ സാദ്ധ്യമാകൂ.

വളരെക്കാലത്തെ വ്യാവസായിക സാംസ്ക്കാരിക സം മ്പർകത്തിൻെറ ഫലമായി മലയാളഭാഷയ്ക്ക് അവിസ്മര ണീയങ്ങളായ സംഭാവനകൾ നടത്തുവാൻ മാപ്പിളഭാഷയ്ക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ പദസമ്പത്തിലേക്ക് മറേറതൊരു ഭാഷയേക്കാൾ കൂടുതൽ മുതൽക്കൂട്ട് നടത്തിയിട്ടുള്ളത് അറബി, പേർഷ്യൻ ഭാഷാസമ്പത്ത് നിർല്ലോഭം പ്രചരിപ്പിച്ച അറ ബിമലയാളമാണ്. മാപ്പിളസാഹിത്യത്തിലൂടെ കടന്നുവന്ന വാക്കുകൾ കൃത്യമായി തിട്ടപ്പെടുത്തിപ്പറയുവാനൊക്കുകയി ല്ലെങ്കിലും 3000ത്തിനും 5000ത്തിനും ഇടയ്ക്കാണെന്നാണ് പണ്ഡിതമതം. അറബി, പേർഷ്യൻ വാക്കുകളാണ് ഇതില ധികവും. പ്രാദേശിക ഉച്ചാരണഭേദത്തോടുകൂടിയാണ്ഇവയിൽ

പലതും മലയാളത്തിലേക്ക് കടന്നതു്- തൽസമമായും തൽഭവമായും മലയാളഭാഷയിലേക്ക് സംക്രമിച്ച ഈ പദങ്ങളിൽ പലതും ഇന്നു് സാർവത്രികമായി ഉപയോഗിച്ചുപോരുന്നവയുമാണ്. ആറുതരം പ്രേരണ ഈ ഭാഷാ സംക്രമണ പ്രക്രിയയിൽ പ്രകടമായിക്കാണാം. (1) ചില സാധനങ്ങളോ, വസ്തുങ്ങളോ, ഉപകരണങ്ങളോ പുതുതായി കേരളത്തിൽ, കൊണ്ടുവന്നിട്ടുള്ള സന്ദർഭത്തിൽ അവയെ പുരസ്ക്കരിച്ച് ഭാഷയിൽവന്ന പദവിഭാഗം. (2) കച്ചവട വ്യവസായ സംബന്ധമായി ഉണ്ടായവ. (3) മതപ്രചാരണത്തിൽ ഉപയോഗിച്ചിരുന്നവയും പ്രാർത്ഥനകൾ, മതാചാരങ്ങൾ ഇവയെ ആസ്പദമാക്കി ഉപയോഗത്തിൽ വന്നവയും, (4) നീതിന്യായകോടതികൾ, ഭരണനിർവ്വഹണം, സൈനികാവശ്യം, കരംപിരിവു തുടങ്ങിയവ്ക്ക് പററിയപദസമ്പത്തു്, (5) ശകാരവാക്കുകൾ (6) പിന്നെ പലവക. ഇങ്ങിനെ ഭാഷയിലേക്ക് കടന്ന വാക്കുകളുടെ കൂട്ടത്തിൽ ഏറെ പ്രചാരത്തിലുള്ളവയിൽ കുറെ വാക്കുകളാണ് ചുവടെ ചേർക്കുന്നതു്.

ആവി- അമീർ, അസ്മതി- അട്ടപ്പ്, ആവലാതി-ആവത്തു്, അലീസ- അറാക്ക്, അറിവ്- അരമന, ആവത്തു്- അപക്ക്, അരചൻ, അഫീൻ, അക്രമം- അത്തർ, അമർത്തുക- അനാമത്തു്, അറബന- ആമീൻ- ആൽ- അസ്സൽ, അരുവ- അഗാനം, ആട്ടാമാവു്- അദാലത്തു്, അലിക്കത്തു്- അവിൻ, അല്ലാഹു- ആമീൻ, ആലിമീങ്ങൾ- ആസ്തേ, അൽമാരി- അച്ചാർ, ഈശൻ- ഇഷ്ടം. ഇശൽ, ഇല്ല- ഇക്കിളാക്കുക, ഇനം- ഇമാം, ഇത്തിരി, ഇൽമു്- ഇസ്ലാം, ഈമാൻ- ഇക്ക, ഇബ്ലീസു്- ഇബാദത്തു്, ഉഭക്കം- ഉപ്പ്, ഉമ്മത്തു്. ഉറുമി, ഉലുവ, ഉടയവൻ, ഉരുളുക- ഉരിയുക, ഉച്ചി- ഉടൽ ഉഭക്കം, ഉപ്പ, ഉപ്പൂപ്പ- ഉജാർ, ഉറുപ്പ്, ഉറുമാൽ- ഉസ്താദ്, ഓൻ, ഓൾ, ഓഹരി- ഒജീനം, ഒറോട്ടി, ഒപ്പന, ഒത്തിരി, ഒസ്യയത്തു്, ഓശാരം- ഒരുമ

ഏതിരാളി-ഏടാകൂടം, എംപോക്കി-കാശ്- കവാത്തുകമ്പറ്- കമ്പറടക്കം-കാലി, കസർത്ത്-കാഫിർ-കത്ത്, കയിൽ-കൽബു്-കീശ, കരം - കുർബാന-കാവ, കോപ്പ-കമ്മി - കുറുമ, കിച്ചടി - കച്ചംബർ-കുന്താലി, കവഞ്ചി-കിടുപിടി-കുന്നി, കൊള്ളേ- കിലശം;കബൂൽ, കലിമ-- കതീറത്ത്, കാക്ക-കയ്യാല-കൈലാഞ്ചി, കൈലേസ്-കത്തി-കതീര, കലാശം - കലാപം - കലർത്തുക, കുളം-കിണർ-കപ്പുക, കമ്പളിപ്പിക്കുക-കൊഞ്ചൽ കുറുത്ത, കൊല്ലം-കുരു-കറി-കുമ്പ് കച്ചേരി-കശാപ്പ്-കരിമ്പ്, കൊല്ലുക - കൊള്ളയടിക്കുക-കലക്കുക, കലീഫ-കല്പിക്കുക-കോൻ, കിമ്പറ്-കമ്പാമ്പ്-കൈപീത്ത്, കടലാസ്-കത്ത്-കാപ്പി, കരാർ-കർമോസ്, കറാമത്ത്, കലസി--കവാത്ത്- കശാപ്പുകാരൻ- കശ (കഥ) കപ്പട, കസ്ബ-കാപ്പിരി-കവർ, കിത്താബ്- കില്ല-കിസക്ക്- കിസ്മത്ത്-കുർസി-കൊത്തുവാൾ, കായിതം-കനേഷ്ത്തമാരി, കമാൻ-കൊസ്റാക്കൊലി, കച്ചറ കഠാരി കവിടി, കീച്ചടി-കോറ-കേമ്പിരി, ഖജാനഖദർ-ഖാദി, ഖുദഖത്തം-ഖയിറ്-ഖാരിഫ്, ഖോജ-ഖാസി-ഖിലാഫത്ത്, ചക്കാത്ത്-ചെകുത്താൻ-ചണ്ടാതി, ചുക്കാൻ-ചായ-ചക്കര, ചപ്പാത്തി-ചട്ടിണി-ചർക്ക - ചെലാൻ-ചൌക്ക-, ചുങ്കം, ചാവടി-ചിട്ടി-ചൂള-ചക്കട, ചവർ-ചുക്കാൻ-ചേരി, ചവിട്ടുക-ചീർക്കുക-ചെല്ല്, ചേല്-ചൊറുക്ക-ചിട്ടു-ചീട്ട്, ചപ്രാസി-ചമ്മല-ചിററ്, ജമ-ജില്ല-ജപ്തി-ജാമ്യം, ജമേദാർ-ജിഹാദ്-ജുമ-ജമാഅത്ത്-ജമബന്ധി-ജിന്ന്, ജുബ-ജനസ്സ് ജാഹിൽ-ജാഗിർ, ജാഗീർദാർ-ജിലേബി-ജഹന്നം, ജാരൻ-ജയിൽ-ജനാസ-ജാമീൻ - ജാസ്തി - ജറൂർ-ജാഹിൽ-ജാഥ, ജാതി-ജാത്ര, ജോഡി-ജോലി-ജുക്തി (യുക്തി), താക്കത്ത്-തസ്തിക-തഹസിൽദാർ, തഹസിൽ - താലൂക്ക് - താരിപ്പ്,

താക്കീത്ത്-തമാശ്-തംപ്പ്, തബല - തപ്പ് -തർ ജമ, തയ്യാർ-താലൂക്ക്-തകരാറ്, തെസ്വറിൽ-തറ തല-തുപ്പൽ, തവി-താരീക്ക്-തരാശ്ശു, തോക്ക്- തുറ-തുരുമ്പ്-തക്കിളി, തുക്കിടാതോരൻ-താന്ന്- തക്കാളി-തൊപ്പി-തോല, തക്കിടി-തക്കബീർ- തട്ടം-തമ്പാലം ത്രാസ്- പാതിരി - പക്കീർ- പാനൂസ്-പർദീസ-പിഞ്ഞാണി-പാദ്ഷ, പേ ഷ്ക്കാർ-പപ്പാസ്- പറങ്കി,പേഷ്വ-പക്കാവട-പ പ്പടം, പത്തിരി-പൂരി-പങ്ക-പൂജ, പന്തൽ-പഞ്ചാ യത്ത്-പട്ടാണി, പട്ടദാർ-താരാവ്-പതക്കം,പ ടക്കം-പുക്കാർ-പൈസ, പുന്നാരം-പോരിശ-പോ ക്കിരി, പുത്തുപെണ്ണ്, പിച്ചാത്തി-പൂതി-പാലൂത, പൊൻകരളേ - പൊറുക്കുക, പിരാക്ക്-പാറുക- പൈജാമ, പുരാണം-പരത്തുക-പകരുക - പെരു ത്ത്-പൊരുതം, പന്തം-പടച്ചോൻ-പാവാട, പാദ കം-പിരിശം - ഫസ്ലി-ഫൌജി-ഫക്കീർ- ഫ യൽമാൻ-ഫത്തുവ- ദീവാളി, ദിവാൻ - ദഫേദാർ ദിൻ.ദനിയാവ്-ദുആ-ദല്ലാൾ-ദീനം - ദർക്കാസ്- ദറോഗ-ദുബട്ടാവ് - ദോബി - ദംപിടി, ദഫ്- ദജ്ജാൽ-ദൊലക്ക്-ദപ്പ്, നക്കൽ-നവാബ്-നിക തി നസാർ-നെയിബ-നിരക്ക്, നാദം-നജീസ്- നമാസ്- നാട-നാമൂസ്-നോമ്പ്, നിസ്ക്കാരം- നരുംപിരിയാരം, നെയിചോറ്,നബി-നാം- മരാമത്ത്- മസ്ലഉ-മലക്ക്, മാപ്പ്-മഹൽ-മുസാവ രി, മഹസർ-മുൻസിഫ്- മസ്ജിദ്- മസാല മ ക്കനെ- മാമൂൽ- മുക്തിയാർ - മുക്രി - മുൻഷി, മുസീ ബത്ത്-മുഹബത്തു്, മൌത്ത്- മുഫ്ത്ത- മദഹ്- മുല്ല-മദ്ബഹാമുഷ്ക്ക്-മേഷാമുസ്ളീം- മുസാവ്- മൽമൽ- മന്ന്. മുല്ല- മുസലിയാർ- മാമ- മാമി- മൊൻഞ്ച്- മീസാൻ, മൈതാനം- മൌലൂദ്. മൈലാഞ്ചി- മിസർ- മട്ട്, മത്താപ്പ്- മെതി യടി, മക്കാറാക്കുക- മസാലിപ്പി, മുറാദ്- മാറുക- മെസ്തിരി, മാമൂൽ- മൌലവി, മിസ്സ്വാക്ക്-

മിസ്ക്കീൻ- മൊത്തുക- മൈന, ബദൽ- ബാക്കി_ ബിസ്മി, ബാപ്പ- ബലാല്യ്- ബർക്കത്തു്, ബുൽബുൽ_ ബിലാത്തി- ബെയ്ത്തു്- ബുദ്ദു്- ബുർക്ക, ബാങ്ക്_ ബിരിയാണി- ബസാർ, ബും ഗ്ലാവ്-ബത്തി-ബറാബർ, ബീഡി - ബന്തോസ് ബത്, ബദാം - ബഡായി - ബഹദൂർ, ബദരീങ്ങദം- ബങ്കകിശം- ബേഷ്, ബോൻഡ- ബനു്തു് - ബൈടക്ക്, വക്കാലത്തു്_ വക്കീൽ- വസൂൽ, വർക്കത്തു്_ വഷളം_ വത്തക്ക, വട- വാടക- വസ്വാസ്, വെറുക്കക- വീന, സദക്ക- സദർ- സന്നത്തു്- സലാം, സാഫ്_ സാബൂൻ_ സുൽത്താൻ, സുബൈദാർ_സാഹിബ്_ സായിപ്പ്- സുറുമ- സർബത്തു്, സബർജിൽ- സക്കാത്തു്_ സാഹത്തു്_ സുന്നത്തു്- സദക്ക_ സർക്കാർ_സർദാർ_സവാരി, സമീൻതാര, സേട്ട്, സേർ, സൂചി- സിറാത്തു്_ സലാമത്തു്, സുലൈമാനി_ സിൽബന്തി, ശവം_ ശീതം- ശീല_ ശരാശരി_ ശിപായി- ശിരസ്തദാർ, ശുപാർശ- ശിഫ- ശനി_ ശാപം, ശോഭ_ ശബ്ദം_ ശർത്തു്_ ശീല്യ്_ ഷഹീദ്- ഷെയ്ക്ക്- ഷിർക്ക്, ഷിക്കാർ- ഷർവാണി, ഹർജി- ഹാല്യ്- ഹലാക്ക്, ഹുക്ക- ഹൂറി- ഹറാം_ ഹലാൽ_ ഹയാകേട്ട്_ ഹല്വ_ ഹക്ക്- ഹാക്കില, ഹാജി_ ഹുജൂർ- ഹുണ്ടി_ ഹയാത്തു്- ഹമുക്ക്_ ഹാജത്തു്, ഹുക്കം- ഹൈദർ (സിംഹം)- ഹവീൽദാർ_ ഹാജർ_ ഹൌദ, റബ്ബ്_ റാഹത്തു്- റദ്ദു്_ റുമാൽ_ റാത്തൽ- റംസൻ- റവ- റാട്ട്- റഹ്മത്തു്_ ലഡു- ലാക്ക്-ലൈല (രാത്രി), ലുങ്കി_ ലങ്കോട്ടി_ ലാത്തി, ഗജം- ഗുസ്തി- ഗുമസ്തൻ - ഗുദാം - ഗുണ്ട - ഗാനം .

ഭാഷയിൽനിന്നും അറബിയിലേക്ക് പോയ പദങ്ങ ളാണ് ചുവടെ ചേർക്കുന്നത്.

| മലയാളം | | അറബി |
|---|---|---|
| ആപത്ത് | — | ആഫത്ത് |
| അത്താഴം | — | അത്താഅം |
| അംപലം | — | അൻബൻ |
| അരി | — | അരിശ് |
| പതിര് | — | ബധീർ |
| പെരിയ | — | ഫരിയ്യ് |
| കാക്ക | — | ഖാക്ക |
| കുട | — | ഖുട |
| കുന്ന് | — | കുന്ന് |
| കലപ്പ | — | വലപ്പ |
| ചിറ | — | സിറ |
| വയൽ | — | ബഅൽ |
| വാതൽ | — | ഖാസിൽ |
| ഉമി | — | ഹുമി |
| തറ | — | തറ |
| താപ്പ് | — | ഹേറുബ്പ് |
| നെയ്യ് | — | നയ്യ് |

ഇതിനേക്കാളൊക്കെ എത്രയോ ഇരട്ടി അറബിമല യാള വാക്കുകൾ ഭാഷയെ പദസംപന്നമാക്കിയിട്ടുണ്ട്. മല യാളത്തിലേക്ക് പ്രസിദ്ധീകൃതമായിട്ടില്ലാത്ത ആയിരക്കണക്കി നുള്ള അറബിമലയാള ഗദ്യപദ്യഗ്രന്ഥങ്ങൾ ഭാഷയിലേക്ക് പരാവർത്തനം ചെയ്യപ്പെടുകയാണെങ്കിൽ നിശ്ചയമായും നമ്മുടെ ഭാഷാസമ്പത്ത് കൂടുതൽ സംപുഷ്ടമാകുമെന്ന കാര്യ ത്തിൽ സംശയമേ ഇല്ല. ചുരുക്കത്തിൽ ഭാഷക്കും സാഹിത്യ ത്തിനും ഒരിക്കലും വിസ്മരിക്കാനൊക്കാത്ത അപാരമായ സംഭാവനയാണ് മാപ്പിളഭാഷയും സാഹിത്യവും നൽകിയി ട്ടുള്ളത്.

## അറബി മലയാളം — ഒരു സമ്പൂർണഭാഷ

ഭാഷഎന്ന പദത്തിൻെറ ധാത്വർത്ഥം വ്യക്തമായ വാക്ക് എന്നാണല്ലോ. ഭാഷാനിർവചനം നടത്തിയപാണിനി 'വ്യക്താ യാംവാചി'യാണ് ഭാഷഎന്ന് വ്യവഹരിച്ചു. ഒരുവൻെറ അന്തർ ഗതം മറ്റൊരാളെ ഗ്രഹിപ്പിക്കുവാൻ പര്യാപ്തമാകുംവിധം അം ഗീകൃതമായ സങ്കേതമനുസരിച്ച് പുറപ്പെടുവിക്കുന്ന വർണ്ണാത്മ കശബ്ദങ്ങളുടെ സമൂഹമാകുന്നു ഭാഷ. ഉച്ചാരണ സൌകര്യ ത്തെ പുരസ്കരിച്ച് സ്വരമാണെങ്കിൽ തനിച്ചോ വ്യഞ്ജനമാ ണെങ്കിൽ സ്വര സമ്മിളിതമായോ വേർതിരിച്ച് അവക്ക് അക്ഷ രങ്ങൾ എന്ന് പേർകൽപിച്ച് ഓരോ അക്ഷരവും കണ്ണിൽ പതിയുന്നതിന് അതിൻെറ അടയാളമായി ഓരോ ലിപിയും സൃഷ്ടിക്കുന്നു. ആ ലിപിസമൂഹത്തെയാണ് അക്ഷരമാല എ ന്ന് പറയുന്നത് ലിപികളുടെ സഹായത്തോടെ വാചിക ഭാഷ ലിഖിതമായിത്തീരുന്നു, ഇന്നശബ്ദത്തിന് ഇന്നഅത്ഥം എന്ന സങ്കേതം വ്യവസ്ഥാപിക്കപ്പെടുകയും ചെയ്യുന്നതോടുകൂ ടി ഭാഷക്കാവശ്യമായ രൂപഭാവങ്ങൾ ഉണ്ടാകുന്നു. പൊതുവെ യുള്ള ഇക്കാര്യം ഇവിടെ പരാമർശിച്ചത് അറബിമലയാളം ഒരു സമ്പൂർണ്ണഭാഷ എന്ന പ്രബന്ധത്തിൻെറ ആമുഖമായി നി ൽക്കുവാൻ വേണ്ടിയാണ്.

ഏത് ഭാഷയ്ക്കും വേണ്ട സങ്കേതങ്ങളും, വ്യാകരണങ്ങളും, ലക്ഷണങ്ങളും അറബിമലയാളഭാഷയ്ക്ക് പരിപൂർണ്ണമായിട്ടുണ്ട്. പേർഷ്യൻ, അറബി ഉറുദു, ഹിന്ദി, തമിഴ്, തെലുങ്ക്, പ ഞ്ചാബി തുടങ്ങിയ ഭാഷകളിലെ സ്വരങ്ങളെയും ശബ്ദവൈ വിദ്ധ്യങ്ങളേയും ഉച്ചാരണ വ്യത്യാസമില്ലാതെ ഉപയോഗിക്കു വാൻ പററുംവിധമാണ് അറബിമലയാളലിപി സംവിധാനം

ചെയ്തിരിക്കുന്നതുതന്നെ. മലയാളം പ്രാദേശികവിത്യാസത്തോടുകൂടി പലവിധത്തിലുള്ള സംസാരഭാഷമാത്രമായിരുന്ന സന്ദർഭത്തിൽ മതപ്രചാരണാർത്ഥം ഇവിടെ എത്തിയ മുസ്ലിംമിഷണറിമാർ പേർഷ്യയിലുംമററുംചെയ്തതുപോലെ അറബിഅക്ഷരങ്ങളെ ആധാരമാക്കി മലയാളഭാഷക്ക് ഒരു ലിപി നൽകിയുണ്ടാക്കിയതാണ് അറബ് മലയാളം. റോമൻഭാഷ യൂറോപ്യൻ ഭാഷകളുടെ അക്ഷരമാല സംഭാവന ചെയ്തതുപോലെ, അറബിഅക്ഷരങ്ങൾ ഉപയോഗപ്പെടുത്തി അറബിമലയാളവും, അറബിതമിഴ് അറബിപഞ്ചാബിയും, അറബിമലയാളവും എല്ലാം എല്ലാം ഉണ്ടാക്കുകയാണ് ചെയ്തത്. മതപരമായ ആശയങ്ങളും അനുഷ്ഠാനങ്ങളും പ്രരിപ്പിക്കുവാൻ പര്യാപ്തമാകുംവിധം പ്രാദേശിക ഭാഷയ്ക്ക് അറബി ലിപി നൽകി ജനകീയ സമ്പർക്കത്തിന് ആക്കം കൂട്ടുകയാണിവിടെ. അറബിമലയാളലിപിക്കാവശ്യമായ പരിഷ്കാരങ്ങൾ പലഘട്ടങ്ങളിലായി നടത്തിയിട്ടുള്ളത്തന്നെ ഈ ഭാഷയുടെ അനുക്രമമായ വളർച്ചയേയും വികാസത്തേയുമാണ്. സയ്യിദ് സനാ ഉല്ലാമക്തിതങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, വക്കം അബ്ദുൾ കാദർ മൌലവി എന്നിവർ ഈ ദൃശപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരാണ്.

അറബിമലയാളഭാഷ സ്വതന്ത്രമായി വളർന്ന് ഒരു വലിയവിഭാഗം ജനങ്ങളുടെ സാഹിത്യഭാഷയായും വ്യവഹാരഭാഷയായും തീർന്നിരുന്നു. ഒരുഭാഷക്കാവശ്യമായ നിബന്ധനകളും ശൈലികളും, വ്യാകരണങ്ങളും, എല്ലാം ഉൾകൊണ്ട് കൊണ്ട് അതു പുഷ്കലമായി. വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും, നാനാർത്ഥപര്യായ ഗ്രന്ഥങ്ങളും അറബി മലയാളത്തിൽ വളരെ വളരെ മുമ്പേതന്നെ സ്ഥലംപിടിച്ചു. ചാക്കീരിയുടെ പര്യായനിഘണ്ടു, പറവൂരിലെ അബ്ദുൾ കാദർ വൈദ്യൻ എഴുതിയ നാനാർത്ഥങ്ങളും പര്യായങ്ങളും സമാഹരിച്ച 'ഖവാസുൽ മുസ്‌ലിമിൻ' എന്നഗ്രന്ഥം, ബഹുഭാഷാനിഘണ്ടു തുടങ്ങിയവ അറബിമലയാളഭാഷയുടെ പ്രാഗത്ഭ്യത്തെ നിദർശിക്കുന്ന സംരംഭങ്ങളാണ്. വെറും പ്രാദേശിക ശൈലിയായിരുന്ന മലയാളഭാഷയെ അംഗീകൃതമായ ഒരു വ്യ

വ്യസ്ഥാപിത ഭാഷയായി ആദ്യകാലത്തു് മാററിയതു് അറ ബിമലയാളം വഴിയായിരുന്നു എന്നാൽ ഗ്രന്ഥാക്ഷരങ്ങളാ യ വട്ടെഴുത്തും കോലെഴുത്തും പ്രചാരത്തിൽ വന്നപ്പോൾ അ വയെ അറബ് മലയാളം വഴി മുസ്ലീംകളെപഠിപ്പിക്കവാ നുള്ള ശ്രമങ്ങൾ നടത്തിയതായും കാണുന്നുണ്ടു്. അറബി മല യാള ലിപിയും വട്ടെഴുത്തു് കോലെഴുത്തു് ലിപികളും ഒപ്പം ഉപയോഗിച്ചു് ഗ്രന്ഥരചന അക്കാലങ്ങളിൽ നടത്തി. ഹിബ്രു, സിറിയാക്ക് ഭാഷ ഒരു വിഭാഗം അഭ്യസിച്ചിരുന്നതിനാൽ അത്തരക്കാരെ അറബിമലയാളം അഭ്യസിപ്പിക്കുന്നതിനു് ഹിബ്രു വിലും സിറിയക്കിലും എഴുതിയ രണ്ടു ഗ്രന്ഥങ്ങൾ ലഭ്യമാ മായിട്ടുണ്ടെന്നു് 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം' എന്ന ഗ്രന്ഥത്തിൻെറ രചയിതാക്കൾ അവകാശപ്പെടുന്നു.

അറബി മലയാളഭാഷ നമ്മുടെ പ്രാദേശിക ശൈലികൾ ളുംകൊണ്ടു എന്നതു് മാത്രമല്ല ഇവിടെ കച്ചവടാർത്ഥവും മററും വന്നും പോയും കൊണ്ടിരുന്ന ഏതു് നാട്ടുകാരൻെറയും ഭാഷാ പദങ്ങൾ തത്സമമായോ, തത്ഭവമായോ അറബിമലയാള ത്തിലേക്കു് കടമെടുക്കുകകൂടി ചെയ്തു. അതിൻെറ ഫലമായി അറബിമലയാളത്തിലൂടെ ഭാഷയിലേക്കു് കടന്നുവന്ന പദസ മ്പത്തു് വളരെഅധികമാണു്. അറബി, പേർശ്യൻ വാക്കുകൾ എത്രമാത്രമാണു് ഇന്നു് മലയാളഭാഷ സ്വായത്തമാക്കിയിരി ക്കുന്നതു് എന്നു് കൃത്യമായി പറയുവാൻ പ്രയാസമാണെങ്കിലും അവ 3000ത്തിനും 5000ത്തിനും ഇടക്കു് വരുമെന്നാണു് തത് സംബന്ധമായി പഠനം നടത്തിയിട്ടുള്ള ഒ. ആബുസാഹിബു് തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായം. ഒരു ഭാഷ സമ്പൂ ർണ്ണമായ ഒന്നാണോ അല്ലയോ എന്നു് നോക്കുന്നതിൻെറ പ്ര ധാനമാനദണ്ഡം അതു് മനുഷ്യവ്യവഹാരത്തിൻെറ എല്ലാ അംശ ങ്ങളേയും സ്പഷ്ടമായും പ്രതിഫലിപ്പിക്കുവാനുതകുന്നുണ്ടോ ഇ ല്ലയോ എന്നു് നോക്കിയാണു്. ഈ അളവുകോലിൻെറ അടി സ്ഥാനത്തിൽ അറബു് മലയാളഭാഷ തീർത്തും എല്ലാവിധ സ ന്ദർഭങ്ങൾക്കും പററും വിധം ഉപയോഗപ്പെടുത്തുവാൻ ഒക്കുന്ന പരിപൂർണ്ണമായ ഭാഷയാണെന്നു് കാണുവാൻ സാധിക്കും.

ഒരു വ്യവഹാരഭാഷയെന്ന നിലക്കു് മനുഷ്യൻെറ സക ലവിധ ഭാവഭേദങ്ങൾക്കും, വിചാരവികാരങ്ങൾക്ക വ്യക്ത

മായ നിറപ്പകിട്ട് നൽകുവാനൊക്കും വിധം അറബിമലയാളത്തിന്റെ പദസമ്പത്ത് കനപ്പെട്ടതാണ്. ഭക്തിനിർഭരമായ പ്രാർത്ഥനാ വേളകളിലും, പ്രേമപാരവശ്യത്തിന്നടിമപ്പെട്ടപ്പോഴും, ഭയമോ, ഭീതിയോ പൂണ്ടുഴറുന്ന വേളകളിലും, രോഷമോ അമർഷമോ, കീഴ്പ്പെടുത്തുമ്പോഴുമൊക്കെ മനുഷ്യവികാരത്തിന് ബഹിർ സ്ഫുരണം നൽകുന്ന വാക്കുകൾ ഏതൊരു ഭാഷയിലുമുണ്ട്. മലയാളഭാഷയിൽ നിന്നു വ്യത്യസ്തമായി അറബി മലയാളത്തിലെ ഇത്തരം പ്രയോഗങ്ങളും ശൈലികളും ഒരു കാര്യം വിളിച്ചോതുന്നത് അറബിമലയാളഭാഷയുടെ സമ്പൂർണ്ണസ്വഭാവത്തേയാണ്. പടച്ചവൻ, മുത്തുനബി, പോരിശയാക്കപ്പെട്ടതങ്ങന്മാർ തുടങ്ങിയ പ്രയോഗത്തിന് സമം മറ്റൊന്ന് കണ്ടുപിടിക്കുവാൻഅസാദ്ധ്യമാണ്. പടച്ചവനെന്ന ദൈവവിശേഷണം മറ്റൊരു ഭാഷയ്ക്കും നല്കാനൊക്കാത്ത വിധം സമ്പൂഷ്ടവും അർത്ഥഗർഭവുമാണ്. പഞ്ചാരപ്പുത്തുമാരനും, കൽബിന്റെ കണ്ടവും, മദിരപ്പൂകനിതേനും, മൊത്തിമണക്കല്ലും ഒക്കെ പ്രേമകാവ്യങ്ങൾക്ക് കഞ്ചുകമണിയിക്കുന്നവയാണ്. പുതുമണവാളനെ വിശേഷിപ്പിക്കുവാൻ ഉപയോഗിച്ച 'പഞ്ചാര' വാക്ക് സഹൃദയഹൃദയത്തെ എക്കാലവും വശീകരിക്കത്തക്കതത്രെ. ശകാര വാക്കുകളുടെ കാര്യമായാലും സന്തോഷത്തിമിർപ്പിന്റെ സന്ദർഭത്തിലായാലും ഉപയോഗിക്കുവാൻ പറ്റും വിധമുള്ള ഓജസ്സും ശക്തിയും നിറഞ്ഞ പദസമൂഹം അറബിമലയാളത്തിന്റെ പ്രത്യേകതയാണ്. അറബിമലയാളശൈലിയായി പ്രയോഗിച്ചുവരുന്ന പദസമൂഹങ്ങളുടെ ഒരു വലിയ സമാഹാരം തന്നെ എന്റെ സുഹൃത്ത് ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഉദ്ദേശിക്കുന്നത് അറബിമലയാളഭാഷ മറ്റേതൊരു ഭാഷയെപ്പോലെയോ അതിൽ കൂടുതലായോ പരിപൂർണ്ണത സിദ്ധിച്ച ഒന്നാണെന്ന് തറപ്പിച്ചു പറയുകയെന്നതാണ്.

അനാദികാലത്തെ അവിരാമമായ സമ്പർക്കത്തിൽനിന്നും ഉടലെടുത്ത അറബിമലയാളഭാഷ അനവധി നൂറ്റാണ്ടുകാലത്തെ പഴക്കം അവകാശപ്പെടാൻ സാധിക്കും വിധം വളർച്ച പ്രാപിച്ചിരുന്നു. അറബിമലയാളഭാഷ മറ്റുപല ഉത്കൃഷ്ടഭാഷകൾക്കുതുല്യം എല്ലാ സാഹിത്യവിഭാഗങ്ങളേയും വിളംബരൊണ്ടു

ശാഖകളേയും ഉൾക്കൊള്ളുവാൻ തികച്ചും വളർച്ച പ്രാപിച്ച ഒന്നായിരുന്നു. കൊല്ലവർഷം 752ൽ (782 എന്നു പറഞ്ഞു പോരുന്നവരുമുണ്ട്) വിരചിതമായ മൊഹിയിദ്ദീൻ മാല 400ൽ ചില്വാനം വർഷത്തെ പഴക്കമുള്ള ഭക്തികാവ്യമാണ്.

'കൊല്ലവർഷം എഴുനൂററി
അൻപത്തിരണ്ടിൽ ഞാൻ
മുത്തും മാണിക്യവും
ഒന്നായി കോർത്തപോൽ'

ഈ കാവ്യരചന നടത്തുന്നു എന്ന പ്രസ്താവത്തോടുകൂടിയാണ് എഴുത്തച്ഛൻെറ സമകാലീനനായ കോഴിക്കോട്ട് ഖാസി മുഹമ്മദ് തൻെറ മഹാകാവ്യം അവതരിപ്പിക്കുന്നത്. മണിയും പ്രവാളവും എന്നതിനുപകരമായി മുത്തും മാണിക്യവും ഒന്നായികോർത്തിണക്കിയ അറബിമാലയാളത്തിലാണ് താനീ കൃതിരചിക്കുന്നതെന്ന കവിവാക്യത്തിൽനിന്നും കേരളത്തിലെ ആദ്യമണിപ്രവാളഭാഷ അറബിമലയാളമാണെന്ന് സിദ്ധിക്കുന്നു.

പറങ്കികളുടെ ആഗമനത്തോടുകൂടി കേരളത്തിലുണ്ടായ സാമൂഹിക സംഘർഷവും സാന്മാർഗ്ഗിക അധ:പതനവും കണ്ട് മനംനൊന്ത അന്നത്തെ കേരളത്തിലെ കവികളത്രയും മനുഷ്യനെ ദൈവികവും ആദ്ധ്യാത്മികവുമായ പന്ഥാവിലേക്ക് നയിക്കുവാൻ തീവ്രശ്രമങ്ങൾ നടത്തിയിരുന്നതിൻെറ പ്രസ്പഷ്ടോദാഹരണങ്ങളാണ് എഴുത്തച്ഛൻെറയും കാസി മുഹമ്മതിൻെറയും കൃതികൾ. എഴുത്തച്ഛൻ ഭാഷയിലൂടെ ഭക്തിപ്രസ്ഥാനത്തെ ജനകീയമാക്കുവാൻ ശ്രമിച്ചപ്പോൾ അതേ പ്രക്രിയതന്നെ അറബിമലയാളത്തിലൂടെ മുസ്ലീംകളുടെ ഇടയിൽ പ്രചരിപ്പിക്കുകയാണ് ഖാസി മുഹമ്മത് ചെയ്തത്. ഇവിടെ പ്രസക്തമായിട്ടുള്ളത് മുഹയിദ്ദീൻ മാല വിരചിതമാകുന്ന 16-ാം നൂററാണ്ടിൽ അറബിമലയാളം ഉൽകൃഷ്ടമായ വികാസം പ്രാപിച്ചിരുന്നു എന്ന കാര്യമാണ്. ഏ ഏ. ഒ. ഓ എന്നീ സ്വരചിഹ്നങ്ങളും ക, ങ, ച, ജ, ഞ, ട, ണ, ത, ദ, ന, പ, ബ, മ, യ, ര, ല, വ, ശ, സ, ള എന്നീ വ്യഞ്ജനാക്ഷരങ്ങളും മുഹ

ഡിന്റെ മാലയുടെ രചനക്ക് ഉപയോഗിച്ചിട്ടുള്ളതായി കാണാം. എഴുത്തച്ഛന്റെ സമകാലികനായ ഒരു മാപ്പിളകവി സാദ്രാട്ട് തന്റെ മഹാകാവ്യത്തിൽ മേലുദ്ധരിച്ച സ്വരചിഹ്നങ്ങളും, വ്യജ്ഞനങ്ങളും നിർലോഭം പ്രയോഗിച്ചുകാണുന്നതിൽനിന്നും ഊഹിക്കാവുന്നതു് അറബിമലയാളഗദ്യപദ്യശൈലിയും ഭാഷയും എഴുത്തച്ഛനെ വളരെ സ്വാധീനിച്ചിരിക്കണമെന്നത്രെ, അറബിമലയാളത്തിൽ നിന്നുള്ള അക്ഷരങ്ങളും, ചിഹ്നങ്ങളുംവ്യഞ്ജനങ്ങളും അതേപടി അംഗീകരിക്കുകയാണോ എഴുത്തച്ഛൻ ചെയ്തതു് എന്ന കാര്യം തറപ്പിച്ചു പറയുവാനൊക്കുകയില്ലെങ്കിലും ഭാഷാപണ്ഡിതന്മാരുടേയും ഗവേഷകരുടേയും പരിഗണനയുടെ പടിവാതിൽക്കൽ ഞാനിത വതരിപ്പിക്കുകയാണു്.

ഒരു കാര്യം തീർച്ച. അറബിമലയാളസാഹിത്യത്തിനു് ഉൽകൃഷ്ടമായ ഒരു കലാസമ്പത്തുമുണ്ടു്. സമുദായത്തിന്റെ കലയും സാഹിത്യവും പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമാകുന്ന ഉപാധിയേതോ അതാണു് പൂർണ്ണത പ്രാപിച്ച ഭാഷ. ഈ പ്രസ്താവത്തിനു് തീർത്തും അറബിമലയാള ഭാഷ അർഹമാണെന്നതിൽ രണ്ടുപക്ഷമില്ല. അറബിമലയാളത്തിന്റെ കാവ്യപ്രപഞ്ചം ഇന്നു് സഹൃദയരെ ഹഠാദാകർഷിക്കുന്നുണ്ടു് എങ്കിൽ കൂടിയും മലയാളഭാഷക്ക് 50 വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന ഗദ്യപദ്യകൃതികളുടെ എണ്ണത്തേക്കാൾ നൂറോ അതിലധികമോ ഇരട്ടി ഗദ്യപദ്യഗ്രന്ഥങ്ങൾ അറബി മലയാളഭാഷയുടെ കുശിനിപ്പുരയിൽ സ്ഥലംപിടിച്ചിരുന്നുവെന്ന പരമാർത്ഥംവളരെ കുറച്ചുപേർക്കും മാത്രമേ അറിയുകയുള്ളു. ആദ്ധ്യാത്മികങ്ങളേയും മതസിദ്ധാന്തങ്ങളേയും കുറിച്ചുള്ള ഗ്രന്ഥങ്ങൾക്ക് കൈയ്യും കണക്കുമില്ല. കർമ്മശാസ്ത്രം, കൃഷിശാസ്ത്രം, വൈദ്യം, ചരിത്രം, നോവലുകൾ, നിഘണ്ടുക്കൾ, ജീവചരിത്രങ്ങൾ എന്നിവ ഗദ്യ സാഹിത്യത്തിലെ അനർഘങ്ങളായ മുതൽക്കൂട്ടുകളാണു്. 150 വർഷത്തെ പഴക്കമുള്ള തിബ്ബുന്നബി എന്ന നബിചരിത്രംതുടങ്ങി ഫത്ഹുൽ ഫത്താഹ്, നബിയുടെയും അനുചരന്മാരുടെയും സമരചരിതങ്ങൾ, ഔലിയാക്കന്മാരിൽ പ്രമുഖരുടെ ചരിത്രംവരെ അറബിമലയാളഗദ്യവിഭാഗത്തെ സമ്പന്നമാക്കിയിട്ടുള്ളതാണു്.

ഒന്നേകാൽ നൂററാണ്ട മുമ്പ് മായിൻകട്ടി എളയ എന്ന ധനാഢ്യനം പണ്ഡിതനമായ മഹാൻ ഖുർആൻ ആറു വാല്യങ്ങളിലായി അറബി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. തുടന്ന് നബിവചനങ്ങളും ഖുർആൻ വ്യാഖ്യാനങ്ങളും ഗദ്യവിഭാഗത്തിൽ വലിയ സ്ഥാനം നേടിയെടുത്തു. ഫത്തഹുൽമൂഈൻ, ഇർശാദ്, മുർശിദ്, സഹീഹുൽബുഖാരി തുടങ്ങിയ നൂറുകണക്കിന് മഹൽ ഗ്രന്ഥങ്ങൾ അറബി മലയാള ഗദ്യസാഹിത്യത്തിൻെറ വൈജ്ഞാനിക മുതൽക്കൂട്ടുകളാണ്. വൈദ്യശാസ്ത്രം, തച്ചുശാസ്ത്രം, കച്ചവടകാര്യങ്ങൾ, കരകൌശല വിദ്യകൾ എന്നിങ്ങനെയുള്ള വ്യാപാര രംഗങ്ങളെയൊക്കെ ആധാരമാക്കി നിർമ്മിതമായിട്ടുള്ള കൃതികളും നിരവധിയുണ്ട്. അഷ്ടാംഗഹൃദയം, അമരകോശാപദാത്ഥം എന്നിവയുടെ തർജ്ജമകൾക്കപുറമേ ബാലചികിത്സാതാൽക്കാലിക ചികിൽസ, നടപ്പ്ദീനചികിൽസ, യൂനാനി ചികിൽസഎന്നിവകളെആസാപദമാക്കിയുള്ള വൈദ്യക്കിത്താബുകളുടെ എണ്ണവും വളരെ വലുതാണ്. "ഹോർട്ടസ്മലബറിക്കസ്" തയ്യാറാക്കുമ്പോൾ അറബി പേരുകൾ നൽകുവാൻ സഹായത്തിന് ഒരു കൂട്ടം മാപ്പിള പണ്ഡിതന്മാർകൂടി ഉണ്ടായിരുന്നുവെന്നത് ശാസ്ത്ര രംഗത്തെ അവരുടെ പ്രാവീണ്യത്തിന് തെളിവായി കരുതാം.

വൈജ്ഞാനിക — ദാർശനിക മണ്ഡലങ്ങളിലെ അമൂല്യങ്ങളായ സംഭാവനകൾക്ക് പുറമേ ഗദ്യസാഹിത്യത്തിൽസർഗ്ഗാത്മകസൃഷ്ടികൾ നടത്തുന്നതിലും അറബി മലയാള ഭാഷ പിന്നിലായിരുന്നില്ല. ചന്തുമേനോൻെറ ഇന്ദുലേഖയാണല്ലോ മലയാളത്തിലെ ആദ്യത്തെ നോവൽ. 1889—ൽ വിരചിതമായ ഈ കൃതിയേക്കാൾ 6 വർഷങ്ങൾക്ക് മുമ്പ തന്നെ 'ചാർദർവേശ്" എന്ന പേർഷ്യൻ നോവൽ അറബി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരുന്നു. അങ്ങിനെ മലയാളത്തിലെ ആദ്യത്തെ നോവൽ അറബിമലയാളമാണെന്ന വസ്തുത അനിഷേധ്യമായി നിൽക്കുന്നു. ഇതിനെത്തുടന്ന് പ്രസിദ്ധീകൃതങ്ങളായ നോവലുകൾ ധാരാളമുണ്ട്. കണ്ടുകിട്ടിയവയിൽ അലാവുദ്ദീൻ, ഖമർസ്മാൻ, ശംസുസ്സമാൻ, ഉമറയ്യാർ, അമീർഹംസ, ഗുൽസനോബർ, സുബൈദ, സൈനബ, ഖിളർനബിയെ കണ്ട നബീസ തുടങ്ങിയവ പ്രമുഖങ്ങളാണ്.

കഥാകഥനത്തിലും അറബി മലയാള ഭാഷ ഒട്ടും ദരി ദ്ര്യമല്ല. 'അൽഫലൈലവലൈല' 1001 രാത്രികളിലെ വി ശപ്രസിദ്ധമായ അറബിക്കഥകളാണ്. അറബി മലയാളത്തി ൽ ഇവ നൂററാണ്ടുകൾക്കുമുമ്പ് പ്രചാരത്തിൽ വന്നു. മലയാ ളഭാഷയിലേക്ക് ഇവ തർജ്ജമ ചെയ്യപ്പെട്ടത് അടുത്ത കാല ത്താണെന്ന കാര്യം വിസ്മരിക്കാൻ പാടില്ല. അറബിക്ക ഥകളുടെ സമാഹാരമായി 8 വലിയ വാല്യങ്ങളടങ്ങുന്ന അറ ബി മലയാള പ്രസിദ്ധീകരണവും ഉണ്ട്. ഇവക്കുപുറമേ മാ പ്പിള രാമായണം, വിക്രമാദിത്യൻ കഥകൾ, 313 മൌലൂദ് ക ൾ തുടങ്ങി സാരോപദേശ കഥകൾ വരെ ഈ വിഭാഗത്തിൽ പ്പെടുന്നു. ചുരുങ്ങിയത് 50 വർഷത്തിനു മുമ്പെങ്കിലും ഇത്രയും കൃതികൾ അറബി മലയാളത്തിലുണ്ടായിരുന്നു എന്ന വസ്തുത യുടെ വെളിച്ചത്തിൽ ആ കാലത്ത് മലയാള ഭാഷയുടെ ത ത്സംബന്ധമായ മുതൽക്കൂട്ടമായി തട്ടിച്ചു നോക്കുമ്പോഴാണ് അ റബി മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും മഹത്ത മായ പാരമ്പര്യം പ്രസ്പഷ്ടമാകുക. കേരളത്തിന്റെ ഒരേക ദേശ ചരിത്രം 16—ാം നൂററാണ്ടിലെഴുതപ്പെട്ടത് പൊന്നാനി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മഹാപണ്ഡിതന്മാരിൽ ഒരാളാ യിരുന്നുവെന്നതും കൃതജ്ഞതാപൂർവ്വം ഓർമ്മിക്കേണ്ടതുണ്ട്.

പദ്യവിഭാഗത്തിലേക്ക് കടന്നാൽ ഭക്തിയും, ശൃംഗാര വും, ഹാസ്യവും, വീരരസവും ഇടകലർന്ന് ഇഴകിച്ചേർന്നിട്ടുള്ള മാപ്പിളപ്പാട്ടുകളുടെ സാഹിത്യഭംഗിയും സംഗീതമാധുര്യവും അ ടുത്ത കാലത്തായിട്ടെങ്കിലും കേരളത്തെ കോരിത്തരിപ്പിക്കുവാ ൻ തുടങ്ങിയിട്ടുണ്ടല്ലോ. ഗാനമാധുരിയുടെ മായാമേഖലയിലേ ക്ക് അനുവാചകരെ ഉയർത്തുന്ന ശതക്കണക്കിനു വൃത്തങ്ങൾ നെയ്തെടുത്ത മാപ്പിളക്കവികൾ സ്വരരാഗസുധയുടെ ഒരു മഹാ പ്രവാഹംതന്നെ നടത്തിയവരാണ്. സംഗീതമാധുരിയും കാ വ്യമാഹാത്മ്യവും സമഞ്ജസമായി നിൽക്കുന്ന മാപ്പിള കാ വ്യ പ്രപഞ്ചം മലയാള പദ്യസാഹിത്യത്തിലെ മൂല്യമുള്ളവ യ്ക്ക് സമാനം സമാന്തരമായി വളർന്ന് പുഷ്കലമായതാണ്" കാവ്യനിയമങ്ങളും, വൃത്തങ്ങളും, ഇശലുകളും, ആകാരവും, ഗു ണവുമൊക്കെ ഈ മാപ്പിള കാവ്യങ്ങളുടെ പ്രത്യേകതകളാണ്. സംഗീതാത്മതയാണ് മാപ്പിളപ്പാട്ടുകളുടെ മുഖമുദ്ര.

പടപ്പാട്ടുകളും, ഖിസ്സപ്പാട്ടുകളും, മാലപ്പാട്ടുകളും, മദഹ് പാട്ടുകളും, മംഗലപ്പാട്ടുകളും, കപ്പപ്പാട്ടുകളും, മൈലാഞ്ചിപ്പാട്ടുകളും, കച്ചവടപ്പാട്ടുകളും തുടങ്ങി ഒട്ടനവധി വിഭാഗം പാട്ടുകളും നിലവിലുണ്ട്. ഇവയിൽപ്പെട്ട ഒപ്പനപ്പാട്ട് ഇന്ന് ഏറെ പ്രസിദ്ധമാണല്ലോ. ആദംനബിചരിതം, യൂസുഫ് നബിചരിതം, നൂഹ്നബിചരിതം, ബദർ, ഉഹദ്, കർബല, ഹുനൈൻശാം തുടങ്ങിയ കഥാകാവ്യങ്ങളും, റസൂൽതിരുമേനി, ഖദീജാബീവി, ഫാത്തിമാബീവി എന്നിവരുടെ ചരമഗീതങ്ങളും, കപ്പിപ്പാട്ട്, കപ്പപ്പാട്ട്, കറത്തിപ്പാട്ട്, സ്ത്രീപ്രകൃതി പരിഷ്ക്കാരമാല എന്നിങ്ങനെയുള്ള അനേകം ഖിസ്സപ്പാട്ടുകളും അറബിമലയാള കാവ്യലോകത്തിലെ പ്രമുഖങ്ങളായ കവിതാവിഭാഗങ്ങളാണ്. കണ്ടുകിട്ടിയ കൃതികളിൽ ഏററവും പഴക്കംചെന്ന കാവ്യം മൊഹിയിദ്ദീൻ മാലയാണ്. കൊല്ലവർഷം 752-ൽ വിരചിതമായ ഈ മഹാകാവ്യം ഭക്തിരസപ്രധാനമത്രെ. അതിനുശേഷം 1778-ൽ നിർമ്മിതമായ മഹാകവി കുഞ്ഞായാൻ മുസല്യാരുടെ നൂൽമാലയാണ് അറബിമലയാളകാവ്യപ്രസ്ഥാനത്തിന്റെ തലപ്പത്തു് നിൽക്കുന്നത്. 16 ചേലുകളിലായി 666 വരികളാണ് ഇതിലുള്ളതു്. അദ്ദേഹത്തിന്റെ തന്നെ പുകഴ്പ്പെററ ഒരു മിസ്റ്റിക് കാവ്യമാണ് കപ്പപ്പാട്ട് ഒററ ഇശലിൽ 600 വരികളാണ് ഈ മഹാകാവ്യത്തിലുള്ളതു് മനുഷ്യാവയവങ്ങളെ കപ്പലിന്റെ വിവിധവശങ്ങളോടുപമിച്ച് ദാർശനികവും തത്വചിന്താപരവുമായ അദ്ധ്യാത്മികസങ്കേതങ്ങളിലൂടെ അനുവാചകഹൃദയത്തെ ദൈവീകാംശത്തിലേക്ക് ഉയർത്തുന്ന ഈകൃതി എക്കാലവും അഗമ്യപ്രഭാവത്തോടുകൂടി നിലനിൽക്കുമെന്നതിൽ സംശയമില്ല. മഹാകവി മോയിൻകുട്ടി വൈദ്യർ രചിച്ചവയിൽ ഹുസനുൽജമാൽ, ബദർ എന്നീ കാവ്യങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടവയാണ്. അദ്ദേഹത്തിന്റെ മററു പ്രസിദ്ധകൃതികളാണ് ഉഹദ്പട, മലപ്പുറം ശുഹദാക്കൾ, ഹിജാത്തുനബിതുടങ്ങിയവ. മാപ്പിളമഹാകവികളുടെ കൂട്ടത്തിൽ കുളങ്കരവീട്ടിൽ മുഹയിദ്ദീൻ മുസലിയാർ, മാളിയക്കൽ കുഞ്ഞുമുഹമ്മദ്, ചേററുവ പരീക്കുട്ടി ചാക്കീരി മൊയ്തീൻകുട്ടി എന്നിവർ സമരണീ

യരാണ്. ആധുനികരുടെ പട്ടികയിൽ മഹാകവി ഉബൈദ്, ഒ. ആബു, പുന്നയൂർക്കുളം ബാപ്പു എന്നിവരുടെ പേരുകൾ ഓർമ്മിക്കാതെ വയ്യ 1600-ൽ കൂടുതൽ മഹാകാവ്യങ്ങൾ തന്നെ ഈ വിഭാഗത്തിലുണ്ട്, കപ്പപ്പാട്ടുകൾപോലെ തന്നെ നിഗൂഢാത്മക കൃതിയാണ് സഫലമാല, മഹാത്മാക്കളുടെ അപദാനങ്ങളെ പ്രകീർത്തനംചെയ്യുന്ന നൂറുകണക്കിന് ഗാഥകൾ മാപ്പിള പദ്യസാഹിത്യത്തെ അലങ്കരിക്കുന്നു. മലബാർ ലഹളക്കാലത്തും അതിന്മുമ്പും പിമ്പും നടന്നിട്ടുള്ള ഒട്ടനവധി കാർഷിക വിപ്ളവങ്ങളിലും നൂറു കണക്കിന് മാപ്പിളപ്പാട്ടുകളുണ്ടായിരുന്നു. എന്തിന്? ഒരു കാലത്ത് എഴുത്തുകുത്തുകൾ മുഴുക്കെ പാട്ടാക്കിയായിരുന്നു തൽകർത്താക്കൾ അയച്ചിരുന്നത്. അത്രമാത്രം ജനഹൃദയങ്ങളെ ആകർഷിക്കുകയും അവരുടെ വികാരവിചാരങ്ങളുടെ ഭാഷയാക്കി മാററിയിരുന്നതും മാപ്പിളപ്പാട്ടുകളും ഗാഥകളുമായിരുന്നു.

ഇംഗ്ലീഷ് വിരോധപ്രസ്ഥാനത്തിന് ജനകീയാവേശംനേടിക്കൊടുക്കുന്നതിൽ അറബിമലയാള ഭാഷയും സാഹിത്യവും നൽകിയിട്ടുള്ള സംഭാവനകൾ അവിസ്മരണീയങ്ങളാണ്. അക്കാലത്ത് കണ്ടുകെട്ടപ്പെട്ട കൃതികളധികവും അറബിമലയാളത്തിലുള്ളവയായിരുന്നുവെന്ന ഒററകാര്യം കണക്കിലെടുത്താൽ മതി അറബിമലയാളം എത്രമാത്രം ജനസ്വാധീനമുള്ള ഭാഷയായിരുന്നുവെന്നും അധികാരികൾപോലും എന്തുകൊണ്ടതിനെ ഭയപ്പെട്ടിരുന്നുവെന്നും മനസ്സിലാക്കുവാൻ. മുഹിമ്മാത്തുൽമുഅ്മിനീൻ, ചേറൂർപടപ്പാട്ട്, ദഅ്‌വത്തുൽഹക്ക്, മണ്ണാർക്കാട്ട് പട, മഞ്ചേരിപടപ്പാട്ട്, തുടങ്ങി അറബിമലയാള ലഘുലേഖകൾവരെ കണ്ടുകെട്ടിയ മാപ്പിളസാഹിത്യകൃതികളിൽ പെടുന്നുണ്ട്.

പത്രപ്രവർത്തനരംഗത്ത് അറബി മലയാളഭാഷ ഗണ്യമായസ്വാധീനം ചെലുത്തിയിരുന്നു. ഇന്നത്തെപ്പോലെ വാരികകളോ, ദിനപത്രങ്ങളോ ഇല്ലാതിരുന്ന ഒരു വേളയിൽ കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നുമായി അച്ചടിച്ചിറക്കിയിരുന്ന അറബിമലയാള മാസികകൾ നിരവധിയായിരുന്നു. അങ്ങിനെ ഒരു ഭാഷക്കാവശ്യമായ എല്ലാ സംവിധാനങ്ങളും ഒത്തിണങ്ങിയിരുന്ന അറബി മലയാളം പിൽക്കാലത്ത് പുറംകോട്ടടിക്ക് വിധേയമായി. കാരണം അതിലുള്ള പ്രാവീണ്യം വിദ്യാ

ഭ്യാസയോഗ്യതയായി കരുതുകയോ അതുകൊണ്ടുമാത്രം ജീവിക്കാൻപററുന്ന തൊഴിൽ നേടുവാനോ ഒക്കാത്ത സ്ഥിതിവിശേഷം. ആധുനികവിദ്യാഭ്യാസസമ്പ്രദായത്തോടുകൂടി നിലവിൽവന്നു എന്നതാണ്. എങ്കിലും മഹത്തായ അറബിമലയാള പാരമ്പര്യത്തേയോ ഭാഷയ്ക്കു് അതു്മൂലമുണ്ടായ നേട്ടങ്ങളേയോ കണ്ടില്ലെന്നു് നടിക്കുന്നത് സത്യത്തിൻെറ നേരെ കൊഞ്ഞനംകുത്തുന്നതിന് സമമായിരിക്കും.

അറബിമലയാളഗദ്യസാഹിത്യത്തെ പുരാമർശിക്കുന്നതോടൊപ്പം മാപ്പിളദൃശ്യകലാവേദിയെക്കൂടി ആനുഷംഗികമായെങ്കിലും സ്പർശിക്കേണ്ടതുണ്ടു്. ഈ ഭാഷ പരിപൂർണ്ണമായും വികാസം പ്രാപിച്ചിരുന്നുവെന്നതിനും ഇതു് നിശ്ചയമായും ഒരു സമ്പൂർണ്ണഭാഷയാണെന്നതിനും മറെറാരു ദൃഷ്ടാന്തമായി ഇതു് ഉദാഹരിക്കുവാനൊക്കും. ദൃശ്യകലകളിൽ ഇന്നു് പൊതുവെ ആദരിച്ചു്പോരുന്ന ഒപ്പനകളിക്കു് ആക്കവും, ഈണവും, താളവും, ലയവുമെല്ലാം നല്കുന്ന ഒപ്പനച്ചായൽ, ഒപ്പന മുറുക്കം എന്ന കാവ്യവിഭാഗമാണ്. സംഗീതാത്മകമായ കാവ്യഭംഗിയാണ ഒപ്പനക്കളിക്കു് ജീവനും ആത്മാവും നൽകുന്നതു്. പാട്ടുകളിൽനിന്നും വ്യത്യസ്ഥമായി ആണുങ്ങൾ പലസന്ദർഭങ്ങളിൽ പാടുന്ന ബെയിത്തു്, എന്ന കവിതാവിഭാഗം മറെറാരു പ്രധാന ഘടകമാകുന്നു. ദഫ്മുട്ടു്, കോൽക്കളി, അറബനമട്ടു്, തുടങ്ങിയ ദൃശ്യകലകളിലും സംഗീത മാധുരിയും, സൌന്ദര്യവും നല്കുന്നതു് മാപ്പിളപ്പാട്ടുകൾ തന്നെയാണ്. അതിദ്രുതമായ ചുവടുകൾ, ആവേശംകൊള്ളിക്കുന്ന വായ്ത്താരികൾ, അതിശയകരമായ മെയ്‌വഴക്കം, ഈണമുള്ള പാട്ടുകൾ എന്നിവ ഒത്തുചേരുമ്പോൾ അതിൽ നിന്നും ഉത്ഭൂതമാകുന്ന താളവും ആ താളത്തിനൊത്തു്, നൃത്തം ചവിട്ടുന്ന കലാകാരന്മാരും മാപ്പിളദൃശ്യവേദിയെ ആനന്ദദായകവും ആവേശഭരിതവുമാക്കുന്നു. ഈ കലാസൃഷ്ടികളുടെ സർഗ്ഗാത്മകശക്തി നിലീനമായിരിക്കുന്നതു് അറബിമലയാളഭാഷയുടെ സമ്പൂർണ്ണതയിലും അതിൻെറ സമഗ്രമായ ഒത്തിരിപ്പിലുമാണ്.